സംഘടനകൾക്ക് സംരക്ഷണം ലഭിക്കുന്നതിനെക്കുറിച്ചാണ്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എം.ജി. കോളേജിലെ പ്രശ്നമാണ്. ചോദിച്ചത് യൂണിവേഴ്സിറ്റി കോളേജിനെക്കുറിച്ച്. മറുപടി പറഞ്ഞത് എം. ജി. കോളേജിനെക്കുറിച്ച്. ഇതു എന്തു ന്യായം?

മി. സ്പീക്കർ : അങ്ങ് കേൾക്കാൻ പറയുകയാണ്. ഈ പറഞ്ഞ കോളേജുകളുടെ കാര്യം പറഞ്ഞുകൊണ്ട്, ഈ കോളേജുകളിലൊന്നും അങ്ങനെയൊരു പ്രശ്നം ഇല്ലെന്നാണ് മുഖ്യമന്ത്രിയുടെ മറുപടി. രണ്ടു മൂന്നു വാചകം മാത്രമേയുള്ളുവെങ്കിലും അദ്ദേഹത്തിന്റെ മറുപടിയിൽ അതുണ്ട്.

ശ്രീ. എ.കെ. ആന്റണി : സർ, അദ്ദേഹം തുടക്കത്തിൽ പറഞ്ഞു റൂൾ കാണിച്ചുകൊണ്ടു പറഞ്ഞു. 'ഞാൻ മറുപടി പറയില്ല' എന്ന് .ശ്രീ. കാർത്തികേയൻ ചോദിച്ചത് യൂണിവേഴ്സിറ്റി കോളേജിനെക്കുറിച്ച്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ നേരത്തെ ഈ സഭയിൽ ഉന്നയിച്ചത് എം.ജി കോളേജിന്റെ പ്രശ്നമാണ്. ശ്രീ. ജി. കാർത്തികേയൻ ചോദിക്കാത്ത പ്രശ്നമാണ്. കാർത്തികേയൻ എഴുതികൊടുത്തതിലില്ല ശ്രീ. കാർത്തികേയൻ എഴുതി കൊടുത്തത് യൂണിവേഴ്സിറ്റി കോളേജ് ഉൾപ്പെടെയുള്ള കോളേജുകളുടെ പ്രശ്നമാണ്. എന്നാൽ അതിൽ ഇല്ലാത്ത കാര്യം, ചോദിച്ച ചോദ്യത്തിനു മറുപടി പറയാതിരിക്കുക.

മി. സ്പീക്കർ : ശ്രീ. കാർത്തികേയന്റെ നോട്ടീസിൽ-യൂണിവേഴ്സിറ്റി കോളേജ്, ആർട്സ് കോളേജ്, കാര്യവട്ടം കാമ്പസ്, എം.ജി. കോളേജ് അദ്ദേഹത്തിന്റെ നോട്ടീസിലുണ്ട്. എഴുതിത്തന്ന നോട്ടീസ് വച്ചാണ് മറുപടി.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ആദ്യത്തേത് യൂണിവേഴ്സിറ്റി കോളേജാണ്.

ശ്രീ. എ.കെ. ആന്റണി : ശ്രീ. ജി. കാർത്തികേയൻ ആദ്യം സൂചിപ്പിച്ചത് യൂണിവേഴ്സിറ്റി കോളേജല്ലേ? ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ എം.ജി. കോളേജിനെക്കുറിച്ചുള്ള സബ്മിഷന് മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. ഈ സഭയിൽ വന്ന മറുപടിയാണ്. എം.ജി. കോളേജ് ഒഴിച്ച് ഞാൻ ഒന്നിനും മറുപടി പറയുകയില്ല എന്ന് അദ്ദേഹം പറഞ്ഞു. എം.ജി. കോളേജിനെക്കുറിച്ച് കടകംപള്ളി സുരേന്ദ്രന്റെ സബ്മിഷൻ ഇവിടെ വന്നതാണ്. ഇത്തരം കാര്യങ്ങളിൽ, ഇതിന്റെ പേരിൽ ഞങ്ങൾ സഭ സ്തംഭിപ്പിക്കാൻ പോകുന്നില്ല. കേരളത്തിലെ ജനങ്ങൾ മുഴുവൻ കണ്ടുകൊണ്ടിരിക്കുകയാണ്. ഇതു സഭയ്ക്ക് ഭൂഷണമല്ല. ശ്രീ. കാർത്തികേയൻ ചോദിച്ചതിനു മറുപടി പറയാത്തത് സഭയ്ക്ക് ഭൂഷണമല്ല. അപമാനമാണ്.

ശ്രീ. ഇ.കെ. നായനാർ : സ്പീക്കർക്ക് ഡിസ്ക്രീഷനറി പവറുണ്ട്. ആ പവറിനെ അംഗീകരിക്കാത്ത പ്രതിപക്ഷ നേതാവിന്റെ നടപടി തെറ്റാണ്.....
.....(ബഹളം).....

IX. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,83,58,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, എക്സൈസ് എന്ന VII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 99 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ ആ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ജില്ലാ ഭരണവും പലവകയും എന്ന XI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) സർ, ഞാൻ ആ പ്രമേയത്തെ പിന്താങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി മുന്നുലക്ഷത്തി എൺപത്തയ്യായിരം (1,03,85,000) രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ ആ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആയിരം (1,000) രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നുകോടി മുപ്പതുലക്ഷം (3,30,00,000) രൂപയുടെ ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥയുടെ പേരിൽ 2,20,58,000 (രണ്ടുകോടി ഇരുപതുലക്ഷത്തി അൻപത്തെണ്ണായിരം) രൂപയുടെ ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ഉപധനാഭ്യർത്ഥനയുടെ പേരിൽ 1,000 (ആയിരം) രൂപയുടെ ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി : (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പട്ടികജാതി പട്ടികവർഗ്ഗം മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥനയുടെ പേരിൽ 15,74,000 (പതിനഞ്ചുലക്ഷത്തി എഴുപത്തിനാലായിരം) രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷി എന്ന XXIX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,28,21,000 (ഒരു കോടി ഇരുപത്തെട്ടു ലക്ഷത്തി ഇരുപത്തൊന്നായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, മൃഗസംരക്ഷണം എന്ന XXXI - ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,000 (അഞ്ചുലക്ഷം) രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ (1000) ആയിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ ഫിഷറീസ് വകുപ്പുമന്ത്രിക്കുവേണ്ടി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,24,78,000 (അഞ്ചുകോടി ഇരുപത്തിനാലു ലക്ഷത്തി എഴുപത്തിയെണ്ണായിരം) രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാജു.)

ശ്രീമതി ശോഭനാ ജോർജ് : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. കഴിഞ്ഞ മൂന്നേമുക്കാൽ വർഷക്കാലമായി ഈ സംസ്ഥാനം ഭരിച്ച, സംസ്ഥാനത്തിലെ വികസന സേവന മേഖലകൾ മുച്ചൂടും മുടിച്ച ഒരു സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചത്. കേരളത്തിന്റെ എല്ലാ മേഖലകളിലും മുരടിപ്പും തകർച്ചയുമാണ്. വിലക്കയറ്റവും തൊഴിലില്ലായ്മയും ക്രമസമാധാന വിലത്തകർച്ചയുംകൊണ്ട് ഇവിടത്തെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതം ദുസ്സഹമായിരിക്കുകയാണ്. ഇന്ന് ജനങ്ങളുടെ ദുരിതങ്ങൾക്കുനേരെ എല്ലാ ഭാരവും കേന്ദ്രം ഭരിക്കുന്ന സർക്കാരിന്റെ മേൽ അടിച്ചേൽപ്പിച്ചുകൊണ്ട് മന്ദബുദ്ധികളെപ്പോലെ നോക്കി നിൽക്കുന്ന സർക്കാരാണ് ഈ സംസ്ഥാനത്തുള്ളത്. പൊളിഞ്ഞ മോറീസ് മൈനർ കാറുപോലെ ഇഴഞ്ഞുനീങ്ങുന്ന ഭരണമാണ് ഈ സംസ്ഥാനത്തു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. കഴിഞ്ഞ ദിവസം ഇവിടെ സംസാരിച്ചപ്പോൾ ട്രഷറി ഞങ്ങൾ വന്നപ്പോൾ പൂട്ടിയിട്ടില്ല എന്നു ഇവിടെ പറയുന്നതുകേട്ടു. ട്രഷറി പൂട്ടിയിട്ടില്ല എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ സംസ്ഥാനം ഏറ്റവും കൂടുതൽ കഷ്ടത്തിലാകും. ദുരിതാശ്വാസത്തിന്, ഇവിടത്തെ കാലവർഷക്കെടുതിക്ക്, ഈ സംസ്ഥാനത്തെ ജില്ലകളിൽ അനുവദിച്ച തുക കൊടുക്കാൻ കഴിഞ്ഞുവെന്ന് ഈ സർക്കാരിനു പറയാൻ കഴിയുമോ; കണ്ണൂർ ജില്ലയ്ക്കു പൈസ കിട്ടിയെന്നു പറയാൻ അവിടത്തെ എം.എൽ.എ മാർക്കു കഴിയുമോ, കാസർകോട് ജില്ലയ്ക്കും കോഴിക്കോട് ജില്ലയ്ക്കും പൈസകിട്ടിയെന്നു പറയാൻ അവിടെയുള്ള എം.എൽ.എ മാർക്കു കഴിയുമോ? ഞാൻ വെല്ലുവിളിക്കുന്നു. ദുരിതാശ്വാസത്തിനും കാലവർഷക്കെടുതിക്കും അനുവദിച്ച തുക കേരളത്തിലെ ജില്ലകൾക്കു മുഴുവൻ കൊടുത്തുതീർത്തുവെന്ന് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി പറയട്ടെ, ഈ സംസ്ഥാനത്ത് 86 കോടി രൂപയുടെ നാശനഷ്ടങ്ങളാണുണ്ടായത്. നമ്മുടെ സംസ്ഥാന സർക്കാർപോലും 15 കോടി രൂപയാണ് നാശനഷ്ടങ്ങൾക്ക് അനുവദിച്ചത്. ആ തുകപോലും കൊടുത്തു തീർക്കാതെ ട്രഷറി പൂട്ടിയിട്ടുണ്ടോ എന്നു ചോദിക്കുന്ന ആവേശം കേട്ടാൽ അതിന് എന്താണ് മറുപടി പറയുക. സർവ്വവും നഷ്ടപ്പെട്ട് നിരാലംബരായി നിലവിളിക്കുന്ന കോടിക്കണക്കിന് ജനങ്ങളുള്ള ഈ സംസ്ഥാനത്ത് വീണ വായിക്കുന്ന നീറോ ചക്രവർത്തിയെപ്പോലെ ഒന്നരക്കോടി രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നെടുത്ത് ലക്ഷ്വറി കാറു വാങ്ങാൻ മുടക്കിയവരല്ലേ നിങ്ങൾ. നിങ്ങൾക്ക് നാണമില്ലേ ഇതിനെപ്പറ്റി പറയാൻ?

ഈ സംസ്ഥാനത്തെ ജീവനക്കാരുടെ പി.എഫ്. നും ഗ്രാറ്റുവിറ്റിക്കും ഇവിടത്തെ ട്രഷറികളിൽ ചെന്നാൽ കടം പറയുന്ന സർക്കാർ അല്ലേ ഇത്? ഈ സർക്കാരിനു പറയാൻ കഴിയുമോ ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണെന്ന്. ഇവിടെ ധനകാര്യവകുപ്പ് സെക്രട്ടറി, വിനോദ് റായിയുടെ ഒരു സർക്കുലർ വന്നു. അത് ഡിപ്പാർട്ടുമെന്റ് ഹെഡ്ഡിനുവേണ്ടി മാത്രമുള്ളതാണ്. രഹസ്യ സർക്കുലറാണ്. ഈ രഹസ്യ സർക്കുലറിന്റെ സാരമെന്താണ്? ഈ സംസ്ഥാനം വലിയ ഒരു പ്രതിസന്ധിയിൽ നിൽക്കുന്നു, അധിക ചെലവുകൾ പാടില്ല, മറ്റ് ഒരു പ്രവർത്തനങ്ങളും ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് നടത്താൻ പാടില്ലെന്നുള്ള സർക്കുലറാണ്. വരവുചെലവുകൾ കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടുന്ന പെൻഷൻകാരുടെ കുറച്ച് സമ്പാദ്യംപോലും നിങ്ങൾക്ക് കൃത്യമായി കൊടുക്കാൻ കഴിയുന്നുണ്ടോ? അനീമിയ ബാധിച്ചതുപോലെ സംസ്ഥാനത്തിന്റെ സാമ്പത്തികമേഖല കടവും കടത്തിൻമേൽ കടവും കടപ്പത്രവുമായി ഭരണം പൊടിപൊടിക്കുകയല്ലേ? 2005 -ാമാണ്ടാകുമ്പോൾ ഇവിടത്തെ ആഭ്യന്തര വരുമാനത്തിൽ കേരളത്തിന്റെ ആഭ്യന്തര കടത്തിന്റെ പലിശപോലും നൽകാൻ കഴിയുകയില്ല. അതാണ് സംസ്ഥാനത്തിന്റെ സ്ഥിതി. വരുമാനത്തെക്കാൾ കടത്തിന്റെ പലിശ അധികമാകുന്നതിനെയാണ് സാമ്പത്തിക ശാസ്ത്രജ്ഞന്മാർ കടക്കെണിയെന്ന് പറയുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ നമ്മുടെ സംസ്ഥാനം കടക്കെണിയിലേക്ക് നീങ്ങുന്നുവെന്നുള്ളതാണ് സത്യം. ഇവിടെ എല്ലാവരും ആവേശംകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ കാര്യം പറയുമല്ലോ. കേരളത്തിന്റെ ചരിത്രത്തിൽ ഒരു അമ്മ താൻ നൊന്തുപ്രസവിച്ച ഒരു കുഞ്ഞിനെ വിൽക്കാൻ ശ്രമിച്ചുവെന്നുപറഞ്ഞ ഒരു വാർത്ത നമ്മൾ പത്രത്തിൽ വായിച്ചു. ഒരമ്മ ഒരു കുഞ്ഞിനെ വിൽക്കാൻ തീരുമാനിച്ചുവെങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് ചിന്തിക്കാൻ കഴിയുന്നതിലപ്പുറമാണ്. നിങ്ങളൊക്കെ പത്രത്തിൽ വായിച്ചതല്ലേ? അവസാനം അവിടെ കൂടിയവർ എല്ലാവ

LIBRARY ARCHIVES Kerala Legislative Assembly

രുംകൂടി ചേർന്ന് അവരെ പോലീസിൽ ഏൽപ്പിച്ചപ്പോൾ അവർ എന്താണ് പറഞ്ഞത്? നിത്യച്ചെലവിന് വകയില്ലാത്തതുകൊണ്ടാണ് എന്റെ കുഞ്ഞിനെ ഞാൻ 20 രൂപയ്ക്ക് വിൽക്കാൻ ശ്രമിച്ചതെന്നാണ്. നിങ്ങൾക്ക് നാണമില്ലേ? തലസ്ഥാനനഗരിയിൽ ഒരമ്മ പ്രസവിച്ച രണ്ടാമത്തെ കുഞ്ഞിനെ ജീവനോടെ തൊഴുത്തിൽ കുഴിച്ചുമൂടി. എന്താണ് കാര്യം. ഒരു കുഞ്ഞിനെക്കൂടി വളർത്താൻ പറ്റുന്ന സാഹചര്യമല്ല ഈ സംസ്ഥാനത്തുള്ളത്, ഒറീസ്സയെക്കാൾ കഷ്ടമാകാൻ പോകുകയാണ് കേരളം. ഇങ്ങനെ പോകുകയാണെങ്കിൽ അതാണ് സംഭവിക്കുന്നത്. ആദിവാസി മേഖലകളിൽ പട്ടിണിമരണം ഇല്ലെന്ന് പറയാൻ കഴിയുമോ? ഇവിടെ മരുന്ന് കിട്ടാത്ത രോഗികളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ആയിരം രൂപ മതിയെന്നാണ്. ഒരുരൂപയും കൊടുക്കേണ്ട ആവശ്യമില്ല. കാരണം, ഇവിടത്തെ ആശുപത്രികളിൽചെന്ന് കണ്ണ് തുറന്ന് കാണണം. നിങ്ങൾ ഇപ്പോൾ രമ്യഹർമ്മ്യങ്ങളിൽ, എ.സി. മുറികളിൽ, ലക്ഷ്വറി കാറുകളിൽ, സൺഗ്ലാസ് ഒട്ടിച്ച കാറുകളിലിരുന്ന് പോകുമ്പോൾ നിങ്ങൾക്ക് ചുറ്റും നടക്കുന്നത് നിങ്ങൾ കാണാതെ പോകുന്നു. നിങ്ങൾ അറിയാതെ പോകുന്നു. മാവേലി നാട് ഭരിച്ച നാട്ടിൽ ഇന്ന് എന്താണ്? ആത്മഹത്യയുടെ എണ്ണം കേൾക്കണ്ടേ? ആത്മഹത്യ ഇന്ത്യ മുഴുവനുള്ള പ്രതിഭാസമാണെന്ന് പറഞ്ഞാൽ കേരളത്തിൽ എന്താണ് സംഭവിച്ചതെന്ന് നോക്കണം. ഒന്നും രണ്ടും പേരല്ല ജീവിതം മടുത്ത് ആത്മഹത്യ ചെയ്തത്. 8961 പേരാണ് ആത്മഹത്യ ചെയ്തത്. അതിൽ കടബാധ്യതമൂലം ആത്മഹത്യ ചെയ്തത് 534 പേർ. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, അങ്ങേയ്ക്ക് ഇത് ഒരു പ്രോത്സാഹനമായി പോകരുത്. കാരണം കടബാധ്യത സഹിക്കാൻ വയ്യാതെ ഈ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവർ 534 പേരാണ്. തൊഴിലില്ലായ്മമൂലം 299 പേർ ആത്മഹത്യ ചെയ്തു. ഇത് എന്റെ കണക്കുകളല്ല. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ 1999 ഏപ്രിലിൽ ഇറക്കിയിട്ടുള്ള കണക്കുകളിൽ സംസ്ഥാനത്തിലെ ആത്മഹത്യ നിരക്കുകളാണ്. കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ കണക്കുകളാണ്. മറ്റുള്ള സംസ്ഥാനങ്ങൾ വച്ചുനോക്കുമ്പോൾ അഖിലേന്ത്യ ശരാശരിയെക്കാൾ ഇവിടെ മൂന്നിരട്ടിയാണ്. കേരളത്തിലെ ആത്മഹത്യകളെ നിസ്സാരമായി കാണാൻ കഴിയുമോ? അഖിലേന്ത്യാ ശരാശരിയിൽ ഒരു ലക്ഷം പേർക്ക് 9 പേരാണ് മറ്റുള്ള സംസ്ഥാനങ്ങളിൽ ആത്മഹത്യ ചെയ്തതെങ്കിൽ കേരളത്തിൽ ഒരു ലക്ഷം പേർക്ക് 28 പേരാണ്. എന്താണ് ഇതിന് പരിഹാരമെന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ? എന്താണ് പ്രശ്നമെന്ന് അന്വേഷിച്ചിട്ടുണ്ടോ? ആഭ്യന്തര വരുമാനം ആനുപാതികമായി കുറയുകയാണ്. നാം ഇപ്പോൾ അറബിപൊന്നിന്റെ സമ്പദ്സമൃദ്ധിയുടെ അസ്തമയ കാലഘട്ടത്തിലാണ്. ജോലി നഷ്ടപ്പെട്ട് തിരിച്ച് എത്തുന്ന ഗൾഫ് മലയാളികളുടെ എണ്ണം ക്രമാനുഗതമായി വർധിക്കുകയാണ്. ഇതിനൊരു പരിഹാരം കാണാൻ ആസൂത്രണ വിദഗ്ധന്മാർ എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ? എന്തെങ്കിലും പദ്ധതി കണ്ടിട്ടുണ്ടോ? ഇവിടെ നടപ്പിലാക്കിയതാണ് ജനകീയാസൂത്രണം. എന്താണ്? ഇവിടെ ദുരിതാശ്വാസത്തിന് പണം കൊടുക്കാൻ ഇല്ലാത്തപ്പോൾ സർക്കാർ ഖജനാവിലെ കോടിക്കണക്കിന് രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നു. 1997-98-ൽ 749 കോടി രൂപ, 1998-99-ൽ 980 കോടി രൂപ, 1999-2000-ൽ 1020 കോടി രൂപ, ഇത്രയും കോടിക്കണക്കിന് രൂപ താഴെത്തട്ടിൽ നൽകിയിട്ട് അതിനെക്കുറിച്ച് ഒരു ആഡിറ്റിംഗ് പോലും നടത്താൻ നിങ്ങൾ എന്താണ് ഭയപ്പെട്ടത്? ഇപ്പോൾ ഹൈക്കോടതി ഇടപെട്ട് ആഡിറ്റിംഗ് നടത്തണമെന്ന് പറഞ്ഞിരിക്കുന്നു. എന്തായിരുന്നു ഭാവന? കോഴിമുട്ട വിരിഞ്ഞ് അനേകായിരം കോഴിക്കുഞ്ഞുങ്ങളും അവ മുട്ടയിട്ടാൽ ദശലക്ഷം കോഴിക്കുഞ്ഞുങ്ങളുമുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കുമെന്നല്ലേ നിങ്ങൾ വ്യാമോഹിപ്പിച്ചത്? ആടും പശുവും പെറ്റുപെരുകി പാൽചുരത്തി കേരളത്തെ പാലാഴിയാക്കുമെന്നല്ലേ നിങ്ങൾ മോഹിപ്പിച്ചത്? എന്താണ് ഇപ്പോഴത്തെ സ്ഥിതി? കോഴിമുട്ടകൾ ഓംലെറ്റായി. ആട്ടിൻകുട്ടികൾ മട്ടൻ ഫ്രൈ ആയി. ഇതാണ് സംസ്ഥാനത്തിലെ ജനകീയാസൂത്രണംകൊണ്ട് നിങ്ങൾ നേടിയത്. ഇവിടെ വ്യവസായ വകുപ്പുമന്ത്രിയില്ല. എനിക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ഒരു പ്രധാനപ്പെട്ട കാര്യം ചോദിക്കാനുണ്ട്. ഇവിടത്തെ കശുവണ്ടി മേഖല, ഇവിടത്തെ കൈത്തറി മേഖല, ഇവിടത്തെ കയർ മേഖല തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിലാളികളാണ് ഞങ്ങളെക്കാളും കൂടുതൽ എന്നും ഇടതുപക്ഷ മുന്നണിയോടൊപ്പം നിന്നിട്ടുള്ളത്. അവർക്ക് കയറിട്ട കൈകളിൽ വളയിടുന്ന സഖാക്കളോടായിരുന്നു വീര്യം. നിങ്ങളിലായിരുന്നു അവർക്ക് വിശ്വാസം. അവരുടെ സ്ഥിതിയെന്താണ്? നിങ്ങൾ നോക്കിയിട്ടുണ്ടോ? കയർമേഖലയിലെ മുന്നേകാൽ ലക്ഷത്തോളം വരുന്ന സ്ത്രീകൾക്ക് ഇന്ന് തൃക്ക് രോഗവും മൂത്രാശയ ക്യാൻസറുമാണ്. ബഹുമാനപ്പെട്ട മെഴ്സിക്കുട്ടി അമ്മ കേൾക്കണം. കായലോരത്താണ് ഇവിടത്തെ കയർ മേഖലയിലെ സ്ത്രീകൾ ജോലിചെയ്യുന്നത്. അതിലെ ബഹുഭൂരിപക്ഷം പേർക്കും മൂത്രാശയ ക്യാൻസറാണ്. നിങ്ങൾ അവർക്കുവേണ്ടി എന്തു ചെയ്തു? അവർക്ക് 7 കോടി രൂപയോളം ചെലവഴിച്ചിട്ടും ഇന്ന് ഏറ്റവും മാലിന്യം നിറഞ്ഞ സ്ഥിതികളിൽ ഏറ്റവും കഷ്ടപ്പെട്ട് അവർക്ക് ജീവിക്കേണ്ടിവരുന്നു. പട്ടിണി പേക്കോലങ്ങളെപ്പോലെ അവർക്ക് ജീവിക്കേണ്ടിവരുന്നു. അവർക്ക് ഒരു ദിവസം കിട്ടുന്ന ശമ്പളം എത്രയാണ്? 450 തൊണ്ട് ചതച്ചാൽ 60 രൂപ കിട്ടും. അതിന് രണ്ടുദിവസമെങ്കിലും വേണം. അങ്ങനെയാണെങ്കിൽ ഒരു ദിവസം എത്ര രൂപയാണ് കൂലി കിട്ടുന്നത്? 30 രൂപയാണ്. കശുവണ്ടി മേഖലയിൽ എന്താണ് സംഭവിച്ചിരിക്കുന്നത്? അവിടെ ക്ഷയരോഗവും പടർന്നിരിക്കുകയാണ്. കശുവണ്ടി മേഖലയിൽ, കൈത്തറി മേഖലയിൽ, കയർ മേഖലയിൽ നിങ്ങളെ വിശ്വസിച്ചും നിങ്ങളുടെ കൂടെ നിന്നവരുമായ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് സ്ത്രീകൾ ഇന്ന് ഏറ്റവും ദുരിതങ്ങളിൽ ജീവിക്കുകയാണ്. അതിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ? തീരപ്രദേശത്ത് പട്ടിണിയാണ്. പകർച്ചവ്യാധികളാണ്. ഇവിടെ പരിപോഷിപ്പിക്കുന്ന ഏക വ്യവസായം മദ്യവ്യവസായമാണ്. ശ്രീ. എ.കെ. ആന്റണി കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ മദ്യത്തിന് 200% നികുതി ഈടാക്കിയിട്ട് എന്തിന്റെ പേരിലാണ് അത് കുറച്ചത്? 100% ആക്കിയത് ആരെ രക്ഷിക്കാനാണ്? ആർക്കുവേണ്ടിയാണ് അത് ചെയ്തത്? ഇവിടത്തെ മദ്യകമ്പനികൾക്ക് അനുമതി കൊടുത്തു മദ്യത്തിന്റെ വില വർദ്ധിപ്പിക്കാൻ. വിഷമദ്യം കഴിച്ച് എത്ര കുടുംബങ്ങൾ അനാഥമായി. എത്രപേർ മരിച്ചു. എന്താണ് ഹരിപ്പാടുള്ള സതീഷ്കുമാർ നിങ്ങളുടെ വർഗ്ഗശത്രുവാണോ? നിങ്ങളുടെ രാഷ്ട്രീയ എതിരാളിയാണോ? നിങ്ങൾ ആ ജീവിതം തകർത്തില്ലേ? നിങ്ങൾ ആ ജീവിതത്തെ ചവിട്ടി മെതിച്ചില്ലേ? നിങ്ങൾക്ക് എന്താണ് മറുപടി പറയാനുള്ളത്? കുടിലുകളിൽ നിന്നുയർന്ന ദീനരോദനംപോലും കേൾക്കാൻ ആരെങ്കിലും ഇവിടെയുണ്ടോ? കഴിഞ്ഞ നാലുവർഷംകൊണ്ട് വളർന്ന് കൊഴുത്ത ഒരു പ്രസ്ഥാനമേയുള്ളൂ ഈ രാജ്യത്ത്. അത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. ദേശാഭിമാനിയുടെ എഡിഷൻ ' ഇ.എം.എസ് അക്കാഡമി എത്ര കോടി രൂപ പിരിച്ചു'? അതൊക്കെ വലിയ പരസ്യ പ്രചരണംകൊണ്ട് നിങ്ങൾ പിരിച്ചതാണെന്ന് സമ്മതിച്ചു. പക്ഷെ പരസ്യപ്രചരണ പ്രഖ്യാപനങ്ങൾ ഇല്ലാതെ നിങ്ങൾ രഹസ്യമായി ഈ സംസ്ഥാനത്ത് സി.പി.എം. സെക്രട്ടേറിയറ്റ് അംഗങ്ങൾക്ക് താമസിക്കാൻ ഒരു മണിമന്ദിരം പണിയുന്നില്ലേ? എവിടെനിന്നാണ് ഈ പണം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയത്? ഒരു കാര്യം മാത്രം പറയാം. പഴയ കമ്മ്യൂണിസ്റ്റ് സാമ്രാജ്യങ്ങളിലെ നേതാക്കന്മാരെപ്പോലെ നിങ്ങൾക്ക് ഭാണ്ഡവും കെട്ടി പലായനം ചെയ്യേണ്ടിവരുമെന്നുള്ള കാര്യം നിങ്ങൾ മറക്കണ്ട.

എന്താണ് സർ ഇന്ന് സംസ്ഥാനത്തെ ക്രമസമാധാന നില? കേരളമെന്ന് പറയാൻ കഴിയുകയില്ല ചോരളമെന്ന് പറയണം. ഇന്ന് ഈ സംസ്ഥാനത്തിന്റെ പേര് പോലും മാറിയിരിക്കുന്നു. കണ്ണൂരിൽ ഒരാഴ്ചയ്ക്കുള്ളിൽ 7 പേർ കൊല ചെയ്യപ്പെട്ടു, ഈ വിവരം അറിഞ്ഞപ്പോൾ പിറ്റേ ദിവസം കേരളത്തിന്റെ പ്രതിപക്ഷനേതാവ് കണ്ണൂരിൽ എത്തി. കണ്ണൂരിൽ ജീവൻ പിടഞ്ഞപ്പോൾ കേരളത്തിലെ പത്രം ആഫീസുകളിൽ ഇടതുമുന്നണി കൺവീനർ ശ്രീ. വി.എസ്. അച്യുതാനന്ദൻ സഖാവിന്റെ ഒരു ഫാക്സ് കിട്ടി, ഒരു വാർത്ത. എല്ലാവരും വിചാരിച്ചു കണ്ണൂർ സംഭവത്തിന്റെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണമെന്നുള്ള പ്രസ്താവന ആയിരിക്കും പത്രം ആഫീസുകളിൽ ഫാക്സിലൂടെ എത്തിയതെന്ന്. പത്രക്കാർ ഫാക്സ് എടുത്ത് വായിച്ചപ്പോൾ പാമോയിലിനെക്കുറിച്ചാണ് ഫാക്സ് അയച്ചത്. നാണമില്ലേ? കണ്ണൂരിൽ ഇത്രയും പ്രശ്നങ്ങൾ ഉണ്ടായി. കണ്ണൂർ പോലുള്ള ജില്ലയിൽ, നിങ്ങൾ ആലോചിച്ചു പറഞ്ഞാൽ മതി ഞാൻ തെറ്റാണ് പറഞ്ഞതെങ്കിൽ അടുത്ത് പ്രസംഗിക്കുന്നവർക്ക് പറയാം; ഇത്രയും പ്രശ്നങ്ങളുണ്ടായിട്ട് എന്തായിരുന്നു ഇടതുമുന്നണി കൺവീനറുടെ നിലപാട്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. ഇവിടത്തെ പോലീസ് എന്താണ് ചെയ്തത്? ഞങ്ങൾ ഇവിടെ പറഞ്ഞു കൂത്തുപറമ്പ് സംഭവത്തിന്റെ പേരിൽ ഈ സംസ്ഥാനത്ത് പോലീസിനെതിരെ രാഷ്ട്രീയമായി നിങ്ങളെടുക്കുന്ന കേസുകൾ അവസാനം നിങ്ങൾക്കുതന്നെ ദോഷമാകുമെന്ന്. ഇവിടെ സംസ്ഥാനത്തെ പോലീസിന് ഡി.ജി.പി. ഒരു സർക്കുലർ അയച്ചിരിക്കുകയാണ്. എന്താണ് സർക്കുലറിൽ, സ്വയരക്ഷയ്ക്കുവേണ്ടി പോലീസ് ആക്ടിൽ പറഞ്ഞിരിക്കുന്ന രീതിയിൽ തിരിച്ചടിക്കാമെന്നാണ്. അങ്ങനെ കേരളത്തിന്റെ ചരിത്രത്തിൽ ഒരു ഡി.ജി.പി. ഒരു സർക്കുലർ അയച്ചിട്ടില്ല. കാരണം പോലീസ് എന്നു പറഞ്ഞാൽ മിലിറ്റന്റ് ഫോഴ്സാണ്. അപ്പോൾ അത്രമാത്രം എൻകറേജ് ചെയ്യാനോ നിർദ്ദേശം കൊടുക്കാനോ ഡി.ജി.പി.ക്ക് സർക്കുലർ അയക്കേണ്ട ഗതികേട് ഉണ്ടായിട്ടില്ല. പക്ഷെ എന്തുകൊണ്ട് കേരള സംസ്ഥാനത്ത് അത് വേണ്ടി വന്നു? ഈ സംസ്ഥാനത്ത് കണ്ണൂരിൽ അസമാധാനത്തിന്റെ ദിവസങ്ങളാണ് വരാൻ പോകുന്നതെന്ന് ഇവിടെ കേരളത്തിന്റെ ഈ ഭരണം കൈയാളുന്ന മുഖ്യ മന്ത്രി ഉൾപ്പെടെ, സംസ്ഥാനത്തെ ഉന്നതൻമാരായിട്ടുള്ള ഉദ്യോഗസ്ഥൻമാർക്കും മന്ത്രിമാർക്കും അറിയാമായിരുന്നു. അവർക്ക് നിർദ്ദേശം കൊടുത്തിട്ട് എന്തുകൊണ്ട് പോലീസ് അനുസരിച്ചില്ല? പോലീസിന്റെ കൺമുന്നിൽ വച്ച് പോലീസ് വാൻ കത്തിച്ചില്ലേ? തളിപ്പറമ്പ് പോലീസ് ഡിവൈ.എസ്.പി. യുടെ കൺമുന്നിൽ വച്ച് മഴുകൊണ്ട് വെട്ടി പരുക്കേൽപ്പിച്ചില്ലേ? പത്രങ്ങളിൽ ഫോട്ടോ നിങ്ങൾ കണ്ടുകാണും. പോലീസിനെ എന്തുകൊണ്ടാണ് നിയന്ത്രിക്കാത്തത്? പോലീസ് എന്തുകൊണ്ട് ആക്ഷൻ എടുത്തില്ല? ഞാൻ ആരുടെയും പക്ഷം പിടിച്ചല്ല പറയുന്നത്. എന്തുകൊണ്ട് പോലീസ് നിർവികാരമായി അത് നോക്കിനിന്നു? നിങ്ങൾ ഒരാളെ അറസ്റ്റ് ചെയ്തോ? പോലീസിന് വെടി വയ്ക്കാൻ അധികാരം കൊടുത്തപ്പോൾ ആകാശത്തേയ്ക്കു വെടിവച്ചു. മുട്ടിനു താഴെ വെടിവയ്ക്കാൻ പറഞ്ഞപ്പോൾ തറയിൽ വെടിവച്ചു. എന്താണ് കാര്യം? ആർക്കുവേണ്ടി അവർ ഇത് ചെയ്യണം? നാളെ നീതിനിർവഹണത്തിന്റെ പാതയിൽ ശക്തമായ ഒരു നിലപാട് എടുക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്, കഴിഞ്ഞകാലത്തെ അനുഭവം ഓർത്താൽ ഏതെങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഉദ്യോഗസ്ഥന് നിഷ്പക്ഷമായി നീതിനിർവഹിക്കാൻ പറ്റുമോ? ഇപ്പോൾ നിങ്ങൾ പടച്ചുകൂട്ടിയെന്നു പറയുന്ന സമാധാനം, കണ്ണൂരിലെ സമാധാനം നിലനിറുത്തണമെങ്കിൽ നിങ്ങൾ പോലീസിന് പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. എന്താണ് ഹൈക്കോടതിവിധി വന്നിരിക്കുന്നത്? കേരളത്തിന്റെ എസ്.പി. രവതാ ചന്ദ്രശേഖർ ഹൈക്കോടതിയിൽ പോയിരിക്കുന്നു. അദ്ദേഹത്തെപ്പറ്റി അന്വേഷിക്കുന്ന ജേക്കബ് പുന്നൂസ് എന്നു പറയുന്ന ഉദ്യോഗസ്ഥനെ, അദ്ദേഹത്തിന്റെ മേൽ ഉദ്യോഗസ്ഥനെ, അദ്ദേഹത്തിന് വിശ്വാസമില്ല, അതുകൊണ്ട് നീതിപൂർവമായ അന്വേഷണം ഉണ്ടാകണമെന്ന് പറഞ്ഞ് ഹൈക്കോടതിയിൽ പോയിരിക്കുന്നു. ഈ രവതാ ചന്ദ്രശേഖറിന്റെ ഹർജിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഗൗരവമുള്ളതാണ്. അതുകൊണ്ട് സി.ബി.ഐ. അന്വേഷിക്കണമെന്നാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രമാത്രം നിർവികാരമായ പോലീസ്, ഇത്രമാത്രം പോലീസിനെ രാഷ്ട്രീയ വൽക്കരിച്ച ഒരു കാലം എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇങ്ങനെയുള്ള ഒരു ഭരണമാണ്. ഈ സംസ്ഥാനത്ത് ബന്ദ് നടന്ന ദിവസം കേരളത്തിന്റെ ഡി.ജി.പി.ക്കു വരെ ഏറ് കിട്ടി. പിന്നെ ഇവിടത്തെ സാധാരണക്കാരൻ എങ്ങനെയാണ് ജീവിക്കുന്നത്? വളരെ ഗൗരവായി ആലോചിക്കണം. കേരളത്തിന്റെ ചീഫ് സെക്രട്ടറി കോടതിയിൽ പോയി കൈയും കെട്ടി നിൽക്കുക, കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥൻമാർ നിസ്സഹായരായി നിൽക്കുക എന്നു വേണ്ട സമസ്ത മേഖലകളിലും നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്തത്? അധികാരത്തിൽ വന്നപ്പോൾ മുതൽ ചെയ്തതാണ്. യു.ഡി.എഫ് നേതാക്കൻമാർക്കെതിരെ നടപടി എടുക്കും, നിങ്ങൾ ആർക്കെതിരെ എന്ത് നടപടിയെടുത്തുവെന്നാണ് പറയുന്നത്, പാമോയിൽ കേസ്സെന്നു പറഞ്ഞല്ലോ ഇപ്പോൾ കുടുങ്ങാൻ പോകുന്നത് കെ. കരുണാകരൻ അല്ല ബംഗാളിലെ മുഖ്യമന്ത്രി ശ്രീ. ജ്യോതിബസുവാണ് കുടുങ്ങാൻ പോകുന്നത്. അറിയാമോ നിങ്ങൾക്ക്, മുഖ്യമന്ത്രി ജ്യോതിബസുവാണ് കുടുങ്ങാൻ പോകുന്നത്. ഇവിടെ ശ്രീ. കരുണാകരൻ മേടിച്ചതിനേക്കാൾ എത്രയോ കോടി രൂപ അധികം തുകയ്ക്ക് ബംഗാളിൽ പാമോയിൽ ഇറക്കുമതി ചെയ്തു. അത് ബംഗാളിലെ മുഖ്യമന്ത്രി ജ്യോതിബസുവാണ്, അറിയാമോ? കേരളത്തിൽ ഇറക്കുമതി ചെയ്തതിനെക്കാൾ രണ്ട് ഡോളർ അധികമായിട്ടാണ് ജ്യോതിബസു ഇറക്കുമതി ചെയ്തത്. ആ ജ്യോതിബസുവിനെ സംരക്ഷിക്കാൻ നിങ്ങളുടെ ശ്രീ. ഹർകിഷൻ സിംഗ് സുർജിത്ത് പ്രധാനമന്ത്രി വാജ്പേയിയെ പോയി കണ്ട കാര്യങ്ങളൊക്കെ ഞങ്ങളറിഞ്ഞു. അത് നിങ്ങൾ മനസ്സിലാക്കണം. അങ്ങനെ യു.ഡി.എഫ്-ന്റെ നേതാക്കൻമാരെ ഓരോരുത്തരെയും കള്ളക്കേസിൽ കുടുക്കാൻ ശ്രമിച്ചിട്ട് നിങ്ങൾ ഇപ്പോൾ എവിടെയാണ് പോയി നിൽക്കുന്നത്. ഇങ്ങനെ ഒരു ഭരണം ഈ കേരളത്തിൽ എത്രനാൾ നിലനിൽക്കും. ഞങ്ങൾ ഉപതെരഞ്ഞെടുപ്പുകളിലെല്ലാം ജയിച്ചില്ലേയെന്ന് നിങ്ങൾ വീരവാദം മുഴക്കുന്നത് എവിടെ പോയി? എട്ട് ലക്ഷത്തിലധികം വോട്ടിനാണ് ഐക്യമുന്നണിയുടെ ഓരോ എം.പി.മാരും ഇവിടെനിന്നും ജയിച്ചത്. ഒരു സംശയവും വേണ്ട വർദ്ധിത വീര്യത്തോടുകൂടി ഐക്യജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരും. പക്ഷെ ഇന്ന് നിങ്ങൾ ഓലപ്പാമ്പിട്ട് യു.ഡി.എഫ് നേതാക്കൻമാരെ പേടിപ്പിച്ചതുപോലെ ആവുകയില്ല. ഞങ്ങൾക്കറിയാം എന്തു വേണമെന്ന്. ഞങ്ങൾ ശക്തമായിട്ട് മുന്നോട്ടു പോകും. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സംസ്ഥാനത്തിന്റെ ക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന പണം അനുവദിക്കുന്നതിനുവേണ്ടിയിട്ടാണ് ഈ ഉപധനാഭ്യർത്ഥനയുമായി ഇവിടെ ധനകാര്യ വകുപ്പുമന്ത്രി നിൽക്കുന്നത്. ഇവിടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2 കോടി രൂപ ഇതിൽ വകകൊള്ളിച്ചിട്ടുള്ളതാണ്. ഒറീസയിലെ ദുരിതാശ്വാസത്തിനുവേണ്ടി 50 ലക്ഷം രൂപ കൊടുത്തിട്ടുള്ളത് ഇതിന്റെ ഭാഗമായിട്ട് വരികയാണ്. മട്ടാഞ്ചേരി ശുദ്ധജല വിതരണത്തിനുവേണ്ടി 2 കോടി രൂപയാണ് ഇതിൽ വകകൊള്ളിച്ചിട്ടുള്ളത്. കശുവണ്ടിത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നതിനുവേണ്ടിയുള്ള തുക ഇതിൽ വകകൊള്ളിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള തുക ഇതിനകത്തുൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുപോലെ നിരവധി പ്രവർത്തനങ്ങൾക്കു വേണ്ടിവരുന്ന പണം യഥാർത്ഥത്തിൽ കൊണ്ടെത്തിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന കാര്യം ഇവിടെ വ്യത്യസ്ത സന്ദർഭങ്ങളിലായിട്ട് ചർച്ച ചെയ്യപ്പെട്ടതാണ്. സാമ്പത്തിക മേഖല ലോകവ്യാപകമായി വലിയ പ്രതിസന്ധിയിലേയ്ക്കും കുഴപ്പത്തിലേയ്ക്കും പോയിരിക്കുകയാണ്. വസ്തുത വസ്തുതയായിട്ട് കാണാതിരുന്നാൽ രാഷ്ട്രീയം കൈകാര്യം ചെയ്യാൻ ഏതു രാഷ്ട്രീയ പാർട്ടിക്കും സാധിക്കുകയില്ല. നിങ്ങൾക്കറിയാം ലോകത്താകെ ഗുരുതരമായ സാമ്പത്തിക മാന്ദ്യം, ജനകീയ ചൈന ഉൾപ്പെടെയുള്ള മൂന്നുനാല് സോഷ്യലിസ്റ്റ് രാജ്യങ്ങൾ ഒഴിച്ച്, ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിൽ നിന്നും ഒരു തുരുത്തായിട്ട് നിൽക്കുന്നത് ജനകീയ ചൈന മാത്രമാണ്. ലോകത്തിന്റെ വിവിധ മേഖലകൾ പരസ്പരം ഏറ്റുമുട്ടുകയും തകർന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ രാജ്യങ്ങൾ പരസ്പരം യോജിച്ച് ശക്തമത്തായി വമ്പിച്ച വളർച്ചാ നിരക്കോടുകൂടി, 13%-ത്തോളം വളർച്ചാനിരക്ക് നേടാൻ സാധിച്ച ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട രാജ്യം ചൈനയായിട്ട് ലോകത്തിനുമുന്നിൽ ഇന്ന് കാണുകയാണ്. അങ്ങനെ ഒരു വമ്പിച്ച വളർച്ചാനിരക്കോടുകൂടി ലോകത്തിന് മാതൃകയായിട്ട് ജനകീയ ചൈനയെ, അവിടത്തെ മാർക്സിസ്റ്റ് പാർട്ടി അതിന് നേതൃത്വമുള്ള ഭരണകൂടം മുന്നോട്ടു നയിക്കുകയാണ്. ഒരു രാഷ്ട്രം, രണ്ട് വ്യവസ്ഥ. പുതുതായിട്ട് കൂട്ടിച്ചേർന്ന രാജ്യങ്ങളിൽ സോഷ്യലിസമല്ല മുതലാളിത്തം തന്നെയാണ്. ഞാൻ സാർവ്വദേശീയ കാര്യമാണ് പറയുന്നത്. ഞാൻ പറഞ്ഞുവന്നത് ലോക മുതലാളിത്തം ആകെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ പ്രത്യേക പശ്ചാത്തലത്തിൽ അതിൽനിന്നും ഒരു തുരുത്തായിട്ട് മാറിനിൽക്കുന്നത് ജനകീയചൈനയും സോഷ്യലിസവുമാണെന്ന് പറയാൻ വേണ്ടിയാണ്. ബഹുമാനപ്പെട്ട അങ്ങ് ഉൾപ്പെടെ മനസ്സിലാക്കാൻവേണ്ടി പറഞ്ഞിട്ടുള്ളതാണ്. ആ ജനകീയ ചൈന ശിഥിലമാവുകയില്ല, കൂടിച്ചേർന്ന് വരികയാണ്, ഹോങ്കോംഗും മക്കോവയും ചേർന്നു. ഇനി തായ്വാൻകൂടി ചേരാൻ പോകുകയാണ്. അതെല്ലാം ചേർന്ന് വിശാലമായിട്ടുള്ള രാഷ്ട്രമായി, ലോകത്ത് ഏറ്റവും കൂടുതൽ വളർച്ചാനിരക്കുള്ള രാജ്യമായി ജനകീയ ചൈനയ്ക്ക് നിൽക്കാൻ സാധിക്കുമ്പോൾ, അമേരിക്ക ഉൾപ്പെടെ, ജപ്പാൻ ഉൾപ്പെടെ അതുപോലെ ഏഷ്യൻ ടൈഗേഴ്സ് എന്നുപറയുന്ന രാജ്യങ്ങൾ പേർ പറഞ്ഞുകൊണ്ട് വൻപിച്ച രീതിയിലുള്ള പ്രചാരവേല നടത്തിയിട്ടുള്ള രാജ്യങ്ങൾ ഉൾപ്പെടെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ള

തിന്റെ പശ്ചാത്തലത്തിൽ വേണം നമുക്ക് ഇന്ത്യയേയും ഇന്ത്യയുടെ ഭാഗമായ കേരളത്തേയും കാണാൻ. അല്ലാതെ ഇതെല്ലാം പരസ്പരം ബന്ധപ്പെടാത്ത രീതിയിൽ പരിശോധിച്ചാൽ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നതല്ല. മുഖ്യമന്ത്രിമാരുടെയും ധനകാര്യവകുപ്പുമന്ത്രിമാരുടെയും സമ്മേളനം വിളിച്ചു ചേർത്തപ്പോൾ നമ്മുടെ ഇന്ത്യൻ പ്രധാനമന്ത്രിയോട് പത്തിരുപത്തിയഞ്ചോളം സംസ്ഥാനത്തിലെ മുഖ്യമന്ത്രിമാർ പറഞ്ഞത് എന്താണ്? ഞങ്ങൾക്ക് നിത്യനിദാന ചെലവുമായി ബന്ധപ്പെട്ട് മുന്നോട്ടേയ്ക്ക് പോകാൻ സാധിക്കണമെങ്കിൽ 15,000 കോടി രൂപയിലധികം സഹായം കിട്ടണം. അവിടെ അവർക്ക് ശമ്പളം കൊടുക്കാൻ സാധിക്കുന്നില്ല. അഞ്ചാറ് സംസ്ഥാനങ്ങളിൽ പുതിയ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കാൻ തീരുമാനിച്ചുവെങ്കിലും ഇത്രയും കാലമായിട്ടും മാസങ്ങൾ കഴിഞ്ഞിട്ടും അവർക്ക് ശമ്പളപരിഷ്ക്കരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. മാസം ശമ്പളം പോലും കൊടുക്കാൻ സാധിക്കാത്തവിധത്തിൽ ഒറീസ്സാ പോലെയുള്ള സംസ്ഥാനങ്ങൾ നമ്മുടെ മുമ്പിൽ കിടക്കുകയാണ്. ഗുരുതരമായ പ്രതിസന്ധി നമ്മുടെ സംസ്ഥാനങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. ശ്രീ. ചന്ദ്രബാബു നായിഡു തന്നെ പറഞ്ഞത്, കേന്ദ്രം ഇന്നത്തെ റേഷ്യോ അനുസരിച്ച് അവരുടെ നികുതി പണത്തിൽനിന്ന് 23 ശതമാനമാണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്, ആ 23 ശതമാനം പോരാ, 25 ശതമാനം വേണമെന്നാണ്. നായിഡുവിനെ പോലെയുള്ള ആന്ധ്രാ മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്, ഞങ്ങൾക്ക് കിട്ടുന്നതിന്റെ നേരെ പകുതി വേണമെന്നാണ്. 23 ശതമാനം മാത്രമേ ഇപ്പോൾ കൊടുക്കുന്നുള്ളൂ. അത് 25 ശതമാനമാക്കി ഉയർത്തിയാൽതന്നെ 600 കോടി രൂപയുടെ അധിക വരുമാനം ഈ ചെറിയ സംസ്ഥാനത്തിന് ലഭിക്കാൻ പോകുകയാണ്. മഹാരാഷ്ട്ര ഉൾപ്പെടെയുള്ള വളരെ പ്രധാനപ്പെട്ട സംസ്ഥാനങ്ങൾ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇന്ത്യ എന്നുപറയുന്ന രാജ്യം തന്നെ പുത്തൻ സാമ്പത്തിക നയത്തിന്റെയും അതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഇപ്പോൾ 90,0000 കോടി രൂപ വാങ്ങിയ കടത്തിന്റെ പലിശകൊടുത്തു തീർക്കുന്നതിനുവേണ്ടി വീണ്ടും കടം വാങ്ങിക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള ചിത്രം. പൊതുമേഖലാസ്ഥാപനങ്ങളുടെ ഷെയറുകൾ വിൽക്കാൻവേണ്ടി ഒരു പുതിയ മന്ത്രിയെതന്നെ നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. ആ പുതിയ മന്ത്രി ഷെയറുകൾ ഓരോന്ന് ഓരോന്നായി വിറ്റുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് എൽ.ഐ.സി. തുടങ്ങിയവയുടെ ഷെയറുകൾ സ്വകാര്യമേഖലയ്ക്ക് വിൽക്കാൻ തീരുമാനിച്ചത്. ബാങ്ക് ദേശസാൽക്കരിച്ചത് മുമ്പ് വലിയ പ്രധാനപ്പെട്ട പരിപാടിയായിട്ട് ശ്രീ. എ.കെ. ആന്റണി ഉൾപ്പെടെ കോൺഗ്രസ് നേതാക്കൻമാർ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇപ്പോൾ ആ ബാങ്കുകൾ മുഴുവൻ സ്വകാര്യവൽക്കരിക്കാൻ പോകുകയാണ്. ദേശസാൽക്കരണം ഒരു ഭാഗത്ത്, പുരോഗമനം, മറുഭാഗത്ത് ഇപ്പോൾ സ്വകാര്യവൽക്കരണം പുരോഗമനപരമാണെന്ന് കോൺഗ്രസ്സുകാർ പറയുകയാണ്. അതിന് കോൺഗ്രസ്സുകാർ പരിപൂർണ്ണമായി കൂട്ടുനിൽക്കുകയാണ്. ഇന്ത്യാ രാജ്യത്ത് ബി.ജെ.പി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നിലപാടുകൾ, ഞങ്ങളുടെ നിലപാടാണെന്ന് പറഞ്ഞുകൊണ്ട് ആവേശത്തോടുകൂടി കോൺഗ്രസ്സുകാരും അതുപോലെ ബി.ജെ.പി.യും പരസ്പരം ചേർന്നുകൊണ്ടുള്ള അല്ലെങ്കിൽ പരസ്പര പൂരകമായിട്ട് ബന്ധപ്പെട്ടുകൊണ്ടുള്ള നിലപാടാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒരു വർഗ്ഗത്തിന്റെ ഒരേ നിലപാട് സ്വീകരിക്കുന്ന രണ്ട് പാർട്ടികൾ മാത്രമാണ് ബി.ജെ.പി.യും കോൺഗ്രസ്സും രണ്ട് വ്യത്യസ്ത പാർട്ടികൾ എന്ന് പറയാൻ സാധിക്കുകയില്ല,

LIBRARY ARCHIVES Kerala Legislative Assembly

ഒരേ നിലപാട് അംഗീകരിക്കുന്ന പാർട്ടികളാണ്. രാഷ്ട്രീയരംഗത്ത് മാത്രമാണ് അല്പവ്യത്യാസമുള്ളത്. മതനിരപേക്ഷതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലാണ് ചാഞ്ചോട്ടത്തോടുകൂടിയെങ്കിലും ചില സമീപനങ്ങൾ എടുക്കുന്നത്. ബാക്കിയെല്ലാ കാര്യത്തിലും പൂർണ്ണമായി ഒരേ നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. വർഗ്ഗപരമായ കാഴ്ചപ്പാടാണ് നിങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അങ്ങ് പറഞ്ഞത് മനസ്സിലാകുന്നു. പക്ഷെ അക്രമത്തിന്റെ കാര്യത്തിൽ മാർക്സിസ്റ്റ് പാർട്ടിയും ബി.ജെ.പി.യും ഒരേ നിലപാടാണ് എടുക്കുന്നതെന്നുള്ളത് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : ഞാൻ കണ്ണൂർ സംഭവത്തിലേയ്ക്ക് വരുന്നു, അപ്പോൾ പറയാം ഏത് നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന്. ഇന്ത്യയുടെ പൊതുവായ സാമ്പത്തികചിത്രം വരച്ചുകാണിക്കാൻ ഞാൻ ശ്രമിക്കുകയാണ്. ഗുരുതരമായ സാമ്പത്തിക പ്രശ്നമാണ്. ആ പ്രശ്നത്തിൽനിന്ന് കേരളത്തിൽ മാത്രം ഒരു തുരുത്തുപോലെ ഒറ്റപ്പെട്ടു നിൽക്കുന്ന പ്രശ്നമല്ല, സാമ്പത്തിക പ്രശ്നം, ഇവിടെമാത്രം തൊഴിലില്ലായ്മ, ഇവിടെ മാത്രം നിത്യോപയോഗ സാധനത്തിന്റെ വിലക്കയറ്റം, ഇവിടെമാത്രം മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, എന്ന് പറയുന്നതിൽ അർത്ഥമില്ല, താരതമ്യേന നിത്യോപയോഗസാധനത്തിന്റെ വിലവർദ്ധനവ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പിടിച്ചുനിറുത്തുന്നതിനുവേണ്ടി വിതരണശൃംഖല ഉപയോഗിച്ചു കഴിഞ്ഞ സംസ്ഥാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട സംസ്ഥാനം കേരളമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഈ ലോകത്ത് സോഷ്യലിസ്റ്റ് രാജ്യങ്ങൾ കഴിഞ്ഞാൽ സർവ്വതല സ്പർശിയായ മേഖലകൾ കോർത്തിണക്കിക്കൊണ്ട് പൊതുവിതരണശൃംഖല ഇതുപോലെ ശക്തിപ്പെട്ട മറ്റൊരു ഭൂതലം ഈ ലോകത്ത് ഒരിടത്തുമില്ല. ഈ കേരളം പോലെ, ലോകത്ത് എവിടെയുമില്ല. അത്ര ശരിയായ രീതിയിൽ ഈ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. ആ പൊതുവിതരണ ശൃംഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് റേഷൻഷോപ്പ്. ആ റേഷൻഷോപ്പ് വേണ്ടായെന്ന് വയ്ക്കുവാനുള്ള തീരുമാനമാണ് കോൺഗ്രസ്സിന്റെ തീരുമാനം. ആ തീരുമാനം തന്നെയാണ് ബി.ജെ.പി.യുടെ തീരുമാനം. നിങ്ങൾക്ക് തമ്മിൽ അഭിപ്രായവ്യത്യാസമില്ല. റേഷൻഷോപ്പ് വേണ്ട. റേഷൻ സംവിധാനമേ വേണ്ട, പൊതുവിതരണ ശൃംഖല വേണ്ട, അതുപോലെ സബ്സിഡി കൊടുക്കാൻ പാടില്ല, അതുപോലെ എല്ലാം സ്വകാര്യവൽക്കരിക്കുന്ന മുതലാളിത്ത സാമ്രാജ്യത്വത്തിന്റെ ആഗോളവൽക്കരണത്തിന്റെ ഒരു വില്ലേജായിട്ട് ലോകം മുഴുവൻ മാറ്റിത്തീർക്കാൻവേണ്ടി, കമ്പോള വ്യവസ്ഥയ്ക്കുവേണ്ടി പ്രവർത്തനം നടത്തിക്കൊണ്ടുവരണമെന്നാണ് നിങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. നിങ്ങൾക്കറിയാം അതിന്റെ ഭാഗമായിട്ട് വളരുന്ന ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട രാജ്യമാണ് സോവിയറ്റ് റഷ്യ, ആ സോവിയറ്റ് റഷ്യയുടെ തകർച്ചയിൽനിന്ന് പുതിയ ശക്തി ഇന്ന് ഉയർന്നുവന്നിരിക്കുന്നുവെന്ന് ഇന്ന് പത്രം വായിക്കുന്ന എല്ലാവർക്കുമറിയാം. അവിടെ കമ്മ്യൂണിസ്റ്റ് പാർട്ടി മുരടിപ്പിന്റെ ഭാഗമായിട്ട് ആ രീതിയിൽത്തന്നെ മുന്നോട്ടേയ്ക്ക് വരാൻ കഴിയുന്ന ഒരു ഭൗതിക സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്, അതായത് പുതിയ രീതിയിൽ, കാരണം അവിടത്തെ ജനങ്ങൾ അനുഭവത്തിന്റെ ഭാഗമായിട്ട് പഠിച്ചിരിക്കുന്നു. അനുഭവമാണ് ഗുരുനാഥൻ എന്ന് ശ്രീ. ശർമ്മ ഈ സമ്മേളനത്തിൽ പറഞ്ഞല്ലോ, ആ അനുഭവം വച്ചുകൊണ്ട് സോവിയറ്റ് റഷ്യയിലെ ജനങ്ങൾ ശരിയായരീതിയിൽ പഠി

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ തുടങ്ങിയിരിക്കുന്നു. അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു വിധിയാണ് അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്നുപറഞ്ഞാൽ തിരുത്താൻ ശ്രമിച്ചുക്കൊണ്ടിരിക്കുകയാണ്. മലേഷ്യ പോലെയുള്ള രാജ്യങ്ങൾ ഉൾപ്പെടെ ലോകത്തിന്റെ വിവിധ മേഖലകളിൽ വൻപിച്ച രീതിയിൽ വളർന്നു വന്നിരിക്കുന്നുവെന്ന് പ്രതീക്ഷിക്കുന്ന രാജ്യങ്ങൾ ഉൾപ്പെടെ ഇന്ത്യയോടു പറഞ്ഞു നിങ്ങൾ കഴുത്തറുപ്പൻ മൽസരവുമായിട്ട് ബന്ധപ്പെട്ട പുത്തൻ സാമ്പത്തിക നയത്തിന്റെ പേരിൽ നടപ്പിലാക്കുന്ന നിലപാടുകളിൽ പോകാൻ പാടില്ല എന്നുപറഞ്ഞിട്ടും ആ നിലപാടുകൾ തന്നെ തുടർന്നുക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ് നമ്മുടെ മുൻപിലുള്ള വളരെ പ്രധാനപ്പെട്ട ചിത്രം. ഈ പശ്ചാത്തലത്തിൽ സാമ്പത്തിക മേഖല അച്ചടക്കത്തോടുകൂടി കൈകാര്യം ചെയ്ത് മുന്നോട്ടേയ്ക്ക് പോകുന്ന ഒരു സംസ്ഥാനമാണ് കേരളത്തിലുള്ളതെന്നുള്ളതുകൊണ്ടാണ് ഇത്രയും പിടിച്ചു നിൽക്കാൻ നമുക്ക് സാധിക്കുന്നത്. 1200 കോടി രൂപയാണ് ശമ്പളമിനത്തിൽ വർദ്ധനവോടുകൂടി ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുന്നതിനുവേണ്ടി കേരളം ചെലവാക്കിയത്, 1200 കോടി രൂപ, ചെറിയ രീതിയിലല്ല, 1200 കോടി രൂപ കണ്ടെത്തുകയെന്നുള്ളത് ചെറിയ പ്രശ്നമാണോ? വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. എന്നിട്ടും പല സംസ്ഥാനങ്ങൾ നടപ്പിലാക്കാതിരിക്കുമ്പോൾ കേരളം നടപ്പിലാക്കിയെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. നമുക്കെല്ലാവർക്കും അറിയാം, ബി.ജെ.പി. അധികാരത്തിൽ വന്നിരിക്കുന്നു. നമ്മൾ ആരും ആഗ്രഹിച്ചുവന്നതല്ല. പക്ഷേ വസ്തുനിഷ്ഠമായി, യഥാർത്ഥ്യത്തിന്റെ ഭാഗമായി വന്നിരിക്കുന്നു. ആ ദിശയിലേയ്ക്ക് എത്തിച്ചതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സിനാണ്. ബി.ജെ.പി. ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവരാൻ, 304 സീറ്റോടുകൂടി അധികാരത്തിൽ ഉറപ്പിക്കാനുള്ള സൗകര്യമുണ്ടാക്കികൊടുത്തിട്ടുള്ളതു കോൺഗ്രസ്സാണ്. കാരണം, കോൺഗ്രസ്സ് ഒരു ബദൽ ഗവൺമെന്റ് രൂപീകരിക്കുന്ന നിലപാട് സ്വീകരിച്ചില്ല, ഞങ്ങൾക്ക് ഭരിക്കാൻ സാധിക്കുന്നില്ലായെങ്കിൽ പിന്നെ ബി.ജെ.പി. ഗവൺമെന്റ് തുടരട്ടെയെന്ന സങ്കുചിതമായ രാഷ്ട്രീയ നിലപാട് കൈകാര്യം ചെയ്തതിന്റെ അനന്തരഫലമാണ് ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിലിരിക്കുന്നത്. ഈ രാജ്യത്തിലെ മതനിരപേക്ഷതയ്ക്കും അതുപോലെതന്നെ അതിന്റെ സാമ്പത്തിക നിലപാട് ഉൾപ്പെടെയുള്ള കാര്യങ്ങളിലെല്ലാംതന്നെ ജനങ്ങളുമായി ബദ്ധശത്രുതാപരമായ യുദ്ധം പ്രഖ്യാപിച്ചുകൊണ്ടുള്ള നിലപാടുകളുമായി മുന്നോട്ടേയ്ക്ക് പോകുന്ന ഈ ഗവൺമെന്റിനെതിരായിട്ടുള്ള ശക്തിമത്തായ യോജിച്ച പ്രസ്ഥാനം രാജ്യവ്യാപകമായിട്ട് വളർന്നുവരാൻ പോകുകയാണ്. ആ പ്രസ്ഥാനം ഉയർന്നുവരുന്നുവെന്നുള്ളതാണ് രാജ്യത്തിന്റെ മുൻപിലുള്ള ചിത്രം. അതിന്റെ അടിസ്ഥാനത്തിൽവേണം കേരളത്തേയും കേരളത്തിന്റെ ഭാഗമായിട്ട് കണ്ണൂരിനേയും കാണാൻ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എന്താണ് യു.ഡി.എഫ്. കാരന്റെ ധാരണ, മൂന്ന് സീറ്റ് എൽ.ഡി.എഫിന്, ബാക്കി മുഴുവൻ സീറ്റ് യു.ഡി.എഫിന് വരുന്ന തെരഞ്ഞെടുപ്പോടുകൂടി ഞങ്ങൾ വീണ്ടും അധികാരത്തിൽ വരാൻ പോകുന്നുവെന്നാണ് ഇപ്പോൾ യു.ഡി.എഫ്.കാർ ആശിച്ചുകൊണ്ടിരിക്കുന്നത്, സ്വപ്നമായിരിക്കും, നിങ്ങൾക്ക് സ്വപ്നം കാണാൻ മാത്രമേ സാധിക്കുകയുള്ളൂ. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിലപാടിനെ അടിസ്ഥാനപ്പെടുത്തി, കേരളത്തിലെ തന്നെ രാഷ്ട്രീയ സാഹചര്യത്തെ അടിസ്ഥാനപ്പെടുത്തി, ഇടതുപക്ഷജനാധിപത്യമുന്നണി, ബംഗാൾ മാതൃകയെന്ന് ഞാൻ പറയുന്നില്ല, തിരിച്ച് വീണ്ടും അധികാരത്തിൽ വരാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമായി ഈ കേരളത്തിലെ ജനങ്ങൾ എടുക്കാൻ പോകുന്നതല്ലാതെ ബി.ജെ.പി.യുടെ ഒപ്പം നിന്നിട്ട് ഈ പറയുന്ന സാമ്പത്തിക നിലപാട് അംഗീകരിച്ചുകൊണ്ടുള്ള യു.ഡി.എഫ്. കേരളത്തിൽ വീണ്ടും അധികാരത്തിൽ വരുമെന്നാണ് നിങ്ങൾ ആരെങ്കിലും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അതെല്ലാം ഒരുതരത്തിലുള്ള സ്വപ്നം മാത്രമായി അവശേഷിക്കുവാൻ പോകുന്നുവെന്നുള്ളതാണ് വളരെ വ്യക്തതയോടുകൂടി ചൂണ്ടിക്കാണിക്കുവാനുള്ളത്. പിന്നെ അക്രമത്തിന്റെ കാര്യത്തിൽ ഇവിടെ തിരുവഞ്ചൂർ പറഞ്ഞത് എന്താണ്? അവിടത്തെ നിലപാടെന്താണ്? കണ്ണൂർ സംഭവത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം കോൺഗ്രസ്സിനാണ്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാമത്തെ പ്രതി ശ്രീ. എ.കെ. ആന്റണിയാണ്. ഏതൊരു സംഘർഷവും കുഴപ്പവുമില്ലാതെ ഇലക്ഷൻ നടക്കുകയായിരുന്നു. ആ ഓണദിവസം 25-ാം തീയതി ഞങ്ങളുടെ സംസ്ഥാന കമ്മിറ്റി അംഗമായ പി. ജയരാജൻ, ഇലക്ഷൻ കമ്മിറ്റിയുടെ വടകര നിയോജകമണ്ഡലത്തിലെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന നേതാവിന്റെ വീട്ടിൽ കയറി ആർ.എസ്.എസ്സുകാർ മൃഗീയമായിട്ട് വെട്ടി, ബോംബ് ഇട്ട് വീട് തകർത്തു. വെട്ടി പരിക്കേൽപ്പിക്കുക എന്നുമാത്രമല്ല, മരിച്ചുവെന്ന് വിചാരിച്ച് കക്കൂസിന്റെ ഓടംപൽ ഇട്ടിട്ട് ആർ.എസ്.എസ്സു.കാർ പോയി. പക്ഷേ അപ്പോൾ തന്നെ ആശുപത്രിയിലെത്തിക്കാൻ കഴിഞ്ഞതുകൊണ്ട് മരിക്കാതെ ഇപ്പോഴും ജീവിച്ചിരിക്കുകയാണ്. ഒരത്ഭുതമായിട്ട് പി. ജയരാജൻ ഇപ്പോഴും ജീവിച്ചിരിക്കുകയാണ്. കൈത്തുന്നിച്ചേർത്ത് ഇപ്പോഴും ഫിസിയോതെറാപ്പി നടത്തിക്കൊണ്ടിരിക്കുകയാണ്. ജീവിക്കുകയെന്നു പറഞ്ഞാൽ മരണതുല്യമായി ജീവിക്കുകയാണ്. എന്തേ ശ്രീ. എ.കെ. ആന്റണി മിണ്ടിയോ? ആർഎസ്.എസ്സുകാരനും ബി.ജെ.പി. ക്കാരനുമെതിരായി ഒരക്ഷരം പറയാൻ തയ്യാറായോ? എല്ലാ രീതിയിലും ജനങ്ങൾ മുഴുവൻ ശക്തിയായി പ്രതിഷേധിച്ചതിനുശേഷം ഏറ്റവും അവസാനമായിട്ട് പറയാനുള്ള ധൈര്യം മാത്രമേ നിങ്ങൾ കാണിച്ചിട്ടുള്ളൂ.

ഇവിടെ ഈ അസംബ്ലിയിൽ പറയുന്നതുപോലെ, ഇപ്പോൾ ശ്രീമതി ശോഭനാ ജോർജ് പറയുന്നതും അതാണ്. ആരാണ് കുഴപ്പക്കാർ എന്നുപറയാൻ ധൈര്യമില്ലല്ലോ. ആരാണെന്നു പറയാൻ നിങ്ങൾക്ക് സാധിക്കുമോ? സംസ്കൃതമല്ലേ പറഞ്ഞുകൊണ്ടിരിക്കുന്നത്. എല്ലാം പൊതുവൽക്കരിച്ചുകൊണ്ടല്ലേ പറഞ്ഞുകൊണ്ടിരിക്കുന്നത്. ആർ.എസ്.എസ്സും. ബി.ജെ.പിയും എന്നു പറയാനുള്ള ധൈര്യം കാണിക്കാത്ത പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണി എന്നിട്ട് അവിടെ വന്നു പ്രസംഗിച്ചു. എന്താണ് പ്രസംഗിച്ചത്? സമാധാനത്തിന് ഒരു വോട്ട്. നിങ്ങളുടെ രാഷ്ട്രീയ പശ്ചാത്തലം ഒരുക്കാൻ വേണ്ടിയാണ് ബി.ജെ.പി. യുമായി ചേർന്ന് ഈ പണി നടത്തിയത്. മാർക്കറ്റിൽനിന്നും ചരക്ക് വാങ്ങാൻ സാധിക്കുന്നതുപോലെ മൂല്യച്യുതി സംഭവിച്ച ആർ.എസ്.എസ്സുകാരെ വിലയ്ക്കുവാങ്ങാൻ കഴിയുന്ന 3 കേന്ദ്രമുണ്ട് കണ്ണൂർ ജില്ലയിൽ. ഞാൻ വളരെ വ്യക്തമായിട്ട് പറയാൻ പോകുകയാണ്. 3 കേന്ദ്രത്തിൽ ആർ.എസ്.എസ്സുകാരെ വിലയ്ക്കു വാങ്ങാം. ഇ.പി. ജയരാജനെ കൊല്ലാൻ കെ. സുധാകരനും എം.വി. രാഘവനും ചേർന്ന് ഗൂഢാലോചന നടത്തിയപ്പോൾ മാർക്കറ്റിൽനിന്നും ആർ.എസ്.എസ്സുകാരെ വാങ്ങിയിട്ടുണ്ട്. ശ്രീ. കെ.സി. ജോസഫിനറിയാമല്ലോ. വാങ്ങിയ ആളുകളുടെ പേരു ഞാൻ പറയാം. ദിനേശൻ, ശശി. രണ്ടുപേരെയും പിടിച്ചല്ലോ. ദിനേശൻ എന്നു പറയുന്നത് ആരാണ്? ആരാണ് ഈ പറയുന്ന ശശി? രണ്ടും ആർ.എസ്.എസ്സ്. ആണ്. മൂല്യശോഷണം സംഭവിച്ച ആർ.എസ്.എസ്.ആണ്. മാർക്കറ്റിൽ നിന്ന് ചരക്കുകൾ വാങ്ങുന്നതുപോലെ മാഫിയാ സംഘത്തിന്, അതുപോലെതന്നെ ക്രിമി

LIBRARY ARCHIVES Kerala Legislative Assembly

നൽ സംഘങ്ങൾക്ക് കോൺഗ്രസ്സിന്റെ ഈ ക്രിമിനൽ സമരനേതാക്കൾക്ക് മാർക്കറ്റിൽ പോയി പണം കൊടുത്ത് വാങ്ങാൻ സാധിക്കുന്ന ആർ.എസ്. എസ്സുകാരുള്ള 3 പ്രധാനപ്പെട്ട കേന്ദ്രം. ഒന്ന്, പാറാൽ, രണ്ട്, കൊക്കിലങ്ങാടി, മറ്റൊന്ന് കൊങ്കച്ചി. ഈ 3 കേന്ദ്രവുമായി ബന്ധപ്പെട്ടാണ് ഈ കുഴപ്പങ്ങൾ അത്രയും ഉണ്ടായത്. ആരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്? ഈ 3 കേന്ദ്രത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ മുഴുവൻ കുഴപ്പങ്ങളും ഉണ്ടായത്. ആ കുഴപ്പത്തിന്റെ ഭാഗമായി, നിങ്ങൾക്കറിയാം. ദിനേശൻ എന്നു പറയുന്നത് കൊക്കിലങ്ങാടിയിലാണ്. ശശി എന്നുപറയുന്നത് പാറാൽ ആണ്. രണ്ടും ആർ.എസ്.എസ്.ആയിരുന്നു. പക്ഷെ കോൺഗ്രസ്സുകാർ വിലയ്ക്കുവാങ്ങി. എം.വി. രാഘവന് വിലയ്ക്കു വാങ്ങാൻ കഴിഞ്ഞു. അവരെ വിലയ്ക്കു വാങ്ങിയിട്ട് ഇ.പി. ജയരാജനെ വെടിവച്ചു. പിടിക്കപ്പെട്ടപ്പോഴാണ് മനസ്സിലായത് ഇവരെല്ലാം ആർ.എസ്.എസ്. കാരായിരുന്നുവെന്ന്. നിങ്ങൾ ഇപ്പോഴും ഗൂഢാലോചന നടത്തി. 3 പാർലമെന്റ് മണ്ഡലത്തിൽ ആരു ജയിക്കണമെന്നു തീരുമാനിക്കുന്ന പ്രധാനപ്പെട്ട ഒരു ജില്ലയാണ് കണ്ണൂർ ജില്ല. കാസർഗോഡ് ആരു ജയിക്കണമെന്നു തീരുമാനിക്കുന്ന ജില്ല കണ്ണൂർ ജില്ലയാണ്. കണ്ണൂർ നിയോജകമണ്ഡലത്തിൽ ആരു ജയിക്കണമെന്നു തീരുമാനിക്കുന്നത് കണ്ണൂർ ജില്ലയാണ്. വടകര നിയോജകമണ്ഡലത്തിൽ ആരു ജയിക്കണമെന്നു തീരുമാനിക്കുന്നത് കണ്ണൂർ ജില്ലയാണ്. ആ 3 മണ്ഡലങ്ങളിൽ കുഴപ്പം ഉണ്ടാക്കി വൈകാരികതലത്തിലേയ്ക്ക് മാർക്സിസ്റ്റുകാരേയും ഇടതുപക്ഷക്കാരേയും മാറ്റിയാൽ നിങ്ങൾക്ക് ജയിക്കാൻ സാധിക്കും എന്ന് വിചാരിച്ചിട്ടാണ്. ശ്രീ. എ.കെ. ആന്റണി ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൻമാർ, ബി.ജെ.പി. സംസ്ഥാന നേതൃത്വം ഉൾപ്പെടെ ഗൂഢാലോചന നടത്തിയിട്ടാണ് വാങ്ങാൻ കിട്ടുന്ന ഗുണ്ടകളെ ഉപയോഗപ്പെടുത്തി നിങ്ങൾ കുഴപ്പം ഉണ്ടാക്കിയത്. അതിനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കണ്ണൂരിൽ വച്ചു പറഞ്ഞു ഇവിടെ വലിയ കുഴപ്പം ഉണ്ടാകും എന്ന്. അപ്പോൾ പത്രക്കാർ ചോദിച്ചു, എന്തു കുഴപ്പം ആണ്? ഒരു കുഴപ്പവും ഇവിടെയില്ലല്ലോ. അപ്പോൾ നിങ്ങൾക്കു കുഴപ്പം ഉണ്ടാക്കണമായിരുന്നു. മാർക്സിസ്റ്റുകാർ ആർ.എസ്.എസു.കാരെ കൊല്ലണമായിരുന്നു. അതായിരുന്നു നിങ്ങളുടെ ആഗ്രഹം. പക്ഷെ മാർക്സിസ്റ്റുകാർ കടന്നാക്രമണം നടത്താൻ തയ്യാറായില്ല. രാഷ്ട്രീയമായ നിലപാടു സ്വീകരിച്ചു. ജയരാജൻ മരിച്ചിട്ടില്ല. ജയരാജനെ കൊല്ലാൻ കഴിഞ്ഞിട്ടില്ല. പിന്നെ 3 ദിവസം കഴിഞ്ഞ് 28-ാം തീയതി യാതൊരു പ്രശ്നവും ഇല്ലാത്ത, മത്സ്യം വിറ്റു ജീവിക്കുന്ന പാവപ്പെട്ട ഒരു തൊഴിലാളി മത്സ്യം വിറ്റിട്ട് വീട്ടിലേയ്ക്കു പോകുംപോൾ 9 മണിക്ക് ബോംബെറിഞ്ഞ് വീഴ്ത്തി, തല വലിയ മഴു കൊണ്ട് വെട്ടിക്കീറിക്കൊന്നു. ഇലക്ഷൻ നടക്കുമ്പോഴാണ് ആ സംഭവം നടന്നത്. ദാസനെയാണ് കൊന്നത്. അപ്പോഴും ഞങ്ങൾ ആത്മസംയമനം പാലിച്ചു. അപ്പോൾ എ.കെ. ആന്റണി എന്നുപറയുന്ന പ്രതിപക്ഷ നേതാവ് എന്താണു പറഞ്ഞത്? അപ്പോഴും പറഞ്ഞു, സമാധാനത്തിന് വോട്ട്. എപ്പോഴാണ് സമാധാനം? ആർക്കാണ് സമാധാനം? എവിടെയായിരുന്നു സമാധാനക്കുറവ്? മാർക്സിസ്റ്റുകാരനെ കൊല്ലുമ്പോൾ അവിടെ കുഴപ്പമില്ല, സംഘർഷമില്ല, സംഘട്ടനമില്ല. മാർക്സിസ്റ്റുകാർ മരിച്ചാൽ യാതൊരു സംഘർഷവുമില്ല. ജയരാജനെ കൊന്നാൽ, അല്ലെങ്കിൽ ജയരാജനെ കൊല്ലാൻവേണ്ടി പ്രവർത്തിച്ചാൽ യാതൊരു സംഘർഷവുമില്ല. ജയരാജനെ കൊല്ലാൻ സാധിച്ചില്ല, എന്നാൽ ദാസനെ കൊന്നു. ഇലക്ഷൻ കഴിയുന്നതിനുമുൻപുതന്നെ നിങ്ങൾ നേരത്തെ പറഞ്ഞതുപോലെ എല്ലാ പ്രചരണങ്ങളും നടത്തി. മുഴുവൻ ക്രമസമാധാനവും തകരുന്നു എന്നു പ്രഖ്യാപനം നടത്തി. ആ പ്രഖ്യാപനം മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ട് ഇലക്ഷൻ കഴിഞ്ഞു. ഇലക്ഷനിൽ ഉളുപ്പില്ലാതെ എ.കെ. ആന്റണി ഉൾപ്പെടെയുള്ള നേതാക്കൻമാർ പറഞ്ഞു അവിടെ കള്ളവോട്ടിന്റെ വിജയമാണെന്ന്. പറഞ്ഞില്ലേ കണ്ണൂരിനെപ്പറ്റി? കാസർഗോഡിനെപ്പറ്റി പറഞ്ഞില്ലേ? അവിടെ റീ പോളിംഗ് നടത്താൻ തീരുമാനിച്ചു. എവിടെയാണ് റീ പോളിംഗ് നടത്താൻ തീരുമാനിച്ചത്? 24,000 ബൂത്താണ് കേരളത്തിലുള്ളത്. അതിൽ രണ്ടേ രണ്ടു ബൂത്തിലാണ് റീ പോളിംഗ് നടത്തിയത്. ഒന്ന്, യു.ഡി.എഫു.കാർ കയ്യേറിയിട്ടുള്ള പാലക്കാട് എന്നുപറയുന്ന രാമങ്കരിയിൽ. രണ്ടാമത്തേത്, നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന തളിപ്പറമ്പാണ്. ഈ രണ്ട് ബൂത്തിൽ മാത്രമാണ് റീപോളിംഗ് നടത്താൻ തീരുമാനിച്ചത്. മറ്റൊരിടത്തും റീപോളിംഗ് നടത്തിയില്ല. അവിടെ ഞാനുണ്ടായിരുന്നു. ഞാൻ കാസർഗോഡ് പാർലമെന്റ് മണ്ഡലത്തിലെ ടി. ഗോവിന്ദന്റെ ചീഫ് ഏജന്റായിരുന്നു. ഖാദർ മങ്ങാടിന്റെ ചീഫ് ഏജന്റായിരുന്നു ശ്രീ. ചെർക്കളം അബ്ദുള്ള...

<u>ശ്രീ. പി.ജെ. ജോയി</u> : അവിടെ മരിച്ച എല്ലാവരുടെയും പേരു പറയാമോ?

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : ഞാൻ എല്ലാവരുടേയും പേരു പറയാൻ പോകുന്നു. ഓരോന്നോരോന്നായി പറയാം. കാലക്രമത്തിൽ പറയാം. ശ്രീ. പി.ജെ. ജോയി വിഷമിക്കണ്ട. അതിനൊന്നും യാതൊരു കുഴപ്പവുമില്ല. അവിടെ രണ്ടു കൂട്ടരും റീപോളിംഗിനുവേണ്ടി തീരുമാനിച്ചു. റിട്ടേണിംഗ് ഓഫീസർ എഴുതിക്കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഇലക്ഷൻ കമ്മിഷൻ തീരുമാനിച്ചു. അപ്പോൾ എല്ലാവരും പറഞ്ഞു, ശ്രീ. എ.കെ. ആന്റണി പറഞ്ഞു, മുഴുവൻ ആളുകളും പറഞ്ഞു. അവിടെയെല്ലാം കുഴപ്പമാണ്. മാർക്സിസ്റ്റുകാർ മുഴുവൻ ബൂത്തും പിടിച്ചിരിക്കുന്നു. എന്നിട്ട് അവസാനം നോക്കുമ്പോൾ രണ്ടേരണ്ടു ബൂത്തിൽ മാത്രം റീ പോളിംഗ്. എന്തൊരു കഷ്ടമാണ്. ഞങ്ങൾക്ക് പുറത്തിറങ്ങാൻ സാധിക്കില്ല എന്ന് പറഞ്ഞ് ഒബ്സർവറെക്കണ്ട് സ്വാധീനിച്ചിട്ടാണ് അവസാനം 4 സ്ഥലത്തുകൂടി റീപോളിംഗ് നടത്തിയത്. ബഹുമാന്യനായ ചെർക്കളം അബ്ദുള്ള അവരോട് കടലാസ് കൊടുക്കാനേ പറഞ്ഞുള്ളൂ. പയ്യന്നൂർ പോകാൻ പറഞ്ഞിട്ടില്ല എന്ന് എന്നോട് പറഞ്ഞില്ലേ? ആയിരം വോട്ടുകൊണ്ടാണ് തോൽക്കുന്നതെങ്കിൽ അതിനുള്ള ഉത്തരവാദി മങ്ങാട് ആയിരിക്കും എന്ന് എന്നോടാണ് പറഞ്ഞത്. എന്നുപറഞ്ഞാൽ, പറഞ്ഞതിന്റെ അർത്ഥം വേറെയൊന്നുമല്ല, 4 ബൂത്തിൽ കൂടി റീപോളിംഗ് നടത്താൻ പോകുന്നു എന്നുപറഞ്ഞു.....

<u>ശ്രീ. കെ.സി. ജോസഫ്</u> : കണ്ണൂർ പാർലമെന്റ് മണ്ഡലത്തിൽ സി.പി.എം. ജയിച്ച അസംബ്ളി മണ്ഡലങ്ങളിൽ 70 ബൂത്തുകളിൽ അവിടത്തെ പോളിംഗ് പെർസെന്റേജ് 95 ശതമാനം മുതൽ 98 വരെയാണ്. കള്ളവോട്ടുകൊണ്ടല്ലേ അങ്ങനെ സംഭവിച്ചത്? അങ്ങയുടെ പിന്നിലിരിക്കുന്ന ശ്രീ. ടി.കെ. ബാലൻ എം.എൽ.എ. കണ്ണൂരിൽ പോയി. സമാധാനക്കാരാർ ഒപ്പുവച്ചു. അത് ആദ്യമായി ലംഘിച്ചത് നിങ്ങളല്ലേ?

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : ഇരിക്കൂർ ഉൾപ്പെടെയുള്ള പ്രദേശത്ത് നടന്നുകൊണ്ടിരിക്കുന്ന കള്ളവോട്ടിന്റെ ഓർമ്മകൊണ്ടാണ് ഇപ്പോൾ ഈ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് ഞങ്ങൾക്കറിയാം. അവിടെയുള്ള കമാരിയ സ്കൂളിനകത്ത്/എന്നേയും ജയിംസ് മാത്യുവിനേയും അടിച്ച സ്ഥലമാണ്. ഇപ്പോഴല്ല, മുൻപാണ്. യു.ഡി.എഫ്. ആയിരക്കണക്കിന് കള്ളവോട്ട് പബ്ലിഷ് ചെയ്തിട്ടുണ്ട്. അത് അംഗീകരിക്കാൻ സാധിക്കില്ലേ? കാസർഗോഡ് പാർലമെന്റ് മണ്ഡലത്തിന്റെ ഭാഗമായ കണ്ണൂർ ജില്ലയിലെ തളി

LIBRARY ARCHIVES Kerala Legislative Assembly

പ്പറമ്പിന്റേയും അതുപോലെ പയ്യന്നൂരിന്റേയും രണ്ട് മണ്ഡലത്തിൽ മാത്രമേ ആദ്യം റീപോളിംഗ് തീരുമാനിച്ചുള്ളൂ. ഏറ്റവും അവസാനമാണ് 4 ബൂത്തിൽക്കൂടി തീരുമാനിച്ചത്. ആ 4 ബൂത്തുകൂടി തീരുമാനിച്ചപ്പോൾ തെര ഞ്ഞെടുപ്പ് കഴിഞ്ഞു. അന്ന് ശ്രീമാൻ എ.കെ. ആന്റണി കണ്ണൂർ ജില്ലയിലുണ്ട്. കണ്ണൂർ ജില്ലയിൽ നടന്ന നാടകങ്ങളെല്ലാം എല്ലാവർക്കും അറിയാം. എനിക്കു മറിയാം. ഞാൻ അവിടെയുണ്ടായിരുന്നല്ലോ. എന്നിട്ട് പത്രങ്ങളെ അടിസ്ഥാന മാക്കി മാത്രം കാര്യങ്ങൾ മുന്നോട്ടുനീക്കാം എന്ന ധാരണ നിങ്ങൾക്കുണ്ടായി. അവസാനം നിങ്ങൾ 4 എണ്ണം കൂടി തീരുമാനിച്ചു. ആ 4 എണ്ണം തീരുമാനിച്ച പ്പോൾ ഞങ്ങൾ ഒരു കാര്യം ഉറപ്പിച്ചുപറഞ്ഞിട്ടുണ്ട്. 35 എണ്ണം നിങ്ങളും കൊടുത്തിട്ടുണ്ട്. 42 എണ്ണം ഞങ്ങളും കൊടുത്തിട്ടുണ്ട്. റീപോളിംഗ് അല്ല, റീപോളിംഗ് നടത്തിയാലും ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. റീപോളിംഗ് അല്ല, റീപോളിംഗിന്റെ അപ്പുറത്തുള്ള പോളിംഗ് നടത്തിയാലും ജനങ്ങൾ വോട്ട് ചെയ്യാൻ തയ്യാർ ഉണ്ടെങ്കിൽ നിങ്ങൾക്ക് ഒരു ചുക്കും ചെയ്യാൻ സാധിക്കില്ല. അതാണ് റീപോളിംഗിന്റെ ഭാഗമായിട്ട് ഉള്ളത്. ജനങ്ങൾ വോട്ട് ചെയ്യാൻ തയ്യാർ ഉണ്ടെങ്കിൽ, ജനങ്ങൾ വോട്ട് ചെയ്യാൻ മുന്നോട്ടു വരുന്നുവെങ്കിൽ ഏത് അർദ്ധരാത്രിക്കു പറഞ്ഞാലും കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നതാണ്, ജനങ്ങൾ വോട്ട് ചെയ്തതാണ് എന്നുള്ളതാണു സ്ഥിതി. അതുകൊണ്ടാണ് പോളിംഗും റീപോളിംഗും നടന്നപ്പോൾ പോളിംഗ് ശതമാനം വർദ്ധിച്ചത്. അങ്ങനെ വർദ്ധിച്ചതോടുകൂടി കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി നിങ്ങൾക്ക് സാധിച്ചിരിക്കുന്നു. അതുപോലെ ശ്രീ. എ.കെ. ആന്റണിക്ക് മാന്യ തയുടെ ഏതെങ്കിലും അംശം ബാക്കിയുണ്ടെങ്കിൽ നിങ്ങൾ പറയുന്ന ഒരു കാര്യമുണ്ട്. ആ കാര്യം എന്താണെന്നറിയാമോ? നിങ്ങൾ പറഞ്ഞു, ഞങ്ങളെ നിയമവിധി നടത്താൻ പോകുന്നു എന്ന്. ആരെപ്പറ്റിയാണ് പ്രത്യേകിച്ച് പറ ഞ്ഞത്? മുല്ലപ്പള്ളി രാമചന്ദ്രനെപ്പറ്റി. എന്നിട്ട് ഇപ്പോൾ കോടതിയിൽ അപ്പീൽ കൊടുത്തിരുന്ന, കേസ് കൊടുക്കേണ്ട സമയം കഴിഞ്ഞപ്പോൾ ഞങ്ങൾ പറ ഞ്ഞല്ലോ, ഉത്തരവാദിത്വത്തോടുകൂടി പറഞ്ഞല്ലോ, അന്തസ്സുള്ള കോൺഗ്രസ് ആണെങ്കിൽ പൊതുജനങ്ങളോട് മാപ്പു പറയണം എന്ന്. ജനങ്ങളോട് നിങ്ങൾ മാപ്പു പറയണ്ടേ? അതിന് ഒരു കേസ് കൊടുക്കാനുള്ള ധൈര്യം കാണി ക്കാതെ ഇപ്പോൾ അവിടെ കള്ളനോട്ട്, ഇവിടെ ബൂത്ത് പിടിപ്പ് എന്നൊക്കെ പറയുന്നത് എന്ത് അർത്ഥത്തിലാണ്? ഒരു കേസ്സുപോലും കൊടുക്കാനുള്ള ധൈര്യം നിങ്ങൾക്കുണ്ടായിട്ടില്ല. അതുകൊണ്ട് പൊതുജനങ്ങളോട് മാപ്പുപറ യാനുള്ള ബാധ്യത നിങ്ങൾക്കുണ്ട്. ആ പൊതുജനങ്ങളോട് മാപ്പുപറയാൻ നിങ്ങൾ തയ്യാറാകണം. എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മുഴുവൻ കുഴപ്പവും കല്ലേറും ഉണ്ടാക്കുന്നതിനുപിന്നിൽ പ്രവർത്തിച്ചത് ആർ.എസ്. എസ്സുകാരെ ഇളക്കിവിട്ട് ആർ.എസ്.എസു.കാരുടെ പണം വാങ്ങി, ആർഎസ്. എസുകാരുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യുന്ന കോൺഗ്രസ്സുകാരാ ണ്. നിങ്ങൾ ബി.ജെ.പിയുടെ 16,000 വോട്ടു വാങ്ങി. എന്നിട്ട് 10,000 വോട്ടിന് ജയിച്ചപ്പോൾ കേസ്സുകൊടുക്കാൻ ധൈര്യമില്ല. എന്നിട്ട് രാജ്യവ്യാപകമായി കള്ളപ്രചരണം നടത്തിയിട്ട് ജനങ്ങളെ ഒതുക്കാം. ഈ മാധ്യമങ്ങളുടെ വാർത്തയുടെ അടിസ്ഥാനത്തിൽ ശരിപ്പെടുത്താമെന്ന ധാരണ യോടുകൂടി പ്രവർത്തിക്കുകയാണ്. അതിനുശേഷം കണ്ണൂരിൽ സംഭവങ്ങളുണ്ടായി. അതിൽ ശരിയായ നിലപാട് സ്വീകരിച്ചു കൊണ്ട്... ആർ.എസ്.എസിനോടും ബി.ജെ.പി.യോടും എല്ലാ ക്രിമിനൽ സംഘത്തോടും ഒരു വിട്ടുവീഴ്ചയും ചെയ്യാൻ ഞങ്ങളില്ല. ഞങ്ങൾ ഉറപ്പിച്ചു പറയുകയാണ്. അവരുടെ മുൻപിൽ കീഴടങ്ങുന്ന പ്രശ്നമില്ല. ഇടതുപക്ഷ

[12 Noon]

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനങ്ങൾക്കെതിരായി, ജനങ്ങൾക്കെതിരായി സി.പി.എം.-നെതിരായി, എൽ.ഡി.എഫ്-നെതിരായി കടന്നാക്രമണം നടത്തുന്ന ഒരു ശക്തിയും മുൻപിൽ കീഴടങ്ങുന്ന പ്രസ്ഥാനമല്ല ഇടതുപക്ഷ പ്രസ്ഥാനമെന്ന കാര്യം നല്ല തുപോലെ ധരിക്കുന്നത് നല്ലതാണ്. അങ്ങനെ കീഴടങ്ങാതിരിക്കുന്നതിന്റെ പ്രശ്നമാണ് കണ്ണൂർ അഭിമുഖീകരിക്കുന്നത്. ഇനിയും ഒരിക്കലും ഞങ്ങൾ കട ന്നാക്രമണത്തിനില്ല. അതുകൊണ്ട് ശരിയായ രീതിയിൽ സംഭവങ്ങളെ മനസ്സി ലാക്കാനും പ്രതികരിക്കാനും കഴിയുന്നതിന് ഉത്തരവാദിത്വമുള്ള കോൺഗ്രസ് പാർട്ടിക്ക് അവിടെ ഇടപെടാൻ സാധിച്ചിട്ടില്ല. അതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ സുധാകരൻ പ്രചരണജാഥ നടത്തുന്നത്. അവസാനം ഗാന്ധി യാത്ര. നൂറുകണക്കിന് സംഭവങ്ങൾ, നാൽപ്പാടി വാസു ഉൾപ്പെടെയുള്ള സഖാക്കളെ വെടിവച്ചുകൊന്ന കാട്ടാളത്തരുപമുള്ള കോൺഗ്രസ്സിന്റെ ജില്ലാ പ്രസിഡന്റ് ഇപ്പോൾ അവിടെ സമാധാനത്തിന്റെ സന്ദേശവാഹകനായി പ്രകടനം നടത്തി ക്കൊണ്ടിരിക്കുന്നു. പാപം തീരണം. അതുകൊണ്ട് കണ്ണൂരിൽ സമാധാനമു ണ്ടാകണം. അതിനുവേണ്ടിയുള്ള ബോധപൂർവമായ പ്രവർത്തനങ്ങളിൽ ഞങ്ങളുടെ ഭാഗത്തുനിന്നും ഒരു തരത്തിലുമുള്ള കടന്നാക്രമണവും ഉണ്ടാവു കയില്ല. മുൻപ് ഉണ്ടായിട്ടുമില്ല. എന്നാൽ എല്ലാ തരത്തിലുമുള്ള കടന്നാക്രമ ണത്തെ ചെറുക്കാതെ തൊഴിലാളിപ്രസ്ഥാനത്തിന് മുന്നോട്ടുപോകുവാൻ സാധിക്കുകയില്ല. അങ്ങനെ വരുമ്പോൾ യു.ഡി.എഫ്.കാർക്ക് കുറച്ച് വിഷമമു ണ്ടാകും. കാരണം ആർ.എസ്.എസ്. കാരന്റെ കത്തിക്ക് എല്ലാകാലത്തും ഇര യായി കൊടുക്കുക എന്ന ആഗ്രഹം നിങ്ങൾക്കുണ്ട്. അതുകൊണ്ടാണ് ശ്രീ. എം.വി. ജയരാജനെ കൊല്ലാൻ ശ്രമിച്ചപ്പോൾ നിങ്ങൾ മിണ്ടാത്തത്. അന്ന് നിങ്ങൾക്ക് സങ്കടം ഉണ്ടായില്ല. എന്നാൽ അതിനെതിരായി പ്രതികരണം വരുമ്പോൾ നിങ്ങൾക്ക് സഹിക്കുന്നില്ല. യു.ഡി.എഫ്.ഉം ബി.ജെ.പി.യും കേരള ത്തിൽ ഒത്തൊരുമിച്ച് മുന്നോട്ടുപോകുവാൻ ശ്രമിക്കുകയാണ്. കോൺഗ്രസ്സും ബി.ജെ.പിയും ചേർന്ന് മുന്നോട്ടുപോകാനുള്ള ശ്രമമാണ്. ഇത് മുസ്ലീം ലീഗ് ഉൾപ്പെടെയുള്ളവർ ഗൗരവമായി ആലോചിക്കണം. ഞാൻ ഈ ഉപധനാ ഭ്യർത്ഥനയെ പൂർണ്ണമായും അനുകൂലിക്കുകയാണ്.

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അത്യാവശ്യങ്ങൾക്കുവേണ്ടി ചെലവിടാതെ മാനവീയം തുടങ്ങിയ അനാവശ്യങ്ങൾക്കുവേണ്ടി ചെലവാക്കിയ തുകകൂടി ഉൾപ്പെടുത്തി യതുകൊണ്ടാണ് ഞാനിതിനെ എതിർക്കുന്നത്. ഇന്ന് കേരളത്തിൽ 82 ശതമാ നത്തിലധികം വരുന്ന പിന്നോക്ക സമുദായങ്ങൾ ഉത്കണ്ഠാകുലരാണ്. മേൽത്തട്ട് പ്രശ്നത്തിൽ ഉണ്ടായ സുപ്രീംകോടതിവിധി സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരെ ആകെ മാനസികമായി തകർത്തിരിക്കുകയാണ്. മുൻ ഗവൺമെന്റ്, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ പിന്നോക്ക സമുദായ സംരക്ഷണ നിയമം ഇവിടെ നടപ്പിലാക്കി. ആ നിയമം നിലനിറുത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകാത്തതിന്റെ പരിണിതഫ ലമാണ് ഇന്ന് കേരളത്തിലെ പിന്നോക്ക സമുദായങ്ങൾ അനുഭവിക്കുന്ന പ്രയാ സങ്ങൾ. ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 16 പ്രകാരം സംവരണാനു കൂല്യവും 1958-ലെ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് അനുസരിച്ച് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളും സുപ്രീംകോടതിവിധിമൂലം നഷ്ടപ്പെ ട്ടിരിക്കുകയാണ്. സുപ്രീംകോടതിവിധി അത്യന്തം ഗൗരവമേറിയതും ഗുരുതര വുമാണ്. കാലാകാലങ്ങളിലുണ്ടായ വീഴ്ചകളുടെയും പാകപ്പിഴകളുടെയും ഫലമായിട്ടാണ് അതുണ്ടായത്. മണ്ഡൽ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാ നത്തിൽ 27 ശതമാനം റിസർവേഷന് എതിരായി ഇന്ദിരാ സഹ്നി നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയെ ആരും അന്ന് ഗൗരവമായി എടുത്തില്ല. അന്ന് ഇതിന്റെ ഭവിഷ്യത്ത് ആരും കണ്ടില്ല. ആ കേസ്സിലാണ് ക്രീമിലെയർ ഉദയം ചെയ്തത്. ആ സന്ദർഭത്തിൽ പിന്നോക്ക സമുദായ സംവരണ നിയമം ഈ സഭ പാസ്സാക്കിയതാണ്. ഈ നിയമത്തെ സംരക്ഷിക്കാൻ നിയമപരമായ എല്ലാ നടപടികളും എടുക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനുണ്ട്. അതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതിന്റെ അനുഭവം ഇന്ന് കേരളത്തിലെ 82 ശതമാനത്തിലധികം വരുന്ന പിന്നോക്ക ന്യൂനപക്ഷ സമുദായങ്ങൾ അനുഭവിച്ചുവരികയാണ്. ഇന്നലെ അർദ്ധരാത്രിയിൽ പൂർണ്ണ പൗർണ്ണമിരാവിൽ ക്യാബിനറ്റ് ചേർന്നുകൊണ്ട് ഗവൺമെന്റ് പുതിയ കമ്മിഷനെ നിയമിക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുകയാണ്. അതുപോലെതന്നെ സുപ്രീംകോടതിയിൽ ഇതു സംബന്ധിച്ച് റിവ്യൂ നൽകുന്നതിന് അറ്റോർണി ജനറലുമായിട്ട് ആലോചിച്ച് തീരുമാനിച്ചിരിക്കുന്നു. ആ തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇന്നലെ രാത്രി അധികവെളിച്ചമുള്ള സമയത്ത് എടുത്ത തീരുമാനം കേരളത്തിലെ പിന്നോക്ക ന്യൂനപക്ഷങ്ങളുടെ സംവരണം നിലനിറുത്തുന്നതിന് സഹായകമായി വെളിച്ചം വീശുന്ന തീരുമാനമായി മാറട്ടെ എന്നു ഞാൻ ആശിക്കുകയാണ്. മുസ്ലീംസമുദായത്തിന്റെ വിദ്യാഭ്യാസപരമായ അറിവില്ലായ്മയാണ് അവരെ പിന്നോക്കാവസ്ഥയിലേയ്ക്ക് നയിച്ചത്. ലോവർ ഗ്രേഡ് പോസ്റ്റുകളിൽ 12 ശതമാനം സംവരണം ലഭിക്കേണ്ട മുസ്ലീങ്ങൾക്ക് 10 ശതമാനത്തിൽ താഴെമാത്രമാണ് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഏതു ക്രൈറ്റീരിയ അനുസരിച്ചാണ് അംഗീകരിക്കാൻ കഴിയുക. ഇപ്പോൾ 10 ശതമാനം സംവരണാനുകൂല്യം ലഭിക്കുന്നുണ്ടെന്നു പറയുന്ന ഗവൺമെന്റ് ഇതു സംബന്ധിച്ച് പരിശോധന നടത്തുന്നതിന് തയ്യാറാകണം. നമ്മുടെ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻമാരുടെ സംവരണത്തെക്കുറിച്ചു മാത്രം പരിശോധിക്കാം. എത്ര സെക്രട്ടറിമാരാണ് മുസ്ലീങ്ങളുള്ളത്. എത്ര ജോയിന്റ് സെക്രട്ടറിമാരുണ്ട്. എത്ര ഡെപ്യൂട്ടി സെക്രട്ടറിമാരുണ്ട്. കേരളത്തിൽ എത്ര കളക്ടർമാരുണ്ട്. എത്ര ഡെപ്യൂട്ടി കളക്ടർമാരുണ്ട്. ഐ.എ.എസ്. ഐ.പി.എസ് കാറ്റഗറിയിൽ എത്ര മുസ്ലീങ്ങളുണ്ട്. എണ്ണം ഞാൻ പറയുന്നില്ല. സർക്കാർതന്നെ പരിശോധിക്കണം. കൃത്യമായ എണ്ണം വെളിപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം. ഡയറക്ട് നിയമനങ്ങളിൽ എത്ര മുസ്ലീങ്ങൾ ഉദ്യോഗത്തിലുണ്ട്. അതുപോലെ പ്രൊമോഷൻ തസ്തികയിൽ എത്രയുണ്ട്. വളരെ വ്യക്തമായി ഗവൺമെന്റ് നോക്കണം. അടുത്ത തലമുറയാകുമ്പോൾ ഈ തരത്തിലുള്ള നിയമന സംവിധാനങ്ങളാണ് നടക്കുന്നതെങ്കിൽ ഉദ്യോഗത്തിൽ മുസ്ലീങ്ങളുടെ എണ്ണം സീറോയായിത്തീരുമെന്ന് ഭയക്കുകയാണ്. കേരള പിന്നോക്ക സമുദായ സംരക്ഷണ നിയമം സുപ്രീം കോടതി റദ്ദാക്കിയതു സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ പലതാണ്. സുപ്രീം കോടതി വിധി പിന്നോക്ക സമുദായങ്ങളെ സംബന്ധിച്ചിടത്തോളം മാരകമായ പ്രഹരമാണെന്നതിന് സംശയമില്ല. സംവരണത്തിൽ ക്രീമിലെയർ മാനദണ്ഡം ഏർപ്പെടുത്തുകവഴി പിന്നോക്ക സമുദായങ്ങളെ ഉദ്യോഗരംഗത്തുനിന്നും മാറ്റിനിർത്തുകയാവും ഫലം.

ഒരു സംവരണ സമുദായത്തിന് അനുവദിക്കപ്പെട്ട ക്വാട്ട മുഴുവൻ ആ സമുദായത്തിന് തികയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ ബാക്കിയുള്ള സീറ്റുകൾ മുഴുവനും ഓപ്പൺ ക്വാട്ടയിൽ നൽകാമെന്നുള്ളതാണ് സുപ്രീംകോടതി വിധി. ആ വിധി അംഗീകരിക്കാൻ കഴിയില്ല. ഗവൺമെന്റ് ഈ കാര്യത്തിൽ നിഷ്പക്ഷമായൊരു തീരുമാനം എടുക്കണം. ഒരു സമുദായത്തിന് സംവരണം ചെയ്തിട്ടുള്ള ക്വാട്ട മുഴുവനും അതേ സമുദായത്തിന് നൽകുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം. ഒരു കൈകൊണ്ട് നൽകുന്നത് മറ്റേ കൈകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചെടുക്കുന്ന ഏർപ്പാടായി സംവരണത്തിലെ സാമ്പത്തിക മാനദ ണ്ഡത്തെ ഞങ്ങളുടെ അഭിവന്ദ്യനായ നേതാവ് കേരളത്തിന്റെ മുഖ്യമന്ത്രിയാ യിരുന്ന പരേതനായ സി.എച്ച്.മുഹമ്മദ്കോയ സാഹിബ് വർഷങ്ങൾക്കു മുൻപ് വിശേഷിപ്പിച്ചത് ഇപ്പോഴും യാഥാർത്ഥ്യമായി തുടരുകയാണ്. കേന്ദ്ര-സംസ്ഥാന ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുകയും നാണയപ്പെരുപ്പം ഒരു ആഗോള പ്രതിഭാസമായി മാറുകയും ചെയ്ത കാലത്ത് സർക്കാരാഫീസിൽ ഗുമസ്തപ്പണിയുള്ള ഭർത്താവിനും ഭാര്യയ്ക്കുംകൂടി കിട്ടുന്ന ശമ്പളം കണക്കി ലെടുത്താൽ അവരുടെ കുട്ടികൾക്ക് സംവരണാനുകൂല്യം ലഭിക്കാതെ പോകും. ജോസഫ് കമ്മിഷന്റെ അംഗങ്ങളാണ് ഈ അനീതിയ്ക്ക് കൂട്ടുനിന്നത്. ഇന്നലെ തീരുമാനിച്ച കമ്മിഷനെ നിയമിക്കുമ്പോൾ യാഥാർത്ഥ്യ ബോധത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു കമ്മിഷനെയും ആ കമ്മിഷനിലെ അംഗങ്ങളേയും ബഹുമാനപ്പെട്ട ഗവൺമെന്റ് തീരുമാനിക്കണമെന്ന് ബഹുമാ നപ്പെട്ട മുഖ്യമന്ത്രിയോടും ഇതിനായി നിയോഗിച്ചിട്ടുള്ള മന്ത്രിസഭാ സബ് കമ്മിറ്റിയോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ അനീതിക്കെതിരായ സമര ത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ്. സുപ്രീം കോടതി വിധി മറികടക്കാൻ ഭരണഘടനാ ഭേദഗതിയടക്കമുള്ള കാര്യങ്ങൾ നമുക്കാവശ്യമാണെങ്കിൽ അതു നടത്തുന്നതിന് കൂട്ടായുള്ള സമ്മർദ്ദം ചെലു ത്തേണ്ടിയിരിക്കുന്നു. കേരളത്തിൽ നിലവിലുള്ള സംവരണവ്യവസ്ഥകൾ ഭര ണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് നിയമസഭാ പ്രമേയം അംഗീകരിക്കണമെന്നും പിന്നോക്ക സമുദായങ്ങളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് നിയമസഭയിലെ ഇരുഭാഗ ത്തുമുള്ള എല്ലാ അംഗങ്ങളും സഹകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുക യാണ്. സുപ്രീംകോടതി വിധിക്കെതിരെ സർക്കാർ റിവ്യൂ പെറ്റീഷൻ നൽകാൻ തയ്യാറായിരിക്കുന്നു എന്നുള്ളതാണ് ഇന്നലെ വൈകുന്നേരത്തെ തീരുമാനം കൊണ്ട് മനസ്സിലാകുന്നത്. അറ്റോർണി ജനറലുമായും ഉന്നതൻമാരായ അഡ്വ ക്കേറ്റുമാരോടും ആലോചിച്ച് ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരി ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സാമ്പത്തികമായ പിന്നോക്കാ വസ്ഥ മാനസികമായി ആരെയും ബാധിക്കില്ല, സാമൂഹ്യമായ പിന്നോക്കാവ സ്ഥയാണ് മാനസികമായി ബാധിക്കുക. ഇത് തലമുറകളെ ബാധിക്കുന്ന പ്രശ്നമാണ്. 50 ശതമാനത്തിൽക്കൂടുതൽ സംവരണം പാടില്ലെന്ന പഴയ സുപ്രീംകോടതി വിധി മറികടക്കാൻ തമിഴ്നാട്ടിലെ ജയലളിതാ ഗവൺമെന്റ് തമിഴ്നാട്ടിലെ സംവരണനിയമം ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ മാതൃക ഉണ്ട്. ആ മാതൃക നമ്മുടെ സംസ്ഥാനത്തുണ്ടാക്കാൻ ഗവൺമെന്റിനോട് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്. തങ്ങളുടെ നിരന്തരമായ പോരാട്ടത്തിലൂടെ നേടിയെടുത്ത അവകാശങ്ങൾ നഷ്ടപ്പെടാതി രിക്കാൻ പിന്നോക്കസമുദായങ്ങൾ നിതാന്ത ജാഗ്രത പുലർത്തണമെന്ന് ഞാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ഈ സഭയിലെ എല്ലാ ഭാഗത്തുനിന്നുമുള്ള സഹായവും സഹകരണവും 82 ശതമാനത്തിലധികം വരുന്ന പിന്നോക്ക സമു ദായത്തിന്റെ അവകാശസംരക്ഷണത്തിനുണ്ടാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. രാജു</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങു കയാണ്. നമ്മുടെ രാജ്യം ഇന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും കേരളത്തിൽ കഴിഞ്ഞ മുന്നര വർഷക്കാലത്തിനിട യിൽ ഒരുദിവസംപോലും ട്രഷറി അടച്ചിടാതെ സംസ്ഥാനത്തിന്റെ ഖജനാവു കാത്തുസൂക്ഷിക്കാൻ സംസ്ഥാനഗവൺമെന്റിനും ധനകാര്യ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ക്കും കഴിഞ്ഞു എന്നത് ഇന്നത്തെ സന്ദർഭത്തിൽ കേരളീയരായ ഏവർക്കും അഭിമാനിക്കാൻ കഴിയുന്ന വസ്തുതയാണ്. ഇന്ത്യാരാജ്യത്തെ പൊതുസ്ഥിതി പരിശോധിച്ചാൽ സാമ്പത്തികഞെരുക്കത്തിനിടയിൽ കേരളവും പെട്ടുപോകാനാണ് സാധ്യത. കേരളത്തിൽ ഇത്രയേറെ വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ ഗണ്യമായ പങ്ക് ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയപ്പോൾപോലും കേരളത്തിന് സാമ്പത്തികരംഗത്ത് തികഞ്ഞ അച്ചടക്കബോധത്തോടെ പ്രവർത്തിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഗവൺമെന്റിന് ഇത്തരത്തിൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തികഞ്ഞ അച്ചടക്കവും സാമ്പത്തികരംഗത്ത് തികഞ്ഞ മികവും നടപ്പാക്കി എന്നു പറയുന്നവർ ഭരിക്കുമ്പോൾ കേരളത്തിലെ ട്രഷറികൾ അടച്ചിടേണ്ട സാഹചര്യവും സാമ്പത്തികമായ ഞെരുക്കവും ഈ സംസ്ഥാനത്തുണ്ടായി എന്ന വസ്തുത അവർ വിസ്മരിക്കുകയാണ്. ശ്രീമതി ശോഭനാ ജോർജിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നിയത് പഴയ മോറീസ് മൈനർ കാറിനെയാണ്. അതാണ് എനിക്കു ഓർമ്മ വന്നത്...

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, മോറീസ് മൈനർ കാർ പഴയതാണെന്നും അതിന്റെ സ്പെയർപാർട്സ് ഇക്കാലത്തൊന്നും കിട്ടാനില്ലെന്നും ആർക്കും അതു വേണ്ടെന്നുമുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയുമോ?

<u>ശ്രീ. പി. രാജു</u> : സർ, മോറീസ് മൈനർ കാറിന്റെ സ്പെയർപാർട്സ് കിട്ടാനുണ്ടോ എന്നൊന്നും ഞാൻ അന്വേഷിക്കുന്നില്ല. എനിക്ക് ഓർമ്മ വന്നത് പഴയ മോറീസ് മൈനർ കാറിന്റെ കാര്യമാണ്. .....(ബഹളം)..... നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ.....(ബഹളം).... ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എന്തിനാണ് ബഹളം വയ്ക്കുന്നത്? നിങ്ങൾക്ക് താൽപ്പര്യം ബി.ജെ.പി.യെയും ആർ.എസ്.എസ്സിനെയും താലോലിക്കുന്ന നയം സ്വീകരിക്കുന്നതിനാണ്. അതുണ്ടാക്കിക്കൊടുക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് നികുതി പിരിവ് ഗണ്യമായി.....(ബഹളം)....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ സ്പീക്കറുടെ റൂളിംഗ് നിലവിലുണ്ട്. ബഹുമാനപ്പെട്ട ചെയർ ഇവിടെ റൂൾ ചെയ്തത്, ദുഃസൂചനയുള്ള സംസാരം നമ്മുടെ സഭയ്ക്കകത്തു പാടില്ല എന്നതാണ്. അങ്ങനെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് നിലവിലുണ്ട്. ആ റൂളിംഗ് നിലനിൽക്കുമ്പോൾ അതിനു കടകവിരുദ്ധമായി ഒരു മെമ്പർ ദുഃസൂചനയോടെ സംസാരിക്കുന്നത് ശരിയാണോ? റൂൾ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. രാജു</u> : സർ, എനിക്ക് ഒരു ദുഃസൂചനയും തോന്നിയില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അതൊരു ദുഃസൂചനയായി ചിത്രീകരിക്കണമെങ്കിൽ എനിക്കൊരു മടിയുമില്ല. എന്റെ സഹോദരിക്കും (ശ്രീമതി ശോഭനാ ജോർജ്) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ബുദ്ധിമുട്ടുണ്ടെങ്കിൽ ഞാൻ പിൻവലിക്കാം. ശ്രീ. തിരുവഞ്ചൂർ പറഞ്ഞപ്പോഴാണ് ബോധ്യപ്പെട്ടത്. അദ്ദേഹത്തിന്റെ മനസ്സിൽ അതാണ് ആഗ്രഹം. ശ്രീമതി ശോഭനാ ജോർജിനെ ദുഃസൂചനയോടുകൂടി കാണണമെന്നുള്ള ആഗ്രഹമുള്ളതുകൊണ്ടാണ് അതു ചൂണ്ടിക്കാണിച്ചത്. (ബഹളം)

നമ്മുടെ സംസ്ഥാനത്ത് 1999-2000 വർഷത്തിൽ സെയിൽസ് ടാക്സ് ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ടത് ഏകദേശം 4500 കോടി രൂപയാണ്. സെയിൽസ് ടാക്സ് പിരിവിനത്തിൽ ഇന്നും ഗുരുതരമായ വീഴ്ചയെ അഭിമു

LIBRARY ARCHIVES Kerala Legislative Assembly

ഖീകരിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് സെയിൽസ് ടാക്സ് പിരിക്കുന്നതിൽ ഉദ്യോഗസ്ഥൻമാർ യഥാർത്ഥത്തിൽ അർഹതപ്പെട്ട ആളുകളിൽ നിന്ന് പിരിക്കാതെ തെറ്റായ രീതിയിൽ അസ്സസ് ചെയ്തുകൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ കോടതിയിൽ പോയി സ്റ്റേ വാങ്ങുന്നത് കേരളത്തിൽ വർദ്ധിച്ചുവന്നിരിക്കുകയാണ്. അതുകൊണ്ട് സെയിൽസ് ടാക്സ് അസ്സസ്മെന്റ് നടത്തുന്ന ഉദ്യോഗസ്ഥൻമാർ ഈ കാര്യത്തിൽ ഗുരുതരമായ വീഴ്ച നടത്തിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ സെയിൽസ് ടാക്സ് അടയ്ക്കേണ്ട ആളുകളെ ഒഴിവാക്കിക്കൊണ്ട് സെയിൽസ് ടാക്സ് അസ്സസ് ചെയ്യപ്പെടാൻ പാടില്ലാത്തവരുടെ പേരിൽ തെറ്റായ രീതിയിൽ അസ്സസ് ചെയ്തുകൊണ്ട് അവർക്കു വരുന്ന നോട്ടീസിന്റെ അടിസ്ഥാനത്തിൽ അവർ കോടതിയിലും അപ്പലേറ്റ് കോടതിയിലും പോയി ഇതിന് സ്റ്റേ വാങ്ങി ഇതിൽനിന്നും ഒഴിവാകുന്ന പ്രവണത കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഗൗരവമായി പരിശോധിച്ചുകൊണ്ട്, ഇങ്ങനെ തെറ്റായി അസ്സസ് ചെയ്തതിന്റെ ഫലമായി അപ്പലേറ്റ് കോടതികളിലും മറ്റു കോടതികളിലും എത്ര കോടി രൂപയുടെ കേസ്സുകളാണ് റദ്ദാക്കപ്പെട്ടിട്ടുള്ളത്. അത് ആരാണ് അസ്സസ് ചെയ്തതെന്നു പരിശോധിച്ച് അതു തടയുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾക്ക് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളെക്കുറിച്ചൊന്നും യാതൊരു സങ്കടവുമില്ല. ബി.ജെ.പി.യും കോൺഗ്രസ്സും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണ്. അതു കഴിഞ്ഞ പാർലമെന്റു തെരഞ്ഞെടുപ്പിൽ കണ്ടതാണ്. ഇപ്പോഴത്തെ പാർലമെന്റിൽ ബി.ജെ.പി.ക്ക് സാങ്കേതികമായ ഭൂരിപക്ഷമുണ്ടെങ്കിലും ഇൻഷ്വറൻസ് റെഗുലേറ്ററി ബില്ലും ബാങ്ക് സ്വകാര്യവൽക്കരണ ബില്ലും പാസ്സാക്കിയെടുക്കാൻ വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നുള്ള സന്ദർഭത്തിലാണ് കോൺഗ്രസ്സ് നേതാക്കൻമാരായ ശ്രീ. മൻമോഹൻസിംഗും ശ്രീ. മാധവറാവു സിന്ധ്യയും അതിനെല്ലാം മുകളിൽ കോൺഗ്രസ്സ് പ്രസിഡന്റുകൂടിയായ സോണിയാഗാന്ധിയും പറഞ്ഞത്. ഈ സാമ്പത്തിക നയം, ഇൻഷ്വറൻസ് റെഗുലേറ്ററി ബിൽ പാസ്സാക്കുന്നതിലും ബാങ്ക് സ്വകാര്യവൽക്കരണ ബിൽ അവതരിപ്പിക്കുന്നതിലും ഞങ്ങളുടെ പിന്തുണ ബി.ജെ.പിക്കും ആർ.എസ്.എസ്സിനും ഉണ്ടാകുമെന്നു പറഞ്ഞതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കാനും പാസ്സാക്കി എടുക്കുന്നതിനുമുള്ള ശ്രമത്തിന് ബി.ജെ.പി.ഗവൺമെന്റ് തയ്യാറായിട്ടുള്ളത്. ഇവിടെ ഇവർക്ക് അതൊന്നും പ്രശ്നമല്ല.

കേന്ദ്ര ഗവൺമെന്റ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്തലാക്കാൻ പോകുന്നു. അതിനെക്കുറിച്ച് പ്രതിപക്ഷനേതാവിന് പറയാൻ കഴിയില്ല. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്തലാക്കണമെന്ന ചിന്ത ഇന്ത്യാ രാജ്യത്ത് ഭരണകൂടത്തിനുമുമ്പിൽ കൊണ്ടുവന്ന ആദ്യത്തെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഇപ്പോഴത്തെ പ്രതിപക്ഷ നേതാവാണെന്നുള്ളതുകൊണ്ട് ലജ്ജിച്ചു തലതാഴ്ത്തേണ്ട ഗതികേടാണ് നമുക്ക് വന്നിട്ടുള്ളത്. അതുകൊണ്ട് ആ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്തലാക്കാൻ കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിക്കുമ്പോൾ അതിനെതിരെ സമരം ചെയ്യാൻ, അതിനെതിരെ വിമർശിക്കാൻ, അതിനെതിരെ ശക്തമായ നിലപാടു സ്വീകരിക്കാൻ കോൺഗ്രസ്സ് തയ്യാറായിട്ടുണ്ടോ? പ്രതിപക്ഷ നേതാവ് വർക്കിംഗ് കമ്മിറ്റി മെമ്പറാണ്. വർക്കിംഗ് കമ്മിറ്റിയിലെങ്കിലും കോൺഗ്രസ് നയമെന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ? പഴയ എ.കെ. ആന്റണിയുടെ നയംതന്നെയാണോ ഇപ്പോഴും അദ്ദേഹം തുടരുന്നത്? സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly

നിർത്തലാക്കണമെന്ന അദ്ദേഹത്തിന്റെ പഴയ നയം തന്നെയാണോ ഇപ്പോഴത്തെ കോൺഗ്രസ്സ് നയമെന്നറിയാൻ ഞങ്ങൾക്ക് അതിയായ ആഗ്രഹമുണ്ട്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്തലാക്കാൻ പോകുന്ന ബി.ജെ.പി നയത്തെ എതിർക്കാൻ എന്തുകൊണ്ട് കോൺഗ്രസ്സിന് കഴിയുന്നില്ല? അവിടെയല്ലാം കോൺഗ്രസ്സും ബി.ജെ.പിയും ഒരുമിച്ചു ചേർന്നുകൊണ്ട് നിങ്ങളുടെ നയം നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന ഒരു പുതിയ പ്രതിഭാസമായി നമ്മുടെ രാജ്യത്ത് മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഇപ്പുറത്തുള്ള ആളുകൾ ബി.ജെ.പിയേയും ആർ.എസ്.എസ്-നേയും എതിർക്കുമ്പോൾ രാമൻപിള്ളമാരും രാജഗോപാലൻമാരും ഈ നിയമസഭയിലില്ലാത്തതുകൊണ്ട് ഇവിടെ പലരും അവരുടെ ശബ്ദത്തിൽ പ്രത്യക്ഷപ്പെടുന്നത്. രാമൻപിള്ളമാർക്കും പത്മനാഭൻമാർക്കും രാജഗോപാലൻമാർക്കുംവേണ്ടി വാദിക്കാനായി ഇവിടെ പലരും പ്രത്യക്ഷപ്പെടുകയാണ്. അവരുടെ ശബ്ദമാണ് ഇവിടെ കേൾക്കുന്നത്. ഇവിടെ ബി.ജെ.പി.യെ വിമർശിക്കാൻ പാടില്ല. ആർ.എസ്.എസിനെ എതിർക്കാൻ പാടില്ല. അവർക്കെതിരെ എൽ.ഡി.എഫ്. ശബ്ദമുയർത്തിയാൽ അതിനെ നഖശിഖാന്തം എതിർക്കുന്നത് അപ്പുറത്തുള്ള കോൺഗ്രസ്സിലെ ഒരു വിഭാഗമാണ്. പുതിയ പത്മനാഭൻമാരും രാജഗോപാലൻമാരുമായി അവർ ഈ നിയമസഭയ്ക്കകത്ത് പ്രത്യക്ഷപ്പെടുകയാണ്. അത് ലജ്ജാകരമാണ്. നിങ്ങളുടെ നയത്തിൽ മാറ്റമുണ്ടാകണം. സമീപനത്തിൽ മാറ്റമുണ്ടാകണം. കേരളത്തിലെ ഈ ഗുരുതരമായ പ്രതിസന്ധിയുടെ നടുവിൽപ്പോലും എൽ.ഡി.എഫ് നടത്തുന്ന ജനക്ഷേമകരമായ നടപടികളെ നിങ്ങൾ വളച്ചൊടിച്ചുകൊണ്ട് ഒരു പുതിയ നിലപാടു സ്വീകരിക്കുന്നത് ബി.ജെ.പി.യേയും ആർ.എസ്.എസ്.നേയും സഹായിക്കാൻ മാത്രമേ ഇടവരുത്തൂ എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ ബാങ്ക് ദേശസാൽക്കരിക്കുന്നതിനെക്കുറിച്ചും ഇൻഷ്വറൻസ് റഗുലേറ്ററി ബില്ലിനെക്കുറിച്ചും എന്താണ് കോൺഗ്രസ്സിന്റെ അഭിപ്രായം? കോൺഗ്രസ്സിന്റെ വക്താവ് ഇവിടെ പ്രസംഗിച്ചപ്പോൾ അതിനെക്കുറിച്ച് മിണ്ടിയില്ലല്ലോ? ഇന്ത്യയുടെ ഗ്രാമീണ മേഖലയുടെ പരിവർത്തനത്തിനിടവരുത്താൻ ദേശസാൽകൃത ബാങ്കുകൾ സഹായിക്കും. അതിനെയാണ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചത്. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കുമ്പോഴാണ് സ്വകാര്യ ബാങ്ക് ദേശസാൽക്കരിച്ചത്. ഇന്ദിരാഗാന്ധിയെക്കുറിച്ച് പലവട്ടം ആണയിടുന്ന ഇന്ദിരാഗാന്ധിയുടെ മരുമകൾ കോൺഗ്രസ്സ് പ്രസിഡന്റായിരിക്കുമ്പോൾ അവർ തന്നെ പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാൻ കൂട്ടുനിൽക്കുന്നു എന്നുപറയുന്നത് കോൺഗ്രസ്സ് എവിടേയ്ക്ക് പോകുന്നു എന്നത് ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട് ഈ നയം തിരുത്താൻ കോൺഗ്രസ്സ് ആലോചിച്ച് തയ്യാറാകണം. മറ്റൊന്ന്, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കാൻ പോകുന്നു എന്നുള്ളത് ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ ഇവിടെ സൂചിപ്പിച്ചതാണ്. അതിനെക്കുറിച്ച് എന്താണ് കോൺഗ്രസ്സിന്റെ അഭിപ്രായം? ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി സ്വാതന്ത്ര്യത്തിനുശേഷം ഇന്നേവരെ സ്വീകരിക്കാൻ കഴിയാത്ത പുതിയൊരു മാർഗ്ഗം കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നു. ഒരു പുതിയ മന്ത്രിയെ ഓഹരി വിൽക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നു. അതിനെപ്പറ്റി ഒരക്ഷരം പറയാൻ കോൺഗ്രസ്സ് തയ്യാറാകുന്നില്ല. പ്രധാന പ്രതിപക്ഷമായ കോൺഗ്രസ്സ് അവിടെ നോക്കുകുത്തികളെപ്പോലെ നിൽക്കുന്നു എന്നതാണ് അവിടെ ആളുകൾ പറയുന്നത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതുകൊണ്ട് കോൺഗ്രസ്സിന്റെ ഈ നയത്തിൽ മാറ്റമുണ്ടാകണം. സമീപനത്തിൽ മാറ്റമുണ്ടാകണം. അതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സ് ആലോചിക്കുമെങ്കിൽ നന്നായിരിക്കുമെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

<u>ശ്രീ കെ. ബാബു</u> : സർ, ബഹുമാനപ്പെട്ട പി. രാജു ഇവിടെ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചാണ് വളരെയേറെ വിശദീകരിച്ചുകൊണ്ടിരിക്കുന്നത്. മിനിയാന്നാണ് അങ്ങയുടെ തൊട്ടടുത്തിരിക്കുന്ന എ.ഐ.ടി.യു.സി .യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. കെ.പി. രാജേന്ദ്രൻ കേരളത്തിലെ നൂറുകണക്കിന് വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി തൊഴിലാളികൾ തെരുവാധാരമായി എന്നുപറഞ്ഞത്. അത് ഈ ഗവൺമെന്റിന്റെ നേട്ടമായി അങ്ങ് അംഗീകരിക്കുന്നുണ്ടോ?

<u>ശ്രീ. പി. രാജു</u> : സർ, എ.ഐ.ടി.യു.സിയുടെ നിലപാട് ശ്രീ. കെ.പി. രാജേന്ദ്രൻ വിശദീകരിച്ചു. വ്യവസായ സ്ഥാപനങ്ങൾ ഈ അവസ്ഥയിലെത്തിയതെങ്ങനെയാണ്? അത് നിങ്ങളുടെ നയംകൊണ്ടാണ്. ഇന്ത്യാരാജ്യത്തേയ്ക്ക് ആഗോളവൽക്കരണത്തിന്റെ പേരിൽ പുത്തൻ സാമ്പത്തികനയം പച്ചപ്പരവതാനി വിരിച്ച് ശ്രീ. കെ. ബാബുവും ശ്രീ. ഡൊമിനിക് പ്രസന്റേഷനും ശ്രീ. പി.ജെ. ജോയിയും നിങ്ങളുടെ നേതാവ് ശ്രീ. എ.കെ. ആന്റണിയും ചേർന്ന് കൊണ്ടുവന്നപ്പോഴാണ് കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ തകർന്നത്. ആ തകർച്ചയ്ക്കുത്തരവാദി നിങ്ങളാണ്. അതുകൊണ്ടാണല്ലോ കോൺഗ്രസ്സിലെ ഒരു വിഭാഗം ആളുകളുടെ മനസ്സിൽ ഇപ്പോഴും കമ്മ്യൂണിസ്റ്റു വിരോധമുള്ളത് ..... (ബഹളം) ..... അതുണ്ടാകും, സി.പി.എം. ഉം സി.പി.ഐ.ഉം രണ്ടു പാർട്ടിയാണ്. ശ്രീ. കെ. ബാബുവിന് അത് ഇതുവരേയും മനസ്സിലായില്ലേ? നിങ്ങളെപ്പോലെയല്ല, നിങ്ങൾ ഒരു പാർട്ടിയാണല്ലോ ..... (ബഹളം) ..... കോൺഗ്രസ്സ് ഒരു പാർട്ടിയാണല്ലോ. ശ്രീ. കെ. കരുണാകരൻ തെക്കോട്ടുപോകുമ്പോൾ പ്രതിപക്ഷ നേതാവ് വടക്കോട്ടുപോകും. അതുകൊണ്ട് അതിനെപ്പറ്റി പറയണ്ട. സി.പി.എം.ഉം സി.പി.ഐ.ഉം രണ്ടുപാർട്ടിയാണ്. ആ രണ്ടുപാർട്ടിക്കും വ്യക്തമായ അഭിപ്രായമുണ്ട്, ആ വ്യക്തമായ അഭിപ്രായം പറയും. ഇവിടെ പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ യോജിച്ചുകൊണ്ട് കേരളത്തിലേയും ഇന്ത്യാ രാജ്യത്തിലേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലകൊള്ളുന്ന ഒരു മുന്നണിയാണ് എൽ.ഡി.എഫ്.

<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> : സർ, പ്രതിപക്ഷ നേതാവുമായിട്ടുള്ള അഭിപ്രായവ്യത്യാസം കൊണ്ടാണ് ശ്രീ. ഉമ്മൻചാണ്ടി നിയമസഭയിൽ വരാത്തതെന്ന് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. പി. രാജു</u> : സർ, എനിക്കതറിയില്ല. പക്ഷേ ഒരു കാര്യം സത്യമാണ്. ഇവിടെ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് ഈ നിയമസഭയിലെ പൊതുനിലപാട് എടുത്തുപരിശോധിച്ചാൽ അപ്പുറത്തിരിക്കുന്ന പല കോൺഗ്രസ്സ് സുഹൃത്തുക്കൾക്കും കമ്മ്യൂണിസ്റ്റുവിരോധം എങ്ങനെ അവരുടെ രക്തത്തിൽ പഴയതുപോലുണ്ടായിരുന്നോ അതിപ്പോൾ കൂടുതൽ വന്നിരിക്കുകയാണ്. സോവിയറ്റ് യൂണിയനിൽ കമ്മ്യൂണിസ്റ്റു പാർട്ടിക്ക് രണ്ടു ശതമാനം വോട്ടുകൂടിയെന്നുപറഞ്ഞാൽ സഹിക്കാൻ കഴിയാത്തത് ശ്രീ. ഡൊമിനിക് പ്രസന്റേഷനാണ്. കമ്മ്യൂണിസ്റ്റു വിരോധമാണ് ഇപ്പോൾ നിങ്ങളുടെ ചോരയിൽ നിൽക്കുന്നത്. പഴയ 57-59 കാലത്തെ കമ്മ്യൂണിസ്റ്റു വിരോധം ശ്രീ. പി.ജെ. ജോയി ഉൾപ്പെടെയുള്ള ഒരു വിഭാഗം ആളുകളുടെ മനസ്സിൽ ഇപ്പോഴും നിൽക്കുകയാണ്. അതുകൊണ്ട് കമ്മ്യൂണിസ്റ്റു വിരോധം നിങ്ങൾ ഉപേക്ഷിക്കണം. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി ഗവൺമെന്റിന്റെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് നിങ്ങളിവിടെ പറഞ്ഞല്ലോ. അടുത്ത തെരഞ്ഞെടുപ്പു വരുമ്പോൾ കേരളത്തിലെ മുഴുവൻ സീറ്റും നേടി വരാൻ പോകുന്നു എന്നാണല്ലോ നിങ്ങൾ പറഞ്ഞത്? പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീമതി സോണിയാ ഗാന്ധിയും ശ്രീ. എ.കെ. ആന്റണിയുമെല്ലാം ഇതു പറഞ്ഞതാണ്. എന്നിട്ട് 142 സീറ്റിൽനിന്നും 113 ആയി ചുരുങ്ങി. ..... (ബഹളം) ..... ഞങ്ങൾ പോയി, ഞങ്ങളെപ്പോലെയാണോ നിങ്ങൾ? നിങ്ങൾ തമ്പുരാക്കന്മാരാണ്. ഇന്ത്യാരാജ്യം 46 വർഷക്കാലം ഭരിച്ച പാർട്ടിയാണ് കോൺഗ്രസ്സ്. അതുപോലെയല്ല കമ്മ്യൂണിസ്റ്റു പാർട്ടി. ആർക്കും ചോദ്യം ചെയ്യാനാകാത്ത നേതൃത്വമായി പാർലമെന്റിലെ മൂന്നിൽരണ്ട് ഭൂരിപക്ഷത്തോടെ ഇന്ത്യ ഭരിച്ച പാർട്ടിയാണ് കോൺഗ്രസ്സ്. ആനപ്പുറത്തുമാത്രം സഞ്ചരിച്ച പാർട്ടിയാണ് കോൺഗ്രസ്സ്. ആ കോൺഗ്രസ്സാണ് 142-ൽ നിന്നും 113-ലേയ്ക്കുവന്നത്. ഇനിയുമത് താഴോട്ടുവരാൻ പോവുകയാണ്. ഒരു തർക്കവും വേണ്ട, 113 എന്നുള്ളത് അടുത്ത തെരഞ്ഞെടുപ്പ് എത്തുമ്പോൾ പടവലങ്ങ പടർന്നതുമാതിരി താഴോട്ടുപോകും. കോൺഗ്രസ്സിനു സീറ്റു കുറഞ്ഞതിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. നിങ്ങളെപ്പോലെ അല്ല ഞങ്ങൾ ചിന്തിക്കുന്നത്. ഇന്ത്യാരാജ്യത്തെ ഇന്നത്തെ അവസ്ഥയിൽ ബി.ജെ.പി.യുടെയും ആർ.എസ്.എസ്.ന്റെയും നയംമാറ്റി പുതിയ കുപ്പിയിൽ വീഞ്ഞുനിറച്ച് പ്രത്യക്ഷപ്പെട്ടു നടപ്പാക്കുന്ന ഈ വിഷലിപ്തമായ നടപടികളെ എതിർക്കാൻ കോൺഗ്രസ് നയംമാറ്റി മുന്നോട്ടുവരേണ്ടിയിരിക്കുന്നു. ഈ സാമ്പത്തിക പരിഷ്ക്കാര ബില്ലുകൾ പാർലമെന്റിൽ വരുമ്പോൾ, സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്തലാക്കാനുള്ള നടപടികൾ പാർലമെന്റിൽ സ്വീകരിക്കുമ്പോൾ അതിനെതിരെ നഖശിഖാന്തം എതിർക്കുന്ന പ്രതിപക്ഷ പാർട്ടിയായി കോൺഗ്രസ് പ്രത്യക്ഷപ്പെടുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. പക്ഷേ ഞങ്ങളുടെ പ്രതീക്ഷ അസ്ഥാനത്തായി. അതുകൊണ്ട് കോൺഗ്രസ്സിന്റെ നയത്തിൽ മാറ്റം വരണം, സമീപനത്തിൽ മാറ്റം വരണം. എന്താണ് കേരളത്തിലെയും ബംഗാളിലെയും ത്രിപുരയിലെയും ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ നയങ്ങൾ? അതിന്റെ പ്രസക്തിയെന്താണ്? അത് ഈ സന്ദർഭത്തിൽ പരിശോധിച്ചുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ നയംമാറ്റി ഇത്തരം ഗവൺമെന്റുകളെ പിന്തുണയ്ക്കാൻ കോൺഗ്രസ്സ് തയ്യാറാകണം. ബി.ജെ.പിയും അവരുടെ സഖ്യകക്ഷികളും കേന്ദ്രത്തിലിരിക്കുന്നത് വെറുതെയല്ല, ഓരോ ദിവസവും ഓരോ നടപടികൾ സ്വീകരിച്ചുകൊണ്ട് ഇന്ത്യാരാജ്യത്തെ ജനാധിപത്യ അവകാശങ്ങൾ തകർക്കാൻ ശ്രമിക്കുന്ന ഒരു പ്രസ്ഥാനമാണത്. ആ പ്രസ്ഥാനത്തെ നിലയ്ക്കുനിർത്താൻ കഴിയണമെങ്കിൽ വിശാലമായ ജനാധിപത്യ സഖ്യമുണ്ടാകണം. അതിന് തെറ്റുതിരുത്തി മുന്നോട്ടുവരേണ്ട പാർട്ടി ഒരു പ്രധാന പ്രതിപക്ഷ പാർട്ടിയെന്ന നിലയിൽ, ജനാധിപത്യകക്ഷി എന്ന നിലയിൽ കോൺഗ്രസ്സാണ്. ആ നയം നിങ്ങൾ സ്വീകരിക്കുമെന്ന പ്രതീക്ഷ ഞങ്ങൾക്കില്ല. അതുകൊണ്ടാണ് ഞാനിതുപറയുന്നത്. അതുകൊണ്ട് നിങ്ങളുടെ നയത്തിൽ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യംകൂടി ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഫിഷറീസ് വകുപ്പിനെക്കുറിച്ച് രണ്ടുവാക്കുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ഫിഷറീസ് വകുപ്പ് തികച്ചും സങ്കുചിത താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു വകുപ്പായി മാറിക്കൊണ്ടിരിക്കുകയാണ്. അതിൽ ദുഃഖമുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ അധികാരത്തിലേറ്റുന്നതിനു വേണ്ടി അഹോരാത്രം പണിയെടുത്ത നമ്മുടെ എ.ഐ.ടി.യു.സി യിലെ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾക്ക് അഫി

LIBRARY ARCHIVES Kerala Legislative Assembly

ലിയേഷൻ കൊടുക്കുന്നതിന് ഈ മന്ത്രിസഭയിലെ പ്രമുഖനായ മന്ത്രി സഖാവ് ടി.കെ. രാമകൃഷ്ണൻ ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ എനിക്ക് എന്റെ അച്ഛനെപോലെയാണ് അദ്ദേഹം, തടസ്സം നിൽക്കുന്നത് ശരിയല്ല. പക്ഷെ അദ്ദേഹത്തിന്റെ ആ വകുപ്പ് തികഞ്ഞ അനാസ്ഥയും അലസതയും അലംഭാവവും കാണിച്ചുകൊണ്ട് തികച്ചും നിഷേധാത്മകമായ നിലപാടാണ് സ്വീകരിക്കുന്നത്. അതിൽ യഥാർത്ഥത്തിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. ഇവിടെ ഞാൻ ചോദിച്ച ചോദ്യത്തിന് 28 അപേക്ഷകൾ ഫിഷറീസ് ഡയറക്ടറുടെ ഓഫീസിൽ കെട്ടികിടക്കുന്നു എന്നാണ് അദ്ദേഹം മറുപടി പറഞ്ഞിട്ടുള്ളത്. ഞാൻ കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ പോയിരുന്നു. കാസർഗോഡു പോയിരുന്നു, കണ്ണൂർ പോയിരുന്നു, അവിടെയെല്ലാം പറഞ്ഞത് മന്ത്രിയുടെ ഓഫീസിൽനിന്നും തുളസി വിളിച്ചിട്ട് കൊടുക്കണ്ടായെന്നു പറഞ്ഞു എന്നാണ്. ആരാണ് ഈ തുളസി? തുളസിയാണോ ഫിഷറീസ് വകുപ്പ് നിയന്ത്രിക്കുന്നത്? മത്സ്യഫെഡ് നിയന്ത്രിക്കുന്നത് തുളസിയാണോ? ഈ കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം.

കേരളത്തിൽ മത്സ്യതൊഴിലാളികൾക്ക് 84 കോടി രൂപ ചെലവഴിക്കപ്പെട്ടപ്പോൾ അത് കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അർഹതപ്പെട്ടതാണ്. ആ അർഹതപ്പെട്ട പണം മന്ത്രിയുടെ പ്രത്യേക താൽപ്പര്യപ്രകാരം ചെലവഴിക്കുന്നത് തികച്ചും പ്രതിഷേധകരമാണ് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ബഹുമാന്യനായ ശ്രീ. ടി.കെ. രാമകൃഷ്ണൻ ഈ മന്ത്രിസഭയിലെ ഏറ്റവും പ്രായംചെന്ന മന്ത്രി, ഏറ്റവും പഴക്കംചെന്ന മന്ത്രിയെന്നുള്ള നിലയിൽ അദ്ദേഹം ഇതുവരെ തുടർന്നുവന്ന ഈ തെറ്റായ നയം തിരുത്തിക്കൊണ്ട് ഇനിയെങ്കിലും മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾക്ക് അപേക്ഷ നൽകിയ എല്ലാ പേർക്കും അഫിലിയേഷൻ നൽകാനും രജിസ്ട്രേഷൻ നൽകാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ഗവൺമെന്റിനെ മുന്നോട്ട് നയിക്കാൻ ഫലവത്തായ നടപടി സ്വീകരിച്ച ധനകാര്യ വകുപ്പുമന്ത്രിയേയും അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

<u>ശ്രീ. മാമ്മൻ മത്തായി</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ സഭയ്ക്ക് ഒരു ഉറപ്പ് നൽകുകയുണ്ടായി. അദ്ദേഹം ഓർക്കുന്നുണ്ടോ എന്നെനിക്കറിയില്ല. അദ്ദേഹം അന്ന് നൽകിയ ഉറപ്പ് നാം ശേഖരിക്കുന്ന ഓരോ രൂപയ്ക്കുമുള്ളിടത്തോളം പ്രാധാന്യം അവ ചെലവാക്കുന്ന കാര്യത്തിലുമുണ്ടെന്നാണ്. പൊതു സമ്പത്തിന്റെ അനിയന്ത്രിതമായ ചെലവുകൾക്ക് കടിഞ്ഞാണിടുന്നതിനുള്ള സർക്കാർ ശ്രമങ്ങൾക്ക് യാതൊരു അയവും വരുത്തുകയില്ലയെന്നും ഈ മഹത്സഭയ്ക്ക് ഞാൻ ഉറപ്പ് നൽകുന്നുവെന്നാണ്. അന്ന് ധനമന്ത്രിസഭയ്ക്ക് നൽകിയ ഉറപ്പ് ഇപ്പോൾ കുറുപ്പിന്റെ ഉറപ്പുപോലെയായിരിക്കുകയാണ്. ധനമന്ത്രി സഭയ്ക്ക് നൽകിയ ഉറപ്പുകളൊന്നും പാലിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ മൂന്നരവർഷത്തെ ധനകാര്യ മാനേജ്മെന്റുകാരണം ഇന്ന് സംസ്ഥാനം കടക്കെണിയിലകപ്പെട്ടിരിക്കുകയാണ്. കടമെടുക്കുന്ന തുകയുടെ 97 ശതമാനവും മുൻകാലങ്ങളിലെ മുതലും പലിശയും അടച്ചുതീർക്കാൻ മാത്രമേ കഴിയുന്നുള്ളു. മൂന്നു ശതമാനം മാത്രമാണ് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനുള്ളത്. അതിൽതന്നെ കേന്ദ്ര ദേശീയ സമ്പാദ്യ വായ്പ പദ്ധതിയിനങ്ങളിൽ കടമെടുക്കുന്നതിനേക്കാൾ കൂടുതൽ തുക പഴയ കടം വീടുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കിക്കൊണ്ടിരിക്കുന്നു. ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് ധനകാര്യവകുപ്പുമന്ത്രി അന്ന് നിയമസഭയിൽ പറഞ്ഞത് ആളോഹരി കടം 4745 രൂപയാണെന്നാണ്. ഇന്ന് നമ്മുടെ പൊതുകടം പതിനയ്യായിരം കോടിയിലധികമായിട്ടില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു ചോദ്യത്തിനുത്തരമായി ഈ നിയമസഭയിൽ പറഞ്ഞു. രണ്ടായിരാമാണ്ട് മാർച്ച് 31 ആകുമ്പോഴേക്കും നമ്മുടെ പൊതു കടം 18,287.84 കോടി രൂപയായിരിക്കുമെന്ന്, അപ്പോൾ നമ്മുടെ ആളോഹരി കടം നാലായിരത്തി എഴുന്നൂറ്റി ചില്വാനം രൂപയിൽനിന്നും ആറായിരത്തിലധികമായി പോകുകയാണ്. അങ്ങ് മനസ്സിലാക്കേണ്ടത് നമ്മുടെ അയൽസംസ്ഥാനങ്ങളായ കർണ്ണാടകത്തിൽ ആളോഹരി കടം 2869 രൂപ മാത്രമാണ്. തമിഴ്നാട്ടിൽ 3243 രൂപ മാത്രമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ആളോഹരി കടം ഇരട്ടിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ റവന്യൂ കമ്മി അതായത് വരവും ചെലവും തമ്മിലുള്ള അന്തരം 400 കോടി രൂപയായിരുന്നു. ഇപ്പോൾ എന്താണ് സ്ഥിതി? ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു കഴിഞ്ഞ ബഡ്ജറ്റിൽ 1604 കോടി രൂപ റവന്യൂ കമ്മിയുണ്ടാകും എന്ന്. നടപ്പ് സാമ്പത്തികവർഷം അധികസമാഹരണത്തിനും ചെലവുകുറയ്ക്കലിനുംശേഷം റവന്യൂ കമ്മി 1851 കോടി രൂപയായി പരിമിതപ്പെടുത്തും. ഇപ്പോൾ മന്ത്രി പറയുന്നത് എന്താണ്, കഴിഞ്ഞദിവസം നിയമസഭയിൽ അദ്ദേഹം പറഞ്ഞ ഉത്തരത്തിൽ അത് 2230 കോടി രൂപയാകും എന്നാണ്. കഴിഞ്ഞകാല അനുഭവംവച്ച് നോക്കിയാൽ മന്ത്രി പറഞ്ഞ കണക്കിൽ നിൽക്കില്ല. അത് 2500 കോടി രൂപയിലും അധികമാകുമെന്നുള്ളതാണ് വസ്തുത. മാത്രമല്ല ബഡ്ജറ്റിൽ അദ്ദേഹം സൂചിപ്പിച്ചു 396 കോടി രൂപയുടെ അധിക വിഭവസമാഹരണം നടപ്പ് സാമ്പത്തികവർഷം നടത്തുമെന്ന്. നടത്താൻ കഴിയുകയില്ല. വിൽപ്പന നികുതിയിനത്തിൽ അല്ലാതെ മറ്റൊരു രംഗത്തും പ്രതീക്ഷിച്ച നിലയിൽ വിഭവസമാഹരണം നടത്താൻ കഴിയുന്നില്ല. പിന്നെ പ്രതീക്ഷിക്കുന്നത് ഡീസൽ വിലയിൽ വന്ന വർധനവു കൊണ്ടുണ്ടാകുന്ന ചെലവ് 7 കോടി രൂപയാണ്. അതിനെ സംബന്ധിച്ച് സാമ്പത്തിക വിദഗ്ദ്ധർ പറയുന്നത് ആ ഏഴ് കോടി രൂപ മുതലാക്കി എടുക്കാൻ ഗവൺമെന്റിന് കഴിയുകയില്ല കാരണം സർക്കാർ വാഹനങ്ങൾക്ക് ഡീസൽ ചെലവിന് വേണ്ടിവരുന്ന തുക ഏകദേശം ഇത്രത്തോളം വരുമെന്നാണ്. അപ്പോൾ വരുന്ന തുക മറ്റൊരു ചെലവിൽകൂടി നഷ്ടമാകുന്ന കാഴ്ചയാണ്. ഇവിടെ എന്താണ് പ്രശ്നം? വരവ് കൂടുന്നില്ല, അനിയന്ത്രിതവും പ്രയോജനരഹിതവുമായ ചെലവുകൾ ഒരു വശത്ത്, ഗവൺമെന്റിന് ആ ചെലവുകൾ നിയന്ത്രിക്കാൻ കഴിയുന്നില്ല. കഴിഞ്ഞ രണ്ട് മൂന്ന് വർഷത്തെ കണക്കുകളെടുത്ത് നോക്കിയാൽ ജനകീയാസൂത്രണത്തിൽ ഇതിനകം ഉദ്ദേശം 1700 കോടി രൂപ നാം ചെലവാക്കിയതായി കാണുന്നുണ്ട്. ഈ 1700 കോടി രൂപ മുടക്കിയിട്ട് പ്രത്യക്ഷത്തിൽ എന്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞുവെന്ന് ധനകാര്യമന്ത്രിക്ക് ഈ നിയമസഭയിൽ പറയുവാൻ കഴിയുമോ? ജനകീയാസൂത്രണം പഞ്ചായത്ത്തലത്തിൽ കൊണ്ടുവന്നുവെന്ന് പറയുവാൻ കഴിയുമായിരിക്കും. ഭൗതികമായി എന്തു നേട്ടമുണ്ടായി? ഒരു നേട്ടവും ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. വികസനത്തിന്റെ ഭൂരിഭാഗവും താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാരും, രാഷ്ട്രീയക്കാരും പങ്കിട്ടെടുക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ ഉൽപ്പാദനവും വികസനവും അടിസ്ഥാനസൗകര്യവും വർധിക്കുന്നില്ല. ജനകീയാസൂത്രണത്തിൽ നെൽക്കൃഷി രംഗത്തുമാത്രം 1796 പദ്ധതികൾ നടന്നുവെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്ളാനിംഗ് ബോർഡിലെ 98-ലെ സാമ്പത്തിക അവലോകനത്തിൽ പറയുന്നത്. അതായത് പദ്ധതിവിഹിതത്തിന്റെ 3.35 ശതമാനം നെൽക്കൃഷിരംഗത്ത് ചെല വഴിച്ചു. എന്തു നേട്ടമുണ്ടായി? നെല്ലുൽപ്പാദനം കൂടിയോ? കൂടിയില്ല. ഏതെ ങ്കിലും നേട്ടം കാർഷികമേഖലയിലുണ്ടാക്കാൻ കഴിഞ്ഞോ? ഒരു നേട്ടവും ഉണ്ടാക്കാൻ കഴിഞ്ഞില്ല. ആകെയുണ്ടായ നേട്ടം മണ്ടരി രോഗബാധമൂലം കേര കർഷകർകൂടി വഴിയാധാരമായതാണ്. കേരകർഷകർ ഈ രോഗംമൂലം വഴി യാധാരമായെങ്കിൽ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തേയും മണ്ഡരി രോഗം പോലെതന്നെ കാണുന്നു. അതുപോലെതന്നെ ഊർജ്ജത്തിന്റെ കാര്യം. ജനകീയാസൂത്രണപദ്ധതിയിൽ 319 പദ്ധതികളുണ്ടെന്നാണ് രേഖപ്പെടു ത്തിയിട്ടുള്ളത്. പ്ളാനിംഗ് ബോർഡിന്റെ സാമ്പത്തിക അവലോകനത്തിൽ ഊർജ്ജം ലാഭിക്കാൻ വേണ്ടി 319 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നാണ് പറയുന്നത്. ഏതെല്ലാം പദ്ധതിയിൽകൂടി ഊർജ്ജം ലാഭിക്കുവാൻ സാധിച്ചു വെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാമോ? ബഹുമാനപ്പെട്ട മന്ത്രി അതിന് ശ്രമിച്ചാൽ മന്ത്രിയുടെ ഊർജ്ജം പോകുമെന്ന കാര്യത്തിൽ യാതൊരു തർക്ക വുമില്ല. അതുപോലെ പച്ചക്കറിരംഗത്ത് 1524 പദ്ധതികൾ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയെന്നാണ് പറയുന്നത്. ഇന്ന് നമ്മുടെ സ്ഥിതിയെന്താണ്? നമുക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞോ? ലോറി സമരം ഇന്നുണ്ടായാൽ നാളെ ഇരട്ടി വിലകൊടുത്ത് വാങ്ങേണ്ട സ്ഥിതിയാണുള്ളത്. അതുപോലെതന്നെ മൊത്തം ജനകീയാസൂത്രണത്തിൽ 1700 കോടി രൂപ ചെലവാക്കുമ്പോൾ 95,584 പദ്ധതികൾ നടപ്പിലാക്കിയെ ന്നാണ് പറയുന്നത്. മൊത്തമായ പദ്ധതികൾ നടപ്പിലാക്കിയെന്ന് പറയുന്നത ല്ലാതെ ഈ പദ്ധതികൊണ്ട് പ്രത്യക്ഷത്തിൽ നമ്മുടെ സംസ്ഥാനത്തിന് എന്തു നേട്ടമുണ്ടായി, അതുകൊണ്ട് എന്ത് സാമ്പത്തിക വളർച്ചയുണ്ടായിയെന്ന് മന്ത്രിക്ക് പറയുവാൻ കഴിയുമോ? നമ്മൾ സമീപ പ്രദേശങ്ങളിലൊക്കെ അടുത്ത സഹസ്രാബ്ദത്തെ മുന്നിൽ കണ്ടുകൊണ്ട് നല്ല ഭാവനയോടുകൂടി നല്ല പദ്ധതികൾ ആരംഭിക്കുമ്പോൾ നമ്മൾ ഇപ്പോഴും എവിടെയാണ് നിൽക്കു ന്നത് നാം ഇപ്പോഴും ആട്, കോഴി, പശു അതിൽതന്നെ ഒതുങ്ങി നിൽക്കുക യാണ്. അതുകൊണ്ട് ഈ രാജ്യത്ത് സാമ്പത്തിക വളർച്ചയുണ്ടാക്കുവാൻ കഴി യില്ല. അങ്ങനെ കേരളത്തിൽ കഴിഞ്ഞ മൂന്നരവർഷംകൊണ്ട് സമ്പദ്‌വ്യവസ്ഥ തകർന്നു തരിപ്പണമായിരിക്കുന്ന അവസ്ഥയാണുള്ളത്. അതുപോലെതന്നെ ഇവിടെ ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി യുടെ സദാചാരത്തെപ്പറ്റി പ്രസംഗിക്കുകയുണ്ടായി. കഴിഞ്ഞ തെരഞ്ഞെടു പ്പിൽ ഈ രാജ്യത്ത് ഏറ്റവും കൂടുതൽ വർഗ്ഗീയത വളർത്തിയ രാഷ്ട്രീയ പ്രസ്ഥാനം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. സ്ഥാനാർത്ഥി നിർണ്ണയം മുതൽ ഓരോന്നുമെടുത്ത് പരിശോധിച്ച് നോക്കിയാൽ കാണാം. മാവേലിക്കര സ്ഥാനാർത്ഥി നിർണ്ണയമുൾപ്പെടെ നോക്കിയാൽ കാണാം. മാവേലിക്കരയിൽ എത്രയോ നല്ല ആൾക്കാരുണ്ടായിരുന്നു. പ്രസിദ്ധനായ വേദശാസ്ത്ര പണ്ഡി തനായ നൈനാൻ കോശിയെ അവിടെ നിർത്തി ക്രിസ്ത്യാനികളുടെ വോട്ട് പിടിക്കാമോയെന്ന് നോക്കി. അതുപോലെതന്നെ എറണാകുളത്തും, ഞാൻ പറഞ്ഞുവരുന്നത് രാഷ്ട്രീയ സദാചാരം പറയരുത്. ന്യൂനപക്ഷത്തിന്റെ വോട്ട് പിടിക്കാൻ മാവേലിക്കരയിൽ ഒരു ക്രിസ്ത്യാനിയെ നിർത്തി. എന്നിട്ട് വീടുക ളിൽ കയറിയിറങ്ങി ഒരു ക്രിസ്ത്യാനിയെയാണ് ഞങ്ങൾ നിർത്തിയിരിക്കു ന്നത് നിങ്ങൾ വോട്ട് കൊടുക്കണമെന്ന് പറഞ്ഞു. അതുപോലെ കോട്ടയത്ത് സുരേഷ് കുറുപ്പിനെ നിർത്തി. ഈ രാജ്യത്ത് വർഗ്ഗീയത ഇളക്കിവിടുന്ന പ്രച രണം സൃഷ്ടിച്ച ഒരു പ്രസ്ഥാനം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേതാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. ഇവിടെ കണ്ണൂർ സംഭവത്തെക്കുറിച്ച് പറയുകയുണ്ടായി. അവിടെപോയി സമാധാന ഉടമ്പടി ഒപ്പിട്ട് മഷിയുണങ്ങുംമുമ്പേ ആരാണ് ആക്രമം അഴിച്ചുവിട്ടത്?

<u>ശ്രീ. ടി.കെ ബാലൻ</u> : ശ്രീ.വി.ആർ. കൃഷ്ണയ്യരുടെ മുമ്പാകെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റിനുവേണ്ടി ഞാൻ ഒപ്പിട്ടത് ശരിയാണ്. പക്ഷെ കേരളത്തിലെ മറ്റൊരു പ്രമുഖ പാർട്ടിയായിട്ടുള്ള യു.ഡി.എഫ് മുന്നണിയിലുള്ള കോൺഗ്രസ്സിന്റെ ഒറ്റയാൾപോലും ആ സമാധാന അഭ്യർത്ഥനയിലേക്ക് തിരിഞ്ഞുനോക്കിയിട്ടില്ല എന്നുള്ള കാര്യം താങ്കൾക്ക് അറിയാമോ?

<u>ശ്രീ. മാമ്മൻ മത്തായി</u> : ഞാൻ അതിന് മറുപടി പറയാം. കണ്ണൂരിലെ പ്രശ്നത്തിൽ പ്രധാനമായും ഉൾപ്പെട്ടിട്ടുള്ളത് രണ്ട് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ബി.ജെ.പി. യും അവരാണ് വാദിയും പ്രതിയും, നിങ്ങൾ രണ്ട് കൂട്ടരും വിചാരിച്ചാൽ അവിടെ സമാധാനം ഉണ്ടാകും. അവിടെ സമാധാനം ഉണ്ടാക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നുവെന്ന് ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ പറയുകയുണ്ടായി. ശ്രീ. ടി.കെ. ബാലൻ ഇപ്പോൾ പറഞ്ഞു, ശ്രീ. വി.ആർ കൃഷ്ണയ്യർ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തു, കോൺഗ്രസ്സുകാർ പങ്കെടുത്തില്ലായെന്ന്. ശ്രീ. വി.ആർ. കൃഷ്ണയ്യർ പങ്കെടുത്ത സമാധാന സമ്മേളനത്തിൽ ഒപ്പുവച്ചിട്ട് പിറ്റേദിവസം രാവിലെ കണ്ണൂരിൽ എത്തുന്നതിനുമുമ്പ് ജയകൃഷ്ണൻ എന്ന ചെറുപ്പക്കാരനെ സ്കൂൾ വളപ്പിൽ വെട്ടിക്കൊന്ന സംഭവം അങ്ങയുടെ പാർട്ടി ചെയ്തതല്ലേ? അങ്ങ് ഒപ്പിട്ടത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതാവെന്ന നിലയ്ക്കല്ലേ? അങ്ങ് ഒപ്പിട്ടാൽ അതിൽനിന്നു മാറാൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്കു കഴിയുമോ? അപ്പോൾ ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതുപോലെ അക്രമങ്ങൾക്ക് മുഴുവൻ കാരണം കോൺഗ്രസ്സ് ആണോ? ഞങ്ങൾ നിരപരാധിയാണ്, മേലിൽ സമാധാനം ഉണ്ടാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു, ഇനി ഇങ്ങോട്ട് അടിച്ചാലും ഞങ്ങൾ അങ്ങോട്ട് അടിക്കുകയില്ല എന്നൊക്കെ പറയുകയുണ്ടായി. അതിനുകാരണം എന്താണെന്ന് ഞങ്ങൾ പറയാതെ കേരളത്തിലെ ജനങ്ങൾക്ക് അറിയാം. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. കെ.എം. മാണി</u> : കേന്ദ്ര പാർലമെന്ററി സംഘം കണ്ണൂരിലെ ക്രമസമാധാന നിലയെക്കുറിച്ച് പഠിക്കാൻ വരുന്നു എന്നുള്ളതുകൊണ്ടല്ലേ സറണ്ടർ ചെയ്തത്?

<u>ശ്രീ. മാമ്മൻ മത്തായി</u> : കേന്ദ്ര പാർലമെന്ററി സംഘം കണ്ണൂരിൽ വരികയും.....

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ.ടി. ശിവദാസമേനോൻ)</u> : സർ, ഞാനൊരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഒബ്സർവേഴ്സ് അല്ലെങ്കിൽ കേന്ദ്രത്തിലെ മന്ത്രിമാർ വരുന്നതുകൊണ്ട് പേടിച്ചാണ് സമാധാനം ഉണ്ടാക്കാൻ ശ്രമിച്ചതെന്ന് ബഹുമാനപ്പെട്ട കെ.എം. മാണി ഇവിടെ പറയുകയുണ്ടായി. ലോ ആന്റ് ഓർഡർ സ്റ്റേറ്റ് സബ്ജക്ട് ആണ്. അവിടന്ന് എത്ര ഓഫീസർമാർ വന്നാലും അതേ വണ്ടിക്ക് തിരിച്ചയക്കും.

<u>ശ്രീ. കെ.എം. മാണി</u> : ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ വീരസ്യം പറയുകയുണ്ടായി. 365-ാം വകുപ്പ് എടുത്ത് പ്രയോഗിക്കുമെന്ന് വന്നപ്പോൾ മുട്ടുകാൽ അടിച്ചു. അത്തരം ഒരു സ്ഥിതി ഉണ്ടാകുമെന്ന് കണ്ടപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വീരസ്യമെല്ലാം പോയി, ഇങ്ങോട്ടടിച്ചാൽ തിരിച്ചടിക്കുകയില്ലെന്നുള്ള സ്ഥിതിയിലേക്ക് വന്നു.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഞങ്ങൾ അങ്ങോട്ട് ആത്മരക്ഷാർത്ഥം എന്തെങ്കിലും ചെയ്താൽ അത് കുറ്റം. അതുകഴിഞ്ഞ് സമാധാനം പാലിക്കുമെന്ന് പറഞ്ഞാൽ അതും തെറ്റ്, ഞങ്ങൾ ആത്മഹത്യ ചെയ്യണോ? അതിന് ഞങ്ങൾക്ക് മനസ്സില്ല. 365 എന്നല്ല 657 എന്ന് പറഞ്ഞാലും ഇവിടെ ഒന്നുമില്ല.

<u>ശ്രീ. കെ.എം. മാണി</u> : എത്രയോ ദിവസം ഭയപ്പെടുത്തിയ പാർട്ടി കുഞ്ഞാടിനെപ്പോലെ മാറിയത് ശരിയാണോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ലോ ആന്റ് ഓർഡർ സ്റ്റേറ്റ് ഇഷ്യൂ ആണ്. അതിൽ സെൻട്രൽ ഗവൺമെന്റ് ഇൻഫ്ളുവൻസ് ചെയ്യാൻ ഒരിക്കലും സമ്മതിക്കുകയില്ല.

<u>ശ്രീ. മാമ്മൻ മത്തായി</u> : ഞാൻ ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ അവസാനം പറഞ്ഞു നിർത്തിയ കാര്യത്തിൽ സന്തോഷിക്കുന്നു. കാരണം അദ്ദേഹത്തിന് വൈകിയാണെങ്കിലും നല്ല ബുദ്ധി ഉദിച്ചല്ലോ. കഴിഞ്ഞ മൂന്നരവർഷക്കാലത്തെ ഭരണം മൊത്തമായി എടുത്ത് പരിശോധിച്ചുനോക്കിയാൽ ക്രമസമാധാന നില തകർന്നു, നിരപരാധികളായ ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നു. ശ്രീ. രവതാ ചന്ദ്രശേഖറിനെതിരായി ഗവൺമെന്റ് എടുത്ത അന്വേഷണം ഒരു സ്വതന്ത്ര ഏജൻസിയെ ഏൽപ്പിക്കണം. ആ കേസ്സിൽ കോടതി പറഞ്ഞിരിക്കുന്ന രണ്ട് വാചകങ്ങൾ ഞാൻ വായിക്കാം. "The real apprehension of livelihood of blares and political malafides made the case unusual and extraordinary'. ഇത് സ്റ്റേ ചെയ്യുമെന്നാണ് അദ്ദേഹം പറഞ്ഞത്. സ്റ്റേ ചെയ്യുമെന്ന് പറഞ്ഞ് താല്ക്കാലികമായി ഈ ഉത്തരവ് നടപ്പിലാക്കാൻ പാടില്ല എന്നു മാത്രമേയുള്ളൂ. ഈ ഓർഡർ സെറ്റ് അസൈഡ് ചെയ്തിട്ടില്ല. ഈ രാജ്യത്ത് അധാർമ്മിക പ്രവൃത്തികൾക്ക് പിന്തുണ കൊടുക്കുന്നത് ഗവൺമെന്റാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. കാർഷിക മേഖല, വിദ്യാഭ്യാസ മേഖല, വ്യാവസായിക മേഖല തുടങ്ങി എല്ലാ മേഖലകളും നശിച്ചു. കോളേജുകളിലെ സമാധാനം നഷ്ടപ്പെട്ടു. ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, തൃശ്ശൂർ സെന്റ് തോമസ് കോളേജ്, കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ്, ഇപ്പോൾ കൊല്ലം എസ്.എൻ. കോളേജ് തുടങ്ങിയുള്ള കോളേജുകളിലെല്ലാം പ്രശ്നങ്ങളാണ്. വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയുന്നില്ല. എന്നിട്ടും എല്ലാ മേഖലകളിലും വമ്പിച്ച പുരോഗതി എന്നാണ് പറയുന്നത്. ഇവിടെ ഫിഷറീസിന്റെ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പി. രാജു പറയുകയുണ്ടായി. ഇനി അധികകാലം ഇവരോടുകൂടി നിൽക്കരുതെന്നാണ് എനിക്ക് ശ്രീ. പി. രാജുവിനോട് പറയാനുള്ളത്. ഇപ്പോൾ അൽപ്പശ്വാസം ഉള്ളപ്പോൾ രക്ഷപ്പെടാൻ ശ്രമിക്കുന്നതാണ് നല്ലത്. ഞങ്ങളുടെ മണ്ഡലങ്ങൾ പരിശോധിച്ചു നോക്കിയാൽ അസംബ്ലി ഇലക്ഷന് ഉണ്ടായിരുന്നതിനെക്കാൾ ഇരട്ടി ഭൂരിപക്ഷത്തിനാണ് കയറി വന്നിരിക്കുന്നത്. അതുകൊണ്ട് ഒരു മിനിട്ടിനുമുമ്പ് രക്ഷപ്പെടാൻ രാജുവിന്റെ പാർട്ടി ശ്രമിക്കുന്നതാണ് നല്ലത്. പ്രൊഫ. എ.വി. താമരാക്ഷൻ രക്ഷപ്പെട്ടു. അധികം താമസിയാതെ ശ്രീ. വി.സി. കബീറും രക്ഷപ്പെടും. വലിയ താമസമില്ലാതെ ഡോ. കെ.സി. ജോസഫും രക്ഷപ്പെടും. ശ്രീ. രാജു ഒറ്റയ്ക്ക് ഫൈറ്റ് ചെയ്തിട്ട് കാര്യമില്ല. രാജുവിന്റെ കൂട്ടരും കൂടെ ഞങ്ങളുടെകൂടെ പോര്. കഴിഞ്ഞ മൂന്നര വർഷക്കാലം സാമ്പത്തികരംഗം ഭരിച്ച് താറുമാറാക്കിയ ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ.സി. ജോസഫ് : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ രാജ്യത്തിന്റെ പൊതുവായ ക്ഷേമത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നത്. പ്രതിപക്ഷ മെമ്പർമാർ വാസ്തവത്തിൽ ഈ ഉപധനാഭ്യർത്ഥനകളിൽ കൊണ്ടുവന്നിട്ടുള്ള വിഷയങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിരുന്നുവെങ്കിൽ അവരുടെ ഭാഗത്തുനിന്നും ഈ എതിർപ്പ് ഉണ്ടാകുകയില്ലായിരുന്നു. ബഹുമാനപ്പെട്ട ശോഭനാ ജോർജ് സംസാരിച്ചപ്പോൾ ജീവനക്കാരുടെ കാര്യത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഈ ഉപധനാഭ്യർത്ഥനകളിൽ 32 കോടി രൂപ നോൺപ്ലാൻ ഇനത്തിൽ ഉള്ളതിൽ 10 കോടി രൂപ ജീവനക്കാരുടെ പ്രീ-റിവൈസ്ഡ് സ്കെയിലിൽനിന്ന് റിവൈസ്ഡ് സ്കെയിലേയ്ക്ക് മാറ്റുമ്പോൾ കൂടുതലായി കൊടുക്കേണ്ടിവരുന്നത് കൊടുക്കാൻ വേണ്ടിയാണ്. ജീവനക്കാരുടെ ഇത്രയും വലിയൊരു ആവശ്യത്തിനുവേണ്ടി സപ്ലിമെന്ററി ഡിമാന്റ്സിൽ 10 കോടി രൂപ കൊണ്ടുവന്നപ്പോൾ അതിനെയും എതിർക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ കൊണ്ടുവന്നിട്ടുള്ള മറ്റൊരു വിഷയം, 1977 മുതൽ മലയോര കൃഷിക്കാർ ഉന്നയിച്ചുവന്നിട്ടുള്ള പട്ടയം ലഭ്യമാക്കുക എന്നുള്ളതിനുവേണ്ടി സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്തുന്നതിനും ലാൻഡ് അസൈൻമെന്റിനുവേണ്ടി 12 തഹസിൽദാർമാരുടെയും മറ്റ് ഉദ്യോഗസ്ഥൻമാരുടെയും ആഫീസുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇടുക്കിയിലും തൃശ്ശൂരും പുതിയ ഓഫീസുകൾ സ്ഥാപിക്കുന്നതിനും വേണ്ടിയാണ്. അതനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ തകർക്കുന്ന, പ്രത്യേകിച്ച് നാളികേര കൃഷിയെ തകർക്കുന്ന മണ്ഡരി കീടബാധയെ തടയുന്നതിനുവേണ്ടി വിപുലമായ രീതിയിൽ മരുന്നുതളിക്കുന്നതിനുവേണ്ടി, ഇപ്പോൾ അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി കൃഷിവകുപ്പിന്റെ പല അധികാരങ്ങളും താഴേയ്ക്ക് കൈമാറിയതുമൂലം പണം ചെലവഴിക്കാൻ കഴിയാത്തതുകൊണ്ട് ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ അനുസരിച്ച് അതിനൊരു ഹെഡ് ഓഫ് അക്കൗണ്ട് ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഇവിടെ മറ്റൊരു ഐറ്റം കൊണ്ടുവന്നിട്ടുള്ളത്. ഇന്ന് ശ്രീമതി ലതാദേവി കൊണ്ടുവന്ന വിഷയമാണ് മഹിളാപ്രധാൻ ഏജന്റുമാർക്ക് ഇൻസെന്റീവ് കൊടുക്കുന്ന കാര്യം. അവർക്കുവേണ്ടിയാണ് 10 കോടി രൂപ. ഈ നിലയിൽ സാധാരണക്കാരായ ആളുകൾക്ക്, മലയോര കൃഷിക്കാർക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ഉപധനാഭ്യർത്ഥനകൾ പസ്സാക്കേണ്ടത് ഇവിടത്തെ സാധാരണക്കാരായ കൃഷിക്കാരുടെയും മറ്റു ജീവനക്കാരുടെയുമെല്ലാം താൽപ്പര്യങ്ങൾക്ക് അത് ഗുണകരമാകും എന്നു മാത്രമേ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളു. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി പറഞ്ഞ് കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ പാർലമെന്റ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ചും മറ്റു കാര്യങ്ങളെ സംബന്ധിച്ചുമൊക്കെ പറഞ്ഞു, എത്ര പാർലമെന്റ് സീറ്റ് ജിയിച്ചുവെന്ന് ശ്രീ. മാമ്മൻ മത്തായി, ശ്രീമതി ശോഭന എന്നിവർ പറഞ്ഞു. പാർലമെന്റ് ഇലക്ഷനും അസംബ്ലി ഇലക്ഷനും കേരളത്തിലെ ജനങ്ങൾ ഇന്നും രണ്ടായിട്ടേ കണ്ടിട്ടുള്ളൂ. 1980-ൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉണ്ടായ വോട്ടും അതിനുശേഷം ഏതാനും ദിവസങ്ങളുടെ മാറ്റം മാത്രമേ അസംബ്ലിയിൽ ഉണ്ടായിരുന്നുള്ളൂ. എത്രയോ പ്രകടമായ വ്യത്യാസമായിരുന്നു. ഇപ്പോൾ അതല്ലായെന്ന് പറഞ്ഞുകഴിഞ്ഞാൽ നമ്മുടെ ഉമ്മൻചാണ്ടി അടക്കമുള്ളവർ തോറ്റുപോകുമെന്ന് നിങ്ങൾ പരസ്യമായി പറയുമല്ലോ. ശ്രീ. ഉമ്മൻചാണ്ടിക്കും ഇല്ലല്ലോ ഭൂരിപക്ഷം. കഴിഞ്ഞ എത്രയോ വർഷമായി

LIBRARY ARCHIVES Kerala Legislative Assembly

ഉമ്മൻചാണ്ടി പ്രതിനിധാനം ചെയ്യുന്ന സ്ഥലത്ത് ശ്രീ. സുരേഷ്കുറുപ്പിനാണ് ബഹുഭൂരിപക്ഷം ലഭിച്ചത്.

<u>ശ്രീ. കെ.എം. മാണി</u>: കേരളാ കോൺഗ്രസ്സ് (ജെ)യ്ക്ക് തൊടുപുഴ ഒഴിച്ചുള്ള എല്ലാ നിയോജകമണ്ഡലങ്ങളിലും യു.ഡി.എഫ്.നാണ് ഭൂരിപക്ഷം എന്നുള്ളത് പറഞ്ഞല്ലോ.

<u>ഡോ. കെ.സി. ജോസഫ്</u> : അതുതന്നെയാണ് പറഞ്ഞുകൊണ്ടു വന്നത്. അസംബ്ലിയും പാർലമെന്റും തമ്മിൽ ഒരു ബന്ധവുമില്ല. 1996-ൽ അസംബ്ലി ഇലക്ഷനും പാർലമെന്റ് ഇലക്ഷനും ഒന്നിച്ച് നടന്നപ്പോൾ, അസംബ്ലിയിലേക്ക് നാലായിരത്തിലധികം വോട്ടിന് ഞാൻ ജയിച്ചപ്പോൾ അവിടെ സുധീരന് മൂവായിരത്തിലധികം ഭൂരിപക്ഷം ഉണ്ടായിരുന്നു. ഇത്തവണ അത് അഞ്ഞൂറ് വോട്ടായി ചുരുങ്ങിവരുകയാണ് ചെയ്തത്. എനിക്ക് 4085 വോട്ട് കൂട്ടനാട്ടിൽ ഭൂരിപക്ഷമുള്ളപ്പോൾ ഒന്നിച്ച് പാർലമെന്റ് ഇലക്ഷൻ നടന്ന സമയത്ത് ശ്രീ. സുധീരന് 3000 വോട്ട് ഭൂരിപക്ഷമുണ്ട്. അതിപ്പോൾ കുറച്ചു കൊണ്ടുവന്നു. നമ്മുടെ നിയോജകമണ്ഡലങ്ങളിലെയെല്ലാം സ്ഥിതി അതാണ്. കഴിഞ്ഞ അസംബ്ലി ഇലക്ഷന് കിട്ടിയിടത്തോളം അതിനൊപ്പിച്ച് പാർലമെന്റ് സ്ഥാനാർത്ഥികൾക്കിടയിൽ കിട്ടിയതിനേക്കാൾ ഇത്തവണ വളരെ കുറഞ്ഞുവന്നിട്ടുണ്ട്. ഞങ്ങൾ ആ രംഗത്ത് വളരെ മുന്നോട്ടു പോയിരിക്കുന്നുവെന്നാണ് അതിന്റെയർത്ഥം. അതേസമയം അവിടെ കഴിഞ്ഞ അസംബ്ലി ഇലക്ഷനുള്ള വോട്ടുണ്ട്, നമ്മുടെ ശ്രീ. ചാഴികാടന്റെ നിയോജകമണ്ഡലമായ ഏറ്റുമാനൂരിൽ. അതുകൊണ്ട് ആ ഒരു വിഷയം വേണ്ട. ഇവിടെ എത്രയോ കാലമായി നടക്കാതിരുന്ന കാര്യമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടയത്തിന്റെ കാര്യം നിസ്സാരമാണോ? ശ്രീ. കരുണാകരന്റെ കാലത്ത്, ബഹുമാനപ്പെട്ട മാണിസാർ '82-'87-ൽ മന്ത്രിയാണല്ലോ. റവന്യൂ ഭൂമിക്ക് പട്ടയം കൊടുക്കാൻ ശ്രീ. പി.ജെ. ജോസഫ് സകല നടപടികളും പൂർത്തീകരിച്ച് യോഗം നടക്കുന്നതിന് തലേദിവസം രാത്രി റവന്യൂ വകുപ്പുമന്ത്രി അറിയാതെ ഫോറസ്റ്റ് വകുപ്പു സെക്രട്ടറി മുഖേന കളക്ടർക്ക് സ്റ്റേ ഉത്തരവ് കൊടുപ്പിച്ചു. ഈ രാജ്യത്തെ കൃഷിക്കാരെ മുഴുവൻ എത്ര കൊല്ലമാണ് അതിന്റെ പാപഭാരം അനുഭവിപ്പിക്കുന്നതിനുവേണ്ടി വന്നത്? അങ്ങനെ ശ്രീ. കരുണാകരൻ ഈ രാജ്യത്തെ മലയോര കൃഷിക്കാർക്കെതിരെ നടത്തിയ നീക്കം, കഴിഞ്ഞ അസംബ്ലിയിൽ ബഹുമാനപ്പെട്ട കെ.എം.മാണി റവന്യൂ മന്ത്രിയായിരുന്നപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് ഞാൻ പറഞ്ഞു, മാണി സാറേ, മാണി സാറിനെ കൊണ്ട് ഇത് കൊടുപ്പിക്കില്ലയെന്ന്. മാണി സാർ പറഞ്ഞല്ലോ കൊടുക്കുമെന്ന്. കോടതിയിൽ പോയത് ആരാണ്? ഹൈക്കോടതിയിൽ പ്രകൃതി സംരക്ഷണത്തിന്റെ പേരിൽ കോൺഗ്രസ്സുകാരനല്ലേ പോയത്?

<u>ശ്രീ. കെ. എം. മാണി</u> : ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980-ൽ നിലവിൽ വന്നു. അതു നിലവിൽ വന്നതിനുശേഷം കേന്ദ്രാനുമതി ഇല്ലാതെ പട്ടയം കൊടുക്കാൻ പറ്റില്ല. അങ്ങനെയാണെങ്കിൽ 1986- ൽ പട്ടയം കൊടുക്കാൻ ശ്രീ. പി.ജെ. ജോസഫ് നടപടികൾ പൂർത്തിയാക്കി എന്നു പറയുന്നതിൽ അർത്ഥമുണ്ടോ?

<u>ഡോ. കെ.സി. ജോസഫ്</u> : മാണി സാർ പറഞ്ഞുവന്നത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വരുന്നതിനു മുൻപു തന്നെ ആരുടെയെങ്കിലും കൈവശത്തിരിക്കുന്ന വസ്തുവിന് ഇത് ബാധകമാക്കേണ്ടതില്ലായെന്ന് അങ്ങുതന്നെ പലേടത്തും പ്രസംഗിച്ചതല്ലേ? അതുകൊണ്ട് ഫോറസ്റ്റ് കൺസർവൻസി ആക്ട് വരുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

എത്രയോ കാലം മുമ്പ് കട്ടപ്പനയിലുള്ള ആൾക്കാർ, ഈ ഫോറസ്റ്റ് കൺസർവൻസി ആക്ടിനെക്കുറിച്ച് ചിന്തിക്കുന്നതിനുമുമ്പ് കൈവശമിരുന്ന റവന്യൂ ലാന്റിൽ മരം മാത്രം വനംവകുപ്പിനുള്ളപ്പോൾ അങ്ങനെ കൊടുത്തിരിക്കുന്നതുകൊണ്ടു ഇപ്പോൾ നടപ്പാക്കാൻ വേണ്ടി കൊണ്ടുവന്നതെന്നു മാത്രമല്ല, സത്വരമായ ഈ കൃഷിക്കാർക്ക് പട്ടയം നൽകാൻ ജനവികാരത്തിനനുസരണമായി നടപടികൾ സ്വീകരിച്ച് അതിന് ആവശ്യമായ ഓഫീസുകൾ അവിടെ ഏർപ്പെടുത്തി, സർവേയർമാർ, തഹസിൽദാർ, ലാന്റ് അസൈൻമെന്റ് ഉദ്യോഗസ്ഥന്മാർ ഇവരെ മുഴുവൻ കേരളത്തിന്റെ വിവിധ മേഖലകളിൽ ഡെപ്യൂട്ട് ചെയ്ത് ആറു മാസത്തിനകം പട്ടയം കൊടുക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുമ്പോൾ, ഇതിന് ആവശ്യമായിട്ടാണ് ഒരു ഹെഡ് ഓഫ് അക്കൗണ്ട് ഇതിൽ കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ കടം വർദ്ധിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. കടം വർദ്ധിക്കുന്നത് പുതിയ ഒരു കാര്യമാണോ? വരുമാനത്തിൽ ഏറ്റവും സമ്പന്നമായ പഞ്ചാബിൽ ശമ്പളം കൊടുത്തിട്ടുണ്ടോ? ബീഹാറിൽ ശമ്പളം കൊടുത്തോ? ഏഷ്യൻ രാജ്യങ്ങളിൽ ആകമാനം ഉണ്ടായിട്ടുള്ള സാമ്പത്തികമാന്ദ്യം, ഇക്കോണമിക് റിസോഴ്സ്, അതിന്റെ ഫലം ഇൻഡ്യയിൽ ഉണ്ട്. അതിന് പ്രത്യേകമായ കാരണമുണ്ട്. നമ്മുടെ വരുമാനം എന്നു പറയുന്നത് നാണ്യവിള കൃഷിയാണ് നമ്മുടെ സമ്പത്തിന്റെ പ്രധാന വരുമാനമാർഗ്ഗം അത് കേന്ദ്രത്തിന്റെ നയത്തിന്റെ ഫലമായി റബ്ബർ വിലയിൽ വന്നിട്ടുള്ള ഇടിവുകൊണ്ടുണ്ടായിട്ടുള്ള വരുമാനചോർച്ച എത്രയാണ്? ഇവിടെ മണ്ഡരിരോഗം ബാധിക്കുന്നതുകൊണ്ട് 500 കോടി രൂപയാണ് കൃഷിക്കാർക്കിവിടെ നഷ്ടമുണ്ടാകുന്നത്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാന ഖജനാവിലേക്കുള്ള പണത്തിലും അതിന്റെ ചോർച്ചയുണ്ടാകും. അങ്ങനെയുണ്ടാകുന്ന സന്ദർഭത്തിൽ ഈ വരുമാനചോർച്ച ഉള്ള സന്ദർഭത്തിലും സാമ്പത്തിക മാനേജുമെന്റിന്റെ ഫലമായി ഖജനാവ് അടയ്ക്കാതെ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാത്ത സ്ഥിതിയുണ്ടാകുമ്പോൾ, ഇവിടെയുള്ള ഉദ്യോഗസ്ഥൻമാർക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകിക്കൊണ്ട് ശമ്പളം പരിഷ്കരണം നടപ്പാക്കികൊണ്ട് അവരുടെ ചെറിയ ആവശ്യങ്ങൾ, ഹൗസ് ലോൺ ഉൾപ്പെടെ വന്നപ്പോൾ ആനുപാതികമായി ശമ്പള പരിഷ്കരണത്തിന് പുതിയ സ്കെയിൽ അനുസരിച്ചുള്ളത് കൊടുക്കണമെന്ന് പറഞ്ഞപ്പോൾ അതിനും ഈ സാമ്പത്തിക ബുദ്ധിമുട്ടിനിടയിൽ നിന്നുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി പണം കണ്ടെത്തി കൊടുക്കാൻ തയ്യാറാക്കുന്നതിനെ അഭിനന്ദിക്കുന്നതിനുപകരം വിമർശിക്കാൻ തയ്യാറാക്കുന്നത് നിർഭാഗ്യകരമാണ് എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. മാണി സാറേ, എല്ലാ ആദരവോടുകൂടി പറയട്ടെ കേരളാ കോൺഗ്രസ്സിന്റെ അടിസ്ഥാനതത്വം തന്നെ അങ്ങ് മറന്നില്ലേ? മാർക്സിസ്റ്റു പാർട്ടി എടുത്ത ഒരു നിലപാടിനെ പുച്ഛിക്കാൻവേണ്ടി അങ്ങ് എന്താണ് പറഞ്ഞത്? 365-ാം വകുപ്പിനെക്കുറിച്ച് പേടിക്കണമെന്ന്. പ്രദേശിക പാർട്ടി കേരളത്തിന്റെ ഫെഡറലിസ്സത്തിൽ ഇൻഡ്യൻ യൂണിയന്റെ ഉള്ളിൽ നിന്നുകൊണ്ട് കേരളം പ്രവർത്തിച്ചു മുന്നോട്ടു പോകാൻ വേണ്ടിയുള്ള നമ്മുടെ അവകാശത്തിൻമേൽ കേന്ദ്ര ഗവൺമെന്റ് കൈവയ്ക്കുന്നതിനെ പരോക്ഷമായി അംഗീകരിക്കുകയല്ലേ അങ്ങ് ചെയ്തത്? ഞാൻ പറഞ്ഞത് വേറൊരാളെ കുത്താൻ വേണ്ടിയാണെങ്കിലും ഒരു കേരളാ കോൺഗ്രസ്സ് നേതാവ് അങ്ങനെ പറയാമോ? ഒരു തരത്തിലും അംഗീകരിക്കാൻ വയ്യാത്ത കാര്യമല്ലേ? കേരളാ കോൺഗ്രസ്സിന്റെ അടിസ്ഥാന തത്വം ചെറിയ ഒരു കാര്യത്തിനുവേണ്ടിയെങ്കിലും മാണി സാറിനെ പോലെയുള്ളവർ വിസ്മരിക്കാമോ? സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ, സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ നിലനിൽപ്പല്ലേ ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനം. കണ്ണൂർ, ഉണ്ടായ നിർഭാഗ്യകരമായ സംഭവത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. കേരളത്തിന്റെ ജനമനസാക്ഷി എന്തായിരുന്നു? ഇവിടെ ജനങ്ങൾ സമാധാനപരമായി മുന്നോട്ടു പോകണം. അവർക്ക് സമാധാന ജീവിതം വേണം. നാനാമേഖലയിലുള്ള ജനങ്ങളുടെ ആ ആഗ്രഹത്തിനു അനുസരണമായി വിട്ടുവീഴ്ച ചെയ്യാൻപോലും സഖാക്കൾ ഒന്നാകെ - ഭൂരിപക്ഷം പേരും മരിച്ചത് മാർക്സിസ്റ്റുകാരല്ലേ. ആ സഖാക്കൾ ഒന്നാകെ മരിച്ചുവീഴുമ്പോഴും ഇങ്ങോട്ട് അടിച്ചാലും തിരിച്ചടിക്കുകയില്ലയെന്ന് പറഞ്ഞതിന് ജനമനസാക്ഷിക്കുവേണ്ടി, ജനങ്ങളുടെ ഇച്ഛയ്ക്കനുസരണമായി ബുദ്ധിമുട്ടാൻവേണ്ടി തയ്യാറായി എന്നു പറഞ്ഞുവന്ന സി.പി.ഐ.(എം.) ന്റെ ആ നയത്തെ മനസ്സുകൊണ്ടെങ്കിലും അംഗീകരിക്കേണ്ടതിനു പകരം പുച്ഛിച്ചുതള്ളാൻ തയ്യാറായതിന്റെ ഫലമായി നിങ്ങൾ കേരളത്തിലെ ജനങ്ങളുടെ വികാരത്തെ, അവരുടെ ആഗ്രഹത്തെയല്ലേ പുച്ഛിച്ചുതള്ളിയത്? അങ്ങനെ ചെയ്യാമോ? നിങ്ങൾ ചെയ്യാൻ പാടില്ല. കാരണം, ജനങ്ങളുടെ ആഗ്രഹം സ്വന്തം പാർട്ടികളിൽ ബുദ്ധിമുട്ടായപ്പോഴും അതിനെ തള്ളിക്കളഞ്ഞുകൊണ്ട് ജനങ്ങളുടെ ഇച്ഛയ്ക്കനുസരണമായി ഇവിടെ സമാധാനപരമായ ഒരു ജീവിതം നടക്കുവാൻവേണ്ടി കീഴടങ്ങുവാൻ തയ്യാറായ സി.പി.ഐ(എം) നെ പേടിപ്പിച്ചു. അങ്ങനെ 365-ാം വകുപ്പനുസരിച്ച് വിടാൻ പറ്റുമോ? രാജ്യസഭയിൽ ഭൂരിപക്ഷം വേണ്ടേ? ഇവിടെ പിരിച്ചുവിട്ടവർ തിരിച്ചുവന്ന ചരിത്രമില്ലേ? കോൺഗ്രസ്സ് കൂടെ കൂടാതെ പറ്റുമോ? ആ താഴ്ന്ന നിലയിലേക്ക് നാം പോകരുത്. അതുകൊണ്ട് ആ ഒരു സ്ഥിതി ശരിയല്ല. നമ്മുടെ ഈ സംസ്ഥാനത്ത് സമാധാന ജീവിതം മുന്നോട്ടു കൊണ്ടുവരാൻ വേണ്ടി സി.പി.ഐ(എം) എടുത്തിട്ടുള്ള നിലപാട് വാസ്തവത്തിൽ അഭിനന്ദനാർഹമാണ്. നിഷ്പക്ഷമതികളായ കേരളത്തിലെ ജനങ്ങളാകെ ആ നിലപാടിനെ അംഗീകരിക്കുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. സാമ്പത്തിക ബുദ്ധിമുട്ട് കണ്ടുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ തളർത്തിക്കൂടാ. ഈ ഗവൺമെന്റിൽനിന്നും ഏറെ വികസന പ്രവർത്തനങ്ങൾ ജനങ്ങൾ പ്രതീക്ഷിക്കുന്നു. മറ്റേതുകാലത്തും ഉള്ളതിനേക്കാൾ എല്ലാ മേഖലയിലും വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇനിയും നമുക്ക് നടത്തേണ്ടതായിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് പറയുന്നു. നമുക്ക് എല്ലാ മേഖലകളിൽനിന്നും പണം കണ്ടെത്താൻ കഴിയണം. റോഡുകൾ, പാലങ്ങൾ ഇവയൊക്കെ ഉണ്ടാക്കുവാൻ നബാർഡിൽനിന്നും ധന സഹായം സ്വീകരിക്കുന്നു. ഉൽക്കണ്ഠപ്പെടേണ്ട കാര്യമില്ല, മഹാരാഷ്ട്രയിലുള്ള മാതൃക തീർച്ചയായും അംഗീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. അവിടെ റോഡ്, പാലങ്ങൾ ഇതൊക്കെ നിർമ്മിക്കുന്നതിനുവേണ്ടി ബാങ്കിൽനിന്നും പണം കടമെടുക്കുകയാണ്. ഏഴു വർഷം കഴിഞ്ഞിട്ട് തിരിച്ചുകൊടുത്താൽ മതി. ഇവിടെ നമ്മുടെ കണക്കനുസരിച്ച് നോക്കിയാൽ പളാൻ, നോൺ-പളാൻ ഇനത്തിൽ പി.ഡബ്ല്യു.ഡി യിൽ ഏതാണ്ട് 300 കോടി രൂപയെങ്കിലും ഒരു വർഷം പ്രവർത്തനങ്ങൾ ടെൻഡർ ചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കുന്നത്. ബിൽ ഉടനെ കൊടുക്കാൻ കഴിയാത്തതുകൊണ്ട് 80% എങ്കിലും ടെൻഡർ എക്സസായി പോകുന്നുണ്ട്. അങ്ങനെയെങ്കിൽ 300 കോടി രൂപയുടെ പ്രവർത്തനം ടെൻഡർ ചെയ്യുമ്പോൾ 540 കോടി രൂപ ചെലവാകും. ഉടനെ ബിൽ കൊടുക്കുമെന്നുണ്ടെങ്കിൽ റോഡുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ്സിൽതന്നെ പോകും. കെട്ടിടങ്ങളും, പാലങ്ങളും നിർമ്മിക്കുന്നതിന് ഏറ്റവും കൂടുതൽ വന്നാൽ ഒരു 20% ആയിരിക്കും ടെൻഡർ എക്സസ്. അങ്ങനെ വന്നാൽ ആ 20% ത്തിന് വേണ്ടിവരുന്നത് 300

[1 P.M.]

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുടെ പ്രവർത്തനം നടത്താൻ 60 കോടി രൂപയാണ്. ബാങ്ക് പലിശ കൊടുത്താൽ 16 ശതമാനം പലിശയേ ആകുന്നുള്ളൂ. 300 കോടി ബാങ്കിൽ നിന്ന് കടം എടുത്താൽ 16% നിരക്കിൽ 48 കോടിരൂപ പലിശ കൊടുത്താൽ പോരെ. ഈ 80% എന്നുള്ളത് 20% ആക്കി ടെൻഡർ എക്സസ് കുറയ്ക്കാൻ കഴിഞ്ഞാൽ 240 കോടി രൂപയുടെ ലാഭമോണ് നമ്മുടെ സംസ്ഥാന ബജനാവി ലേക്ക് വരിക. ആ 240 ൽ നിന്നും 60 ഉം, 48 ഉം കുറച്ചാൽ വീണ്ടും 132 കോടി രൂപ ഈ സർക്കാരിനു ലാഭിക്കാൻ കഴിയും. അത്രയും വികസനപ്രവർത്തന ങ്ങൾകൂടി നടത്തിക്കൊണ്ടുപോകാൻ കഴിയും. എന്തുകൊണ്ട് നമുക്കത് അംഗീകരിച്ചുകൂടാ. ഇത് പി.ഡബ്ല്യു.ഡിക്ക് മാത്രമല്ല. ഇറിഗേഷൻ അതു പോലെ മറ്റ് വർക്കുകൾ നടത്തുന്ന എല്ലാ രംഗത്തും ഈ നിലയിൽ നമുക്ക് പണം കണ്ടെത്താൻ കഴിയും. ടാർ കിട്ടാൻവേണ്ടി ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നടപടി എടുക്കാം എന്നു പറഞ്ഞു. ഐ.ഒ.സി മാത്രമല്ല, ഭാരത് പെട്രോളിയം തുടങ്ങിയ കമ്പനികളുമായി ഉണ്ടായിരുന്ന ഒരു കീഴ്വഴക്കമില്ലേ. ഇവിടുത്തെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ടാർ മുൻകൂർ ആയിട്ടു നൽകുന്ന Government to Government adjustments പുതിയ കാര്യമാണോ. അത് നടപ്പാക്കി എടുക്കുവാൻ വേണ്ടി ഐ.ഒ.സി തയ്യാറല്ലെങ്കിൽ ഭാരത് പെട്രോളിയവുമായി സംസാരിക്കണം. കാരണം നമുക്ക് മഴക്കാലം കഴി ഞ്ഞാൽ പണിയെടുക്കാൻ കിട്ടുന്നത് നാലോ, അഞ്ചോ മാസമാണ്. അവർ ആ സമയത്താണ് shut down ചെയ്യുന്നത്. അതുകൊണ്ട് ആ പ്രതിസന്ധി പരിഹരി ക്കണമെങ്കിൽ നമുക്ക് അനുകൂലമായ കാലാവസ്ഥയുള്ള മാസങ്ങൾ ഫലപ്രദ മായി ഉപയോഗിക്കുന്നതിൽ ഇവരുമായി നെഗോഷിയേറ്റ് ചെയ്ത് ഇത് കട മായി തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അങ്ങനെ പ്രായോഗികമായ ചില നടപടികൾ കൂടി കൈക്കൊണ്ടുകൊണ്ട് ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരണമായി മുന്നോട്ടു പോകാൻവേണ്ടി കഴിയണം. ബഹുമാ നപ്പെട്ട ശ്രീ. ശിവദാസമേനോന്റെ നേതൃത്വത്തിൽ തന്നെ അത് രൂപപ്പെടുത്തു ന്നതിന് കഴിയും എന്ന പ്രതീക്ഷ എനിക്കുണ്ട്. അതുകൊണ്ട് തന്നെ ഈ ഉപ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 43 മാസം പിന്നിട്ടിരിക്കുകയാണ്. ഇടതുമുന്നണി സർക്കാരിന്റെ 43 മാസക്കാലത്തെ ഭരണം കേരളത്തിൽ കാർഷിക വ്യാവസായിക സമ്പദ്വ്യവസ്ഥ തകർത്തിരി ക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ തെറ്റായ നയം മൂലം തന്നെ ഇവിടെ വിലക്കയറ്റം രൂക്ഷമായിട്ടുണ്ട്. ക്രമസമാധാന നില തകർന്നിട്ടുണ്ട്. മനുഷ്യന്റെ സൈരജീവിതം നഷ്ടമാകുകയും ചെയ്തിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള കാലഘട്ടം പരിശോധിച്ചാൽ, ഒരു പക്ഷെ മുഖ്യമന്ത്രി പറയുമ്പോൾ അദ്ദേഹം ഇനി കഴിഞ്ഞ 91 മുതൽ 96 വരെ യുള്ള കണക്കുമായിട്ടായിരിക്കും വരിക. എന്തുതന്നെയാകട്ടെ ഈ ഗവൺമെന്റിനെ സംബന്ധിച്ചുള്ള കാര്യങ്ങൾകൂടി പറയുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്. 43 മാസത്തെ ഭരണത്തിനിടയിൽ രാഷ്ട്രീയ കൊലപാതക ങ്ങളും, അക്രമങ്ങളും, മോഷണവും സ്ത്രീപീഡനവും, വ്യാജ മദ്യദുരന്ത ങ്ങളും കേരളത്തിൽ ഒട്ടേറെയുണ്ടായി. അതിന്റെ മുഴുവൻ വിശദാംശങ്ങളി ലേക്ക് ഞാൻ പോകുന്നില്ല. എങ്കിലും ചില സ്ഥിതിവിവരക്കണക്കുകൾ ഇവിടെ പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഈ 3 വർഷക്കാലത്തിനിടയിൽ 23 ഓളം പോലീസ് സ്റ്റേഷൻ ആക്രമണങ്ങൾ ഉണ്ടായി. ഇതിൽ മിക്കവയിലും സി.പി.ഐ(എം)ന്റെ ആളുകളാണ് പ്രതികൾ. ഇതെങ്ങനെ സംഭവിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ ഈ സർക്കാരിന്റെ കാലത്താണ് ഗവൺമെന്റിനെതിരായിട്ട് ഏറ്റവും കൂടുതൽ കോർട്ടലക്ഷ്യ കേസ്സുകൾ ഉണ്ടായിരിക്കുന്നത്. ചീഫ് സെക്രട്ടറിയെ വരെ കോർട്ടലക്ഷ്യ കേസ്സിനു ഹൈക്കോടതിയിൽ വിളിച്ചുവരുത്തി, അദ്ദേഹം നിരുപാധികം മാപ്പ് പറയുന്ന സാഹചര്യം ഉണ്ടായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് ശ്രീ. ആർ.രാമചന്ദ്രൻ നായർ ജയിലിന്റെ പടിവരെ എത്തി. ഇപ്പോഴും പോയിട്ടില്ല അത്.

ശ്രീ. ടി.എം. ജേക്കബ് : അതെ, നിങ്ങൾ അതിന്റെ ക്രെഡിറ്റിലേക്ക് ഇപ്പോൾ വരാൻ പോകുകയല്ലേ? നിങ്ങൾ ഇന്നലെ മന്ത്രിസഭായോഗം കൂടി ആലോചിച്ചു കാണുമായിരിക്കുമല്ലോ ക്രീമിലെയറിന്റെ കാര്യം. ക്രീമിലെയറിനെ സംബന്ധിച്ച് സി.പി.ഐ(എം) മാത്രം വ്യത്യസ്തമായൊരു നിലപാട് സ്വീകരിച്ചു. ബാക്കി എല്ലാ രാഷ്ട്രീയ കക്ഷികളും ഒരേ നിലപാട് തന്നെ സ്വീകരിച്ചു. ആ കാര്യമാണ് ബഹുമാനപ്പെട്ട ശ്രീ. ശിവദാസമേനോൻ പറഞ്ഞത്. ഞാൻ ആ പ്രൊസീഡിംഗ്സ് എടുത്ത് പരിശോധിച്ചു. നിങ്ങൾ അന്ന് സംസാരിച്ച കൂട്ടത്തിൽപ്പെട്ട ആളാണ് ഇതിനെ എതിർത്തത്.

ശ്രീ. ജി. സുധാകരൻ : ചീഫ് സെക്രട്ടറി മാപ്പ് പറഞ്ഞോ?

ശ്രീ. ടി.എം. ജേക്കബ് : ഇപ്പോഴത്തെ ചീഫ് സെക്രട്ടറി മാപ്പ് പറഞ്ഞു. പയ്യാവൂർ കേസ്സിൽ നിരുപാധികം മാപ്പ് പറഞ്ഞു. ഇവിടെ ഇപ്പോൾ ആ സാഹചര്യം ഒരു ഭാഗത്ത് നിലനിൽക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 4 പ്രാവശ്യം നിങ്ങൾ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു. വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതല്ലാതുള്ള വൈദ്യുതിക്ക് എല്ലാ വർഷവും വർദ്ധനവുണ്ട്. 10% ഇൻക്രീസ്. റേഷൻ അരിയുടെ വില നിങ്ങൾ മൂന്നു പ്രാവശ്യം വർദ്ധിപ്പിച്ചു. ബസ്സ്. ചാർജ് രണ്ട് പ്രാവശ്യം വർദ്ധിപ്പിച്ചു. ഇതിനൊക്കെത്തന്നെ നിങ്ങൾ ന്യായീകരണം കുറെ പറയുമായിരിക്കും. നിങ്ങൾ ഇതിനു മുൻപുള്ള കാലഘട്ടം കൂടി ഓർക്കണം.സി.പി.ഐ(എം) ന്റെ രാഷ്ട്രീയ നിലപാടും നിങ്ങളുടെ പോഷക സംഘടനകളുടെ നിലപാടും മുൻകാലങ്ങളിൽ എന്തായിരുന്നു എന്നുള്ളത് നമ്മളൊക്കെ ഈ നാട്ടിൽ ജീവിക്കുന്നവർ എന്നുള്ള നിലയിൽ ഞങ്ങൾക്ക് നന്നായിട്ടറിയാം. ഇപ്പോൾ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി എന്താ? ധനകാര്യ മന്ത്രിയാണല്ലോ സപ്ലിമെന്ററി ഡിമാൻഡ് അവതരിപ്പിക്കുന്നത്. ഈ സപ്ലിമെന്ററി ഡിമാൻഡ് വരുന്നതിനുമുൻപ് കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനം ഇവിടെ നടക്കുമ്പോൾ അന്ന് ബഡ്ജറ്റിന്റെ പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ ചില കാര്യങ്ങൾ പറഞ്ഞു. അന്ന് മന്ത്രി പറഞ്ഞത് 945 കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റ് ഉണ്ടാക്കുമെന്നാണ്. ആ ഡെഫിസിറ്റ് നികത്തിക്കൊണ്ടുവരാനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുമെന്നുപറഞ്ഞു. കഴിഞ്ഞിട്ടില്ല. കഴിയാത്തത് എന്തുകൊണ്ട്, കഴിയാത്ത കാര്യത്തെ സംബന്ധിച്ച് മന്ത്രി വ്യക്തമാക്കണം. കേരളത്തിന്റെ റവന്യൂ കമ്മി ഈ സാമ്പത്തികവർഷം അതായത് ഈ 2000 മാർച്ച് 31 ആകുമ്പോഴേയ്ക്കും 3000 കോടിയിൽ എത്തി നിൽക്കുമെന്ന് ഞങ്ങൾ അന്നു പറഞ്ഞു. ഞാൻ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. മറ്റ് കക്ഷി നേതാക്കൻമാരും പറഞ്ഞിട്ടുണ്ട്. ആ 3000 കോടിയിലേക്ക് ഇപ്പോൾ എത്തിക്കൊണ്ടിരിക്കുകയല്ലേ? ഇന്നലെ നൽകിയ മറുപടിയിൽ മന്ത്രി പറഞ്ഞിരിക്കുന്നത് 2230.30 കോടി രൂപ ഡെഫിസിറ്റായിട്ട് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് എന്നാണ്. അതങ്ങനെ നിർത്താൻ പറ്റുമോ? ഇനിയുള്ള മൂന്നു മാസ

LIBRARY ARCHIVES Kerala Legislative Assembly

ക്കാലം നിങ്ങൾ ട്രഷറിക്ക് നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ നിങ്ങളുടെ ഡെഫിസിറ്റ് 3000 കോടി രൂപയ്ക്കും മുകളിലേക്ക് പോകും. അതിൽ നിർത്ത ണമെങ്കിൽ നിങ്ങൾക്ക് ട്രഷറിയിൽ ഭയങ്കരമായ നിയന്ത്രണങ്ങൾ ഏർപ്പെടു ത്തേണ്ടതായിട്ട് വരും. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ ഏകദേശം 14,000 കോടി രൂപയിൽ എത്തിനിൽക്കുക യാണ്. അത് ഇനിയും വർദ്ധിക്കാൻ പോകുന്നു. ഇവിടെ മന്ത്രി നൽകിയിരി ക്കുന്ന മറുപടിയെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത് ഞങ്ങൾ അധികാരം വിട്ടുപോകുമ്പോൾ 96 മാർച്ച് 31 നുള്ള ക്ലോസിംഗ് ബാലൻസ്, മന്ത്രിയുടെ മറു പടിയനുസരിച്ച് 4.62 കോടി രൂപയാണ്.

ഡീസൽ വില ഇപ്പോൾ വർദ്ധിച്ചു. ഡീസൽ വിലവർദ്ധനവാണല്ലോ നിങ്ങൾ ഇവിടെ ബസ് ചാർജ് കൂടാനുള്ള ഒരു കാരണമായിട്ട് പറയാൻ പോകുന്നത്. ആ ഇനത്തിൽ 21.42 കോടി രൂപ ഈ സർക്കാരിനു കിട്ടാൻ പോകുകയാണ്. വേറൊരു കാര്യമുള്ളത് സംസ്ഥാനത്തെ ഉദ്യോഗസ്ഥൻ മാർക്ക് ഇനി 15 ശതമാനം ഡി.എ. കൂടി നൽകാനുണ്ട്. അതിന് പണമില്ലെ ന്നാണ് പറഞ്ഞിരിക്കുന്നത്. കേന്ദ്രപാരിറ്റി കൊടുക്കുമെന്ന് പറഞ്ഞു. നിങ്ങൾ കൊടുത്തോ? സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തില്ല. കൊടുക്കുമെന്ന് പറഞ്ഞു. കൊടുത്തില്ല എന്നുഞാൻ പറയുന്നു. മറ്റൊന്നു ഞാൻ ചോദിക്കട്ടെ ഇവിടുത്തെ വിദ്യാഭ്യാസ മേഖല എവിടെ നിൽക്കുന്നു. സി.പി.ഐ(എം) ന്റെ നയം ഈ രാജ്യത്തെ വിദ്യാഭ്യാസ നയത്തെ തകർക്കുകയല്ലേ, നിങ്ങൾ ഒരു കാലത്ത് പ്ലസ് ടൂ വിദ്യാഭ്യാസത്തെ എതിർത്തു. നിങ്ങളുടെ സമരത്തെ ഫെയിസ് ചെയ്ത അന്നത്തെ വിദ്യാഭ്യാസ മന്ത്രി ഞാനായിരുന്നു. എനിക്ക് നല്ല ഓർമ്മയുണ്ട്. ആ കാര്യത്തിൽ ഞാനും സുധാകരനും തമ്മിൽ തർക്കം വേണ്ട. .....കാള പെറ്റു എന്നു കേട്ടാൽ കയർ എടുക്കുന്ന ..... സർ, അന്ന് ഈ പ്ളസ് ടൂ ഇതേ സിസ്റ്റം തന്നെയാണ് പ്രീഡിഗ്രി ബോർഡ് എന്നു പറഞ്ഞത്. ഈ പ്ലസ് ടൂ കോഴ്സ് നടത്തേണ്ടത് ആരാണ്? ഞങ്ങൾ അതിന് കൊടുത്ത പേരാണ് പ്രീഡിഗ്രി ബോർഡ്, നിങ്ങൾ ഇപ്പോൾ കൊടുത്തിരിക്കുന്ന പേരാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, അതിലേ വ്യത്യാസമുള്ളൂ. അന്ന് അതിനെ അംഗീകരിച്ച ഒരു മന്ത്രിയാണ് ദാ ഇരിക്കുന്ന ശിവദാസമേനോൻ, സിൻഡി ക്കേറ്റ് മെമ്പർ ആയിരുന്നു. .....

വേറൊന്നു ഞാൻ ചോദിക്കട്ടെ, ഇപ്പോൾ (ബഹളം)..... ഇപ്പോൾ ഗവൺമെന്റ് അൺഎയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടൂ കൊടുക്കുകയില്ല എന്നു പറയുന്നു. കെ.ഇ.ആർ. പ്രകാരം പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുക ളിൽ -- സാർ ഈ സർക്കാരിന് എന്തെങ്കിലും സാമ്പത്തികഭാരം വരുമോ. ചില കാര്യങ്ങൾ ഇവിടെ പറയാനുണ്ട്. പറയാതെ വേറെ എവിടെ പോയാണ് പറയുക. സർ, അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടൂ കൊടുക്കുമോ ഇല്ലയോ ധനകാര്യ മന്ത്രി എന്തു പറയുന്നു. ഇവിടെ സർക്കാരിനു ഒരു സാമ്പ ത്തിക ഭാരവും വരാത്ത ഒരു പ്രൊപ്പോസൽ, അതിനെ സംബന്ധിച്ച് പറ യുമ്പോൾ നിങ്ങളുടെ നിലപാട് എന്താ? ഈ ഗവൺമെന്റ് ഇവിടെ രാഷ്ട്രീയ പ്രതിയോഗികളോട് -- നിങ്ങൾക്ക് രാഷ്ട്രീയമായി നിങ്ങളുടെ അഭിപ്രായ ത്തോട് യോജിക്കാത്ത ആളുകൾ ഇപ്പുറത്ത് ഉണ്ടാകാം.

(ബഹളം) .....

..... സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം നീക്കം ചെയ്തു. (ഫ.നം: 1149/EB/99/Leg. dt. 28.12.1999)

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : സമയമൊക്കെ ചെയർ നിശ്ചയിച്ചുകൊള്ളാം. ബഹുമാനപ്പെട്ട മെമ്പർമാർക്ക് പോയിന്റ് ഔട്ട് ചെയ്യാം. പക്ഷെ ചെയറിനെ ചോദ്യം ചെയ്യുന്ന യാതൊരു ദു:സൂചനയും അംഗീകരിക്കുകയില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, ഇവിടെ അസഹിഷ്ണുത കൊള്ളുകയില്ല. ഇവിടെ ഗവൺമെന്റിനെ സംബന്ധിച്ച്--

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്ന് സപ്ലിമെന്ററി ഡിമാന്റ് ചർച്ചയാണ്. കക്ഷി നേതാക്കൻമാർ സംസാരിക്കുമ്പോൾ ചില കൺസിഡറേഷൻസ് കൊടുത്തിട്ടുണ്ട്. അത്രമാത്രമേയുള്ളൂ. എല്ലാപേർക്കും കൊടുത്തു. അതുകൊണ്ട് ബഹുമാനപ്പെട്ട നമ്പാടൻ മാഷ് അങ്ങനെ പറയരുത്. ഇതിനകത്ത് ഇവിടെ സംസാരിച്ചവരൊക്കെ അനുവദിച്ച സമയത്തേക്കാളും കൂടുതൽ സംസാരിച്ചു. ആ പരിഗണന മാത്രമേ മറ്റു കക്ഷിനേതാക്കന്മാർക്ക് കൊടുക്കുകയുള്ളൂ. അതുകൊണ്ട് ശ്രീ. ടി.എം. ജേക്കബ് സംസാരിക്കുന്നയവസരത്തിൽ അത് കൊടുക്കരുത് എന്നു പറയുന്നത് ശരിയായിരിക്കുകയില്ല. എല്ലാ കക്ഷി നേതാക്കൻമാരേയും ഒരുപോലെ പരിഗണിക്കുന്നുണ്ട്.

(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : മൈക്കു കൊടുത്തിട്ടില്ല.*****

ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കണം.

ശ്രീ. ടി.എം. ജേക്കബ് : എനിക്ക് ഒച്ച വയ്ക്കാൻ ബുദ്ധിമുട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേയ്ക്ക് മാത്രമേ മൈക്കുള്ളൂ. മറ്റാർക്കും മൈക്കില്ല. അങ്ങ് സംസാരിക്കണം.

(ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർ ഇങ്ങനെ പറഞ്ഞാൽ ചെയർ എന്തുചെയ്യും. നിങ്ങളുടെ സഹകരണമില്ലെങ്കിൽ ഇത് നടത്തിക്കൊണ്ടുപോകാൻ പറ്റുകയില്ല. ചെയറിനെ സംബന്ധിച്ചിടത്തോളം രണ്ടു ഭാഗത്തുനിന്നും സംസാരിക്കുന്ന അംഗങ്ങൾക്ക് പ്രത്യേക പരിഗണനയൊന്നും ഇല്ല. ആദ്യം സംസാരിച്ചവർക്ക് അനുവദിച്ചതിനേക്കാളും കൂടുതൽ സമയം സംസാരിച്ചു. അപ്പോൾ നിശബ്ദരായിരുന്നതിനുശേഷം ഇപ്പോൾ ശ്രീ. ടി.എം. ജേക്കബ് സംസാരിക്കുന്നയവസരത്തിൽ അനുവദിക്കരുതെന്നു പറയുന്ന സമീപനത്തോട് ഒട്ടും യോജിക്കാൻ പറ്റുകയില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പറഞ്ഞത് ഗവൺമെന്റ് രാഷ്ട്രീയ എതിരാളികളോടു കാണിക്കുന്ന അപകടമായ സമീപനം - നിങ്ങൾക്ക് ഇഷ്ടമുള്ളതൊക്കെ നിങ്ങൾക്ക് ചെയ്യാം. പക്ഷെ ചെയ്യുന്ന ഓരോ കാര്യങ്ങളും നിയമത്തിനും, നീതിക്കും നിരക്കുന്നതായിരിക്കണം.

ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് എതിരായിട്ട് ഏറ്റവും അവസാനമായി ഒരു കേസ് എടുത്തിട്ടുണ്ട്. അതിന്റെ എഫ്.ഐ.ആർ .... (ബഹളം) ...

ശ്രീ. കെ.എം. മാണി : സർ, ഈ ഭരണകക്ഷി ഇത്രമാത്രം അസഹിഷ്ണുത കാണിക്കുന്നതെന്താ.

***** സഭാധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം നിക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഇവിടെ ശ്രീ. എ.കെ. ആന്റണിയെക്കുറിച്ച് എന്തെല്ലാം പറഞ്ഞു. ഞങ്ങൾ ഇവിടെ കേട്ടുകൊണ്ട് ഇരിക്കുകയല്ലായിരുന്നോ?

ഇവിടെ ഞാൻ പറഞ്ഞത് ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് എതിരെ പല കേസ്സുകളും എടുത്തു. ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് എതിരായിട്ട് ഏറ്റവും അവസാനം കൊണ്ടുവന്ന കേസ്സിൽ എന്താണ് പറഞ്ഞിരിക്കുന്നത്. ഫയൽ ചെയ്തിരിക്കുന്ന എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുന്നത് അദ്ദേഹം മന്ത്രിയായിരുന്ന കാലത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ കാർ ഉപയോഗിച്ചത് അഴിമതിയാണെന്നാണ്. അത് ലജ്ജാകരമായ ഒരു സംഗതിയല്ലേ? ശ്രീ. ടി. ശിവദാസമേനോൻ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയായിരുന്ന ആളാണ്. അദ്ദേഹം ഇലക്ട്രിസിറ്റി ബോർഡിന്റെ കാർ ഉപയോഗിച്ചിട്ടില്ലേ? ശ്രീ. ശർമ്മ ഉപയോഗിച്ചില്ലേ ? ഇവിടെ ഇലക്ട്രിസിറ്റി ബോർഡിന്റെ മന്ത്രിമാരായിരുന്ന എത്രപേർ കാറുകൾ ഉപയോഗിച്ചു? കഴിഞ്ഞ ബന്ദിന്റെ ദിവസം ശ്രീ.പി.ജെ. ജോസഫിന്റെ വണ്ടിക്ക് നേരെ എറിഞ്ഞു. അത് കേരളാ സ്റ്റേറ്റിന്റെ വണ്ടിയായിരുന്നില്ല. അതൊരു ഡിപ്പാർട്ടുമെന്റ് വണ്ടിയായിരുന്നു. ഒരു വകുപ്പ് കൈകാര്യം ചെയ്യുന്ന ഒരു മന്ത്രി ഒരു വണ്ടി ഉപയോഗിച്ചതിന് ആ വണ്ടിയിൽ സഞ്ചരിച്ചു എന്ന് പറഞ്ഞു അദ്ദേഹത്തിന്റെ പേരിൽ എഫ്.ഐ.ആർ. ഫയൽ ചെയ്തിരിക്കുകയാണ്. ഈ ഒരു സമീപനം ശരിയല്ല. ഇങ്ങനെ രാഷ്ട്രീയപ്രതിയോഗികളോട് നിങ്ങൾക്ക് ഇഷ്ടമുള്ളതെല്ലാം ചെയ്യുന്ന ഒരു സാഹചര്യത്തിലേക്ക് നിങ്ങൾ എത്തിയിരിക്കുന്നു. രാഷ്ട്രീയ കൊലപാതകങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 47 രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായി. രാഷ്ട്രീയ കൊലപാതകങ്ങൾ ഏറ്റവും കൂടുതൽ ഉണ്ടായിരിക്കുന്നത് കണ്ണൂരും കാസർഗോഡുമാണ്. കണ്ണൂരിൽ 19 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. രാഷ്ട്രീയ സംഘട്ടനങ്ങൾ 729. ആകെ ഉണ്ടായിരിക്കുന്നത് 3287 രാഷ്ട്രീയ സംഘട്ടനങ്ങളാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ 47. കാസർഗോഡ് രാഷ്ട്രീയ കൊലപാതകം 5, രാഷ്ട്രീയ സംഘട്ടനം 510. കണ്ണൂരിൽ തന്നെ തലശ്ശേരിയിൽ കൂത്തുപറമ്പ്,താനൂർ,ചൊക്ളി എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികളിലാണ് ഏറ്റവും കൂടുതൽ സംഘട്ടനങ്ങളുണ്ടായത്. അവിടങ്ങളിൽ 15 രാഷ്ട്രീയ കൊലപാതകങ്ങളും 262 രാഷ്ട്രീയ സംഘട്ടനങ്ങളുമുണ്ടായി. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ കണ്ണൂർ ജില്ലയിൽ മാത്രം 50 ഓളം സമാധാന യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുണ്ട്. അതുപോലെതന്നെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ എടുക്കാം. ഹോസ്ദുർഗ്ഗ് സി.പി.ഐ(എം) ന്റെ പ്രതിനിധിയുടെ സ്ഥലമാണ്. ഹോസ്ദുർഗ്. 16 കൊലപാതകങ്ങൾ, 307 സംഘട്ടനകൾ, 360 രാഷ്ട്രീയ സംഘട്ടനങ്ങൾ. 31 കൊലപാതകശ്രമങ്ങൾ, 966 ദേഹോപദ്രവങ്ങൾ, 132 വസ്തു നശിപ്പിക്കൽ കേസ്സുകൾ. നിയമസഭയിൽ തന്ന കണക്കിൽ നിന്നാണ് ഞാൻ പറയുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 4415 സ്ത്രീപീഢന കേസ്സുകൾ ഉണ്ടായി. ബലാൽസംഗങ്ങൾ 1530. നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്ന കണക്കാണ്. വ്യാജമദ്യ ലോബിയുടെ മർദ്ദനമേറ്റ് മൃതപ്രായരായ ആളുകളുടെ 24 കേസ്സുകളുണ്ടായിട്ടുണ്ട്. വേറെ ഒന്ന് പോലീസുകാർ പ്രതികളായിരിക്കുന്ന കേസ്സുകളുണ്ട്. വേലി തന്നെ വിളവ് തിന്നുന്നത്. പോലീസുകാർ പ്രതികളായിട്ടുള്ള മൊത്തം കേസ്സുകൾ 622. അതിൽ 7 ബലാൽസംഗ കേസ്സ്, 324 ദേഹോപദ്രവ കേസ്സ്, 14 മോഷണ കേസ്, 12 പിടിച്ചുപറി, 3 കബളിപ്പിക്കൽ കേസ്സ്. ഇതിലെല്ലാം പോലീസുകാരാണ് പ്രതികൾ. അതുപോലെ തന്നെ ഫെബ്രുവരിയിൽ തന്ന

LIBRARY ARCHIVES Kerala Legislative Assembly

കണക്ക് അനുസരിച്ച് 84 തടവ് പുള്ളികൾ ചാടി രക്ഷപ്പെട്ടു. ഇന്നലെ കോട്ടയത്ത് കൊലക്കേസിലെ പ്രതി വിധിപറയുന്നതിന് 10 മിനിട്ടിന് മുമ്പ് പോലീസിനെ വെട്ടിച്ച് കടന്നുകളഞ്ഞു.

അതുപോലെതന്നെ വാറ്റ് ചാരായത്തിന്റെയും മയക്കുമരുന്നിന്റെതുമായി 11,588 കേസ്സുകൾ ഉണ്ടായി. എന്നിട്ട് ചാർജ്ജ് ചെയ്തത് എത്ര? അവിടെയാണ് പ്രശ്നം? ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഒരു കണക്കാണ്.

മറ്റൊരു കണക്കു കേട്ടപ്പോൾ ഞങ്ങളെല്ലാവരും അന്തം വിട്ടുപോയി. കോളേജുകളിലുണ്ടായ പ്രശ്നങ്ങൾ ചെറിയ ഒന്നൂരണ്ടെണ്ണമാണെന്നാണ് വിചാരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാനും ശ്രീ. ജോണി നെല്ലൂരും ചോദിച്ചു. 30 എണ്ണം. ചോദ്യം ഇതാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ പരാതിയെത്തുടർന്നോ അല്ലാതെയോ എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരേയോ സി.പി.എം. പ്രവർത്തകർക്കെതിരേയോ പോലീസ് കേസ്സ് എടുത്തിട്ടുണ്ടോ? വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? പള്ളിക്കത്തോട്, ചങ്ങനാശ്ശേരി. തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം, തൃശ്ശൂർ ഈസ്റ്റ്, ഹേമാംബിക നഗർ, ആലത്തൂർ, ഫറൂക്ക്, കണ്ണൂർ ടൗൺ, കൂത്തുപറമ്പ് എന്നീ പോലീസ്സ്റ്റേഷനുകളിലായി മൊത്തം 30 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് ചോദ്യോത്തരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ കണക്കാണ്. നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഓരോ സംഭവത്തെ സംബന്ധിച്ചും നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

നിങ്ങൾ വിലക്കയറ്റത്തെ സംബന്ധിച്ച് പറഞ്ഞു. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ഞങ്ങൾ അധികാരം വിട്ടൊഴിയുമ്പോൾ അരിക്ക് 8 രൂപ വിലയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 15 രൂപയിൽ എത്തി നിൽക്കുന്നു. അതാണ് നാട്ടിലെ സ്ഥിതി. നമ്മുടെ സർക്കാരിന്റെ കാര്യങ്ങൾ വച്ചുനോക്കുമ്പോൾ പ്രകടനപത്രികയിലെ കാര്യങ്ങളെക്കുറിച്ച് ചോദിച്ചാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറയുന്നത്? പത്രിക വേറെ ഭരണം വേറെ. ഇതല്ലേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഷ്യം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ വളരെ വികാരഭരിതമായി പറഞ്ഞു. കണ്ണൂരിൽ ഉണ്ടാകുന്ന അനിഷ്ട സംഭവങ്ങളൊന്നും അനുകൂലിക്കുന്നില്ലെന്ന്. ഒരു കാര്യത്തിൽ ഞാൻ മറുപടി പറയട്ടെ. ഇവിടെ ശ്രീ. ഇ.പി. ജയരാജനെ നിഷ്ഠൂരമായി വെട്ടി പരിക്കേൽപ്പിച്ചു. കൊല്ലാൻ ശ്രമിച്ചു. കൊല്ലാൻവേണ്ടി വെട്ടി. കൊല്ലാൻ വേണ്ടിയാണ് വെട്ടിയതെന്ന് ശ്രീ. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഞാനും അതുതന്നെ പറയുന്നു. പക്ഷേ, ദൈവാനുഗ്രഹംകൊണ്ട് അദ്ദേഹം മരിച്ചില്ലെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. അദ്ദേഹത്തെ നിഷ്ഠൂരമായി വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചത് ബി.ജെ.പി. കാരും ആർ.എസ്.എസ്.കാരും തന്നെയാണ്. അതിന് സംശയമൊന്നുമില്ല. അതൊരു ഭാഗത്ത്. അതിനുശേഷമാണല്ലോ ശ്രീ. സി.കെ. ബാലൻ പോയി സമാധാന കരാർ ഒപ്പിട്ടത്. അതിന്റെ പിറ്റേദിവസമല്ലേ നിങ്ങൾ ജയകൃഷ്ണനെ വെട്ടിക്കൊന്നത്? അത് എവിടെയെങ്കിലും ന്യായീകരിക്കാൻ പറ്റുമോ? ഒരിക്കലും ന്യായീകരിക്കാൻ പറ്റില്ല. ശ്രീ. ഇ.പി. ജയരാജന്റെ കാര്യത്തെക്കുറിച്ച് അങ്ങ് ചോദിച്ചല്ലോ. ഞങ്ങളുടെകൂടെ എം. എൽ.എ. ആയിരുന്ന ആളാണ് ശ്രീ. ഇ.പി. ജയരാജൻ. അദ്ദേഹത്തെ കൊല്ലാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിച്ചു. അതിനെ ഞങ്ങൾ ന്യായീകരിച്ചില്ല. അദ്ദേഹത്തിന് പരിക്ക് പറ്റി മദ്രാസിലെ ആശുപത്രിയിൽ കിടക്കുമ്പോൾ കാണാൻ പോയ ആളാണ് ഞാൻ. ആ ജയരാജനെ വധിക്കാൻ ശ്രമിച്ചതിൽ രണ്ട് പ്രതികളുണ്ട്. ആ രണ്ട് പ്രതികളിൽ ഒരാളായ ചക്രംചാൽ ശശിയെ കൂത്തുപറമ്പിൽ വച്ച് ബസിനകത്തിട്ട് വെട്ടിക്കൊന്നത് ആരാണ് ഗോവിന്ദൻ മാസ്റ്ററെ? അപ്പോൾ രണ്ട് പ്രതികളുള്ളതിൽ ഒരു പ്രതിയെ സി.പി.എം. തന്നെ കുറ്റവിചാരണ നടത്തി വധശിക്ഷയ്ക്ക് വിധിച്ചു. അതാണ് അതിന്റെ പ്രശ്നം. ഈ നിലയിൽ ...

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, അദ്ദേഹം ബസിനകത്തു വച്ച് ഹൃദയസ്തംഭനംമൂലം മരിച്ചതാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ചക്രംചാൽ ശശി ബസിനകത്തു വച്ച് ഹൃദയംസ്തംഭനംമൂലം മരിച്ചു എന്ന് ഞാൻ തിരുത്തണമോ? അതുകൊണ്ട് കണ്ണൂരിൽ അക്രമരാഷ്ട്രീയമുണ്ടായതിനാൽ സി.പി.എം.ന്റെ പങ്ക് നിങ്ങൾക്ക് കുറച്ച് കാണാൻ സാദ്ധ്യമല്ല. ഈ രാഷ്ട്രീയ കൊലപാതകങ്ങളിൽ എല്ലാം ഒരു ഭാഗത്ത് സി.പി.എം. ഉണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയ്ക്ക് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള രാഷ്ട്രീയ കൊലപാതകങ്ങളെ സംബന്ധിച്ച് നിങ്ങൾ എന്ത് സമീപനം സ്വീകരിക്കുന്നു? നിങ്ങൾ അഴിമതിക്കെതിരെ പറയുന്നുണ്ടല്ലോ. പശ്ചിമബംഗാളിൽനിന്നും നിങ്ങൾ വൈദ്യുതി കൊണ്ടുവന്നു. ഇവിടെ തന്നിരിക്കുന്ന മറുപടിയിൽ ശ്രീ. ശർമ്മ തന്നെ പറഞ്ഞിരിക്കുന്നു ഇതിൽ 33 കോടി രൂപയുടെ നഷ്ടം സംസ്ഥാനത്തെ ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടായിരിക്കുന്നുവെന്ന്. ആർക്കാണ് അതിന്റെ ഉത്തരവാദിത്വം? 386 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയതിൽ 33 കോടി രൂപയുടെ നഷ്ടം. അപ്പോൾ അഴിമതിക്കും സ്വജനപക്ഷപാതത്തിനും എതിരേ സംസാരിക്കുക മാത്രമാണ് നിങ്ങളുടെ ലക്ഷ്യം. പ്രവൃത്തിയിൽ സ്വജനപക്ഷപാതവും അഴിമതിയും ധൂർത്തും നിങ്ങൾ മുഖമുദ്രയാക്കിയിരിക്കുകയാണ്. അങ്ങനെയുള്ള ഒരു സർക്കാർ കൊണ്ടുവന്നിരിക്കുന്ന ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാജു)

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഒരു ഗവൺമെന്റിന്റെ നേട്ടങ്ങൾ നമ്മൾ വിലയിരുത്തുമ്പോൾ നമ്മൾ ആദ്യം നോക്കുന്നത് ആ ഗവൺമെന്റ് സമൂഹത്തിലെ ദുർബലജനവിഭാഗങ്ങളോട് സ്വീകരിക്കുന്ന സമീപനം എന്താണെന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്തിന്റെ പ്രാദേശിക വികസനം ത്വരിതപ്പെടുത്തുന്നതിനും മതേതരത്വം കാത്തുസൂക്ഷിക്കുന്നതിനും ദുർബലജനവിഭാഗങ്ങളോട് നീതി പുലർത്തുന്നതിനും പരമാവധി ശ്രമിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇതിനു തൊട്ടുമുമ്പ് അധികാരത്തിലിരുന്ന യു.ഡി.എഫ് ഗവൺമെന്റ് പരാജയപ്പെട്ട പല രംഗങ്ങളിലും നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനത്തിന്റെ ഫലമായി ഈ ഗവൺമെന്റിന് വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് എത്രയോ വർഷങ്ങളായി പരിഹാരം കാണാതെ കിടന്നിരുന്ന ആദിവാസികളുടെ ഭൂമിയുടെ പ്രശ്നം, ഗിരിവർഗ്ഗ ഭൂമി കൈമാറ്റത്തിന്റെ പ്രശ്നം, കരുണാകരനും ആന്റണിയും ഉൾപ്പെടെയുള്ള മുഖ്യമന്ത്രിമാർ ഈ സംസ്ഥാനം ഭരിക്കുമ്പോൾ എന്തുകൊണ്ട് ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനംതന്നെയാണ് അതിനുവേണ്ടി ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ ഒരു നിയമം പാസ്സാക്കാൻ കഴിഞ്ഞത്. എന്തുകൊണ്ട് അത് അന്ന് പരിഹരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല? മലയോരകർഷകരുടെ പ്രശ്നം ഇവിടെ ബഹുമാനപ്പെട്ട ഡോ. കെ.സി. ജോസഫ് വിശദീകരിച്ചു. 1980-ലാണ് കേന്ദ്ര വനസംരക്ഷണ. നിയമം വരുന്നത്. എന്തുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആ പ്രശ്നത്തിൽ വിജയംവരിക്കാൻ കഴിഞ്ഞില്ല? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തരമായ അനുസൃതമായ നിലയ്ക്കാത്ത പ്രവർത്തനങ്ങളുടെ ഫലമായി തന്നെയാണ്. ആ നിയമനിർമ്മാണത്തിന് റവന്യൂ വകുപ്പുമന്ത്രി നേതൃത്വംകൊടുത്തുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി തന്നെയാണ് അവരുടെ ഭൂമിയിൽ അവർക്ക് പട്ടയംകൊടുക്കാൻ കഴിഞ്ഞത്. കഴിഞ്ഞമാസം 25-ാം തീയതി ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽ വച്ച് ആ പട്ടയ വിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ശ്രീ. ഇ.എം. അഗസ്തി അതിന് സാക്ഷിയാണ്. ആ പ്രശ്നത്തിൽ ഈ ഗവൺമെന്റ് എടുത്ത സമീപനം എത്ര ജനാധിപത്യ ബോധത്തോടുകൂടിയുള്ള സമീപനമാണ്. എത്ര ഉദാരമായ സമീപനമാണെന്ന് നിങ്ങൾ കാണണം. ആ പട്ടയവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ ഭരണപക്ഷത്തും പ്രതികപക്ഷത്തുമുള്ള പാർട്ടികളിൽനിന്ന് ചില പരാതികൾ ഉയർന്നുവന്നപ്പോൾ അതൊന്നും ചെവിക്കൊള്ളുകയില്ലായെന്നുള്ള സമീപനമൊന്നും ഈ ഗവൺമെന്റ് സ്വീകരിച്ചില്ല. പട്ടയം ലഭിക്കുന്നതിന് ഒരേക്കറിന് അയ്യായിരം രൂപ നഷ്ടപരിഹാരമായി കൊടുക്കണമെന്നാണ് ആദ്യം തീരുമാനിച്ചിരുന്നത്. 25 സെന്റിൽ താഴെയുള്ള ഭൂമി മാത്രമാണ് അതിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നത്. അന്ന് ഞാനുൾപ്പെടെയുള്ള ആളുകൾ അതിനെതിരെ പ്രതികരിച്ചില്ല. പ്രതിപക്ഷത്തുനിന്നും ധാരാളം പ്രതികരണങ്ങളും ഉണ്ടായി. ഈ ഗവൺമെന്റ് എത്ര ജനാധിപത്യബോധത്തോടുകൂടി അതിനെതിരെ പ്രതികരിച്ചു. രണ്ടേക്കർ വരെ ഭൂമിയുള്ള മുഴുവൻ ആളുകളെയും ആ നഷ്ടപരിഹാരത്തിൽനിന്ന് ഒഴിവാക്കി. അതുപോലെ മൂന്നേക്കർ ഭൂമിക്ക് ആയിരം രൂപയും നാലേക്കർ ഭൂമിക്ക് 2500 രൂപയും നിശ്ചയിക്കാൻ വേണ്ട നീക്കങ്ങൾ നടത്താൻ അത്തരത്തിലുള്ള പരിഹാരങ്ങൾ ഏർപ്പെടുത്താൻ ഈ ഗവൺമെന്റ് ശ്രമിക്കുകയാണ്. അതിനുവേണ്ടി ഈ ഉപധനാഭ്യർത്ഥനയിൽ 348 അഡീഷണൽ പോസ്റ്റുകൾ സൃഷ്ടിക്കുകയാണ്. നിങ്ങൾ അതിനെതിരാണോ? ഇടുക്കിയിലെ മലയോര മേഖലയിലെ മലയോര കർഷകർക്ക് പട്ടയം കൊടുക്കാൻ 10 ലാന്റ് അസൈൻമെന്റ് ഓഫീസുകൾ സ്ഥാപിക്കാൻ 348 പോസ്റ്റുകൾ, അതിനുവേണ്ടി സ്ഥലം കണ്ടെത്തുന്നതിനെയാണോ ഇടുക്കിജില്ലയിൽ നിന്നുള്ള ബഹുമാന്യനായ അഗസ്തിയും എ.കെ. മണിയും എതിർക്കുന്നത് എന്നുപറയണം. ആ പണം അനുവദിക്കുകയില്ലായെന്നാണോ നിങ്ങൾ പറയേണ്ടത്? റവന്യൂ വകുപ്പുമന്ത്രി അർദ്ധശങ്കക്ക് ഇടനൽകാതെ പ്രസ്താവിച്ചിട്ടുള്ളതാണ് ആദിവാസികളുടെ കൈവശഭൂമിക്ക് പട്ടയംകൊടുക്കുമെന്ന്. ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഒരേക്കർ ഭൂമി കൊടുക്കുമെന്ന് പറഞ്ഞത് ഈ സഭയിലാണ്. ആ ഭൂമി കണ്ടെത്തുമെന്നും വിലയ്ക്കു വാങ്ങിയിട്ടാണെങ്കിലും ആ ഭൂമി ആദിവാസികൾക്ക് കൊടുക്കുമെന്നും ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. നാളെ രാവിലെ അതായത് 24-ാം തീയതി രാവിലെ 10 മണിക്ക്, ബഹുമാനപ്പെട്ട എ.കെ. മണി ശ്രദ്ധിക്കണം.... എ.കെ. മണിയുടെ നിയോജകമണ്ഡലമായ ദേവികുളത്തെ മാങ്കുളത്ത് ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് അവിടെ ഭൂമി കൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. മണി : ഭൂമി കൊടുക്കും, ഭൂമി കൊടുക്കുമെന്ന് പറയുന്നത് മാത്രമല്ലേ ചെയ്തിട്ടുള്ളൂ. അവിടെ ഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് ഭൂമി ഉണ്ടെങ്കിലല്ലേ കൊടുക്കാൻ കഴിയൂ? അവിടെ ഭൂമിയില്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ഭൂമി കണ്ടെത്തി കൊടുക്കുമെന്നാണല്ലോ ആദിവാസികളുടെ കാര്യത്തിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ശ്രീ. എ.കെ. മണിയുടെ നിയോജകമണ്ഡലമായ ദേവികുളത്തെ മാങ്കുളത്ത് നാളെ ഭൂരഹിതരായിട്ടുള്ള കർഷകത്തൊഴിലാളികൾക്ക് ഈ ഗവൺമെന്റ് ഭൂമി കൊടുക്കുകയാണ്. എന്തുകൊണ്ട് നിങ്ങളുടെ ഭരണകാലത്ത് അത് ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞില്ലേ? ഇവിടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുവേണ്ടി ദുരിതാശ്വാസത്തിനുള്ള സഹായംകൊടുക്കുന്നതിനുവേണ്ടി രണ്ടു കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ഞാനും നിങ്ങളുമുൾപ്പെടെയുള്ള എത്ര പേർക്കാണ് അവർ കൊടുത്തിട്ടുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ദുരിതാശ്വാസനിധിയിൽനിന്നും പണം കിട്ടിയിട്ടുള്ളത്? എം.എൽ.എ.മാർ കൊടുക്കുന്ന നിവേദനങ്ങളിൽ ദുരിതാശ്വാസ ഫണ്ടിൽനിന്നും എത്രയോ പാവപ്പെട്ടവർക്ക് സഹായം ലഭിക്കുന്നു. ഇ.എം. അഗസ്തി ഉൾപ്പെടെയുള്ള ആളുകൾ മുഖ്യമന്ത്രിക്ക് മുമ്പാകെ നിവേദനംകൊടുത്ത് ആവശ്യപ്പെട്ട എത്രയോ ആളുകൾക്ക് ആ ദുരിതാശ്വാസനിധിയിൽനിന്നും പണം കൊടുക്കുന്നു. അതിന് തുടക്കംകുറിക്കാൻ രണ്ടുകോടി രൂപ കണ്ടെത്താൻ അതിനുവേണ്ടി ശ്രമിക്കണ്ടേ? അതിനുവേണ്ട പണം കണ്ടെത്തണ്ടേ? ഒറീസ്സാ ദുരിതാശ്വാസനിധിയിലേക്ക് 50 ലക്ഷം രൂപ കൊടുക്കണം. അതിനുള്ള പണം കണ്ടെത്തണ്ടേ? അത് ആവശ്യമില്ലേ? അതുകൊണ്ട് ഇതിൽ ഏത് നടപടികളെയാണ് നിങ്ങൾ എതിർക്കുന്നത്? ഏറ്റവും കാരുണ്യപരമായ പ്രവർത്തനത്തിനുവേണ്ടി മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങളെ, ആ പ്രവർത്തനങ്ങളെയാണ് രാഷ്ട്രീയ വൈരനിര്യാതനബുദ്ധിയോടെ നിങ്ങൾ നിരന്തരമായി എതിർത്തുകൊണ്ടിരിക്കുന്നത് എന്നുള്ള സത്യം നിങ്ങൾ തിരിച്ചറിയണം എന്നാണെനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ശുദ്ധജലവിതരണത്തിനുവേണ്ടി, ശുദ്ധജല വിതരണപദ്ധതികളുടെ നടത്തിപ്പിനായി രണ്ടുകോടിരൂപ ചെലവഴിക്കുന്നത് തെറ്റാണോ? നമ്മുടെയെല്ലാം നിയോജകമണ്ഡലങ്ങളിൽ ഇനിയും കുടിവെള്ളംകിട്ടാത്ത എത്രയോ പ്രദേശങ്ങളുണ്ട്; എത്രയോ ജനവിഭാഗങ്ങളുണ്ട്. അവരുടെയെല്ലാം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് എനിക്ക് പ്രതീക്ഷയില്ല. ഏതായാലും ഒരു സംസ്ഥാനഗവൺമെന്റിന്റെ പരിമിതമായ സമയമുപയോഗിച്ച്, അലാവുദ്ദീന്റെ അത്ഭുതവിളക്കുകൊണ്ട് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു എന്നുവരില്ല. പക്ഷേ ശുദ്ധജലവിതരണപദ്ധതികൾ നടപ്പാക്കാൻ രണ്ടുകോടിരൂപ മാറ്റിവച്ചത് അതിനെ അഭിനന്ദിക്കേണ്ടതിനു പകരമാണോ നിങ്ങൾ അതിനെ എതിർക്കുന്നത്? തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി ഒരുകോടിരൂപ ചെലവഴിക്കുന്നതിനെയാണോ നിങ്ങൾക്ക് എതിർപ്പുള്ളത്? നിങ്ങൾക്ക് ഏത് കാര്യത്തോടാണ് എതിർപ്പ്?

മി: ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പറുടെ സമയംകഴിഞ്ഞു, വേഗം പറഞ്ഞവസാനിപ്പിക്കണം.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : 1998-ന് മുമ്പ് റിട്ടയർചെയ്ത കശുവണ്ടിത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻവേണ്ടി രണ്ടു കോടിരൂപ ചെവഴിക്കുന്നതിനെയാണോ നിങ്ങൾ എതിർക്കുന്നത്? അടച്ചുപൂട്ടിയ ഫാക്ടറിത്തൊഴിലാളികൾക്ക് എക്സ്-ഗ്രേഷ്യാ കൊടുക്കാൻ 22 ലക്ഷം

രൂപ ചെലവഴിക്കുന്നതിനെയാണോ നിങ്ങളെതിർക്കുന്നത്? ഏതിനെയാണ് നിങ്ങൾ എതിർക്കുന്നതെന്ന് പറയണം. മനുഷ്യാവകാശകമ്മിഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 120 ലക്ഷംരൂപയാണ് ചെലവഴിക്കേണ്ടിവരുന്നത്. ബ്രഹ്മപുരം ഡീസൽ പ്ലാന്റിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അഴിമതികളെക്കുറിച്ച് നമുക്കറിയാം. ഈ ഗവൺമെന്റ് പലകാര്യങ്ങളിലും വളരെയേറെ തുക ചെലവഴിക്കേണ്ടി വന്നതെന്തുകൊണ്ടാണ്? അക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്താൻ-ബ്രഹ്മപുരം ഡീസൽ പ്ലാന്റിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട അഴിമതിയെക്കുറിച്ച് ഉയർന്നുവന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഈ ഗവൺമെന്റിന് തുക ചെലവഴിക്കേണ്ടിവന്നു. അത് 16,672 രൂപയാണ്. അത്തരത്തിൽ നിങ്ങൾ നടത്തിയിട്ടുള്ള അഴിമതികളെക്കുറിച്ച് അന്വേഷിപ്പിക്കുന്നതിലും ഈ ഗവൺമെന്റിന് തുക ചെലവഴിക്കേണ്ടതായിട്ട് വന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുള്ള അഴിമതികളെക്കുറിച്ച് അന്വേഷിപ്പിക്കുന്നതിന്റെ ചുമതലയും ഭാരവുമൊക്കെ താങ്ങേണ്ടിവരുന്നത് ഞങ്ങളുടെ ഗവൺമെന്റാണ്. ഇവിടെ പശ്ചിമഘട്ടത്തിന്റെ വികസനത്തിനുവേണ്ടി ഒരു കോടി 17 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഈ പശ്ചിമഘട്ട വികസനപദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകളൊക്കെ ഈ ഗവൺമെന്റ് നടത്തിയിരിക്കുകയാണ്. ഇക്കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ആ നിലയിൽ കാണാൻ നിങ്ങൾക്ക് കഴിയണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റ് രാഷ്ട്രീയപ്രശ്നങ്ങൾ ഉണ്ടാവാം, അക്കാര്യങ്ങളെക്കുറിച്ച് ചർച്ചകളുണ്ടാവാം. പ്രാദേശികവികസനവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ....

<u>ശ്രീ. കെ.സി. ജോസഫ്</u> : റാവുത്തറേ നിങ്ങൾക്ക് നാളെ ഇവിടെ ഈ പറയുന്നത് മാറ്റി പറയേണ്ടിവരും.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : നാളെ മാറ്റി പറയുന്നത് നിങ്ങൾക്കും പറയാം. ശ്രീ. കെ.സി. ജോസഫും മാറ്റി പറഞ്ഞിട്ടുണ്ട്. കെ.സി. ജോസഫ് ആദ്യം രാഷ്ട്രീയത്തിലേക്ക് നീങ്ങിയിരുന്ന സന്ദർഭത്തിൽ പറഞ്ഞ കാര്യം-ഇന്ദിരാഗാന്ധിക്കുവേണ്ടി പറഞ്ഞകാര്യം ഇന്ദിരാഗാന്ധിക്ക് എതിരായി പറഞ്ഞിട്ടുണ്ട്. പിന്നീട് തിരിച്ചുപോയി ഇന്ദിരാഗാന്ധിക്ക് അനുകൂലമായി പറഞ്ഞിട്ടുണ്ട്. അങ്ങനെ അപ്പുറത്തിരിക്കുന്ന നിങ്ങൾ ഓരോരുത്തരും നിരന്തരമായി മാറ്റിപ്പറഞ്ഞിട്ടുണ്ട്, പറഞ്ഞകാര്യങ്ങളുണ്ട്. ജോസഫ് പറഞ്ഞകാര്യങ്ങൾ പിന്നീട് മാറ്റിപ്പറഞ്ഞിട്ടുണ്ട്. ഇന്ദിരാഗാന്ധി തെരഞ്ഞെടുപ്പിൽ തോറ്റപ്പോൾ ഉപ്പ് തിന്നവർ വെള്ളംകുടിക്കുമെന്ന് പറഞ്ഞുകൊണ്ട് ഇന്ദിരാഗാന്ധിയെ കൈയൊഴിഞ്ഞുപോയവരാണ് എ.കെ. ആന്റണി ഉൾപ്പെടെയുള്ള കോൺഗ്രസ്സിലെ നേതാക്കന്മാർ. അതുകൊണ്ട് ജി. കാർത്തികേയനെങ്കിലും അത് വിസ്മരിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. നിങ്ങളും മാറ്റിപ്പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ അപ്പുറത്തിരുന്നുകൊണ്ട് മറുപടിപറയുന്നതിനെക്കുറിച്ചൊന്നും ഇവിടെയിപ്പോൾ പറയേണ്ട. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ, ജനകീയാസൂത്രണത്തിന്റെപേരിൽ നമ്മുടെ സംസ്ഥാനത്ത് ഒട്ടാകെ നടക്കുന്ന പ്രവർത്തനങ്ങളുടെ പേരിൽ, ഏതെങ്കിലും ഭാഗത്തുനിന്ന് ഉയർന്നുവരുന്ന ചില ആക്ഷേപങ്ങളുടെ പേരിൽ, ആരോപണങ്ങളുടെ പേരിൽ നിങ്ങളുടെ പഞ്ചായത്തിൽ അവിടെയുള്ള പഞ്ചായത്തുപ്രസിഡന്റുമാർകൂടി മുൻകൈയെടുത്തുകൊണ്ട് ഇന്നും ഇടുക്കിയിലുള്ള യു.ഡി.എഫ്.ന്റെ പല പഞ്ചായത്തുപ്രസിഡന്റുമാരും ആ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപ്പാക്കുന്നതിനും എതിരാണെന്ന് നമുക്കറിയാം-അങ്ങനെ നിങ്ങളുടെ കക്ഷിയിലുള്ള പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly

ത്തുപ്രസിഡന്റുമാർകൂടി പങ്കെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനമൊട്ടാകെ നടക്കുന്ന വികസനപ്രവർത്തനങ്ങളെ നിങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണോ? ആ വികസനപ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്തെ ഗ്രാമങ്ങളെ ചലനാത്മകമാക്കിയിട്ടുണ്ട്. വൈദ്യുതിയുൽപ്പാദനരംഗത്ത് റെക്കോർഡ് സൃഷ്ടിക്കുവാൻ ഈ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. 600 മെഗാവാട്ടിലധികം വൈദ്യുതി ഉൽപ്പാദിപ്പിച്ചുകൊണ്ട് അജയ്യമായ ജൈത്രയാത്രയാണ് സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ നിലയിൽ പ്രത്യുൽപ്പാദനരംഗത്തും സേവനരംഗത്തും വികസനരംഗത്തും മാതൃകാപരമായി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നിങ്ങൾ രാഷ്ട്രീയത്തിനതീതമായി കാണാൻ തയ്യാറാകണമെന്നും അവയെ നിങ്ങൾ ഉൾക്കൊള്ളണമെന്നും ഞാൻ വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങുന്നു.

<u>ശ്രീ. വി.സി. കബീർ</u> : സർ, 1999-2000 ആണ്ടിലേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. പ്രതിപക്ഷത്തെ ആളുകൾ പ്രസംഗിക്കുന്നതു കേട്ടപ്പോൾ ഒരു പ്രകൃതി നിയമാണെന്ന് തോന്നും. "ക്ഷീരമുള്ളോരകിടിൻചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം". പ്രകൃതിനിയമം നല്ലതാണ്. ഞങ്ങൾ അപ്പുറത്തിലിരുന്നാലും ഏതാണ്ട് ഇതുപോലെ പറയും. പക്ഷെ, നിങ്ങൾ പറയുന്നതു കേൾക്കുമ്പോൾ ഞങ്ങളോട് അടങ്ങാത്ത പകയുണ്ടെന്ന് തോന്നും. അതുകൊണ്ട് ഞങ്ങൾ നല്ലതുചെയ്താലും നിങ്ങൾ കുറ്റം പറയും. എന്താണ് ചെയ്യുക? ഞാൻ അതിനെ അത്രയേ കാണുന്നുള്ളൂ. സാമ്പത്തികമായി വളരെയധികം ഞെരുങ്ങിയാണ് പല സംസ്ഥാനങ്ങളും കടന്നുപോകുന്നത്. വടക്കേ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും ജീവനക്കാർക്ക് ആറുമാസമായിട്ട് ശമ്പളം കൊടുത്തിട്ടില്ല, ഭാര്യമാരുടെ താലിവരെ പണയംവച്ചിട്ടാണ് അവിടത്തെ ആളുകൾ റേഷൻ വാങ്ങുന്നത്. അങ്ങനെയുള്ള സമയത്തുപോലും കേരളത്തിൽ ട്രഷറി അടയ്ക്കാതെ ശമ്പളവർദ്ധനവ് കൊടുക്കുന്നു, മാസശമ്പളം കൊടുക്കുന്നു. ഇതാ, ക്രിസ്തുമസ്സ് പ്രമാണിച്ചുള്ള ശമ്പളവും കൊടുത്തുതുടങ്ങി. അങ്ങനെയുള്ള ഒരു സംസ്ഥാന ഗവൺമെന്റിനെ ഇങ്ങനെ വിമർശിച്ചാൽ എന്താണ് ചെയ്യുക? കണ്ണിൽ ചോരയില്ലാതെ ഇങ്ങനെ വിമർശിച്ചാലോ? ഞാൻ ഈ സഭയിൽ വന്നത് 1980-ലാണ്. കൊല്ലം കുറെയായി. അന്ന് എന്റെ ആദ്യത്തെ പ്രസംഗത്തിൽ എന്റെ നാട്ടിലെ ഒരു കാര്യം പറഞ്ഞിരുന്നു. ഒറ്റപ്പാലം-മായനൂർ പാലം നിർമ്മിക്കണമെന്ന്. ഞാൻ പറഞ്ഞുകൊണ്ടേയിരുന്നു. പക്ഷെ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ശിവദാസമേനോൻ അതിന് തറക്കല്ലിട്ടു. ഒറ്റപ്പാലത്തെ ജനങ്ങളുടെ നന്ദിയും അതിരില്ലാത്ത സന്തോഷവും ഞാൻ ഈ ഗവൺമെന്റിന് സർപ്പിക്കുകയാണ്. അതിനായി 11 കോടി രൂപയാണനുവദിച്ചത്.

<u>ശ്രീ. ബി. വിജയകുമാർ</u> : ആരോഗ്യവകുപ്പിനെക്കുറിച്ച് അങ്ങ് പറയുമോ?

<u>ശ്രീ. വി.സി. കബീർ</u> : ആരോഗ്യവകുപ്പിനെക്കുറിച്ചൊക്കെ പിന്നീട് പറയാം. ഒറ്റപ്പാലം-മായനൂർ പാലത്തിന് പണം അനുവദിച്ചതിൽ പ്രത്യേകിച്ച് ധനകാര്യമന്ത്രിക്ക് നന്ദിരേഖപ്പെടുത്താൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ഞാൻ അത് ചെയ്യുന്നു. ബഡ്ജറ്റിൽ 20 ശതമാനം വകകൊള്ളിച്ചിട്ടില്ലെന്ന് പറഞ്ഞ് പല മരാമത്തു പണികളും മാറ്റിവയ്ക്കുന്നുണ്ട്. നമുക്ക് അതൊന്ന് മാറ്റണം. മുൻഗണന കൊടുത്തുകൊണ്ട് എം.എൽ.എ.മാരുമായി ബന്ധപ്പെട്ട് ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കേരളത്തിലെ അനാഥാലയങ്ങളിലെല്ലാംകൂടി ഏതാണ്ട് 45,000 കുട്ടികളുണ്ട്. ഞാൻ, നമ്പാടൻ മാസ്റ്റർ, സൂപ്പി തുടങ്ങിയവർ അതിലെ കമ്മിറ്റി മെമ്പർമാരാണ്. 100 രൂപയാണ് ആ കുട്ടികൾക്ക് ഭക്ഷണത്തിന് കൊടുക്കുന്നത്. ആ അനാഥശാലകളിലെ കുട്ടികൾക്കുവേണ്ടി ആളുകൾ നടന്ന് ഭിക്ഷയാചിക്കുന്നതുപോലെ പണം പിരിക്കുകയാണ്. അത് 150 രൂപയാക്കി നമുക്ക് കൊടുത്തുകൂടെ? അത് വലിയ നഷ്ടമുള്ള ഒരു കാര്യമല്ലെന്നാണ് തോന്നുന്നത്. അതുകൊണ്ട് 100 രൂപ എന്നുള്ള ഗ്രാന്റ് 150 രൂപയാക്കി കൊടുക്കുന്നതുകൊണ്ട് ഒരു കുഴപ്പവുമില്ല. അതിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മനസ്സുവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചിംഗ് നടപ്പിലാക്കാൻ തീരുമാനിച്ച ഗവൺമെന്റിന്റെ നടപടിയെ ഞാൻ പ്രശംസിക്കുന്നു. നമ്മുടെ സെക്രട്ടേറിയറ്റ്, കളക്ടറേറ്റ്, ഡി.പി.ഐ ഓഫീസ്, ഡി.എച്ച്.എസിന്റെ ഓഫീസ് ഇവയൊക്കെ ഒന്ന് നേരെയാകുമല്ലോ. അവിടെ കയറിച്ചെല്ലുമ്പോൾ കാലിക്കസേരകളെ കാണേണ്ടിവരികയില്ലല്ലോ. ജനങ്ങൾ സംതൃപ്തരാണ്. വളരെ നല്ലൊരു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ജോലി ചെയ്യണം, ഗവൺമെന്റ് ശമ്പളം തരുന്നതല്ലേ? നിങ്ങൾ ഭരിച്ചാലും ഞങ്ങൾ ഭരിച്ചാലും ഉദ്യോഗസ്ഥർ ജോലിചെയ്തേ പറ്റൂ. അതുകൊണ്ട് പഞ്ചിംഗ് സമ്പ്രദായത്തെ ഞാൻ അനുകൂലിക്കുന്നു. ഒപ്പം പോലീസിന്റെ ഏമാന്മാർ പോയി എൻ.ജി.ഒ. മാരെ ഭരിക്കാൻ പാടില്ല. പോലീസുകാർ പോയി തലയെണ്ണാൻ പാടില്ല. പണ്ട് സ്കൂളുകളിൽ എ.ഇ.ഒ മാർ വന്ന് തലയെണ്ണുന്നതിനെ എതിർത്തവരാണ് ഞങ്ങൾ. അതുകൊണ്ട് പോലീസുകാർ ചെന്ന് എൻ. ജി.ഒ.മാരുടെ തലയെണ്ണുന്ന സമ്പ്രദായത്തെ അവസാനിപ്പിക്കാം. ഈ നല്ല കാര്യങ്ങളൊക്കെ ചെയ്യുമ്പോൾ പ്രതിപക്ഷമായാലും നിങ്ങൾ ഞങ്ങളെ അനുകൂലിക്കണം. പരാതിയുണ്ടെങ്കിൽ പറഞ്ഞോ, നമുക്ക് തിരുത്താമല്ലോ? തിരുത്താൻ ഞങ്ങൾ തയ്യാറുമാണ്.

ക്രീമിലെയർ പ്രശ്നത്തിൽ സുപ്രീംകോടതിയുടെ ജഡ്ജ്മെന്റ് വന്നതിനുശേഷം കാര്യക്ഷമമായി കേരള ഗവൺമെന്റ് കാബിനറ്റുകൂടി ഈ കാര്യത്തെ സംബന്ധിച്ച് നടപടികളിലേയ്ക്ക് നീങ്ങുന്നു. ഇന്നലെ അർദ്ധരാത്രിയാണല്ലോ കാബിനറ്റ് കൂടിയത്. "അർദ്ധരാത്രിയിൽ സ്വാതന്ത്ര്യമെന്ന്" നമ്മൾ കേട്ടിട്ടുണ്ട്. അതുപോലെ അർദ്ധരാത്രിയിൽ കാബിനറ്റുകൂടി തീരുമാനമെടുക്കുകയും സത്വരമായി നായനാർ ഗവൺമെന്റ് മുന്നോട്ടുപോവുകയും ചെയ്തിട്ടുണ്ട്. അതിന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മന്ത്രിമാരെയും അഭിനന്ദിക്കുന്നു. അതിൽ ശ്രീ. ചെർക്കളം അബ്ദുള്ള ഗവൺമെന്റിനെ അഭിനന്ദിക്കുന്നതു കേട്ടപ്പോൾ എനിക്കും സന്തോഷം തോന്നി.

എന്റെ സ്നേഹിതൻ മാമ്മൻമത്തായിയെ ഇവിടെ കാണുന്നില്ല. അദ്ദേഹം പലപ്പോഴും സ്വപ്നം കാണാറുണ്ടാകും. ഇപ്പോൾത്തന്നെ അദ്ദേഹം സ്വപ്നം കണ്ടു. അത് ഇവിടെനിന്ന് ചില ആളുകൾ അങ്ങോട്ടു പോകുമെന്നാണ്. അതിൽ എന്റെ പേരും പറയുന്നത് കേട്ടു. അതൊരു പകൽക്കിനാവാണെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. കാര്യക്ഷമമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന് ക്രിയാത്മകമായ പിന്തുണയെങ്കിലും നിങ്ങൾ തരിക. ഞങ്ങൾ നന്നായി ഭരിക്കട്ടെ. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വിവിധ ജനവിഭാഗങ്ങളുടെ ഉത്തമ താൽപ്പര്യം സംരക്ഷിക്കുന്നതിന് പര്യാപ്തമായ വിധത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ ഒരു കൊല്ലക്കാലമായി കാർഷിക മേഖലയിൽ നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എല്ലാവർക്കും അറിയാം. ആ കാർഷികമേഖലയിൽത്തന്നെ ഒരു ഘട്ടത്തിൽ തെങ്ങിനെ ബാധിച്ചിട്ടുള്ള മണ്ടരി രോഗമുൾപ്പെടെയുള്ള പ്രതിസന്ധിയെ അതിജീവിച്ച് കൃഷിക്കാർക്ക് ആശ്വാസനടപടികളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. വ്യാവസായികരംഗത്ത് നമ്മുടെ സംസ്ഥാനത്ത് പ്രശ്നങ്ങളുണ്ട്. അവയെല്ലാം യഥോചിതം മനസ്സിലാക്കി വ്യാവസായിക രംഗം സമ്പുഷ്ടമാക്കാനുള്ള നടപടികൾ ആത്മാർത്ഥതയോടുകൂടി സ്വീകരിക്കുന്നുണ്ടോ ഇല്ലയോയെന്നുള്ളതാണ് പ്രശ്നം. ഒരു കാലഘട്ടത്തിൽ വ്യാവസായികമേഖലയിൽ ഉള്ള വ്യവസായങ്ങൾ അടച്ചുപൂട്ടേണ്ട സ്ഥിതി മുമ്പ് നമുക്ക് വന്നിട്ടുണ്ട്. പക്ഷെ തുടക്കത്തിലുണ്ടായിരുന്ന ഒരു താലൂക്കിൽ ഒരു വ്യവസായം എന്ന മുദ്രാവാക്യം പ്രാവർത്തികമായില്ല. വീട്ടിൽ ഒരാൾക്ക് തൊഴിൽ എന്ന മുദ്രാവാക്യവും ഒരു തട്ടിപ്പായിരുന്നു. ഇപ്പോൾ തൊഴിൽമേഖലയിൽ കുഴപ്പമില്ല. എന്തുകൊണ്ട് കുഴപ്പമില്ല? എല്ലാ പ്രശ്നങ്ങളും പൂർണ്ണമായി പരിഹരിച്ചുവെന്നുള്ളതുകൊണ്ടാണോ? അല്ല. വ്യാവസായിക-തൊഴിൽ മേഖലകളിൽ നിലനിൽക്കുന്ന സമാധാനപരമായ സ്ഥിതി നമുക്ക് കൈവരിക്കാൻ കഴിയുന്നതുകൊണ്ടാണ്, ജനങ്ങളെയും തൊഴിലാളികളെയും വിശ്വാസത്തിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമതാൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്ന ബോധം അവരിലും ഉണ്ടാക്കിക്കൊണ്ട് സഹകരണാത്മകമായി മുന്നോട്ടു നീങ്ങുന്നതുകൊണ്ടാണ് ഇപ്രകാരം സമാധാനം കൈവരിക്കാൻ കഴിഞ്ഞത്. സമരങ്ങൾ ഇല്ല. ഓരോസമരവും വരുമ്പോഴും കണ്ടറിഞ്ഞ് യഥാസമയം പ്രവർത്തിക്കുന്നു. എന്റെ സ്നേഹിതൻ, കബീർ മാസ്റ്റർ ഇവിടെ പറഞ്ഞു, ക്രിസ്തുമസ് ആരംഭിക്കുന്നു, ശമ്പളം കൊടുക്കുന്നു, വിശേഷ ആഘോഷ കാലത്ത് സ്കൂൾകുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ ഉൾപ്പെടെ കൊടുക്കാൻ തയ്യാറാകുന്നു. ആ രീതിയിൽ ഒരു സമരത്തിനും സാഹചര്യമില്ലാത്ത വിധത്തിൽ ഇപ്പോൾ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നു.

അതുപോലെതന്നെ ഊർജ്ജ പ്രതിസന്ധി. ഇതെല്ലാം പ്രതിപക്ഷങ്ങൾ പറയുമ്പോഴും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതിരംഗത്ത് നമുക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ നമുക്കെല്ലാവർക്കും അറിയാം. സമയക്കുറവുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. അതുപോലെതന്നെ ഭക്ഷ്യോൽപ്പാദനരംഗത്ത്, അതിന്റെ വിതരണരംഗത്ത് ഒക്കെയുള്ള ഡിസ്ട്രിബ്യൂഷൻ സിസ്റ്റം അതൊക്കെ മറ്റു സംസ്ഥാനങ്ങളിൽ അതിദയനീയമായ സ്ഥിതിയിലാണ് തുടരുന്നതെന്ന വസ്തുത അഖിലേന്ത്യാടിസ്ഥാനത്തിൽ നിൽക്കുമ്പോഴും നമ്മുടെ സംസ്ഥാനത്ത് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എത്രകണ്ട് ലഘൂകരിക്കണമെന്ന് ഉത്തരവാദിത്വത്തോടുകൂടി ഈ ഗവൺമെന്റ് കണ്ട് പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. നമുക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ട് എന്നുള്ളത് വസ്തുതയാണ്. അപ്പോഴും പൊതു വിതരണ ശൃംഖല മെച്ചപ്പെടുത്താൻ വേണ്ടിയുള്ള എത്രയോ നടപടികൾ സ്വീകരിച്ചിരിക്കുന്നു. അവസാനമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തുടങ്ങിവച്ചിട്ടുള്ള മാവേലിസ്റ്റോറുകളുടെ കാര്യമെടുത്താൽ എന്റെ മണ്ഡലത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോറിൽ ഒരു ദിവസം ഒമ്പതിനായിരം രൂപ കളക്ഷനുണ്ടായിരുന്നു. അത് ഒരു വില്ലേജ് ഏരി

യയിലാണ് സ്ഥിതിചെയ്യുന്നത്. ഒരു പഞ്ചായത്തിലുള്ള ആ മാവേലിസ്റ്റോറിൽ ഇപ്പോൾ പതിനൊന്നായിരം രൂപയുടെ ഡെയിലി കളക്ഷനുണ്ട്. അതാണ് ശൂര നാട് തെക്ക് പതാരത്തിൽ അനുവദിച്ചിട്ടുള്ള മാവേലിസ്റ്റോർ. അപ്പോൾ ജനങ്ങ ളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വിലക്കയറ്റത്തിന്റെ കെടുതിയിൽനിന്നും ജന ങ്ങളെ രക്ഷിക്കാനുള്ള ഉപാധികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ആ നടപ ടികളെ അഭിനന്ദിക്കാൻ നിങ്ങൾ വൈമുഖ്യം കാണിക്കുന്നതെന്തിനാണ്? ചില പ്പോൾ വാമനസ്റ്റോറിന്റെ ഉപജ്ഞാതാക്കൾ എന്ന നിലയിൽ ആളുകൾ വിമർശിക്കുമെന്ന് നിങ്ങൾ ഭയപ്പെടേണ്ട. കൂടുതൽ കൂടുതൽ വിലക്കയറ്റ ത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. നമുക്ക് ഇറിഗേഷൻ ഫെസിലിറ്റീസ് കുറവാണ്. അതിനാവശ്യമായ പണം കണ്ടെത്തണം. അങ്ങനെ ഇറിഗേഷൻ സൗകര്യ ങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് കാർഷികമേഖലയെയും കർഷകരെയും നമുക്ക് സഹായിക്കാൻ കഴിയണം. സാമൂഹ്യക്ഷേമ നടപടികൾ ആവിഷ്കരിക്കു മ്പോൾ സമൂഹത്തിൽ താഴെത്തട്ടിലുള്ള ആളുകൾക്കുള്ള ക്ഷേമപ്രവർത്തന ങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള സമീപനം സ്വീകരിക്കു ന്നുണ്ട്. സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച പ്രശ്നങ്ങൾക്ക് പൊതു വെയും പ്രത്യേകമായും പദ്ധതികൾ ആവിഷ്കരിക്കണം. ആദ്യകാല ശിശു സംരക്ഷണമെന്ന നിലയിൽ ഒരു ബില്ല് തന്നെ ഈ ഗവൺമെന്റ് കൊണ്ടുവന്നി രിക്കുന്നു. അതിനുള്ള സെലക്ടു കമ്മിറ്റി വന്നു. അതുപോലെതന്നെ പട്ടിക ജാതി/പട്ടികവർഗ്ഗ വികസനരംഗം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ നടത്തണം. ആ വക കാര്യങ്ങൾ ത്രിതല പഞ്ചായത്തുകൾവഴി നടപ്പിലാ ക്കാൻ ആവശ്യമായ സംവിധാനം ചെയ്തുകഴിഞ്ഞു. പക്ഷെ ഫലത്തിൽ ഇപ്പോൾ കുറെയേറെ വിമർശനങ്ങൾ ആ രംഗത്ത് ഉയർന്നുവരുന്നുണ്ട്. അംബേദ്കർ വില്ലേജ് തുടങ്ങിവച്ചു. പൂർണ്ണമായി അതു നടപ്പാക്കാൻ സാധിച്ചി ട്ടില്ല. ഐ.എച്ച്.ഡി.പി. സെന്ററുകളുടെ വികസനത്തിന് ഗവൺമെന്റ് നടപടി സ്വീകരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി എന്നുള്ളതല്ലാതെ നമ്മുടെ സംസ്ഥാ നത്തെ ഐ.എച്ച്.ഡി.പി. സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങളില്ല. എഴുപ തുകളിലെ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ലക്ഷംവീടുകൾ പരിഷ്കരി ക്കണം. ഇപ്പോൾ ലക്ഷംവീടുകളിലെ മനുഷ്യർ ഭയന്നിട്ട് വീടുകളുടെ മുറ്റ ത്താണ് കിടക്കുന്നത്. അതിനാൽ ലക്ഷംവീടുകൾ പരിഷ്കരിക്കാനുള്ള നടപ ടികൾ സ്വീകരിക്കണം. നമ്മുടെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നുകൊണ്ടുതന്നെ ഏതേതു വർക്കുകൾക്ക് പ്രയോറിറ്റി നൽകണമെന്ന കാര്യത്തിൽ ഗവൺമെന്റ് അമാന്തം വരുത്തേണ്ട കാര്യമില്ല. 1996-ൽ എ.എസും എസ്.എസും നൽകിയിട്ടുള്ള വർക്കുകൾ പൂർത്തീകരിച്ചിട്ടില്ല. പൊതുജനാ രോഗ്യരംഗത്തുള്ള താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി പോലെയുള്ള സ്ഥാപനങ്ങൾ; രോഗികൾക്ക് ആശ്രയം നൽകേണ്ട സ്ഥാപനങ്ങൾക്കുപോലും തുക ബഡ്ജറ്റിൽ വകയിരുത്താനും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനും കഴിഞ്ഞിട്ടില്ല എന്നു ള്ളതു നാണക്കേടാണെന്നു ഞാൻ പറയുന്നില്ല. 96-ൽ എ.എസും എസ്. എസും ലഭിച്ചിട്ടുള്ള കുന്നത്തൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഉപ യോഗത്തിൽ കൊണ്ടുവരാതിരിക്കുന്ന നമ്മുടെ ഉദ്യോഗസ്ഥ മനോഭാവത്തിനെ തിരായി എന്തു പറയണമെന്ന് എനിക്കറിയില്ല. അതുപോലെ അപകടത്തിൽ നിൽക്കുന്ന വീഴാൻപോകുന്ന പാലങ്ങൾ, ലോഡഡ് വെഹിക്കിൾസ് നിരോധി ക്കപ്പെട്ടിരിക്കുന്ന പാലങ്ങൾ അടിയന്തിരശ്രദ്ധയിൽ കൊണ്ടുവന്ന് എ.എസും കൊടുത്താൽ മാത്രമേ ബഡ്ജറ്റിൽ തുക വകയിരുത്തുകയുള്ളുവെന്നും

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ തുക വകയിരുത്തിയതിനുശേഷം മാത്രമേ എ.എസും നൽകൂ എന്നുള്ള നയം നമുക്കുവേണ്ട. അതിനാൽ ഈ ഗവൺമെന്റിന്റെ ജനോപകാര പ്രദമായ നടപടികൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. സാമ്പത്തിക രംഗത്തു കമ്മി വർദ്ധിക്കും. അതിനുതക്ക അധിക വിഭവസമാഹരണം നട ത്തേണ്ടിവരും. അപ്പോൾ സ്വർണ്ണ വ്യാപാര മേഖലയിലുണ്ടാകുന്നതുപോലെ യുള്ള കോടിക്കണക്കായ നികുതിവെട്ടിപ്പ് കണ്ടുപിടിക്കാനുള്ള നടപടികളു മായി നാം മുന്നോട്ടു പോകണം. കരാറുകാർക്ക് എതിരായി സെയിൽടാക്സ് ഏർപ്പെടുത്തി. അഞ്ചുകൊല്ലക്കാലം കഴിഞ്ഞിട്ടും കരാറുകാർക്ക് കൊടുക്കാ നുള്ള തുക കൊടുക്കാതിരിക്കുന്നത് ദയനീയമാണ്, ഈ ദുഃസ്ഥിതിയിൽ അവ രുടെ സമ്മേളനത്തിൽ സർക്കാർ, മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ പാലിക്കാൻ കഴിയാത്ത അവസ്ഥ പുനഃപരിശോധിച്ച് പരിഹാരമുണ്ടാക്കണം. അത്തരത്തി ലുള്ള പ്രശ്നങ്ങളുടെ പരിമിതികൾ കണക്കിലെടുത്തുകൊണ്ട് ജനോപകാരപ്ര ദമായ നടപടികൾ ക്രിയാത്മകമായി ആവിഷ്കരിച്ച് മുന്നോട്ടു പോകണം. പുത്തൻ സാമ്പത്തിക നയത്തിന്റേയും ആഗോളവൽക്കരണത്തിന്റേയും കുഴപ്പ ങ്ങളെയെല്ലാം കഴിയുന്നവിധം അതിജീവിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ജനകീയാസൂത്രണത്തിൽ ജനങ്ങളെ വിശ്വാസത്തിലെ ടുത്തുകൊണ്ട് വികസനപ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടു പോകു കയാണ്. നല്ല നിലയിലുള്ള ക്രമസമാധാനപാലനം നടത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് പോകുന്നത്. അങ്ങനെ ഭരണകക്ഷി പ്രതിപക്ഷ കക്ഷികളുടെയും ജനങ്ങളുടെയും വിശ്വാസമാർജ്ജിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. കണ്ണൂരിലെ പ്രശ്നങ്ങളിൽ മുഖ്യമന്ത്രി നേരിട്ട് ഇടപെടുകയും സമാധാനയോഗങ്ങൾ വിളിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. ക്രമസമാ ധാന പ്രശ്നങ്ങളിൽ കേരളം മാതൃകയാണ്. ആ മാതൃക നിലനിറുത്തി ക്കൊണ്ട് ഗവൺമെന്റും മറ്റു പ്രസ്ഥാനങ്ങളും ഭരണ-പ്രതിപക്ഷ കക്ഷിയിലെ ആളുകൾ ഇടപെട്ടുകൊണ്ട് എല്ലാ വിഭാഗം ആളുകളേയും കൂട്ടിയോജിപ്പിച്ചു കൊണ്ട് മുന്നോട്ടുപോകുന്ന കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയാണ്. ആ രീതിയിലുള്ള ക്രിയാത്മകമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മറിച്ചായിരുന്നെങ്കിൽ നമുക്ക് സമാധാനപര മായി ഈ സഭ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമായിരുന്നില്ല. ആ കാര്യങ്ങ ളിൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ജനവിഭാ ഗങ്ങളുടെയും പുരോഗതിക്കാവശ്യമായിട്ടുള്ള നടപടികളുമായാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ഉപധനാ ഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. തമ്പാനൂർ രവി)

[2 P.M.] ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, 1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഈ ചർച്ച ഇന്ന് ഇവിടെ ആരംഭിച്ചത് ബഹുമാനപ്പെട്ട ശോഭനാ ജോർജാണ്. ഒരു പഴയ പ്രയോഗം അനുസ്മരിച്ച് പറയുകയാണെങ്കിൽ കഥയറിയാതെ ആട്ടം കാണു കയായിരുന്നു ആ സഹോദരി. ഇവിടെ അവതരിപ്പിക്കപ്പെട്ട സപ്ളിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഒന്ന് തുറന്നുനോക്കുകപോലും ചെയ്യുന്നതിനുള്ള സൗമനസ്യമില്ലാതെ വളരെയേറെ ദീർഘമായി ശ്രീമതി ശോഭനാ ജോർജ്ജ് സംസാരിക്കുകയുണ്ടായി. എന്റെ സുഹൃത്ത് ശ്രീ. ജോൺ ഫെർണാണ്ടസി നൊക്കെ അറിയാവുന്ന ചില നാടക സിദ്ധാന്തങ്ങളുണ്ട്. ആ കൂട്ടത്തിൽപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തുകയാണെങ്കിൽ ഒരു മെലോഡ്രാമയുടെ പതനത്തിലേക്ക് ഈ ചർച്ചയെ എത്തിച്ചുകൊണ്ടാണ് ഉദ്ഘാടന പ്രാസംഗിക പിൻവാങ്ങിയത്. ചില ക്രൈം റിക്കാർഡ് ഉദ്ധരിച്ചുകൊണ്ട് കേരളത്തിൽ ആത്മഹത്യ വർദ്ധിച്ചുവരുന്നുവെന്ന് ശ്രീമതി ശോഭനാ ജോർജ് ആവലാതിപ്പെടുകയുണ്ടായി. അതിന്റെ പൂർണ്ണമായ ഉത്തരവാദി സാമ്പത്തികകാര്യം കൈകാര്യം ചെയ്യുന്ന മന്ത്രിക്കും ഗവൺമെന്റിന്റെ വികലമായ സാമ്പത്തിക നയങ്ങൾക്കുമാണെന്നും അവർ പറഞ്ഞു. ആത്മഹത്യയും സാമ്പത്തികനയവും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി എനിക്കറിയില്ല. ആത്മഹത്യയെന്നുള്ളത് മനുഷ്യചരിത്രത്തിന്റെ ആരംഭം മുതലുള്ളതാണ്. അതിന് കാരണങ്ങളും പലതുണ്ടാകാം. മണ്ണും പൊന്നും പെണ്ണുമൊക്കെ ആത്മഹത്യക്ക് കാരണമാകാം. ഇവിടെ കേരളത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക നയങ്ങളുടെ വികലത നിമിത്തം ആത്മഹത്യാനിരക്ക് വർദ്ധിച്ചുവരുന്നുവെന്ന് ആരും കുറ്റപ്പെടുത്തിയിട്ടില്ല. സാമ്പത്തിക പ്രതിസന്ധി ഉണ്ടെന്നുള്ളത് ശരിയാണ്. ഈ സാമ്പത്തിക പ്രതിസന്ധിയെങ്ങനെയുണ്ടാകുന്നു? ഇത് കേരളത്തിന് മാത്രം ബാധകമായ ഒന്നാണോ? അതോ ദേശീയമായ പ്രതിസന്ധിയുടെ ഭാഗമാണോയെന്ന് ഒന്നുകൂടി നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ഇന്ന് പുലികൾ എന്ന് അവകാശപ്പെട്ടിരുന്ന ഏഷ്യൻ രാജ്യങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. എന്തുകൊണ്ട് അത് സംഭവിച്ചുവെന്ന് നമുക്കൊക്കെ അറിയാം. ഇൻഡ്യയേയും ആ വഴിക്ക് കൂട്ടിക്കൊണ്ടുപോകുന്നതിനുള്ള പരിശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. കോൺഗ്രസ്സ് ഉദ്ഘാടനം ചെയ്തതും ബി.ജെ.പി. ആവേശപൂർവ്വം പിന്തുടർന്നുകൊണ്ടുപോകുന്നതുമായ ഒരു സാമ്പത്തികനയമുണ്ട്. അത് ആര് ആരെ അനുകരിക്കുന്നുവെന്നുള്ളതിലാണ് ഇപ്പോൾ തർക്കമുള്ളത്. കോൺഗ്രസ്സിന്റെ നയം ബി.ജെ.പി. അനുവർത്തിക്കുന്നുവെന്ന് കോൺഗ്രസ്സുകാരും ബി.ജെ.പി.യുടെ നയം കോൺഗ്രസ്സ് അനുവർത്തിക്കുന്നുവെന്ന് ബി.ജെ.പി.യും പരസ്പരം കുറ്റപ്പെടുത്തുന്ന ഒരവസ്ഥയിലേക്ക് എത്തിയിട്ടുണ്ട്. ഇപ്പോൾ ശ്രീ. വി.ജെ. പൗലോസ് ദേവഗൗഡയെപ്പറ്റി ചോദിച്ചു. അതിനൊക്കെ ഞങ്ങൾക്ക് ഉത്തരമുണ്ട്. ശ്രീ. ദേവഗൗഡയ്ക്കുശേഷം ശ്രീ. ഗുജ്റാൾ പ്രധാനമന്ത്രിയായിരുന്ന പാർലമെന്റിൽ ഞാൻ അംഗമായിരുന്നു. അന്നാണ് ഇൻഷ്വറൻസ് റെഗുലേറ്ററി ബിൽ അവതരിപ്പിച്ചത്. അന്ന് ശ്രീ. ചിദംബരം ഇൻഷ്വറൻസ് റെഗുലേറ്ററി ബിൽ അവതരിപ്പിച്ചു. കോൺഗ്രസ്സുകാർ അത് എതിർത്തില്ല. ഞങ്ങളുടെ ഐക്യമുന്നണിയും ഞങ്ങളുടെ ധനകാര്യ വകുപ്പു മന്ത്രിയുമായിരുന്നു. ശരിയാണ്. പക്ഷെ അന്ന് ഒരു മണി ബിൽ സഭയിൽ പരാജയപ്പെട്ടാൽ ഉണ്ടാകാവുന്ന ഭരണഘടനാപരമായ പ്രത്യാഘാതം വകവയ്ക്കാതെ ഞാൻ ഉൾപ്പെടെയുള്ള ഇടതുപക്ഷ എം.പിമാർ അതിശക്തമായ എതിർപ്പ്, പ്രതിരോധം പടുത്തുയർത്തിയപ്പോഴാണ് പ്രധാനമന്ത്രി ഗുജ്റാൾ ലോകസഭയിൽ ഹാജരായി ആ ബിൽ പിൻവലിച്ചത്. അതുകൊണ്ട് ഇപ്പോൾ ചിദംബരം എന്നു കേൾക്കുമ്പോൾ അടൂർ ഗോപാലകൃഷ്ണന്റെ സിനിമയിലെ കഥാപാത്രമുണ്ടല്ലോ, അതുപോലുള്ള പാപബോധമൊന്നും ഞങ്ങൾക്കില്ല. കുറ്റബോധവും ഞങ്ങൾക്കില്ല. എതിർക്കേണ്ടത് ഞങ്ങൾ എതിർത്തിട്ടുണ്ട്. ആ ബിൽ ഇന്നിപ്പോൾ എങ്ങനെ പാർലമെന്റിൽ പാസ്സായി. പാർലമെന്റിന്റെ അംഗീകാരം എങ്ങനെ കിട്ടി എന്ന് നിങ്ങൾ സ്വയം പരിശോധിച്ചാൽ മതി.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഏത് ബില്ലും പാർലമെന്റിലാണെങ്കിലും അസംബ്ളിയിലാണെങ്കിലും അവതരിപ്പിക്കണമെങ്കിൽ ക്യാബിനറ്റിൽ വന്ന് പാസാക്കിയതിനുശേഷമാണ് അത് അവതരിപ്പിക്കുന്നത്. ആ ബിൽ ചതുരാനന്ദൻ മിശ്രയും ഇന്ദ്രജിത്ത് ഗുപ്തയെയും പോലുള്ള സി.പി.ഐ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർ കൂടി പങ്കെടുത്ത കാബിനറ്റ് യോഗം ഐകകണ്ഠേന അംഗീകരിച്ചതാണ്. ഞാൻ സി.പി.ഐ യെപ്പറ്റി പറയുകയില്ല. അവരും ഇടതുപക്ഷമാണെന്നല്ലോ പറയുന്നത്. അവരുംകൂടി അംഗീകരിച്ചാണ് ആ ബിൽ പാർലമെന്റിൽ വന്നതെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : സർ, അറിയാം. കാബിനറ്റ് അപ്രൂവ് ചെയ്തിട്ടുണ്ടാകാം.

<u>ശ്രീ. ജോസ് ബേബി</u> : സർ, ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞ പല നയങ്ങളെയും അന്ന് ആ മന്ത്രിസഭയിലുണ്ടായിരുന്ന ഇന്ദ്രജിത്തും ചതുരാനന്ദൻ മിശ്രയും പരസ്യമായി പാർലമെന്റിനുള്ളിൽ എതിർത്തിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : സർ, ഞാൻ ചൂണ്ടിക്കാണിച്ചതും അതുതന്നെയാണ്. ആ ബില്ലിനെ എതിർക്കുന്നതിനുള്ള രാഷ്ട്രീയവും നിയമപരവുമായ പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ടുതന്നെയാണ് ഞങ്ങൾ അതിനെ എതിർത്തത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ ദുർഘടം പിടിച്ച ഒരു സാമ്പത്തിക അവസ്ഥയിലേക്ക് ഈ രാജ്യത്തെ നയിച്ച സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ കേരളം അതിൽനിന്നും സമ്പൂർണ്ണമായി, വിമുക്തമായി നിൽക്കണമെന്ന് ആരും പറയരുത്. എങ്കിലും ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിന് സാമാന്യം തൃപ്തികരമായ രീതിയിൽ മുന്നോട്ടുപോകാൻ കഴിയുന്നുണ്ട്. അത് കടുത്ത സാമ്പത്തിക അച്ചടക്കവും ഭാവനാപൂർണ്ണമായ നടപടികളും നിയന്ത്രണങ്ങളുമൊക്കെയുള്ളതുകൊണ്ടുതന്നെയാണ്. ആ രീതിയിലാണ് ഇവിടെ സമർപ്പിക്കപ്പെട്ടിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നത്. ഒരു സഹസ്രാബ്ദം അവസാനിക്കുകയാണല്ലോ. ഈ സഹസ്രാബ്ദത്തിലെ ഏറ്റവും പ്രഗൽഭനായ എഴുത്തുകാരനായി ബി.ബി.സി കണ്ടെത്തിയിരിക്കുന്നത് വില്യം ഷേക്സ്പിയറിനെയാണ്. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കട്ടെ. അദ്ദേഹത്തിന്റെ ജൂലിയസ് സീസർ എന്നുള്ള നാടകത്തിൽ മാർക്ക് ആൻറണി പറയുന്നുണ്ടല്ലോ. Caesar is an honourable man ഞാൻ അത് ഒന്ന് അൽപം തിരുത്തി നമ്മുടെ പ്രതിപക്ഷ നേതാവിനെക്കുറിച്ചും പറയുകയാണ്. Antony is an honourable man അവിടെ ശ്രീ. ആന്റണി പറഞ്ഞത്. Caesar is an honourable man അതിന്റെ അർത്ഥം നമുക്കറിയാമല്ലോ. അദ്ദേഹം ഇന്നലെ ശ്രീ. ശർമ്മയേയും ഉദാരമായി അഭിനന്ദിച്ചു. തകർന്നിരിക്കുന്ന കോൺഗ്രസ്സിനെ പുനരുദ്ധരിക്കുന്നതിനുള്ള ശ്രീ. ആന്റണിയുടെ നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്, ഇടതുപക്ഷ സാമ്പത്തിക നയങ്ങളിലേക്ക് കോൺഗ്രസ്സ് തിരിച്ചുവരണമെന്നുള്ളതാണ്. അതാണ് ഞങ്ങളും പറയുന്നത്. അതാണ് ഞങ്ങൾ പിൻതുടരുന്നത്. മറ്റ് നിരവധി രാജ്യങ്ങൾക്ക് സംഭവിച്ച അപകടം ഇവിടെയുണ്ടാകരുതെന്നാണ് ഞങ്ങൾ പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട സുലൈമാൻ റാവുത്തർ ചോദിച്ചല്ലോ, എന്തിനാണ് പ്രതിപക്ഷം ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നതെന്ന്. അതിന്റെ ഉത്തരമാണ് ഞാൻ ആദ്യം പറഞ്ഞത്. ശ്രീ. റാവുത്തറും, കബീറും നാണുമാസ്റ്ററുമൊക്കെ കുറെ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചല്ലോ. ഞാനും ചില കാര്യങ്ങൾ പരിശോധിച്ചു. എന്റെ പ്രദേശത്തെ ബാധിക്കുന്ന വല്ല കാര്യങ്ങളും ഇതിലുണ്ടോയെന്ന്. എന്റെ പ്രദേശത്തെ ബാധിക്കുന്ന കുറെ കാര്യങ്ങൾ കണ്ടു.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ബഹുമാനപ്പെട്ട എ.കെ. ആന്റണി introspection നടത്തിയിട്ടുണ്ടെന്നാണോ അങ്ങ് പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : സർ, അതാണ് ഞാൻ പറഞ്ഞത്. ഞാൻ എന്റെ പ്രദേശത്തെക്കുറിച്ച് നോക്കിയപ്പോൾ കളമശ്ശേരി-ഇരുമ്പനം റോഡ്, ആ ദ്വീപസമൂഹങ്ങളിലെ ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ, കാക്കനാട്ടെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് ഇതൊക്കെ കണ്ടു. അങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഞാൻ കണ്ടു. അതുകൊണ്ട് ഞാൻ പൂർണ്ണമായും തൃപ്തനാകുന്നില്ല. കാരണം, ഞങ്ങളുടെ ഗോശ്രീ പദ്ധതിക്ക് എന്തെങ്കിലും വകയിരുത്തിത്തരണ്ടേ? കുറെ കാര്യങ്ങൾ അവശേഷിക്കുന്നുണ്ട്. അതുകൊണ്ട് ചെയ്ത കാര്യങ്ങൾ തെറ്റാണെന്നു ഞാൻ പറയുന്നില്ല. തന്നിടത്തോളം നന്ന്. ഇനിയും കൂടുതൽ കാര്യങ്ങൾ ഞങ്ങൾക്ക് ആവശ്യമുണ്ട്. ആ കാര്യങ്ങളെക്കുറിച്ചുകൂടി അങ്ങയുടെ പരിഗണനയുണ്ടാകണം. മറ്റൊന്ന്, ഞങ്ങളുടെ കാലാവധി ഇനി 17 മാസം അവശേഷിക്കുന്നുവെന്ന് അരോ സൂചിപ്പിച്ചല്ലോ. ഞാൻ അതിലേക്കാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. ബഡ്ജറ്റിൽ വക കൊള്ളിക്കുന്ന കാര്യങ്ങൾ, ബഡ്ജറ്റിൽ അംഗീകാരം നേടുന്ന കാര്യങ്ങൾ പോലും നടപ്പിലാക്കി കിട്ടാത്ത ഒരു സാഹചര്യം ഇന്ന് നിലവിലുണ്ട്. ഞാൻ ഒരു വകുപ്പിനേയും കുറ്റം പറയുന്നില്ല. പക്ഷെ നമ്മുടെ പുരോഗമനപരമായ, അടിസ്ഥാനപരമായ നടപടിക്കുനേരെ നിഷേധാത്മകമായ ഒരു നിലപാട് സ്വീകരിക്കുന്ന ഒരു ഉദ്യോഗസ്ഥ മനോഭാവം ഇന്നും ഈ രാജ്യത്ത് നിലനിൽക്കുന്നുണ്ട്. അത് ഈ ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്ന നല്ല കാര്യങ്ങൾക്ക് ഒരു തടസ്സമായി നിൽക്കും. അതുകൊണ്ട് നമ്മുടെ അവശേഷിക്കുന്ന കാലഘട്ടത്തിൽ നാം ചെയ്യുന്ന നല്ല കാര്യങ്ങളിലേക്ക് ജനങ്ങളുടെ ശ്രദ്ധയും അംഗീകാരവും ആകർഷിക്കുന്നതിനുവേണ്ടി കുറെക്കൂടി നല്ല ഒരു സമീപനം, ഒരു കാര്യനിർവഹണ സമീപനം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. ഇന്നലെ രാവിലെ നമ്മുടെ മരാമത്തു വകുപ്പു മന്ത്രി പറഞ്ഞല്ലോ മണ്ണാർക്കാട്ടെ പഞ്ചവടി പാലത്തെക്കുറിച്ച്. കരാറുകാരന്റെ രാഷ്ട്രീയത്തെക്കുറിച്ചും പറഞ്ഞു. ഉദ്യോഗസ്ഥൻമാർക്ക് ഉത്തരവാദിത്വമില്ലേ? അവിടെ ക്രിമിനൽ ലയബിലിറ്റിയും സിവിൽ ലയബിലിറ്റിയും ഫിക്സ് ചെയ്ത് നടപടി സ്വീകരിച്ചാൽ, നഷ്ടം ഈടാക്കാൻ നടപടി ഉണ്ടായാൽ ഇത്തരം അപാകതകൾ പരിഹരിക്കാൻ കഴിയും. എനിക്ക് തോന്നാറുണ്ട് ഓരോ പുതിയ പാലങ്ങളും, റോഡുകളും ഉണ്ടാക്കുമ്പോൾ അത് ഉത്ഘാടനം ചെയ്ത മന്ത്രിയുടെ പേര് എഴുതിവയ്ക്കുന്നതിനോടൊപ്പം അത് പണിത കരാറുകാരന്റേയും അതിന് മേൽനോട്ടം വഹിച്ച എഞ്ചിനീയറുടെയും പേരും അതിനു ചിലവാക്കിയ തുകയും കൂടി രേഖപ്പെടുത്തി വച്ചാൽ ജനങ്ങൾക്ക് കാണാമല്ലോ സർ. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഈ മണ്ണാർക്കാട്ടെ പാലം തകർന്നതിനു പിന്നിൽ ആരാണ് അതിന് ഉത്തരവാദിയെന്ന് മനസ്സിലാക്കാമായിരുന്നല്ലോ. ഒരു പൊതുജന വിചാരണയ്ക്ക് അത് സഹായകമായിത്തീരും. ഇവിടെ പല പ്രശ്നങ്ങളും ഉന്നയിക്കപ്പെട്ടു. ഒട്ടേറെ രാഷ്ട്രീയ കാര്യങ്ങൾ ഇവിടെ പരാമർശിക്കപ്പെട്ടു. കാള പെറ്റെന്ന് കേട്ടാൽ കയർ എടുക്കുന്ന വിവരമില്ലാത്ത വർഗ്ഗത്തിൽപ്പെട്ടവരാണ് ഇവിടെ ഇരിക്കുന്ന കുറെ ആളുകൾ എന്നുവരെ പരാമർശമുണ്ടായി. അതിലൊന്നും തർക്കമില്ല. ഞങ്ങൾ കാള പെറ്റെന്ന് കേട്ടാൽ കയർ എടുക്കുന്നില്ല. പശു പെറ്റെന്നു കേട്ടാലും കയർ എടുക്കുന്നില്ല. തിരക്കിട്ട് കയറേണ്ട ആവശ്യമില്ല. പക്ഷെ സർ, ചില കാളക്കൂറ്റൻമാർ നിയന്ത്രണമില്ലാതെ മതിച്ച് ചാടുമ്പോൾ അവരെ പിടിച്ചുകെട്ടുന്നതിനുവേണ്ടി നിയമത്തിന്റെ കയർ എടുക്കേണ്ടി വരും. വളരെ ഭാവനാ പൂർണ്ണമായി ഈ സംസ്ഥാനത്തെ സാമ്പത്തികകാര്യങ്ങൾ നിയന്ത്രിച്ച് വിവേചനബുദ്ധിയോടുകൂടി

മുന്നോട്ടു കൊണ്ടുപോകുന്ന ധനകാര്യവകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാജു)

<u>ശ്രീ. എ. കണാരൻ :</u> സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അഭിമാനപൂർവം അനുകൂലിക്കുന്നു. എന്റെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കൻമാർ എന്തിനാണ് ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഒരു വകതിരിവില്ലാത്തവരായി തീരുന്നുവോയെന്നു ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വകതിരിവില്ലാത്ത പ്രതിപക്ഷമായി തീരുന്നുവോയെന്നാണ് സംശയം. അത് തിരുത്തണം. കാരണം ഏറ്റവും നല്ല ഉദ്ദേശമാണിത്. കുടിവെള്ളത്തിനുവേണ്ടി കൊടുത്ത തുകയുണ്ട്. അത് നമുക്ക് പാസ്സാക്കിക്കൊടുക്കണ്ടേ? വീടിനുവേണ്ടിയുള്ള തുകയുണ്ട്. ഈ രാജ്യത്ത് സാമൂഹ്യ മാറ്റത്തിനുവേണ്ടി പാവപ്പെട്ട ജനവിഭാഗങ്ങളുടെ കണ്ണീർ ഒപ്പാൻവേണ്ടി ബഡ്ജറ്റിൽ ഉള്ളതിനെക്കാൾ കൂടുതൽ തുക അനുവദിച്ചു കൊടുത്തു കഴിഞ്ഞാൽ അത് പാസ്സാക്കി കൊടുക്കണ്ടേ? അങ്ങനെ പാസ്സാക്കി കൊടുക്കുന്നതിനെയാണ് ബഹുമാനപ്പെട്ട ശ്രീ.ആര്യാടൻ മുഹമ്മദ് എതിർക്കുന്നത്. അതാണ് ഞാൻ പറഞ്ഞത് വകതിരിവില്ലാതെ കളിച്ചുകൊണ്ടിരിക്കുകയാണെന്ന്. ബഡ്ജറ്റിൽ കാശുണ്ട്, ബഡ്ജറ്റിനു പുറമെ ചിലവാക്കിയ തുകയാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ ഒരു വകതിരിവില്ലാത്ത ഏർപ്പാട്, പ്രതിപക്ഷമാകുമ്പോൾ എതിർക്കുക, ഭരണപക്ഷമാകുമ്പോൾ അനുകൂലിക്കുക എന്ന നിലപാട് പറ്റുകയില്ല. യഥാർത്ഥ വസ്തുത വസ്തുതയായി കണ്ട് മുന്നോട്ട് പോകാൻ നമുക്ക് കഴിയണം. നമുക്കെല്ലാം അറിയുന്നതുപോലെ ഈ രാജ്യത്ത് കടുത്ത പ്രതിസന്ധിയുണ്ട്. വല്ലാത്ത ഗുരുതരമായ അവസ്ഥ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ രീതിയിലുള്ള ഈ പോക്ക് വേഗം അവസാനിപ്പിക്കണം. ഇന്നലെ വരെ നാം കെട്ടിപ്പടുത്ത സമ്പദ്‌വ്യവസ്ഥ തകർക്കുന്ന നടപടിയാണ് ഓരോ ദിവസവും ബി.ജെ.പി ഗവൺമെന്റ് അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗൗരവം നിങ്ങൾക്കുണ്ടാകണം. നിങ്ങളുടെ ഈ കുട്ടിക്കളി വേഗം അവസാനിപ്പിക്കണം. ഈ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധി അതാണ്. വളരെ ഗുരുതരമായ അവസ്ഥ വന്നുകൊണ്ടിരിക്കുന്നു. ദേശീയ സ്വാതന്ത്ര്യത്തിന്റെ സ്വാശ്രയത്തിലധിഷ്ഠിതമായ രാഷ്ട്ര പുനർനിർമ്മാണത്തെ തള്ളിക്കളഞ്ഞുകൊണ്ട് ഇന്ത്യ 21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുകയാണ്. നാം കഴിഞ്ഞ നൂറ്റാണ്ടിൽ നേടിയത് മുഴുവൻ തകർക്കുകയാണ്. അതാണ് അവസ്ഥ. ഞാൻ സമയമില്ലാത്തതുകൊണ്ട് കൂടുതൽ പറയുന്നില്ല. നാം നേടിയിട്ടുള്ളത്, നാം ഈ രാജ്യത്ത് ദേശീയ സ്വാതന്ത്ര്യത്തിന്റെ സ്വാശ്രയത്തിലധിഷ്ഠിതമായ രാഷ്ട്രപുനർനിർമ്മാണത്തിന്റെ താൽപ്പര്യം തള്ളിക്കളഞ്ഞുകൊണ്ട് ഇൻഡ്യ 21-ാം നൂറ്റാണ്ടിലേക്ക് കടക്കുകയാണ്. ഭരണത്തിലിരിക്കുന്ന ബി.ജെ.പി യും പ്രതിപക്ഷത്തിരിക്കുന്ന കോൺഗ്രസ്സും ഈ രാജ്യത്തെ തകർക്കുകയാണ്. ഞാൻ കുറ്റപ്പെടുത്തുകയാണ്. എന്നോടു ദേഷ്യപ്പെട്ടിട്ട് ഗുണമില്ല. നിങ്ങൾ രണ്ടുപേരും കൂടി ചേർന്ന് രാജ്യത്തെ തകർക്കുകയാണ്. ഇന്നലെ നിങ്ങൾ ശ്രീ. ശർമ്മയെ അനുകൂലിച്ചു. എനിക്ക് സന്തോഷമായി. പക്ഷെ ശ്രീ. ഹസ്സന്റെ സ്ഥാപനത്തിന് 3 കൊല്ലം എന്നുള്ളത് 5 കൊല്ലമായിട്ട് കിട്ടണം. ശ്രീ. ജോസ് കുറ്റ്യാനിക്ക് 3 കൊല്ലം 5 കൊല്ലമായിട്ട് കിട്ടണം. നിങ്ങൾക്ക് ഇന്നലെ വല്ലാത്ത സന്തോഷമാണ്. സാരമില്ല 3 കൊല്ലം 5 കൊല്ലമാക്കിക്കോ എല്ലാവരും 5 കൊല്ലമാക്കിയോ? അത് പ്രതിപക്ഷം ഉന്നയിച്ചതുകൊണ്ട് അത് തെറ്റെന്ന് പറയണ്ട. നിങ്ങൾ നൃത്തം

LIBRARY ARCHIVES Kerala Legislative Assembly

വച്ച് തുള്ളിച്ചാടി. ഇന്ന് കുടിവെള്ളത്തിനു മുന്നു കോടി, തൊഴിലാളി സാമൂഹ്യക്ഷേമത്തിനു 2 കോടി, വ്യവസായത്തിന് 5 കോടി, പലിശയിനത്തിൽ 2 കോടി ഇങ്ങനെ കോടിക്കണക്കിനു രൂപ ഈ രീതിയിൽ നീക്കിവയ്ക്കുമ്പോൾ ചിലർ അതിനോടു പ്രതികരിക്കുന്നത് ഉറഞ്ഞുതുള്ളിക്കൊണ്ടാണ്. നിങ്ങൾ ഉറഞ്ഞുതുള്ളിക്കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയാണ് തെറ്റ്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി തകർക്കാനാണ് കേന്ദ്ര ഗവൺമെന്റ് നീക്കം. നിങ്ങളെല്ലാം അംഗീകരിക്കുന്നു. സംസ്ഥാനത്തിന്റെ വരുമാനമാർഗ്ഗം ഓരോന്നോരോന്നായി അടയ്ക്കാനാണ് ശ്രമം. ബഹുമാനപ്പെട്ട ആന്റണി വല്ലാത്ത അവസ്ഥ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ലോട്ടറി നിർത്തലാക്കുന്നതിന്റെ പേരിൽ സംസ്ഥാനത്ത് ലഭിച്ചു കൊണ്ടിരിക്കുന്ന കോടിക്കണക്കിനു രൂപ നഷ്ടപ്പെട്ടുപോകുന്നു. നിങ്ങൾ മിണ്ടുന്നില്ല. നിങ്ങൾ അനങ്ങുന്നില്ല. നിങ്ങൾ പ്രതിപക്ഷമാണെന്നു പറഞ്ഞുകൊണ്ട് മരവിച്ചിരിക്കുകയാണ്. ആ ലോട്ടറി നിർത്തലാക്കുന്നതിന്റെ പേരിൽ നമുക്ക് കോടിക്കണക്കിനു രൂപ നഷ്ടപ്പെട്ടുപോയി. ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടപ്പെടും. റേഷൻ സബ്സിഡി എടുത്തുകളയാനും പൊതുവിതരണ സമ്പ്രദായം തകർക്കാനും നീക്കം ആരംഭിച്ചുകഴിഞ്ഞു. ഇവിടെ ആരാണെന്നു പറയണ്ട. ഇവിടെ പൊതുവിതരണ സമ്പ്രദായമുണ്ട്. ചൈന കഴിഞ്ഞാൽ ലോകത്തുവച്ച് ഏറ്റവുമധികം പൊതുവിതരണ സമ്പ്രദായമുള്ളത് ഇവിടെയാണ്. ആ പൊതുവിതരണ സമ്പ്രദായം തകർക്കാൻ വേണ്ടി പരിശ്രമിക്കുന്നു. മണ്ണെണ്ണയ്ക്കും പാചകവാതകത്തിനും നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡി എടുത്തുകളയാൻ പോകുന്നു. നിങ്ങൾ ഗൗരവമായി ചിന്തിക്കണം. ഡീസലിന്റെ വില വർദ്ധനവിന്റെ ഫലമായി സാധനവില വർദ്ധനവിലൂടെ ജനജീവിതം തകരുന്നു. ബാങ്കിംഗ് മേഖല സ്വകാര്യവത്ക്കരിക്കാൻ പോകുന്നു. പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറുന്നു. ജീവനക്കാർക്ക് സ്വയം പിരിഞ്ഞുപോകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നു. ബാങ്കിംഗ് മേഖലയെ ആശ്രയിച്ചുകഴിയുന്ന ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടാൻ പോകുന്നു. സമസ്തമേഖലയും ഒരു പ്രതിസന്ധിയെ നേരിടുകയാണ്. അതാണിവിടുത്തെ അവസ്ഥ. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഗുരുതരമായ ഒരവസ്ഥയാണ്. രണ്ട് വാചകം അങ്ങോട്ടുമിങ്ങോട്ടും പറയാതെ ഒന്നായി ചേർന്നുകൊണ്ട് നേരിടേണ്ടതായ ഗുരുതരമായ അവസ്ഥ. ഈ സന്ദർഭത്തിൽ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഒട്ടനവധി കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. മറ്റൊരു സംസ്ഥാനത്തുമില്ലാത്ത രീതിയിലുള്ള ക്ഷേമപദ്ധതികളാണ് നമ്മുടെ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. വാർഷികപദ്ധതി നടത്തിപ്പിൽ കഴിഞ്ഞ വർഷത്തേക്കാളും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഞാൻ വായിച്ചുനോക്കി. കഴിഞ്ഞവർഷം പദ്ധതിക്കുവേണ്ടി വകയിരുത്തിയിരുന്നത് 3100 കോടി രൂപ ആയിരുന്നുവെങ്കിൽ 3106.95 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങൾ മിണ്ടുന്നില്ല, നിങ്ങൾ മരവിച്ചിരിക്കുകയാണ്. ശ്രീമതി ശോഭനാ ജോർജ് ഉറഞ്ഞുതുള്ളുകയാണ്. ഉറഞ്ഞുതുള്ളിയതുകൊണ്ട് ഗുണമില്ല. വസ്തുത മനസ്സിലാക്കണം സംസ്ഥാനത്തിന് പദ്ധതിക്കുവേണ്ടി നീക്കിവച്ച 2230 കോടി രൂപയിൽ കഴിഞ്ഞതിനേക്കാൾ 2 ശതമാനം കൂടുതൽ നേട്ടം കൈവരിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. ഗതാഗതം, വാർത്താവിനിമയം, ഗവേഷണം, പൊതു സർവ്വീസുകൾ എന്നീ മേഖലകളിലെല്ലാം ലക്ഷ്യമിട്ടതിനേക്കാൾ അധികം നേട്ടമുണ്ടായി. ഞാൻ തന്നെ ഇത്രയും പ്രതീക്ഷിച്ചില്ല. പ്രതീക്ഷിച്ചതിനേക്കാൾ അധികം നേട്ടമുണ്ടായി. ബി.ജെ.പി, ആർ. എസ്.എസ് സംഘടനകളുമായി ചേർന്ന് എൽ.ഡി.എഫ് സർക്കാരിനെ താറടി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനാണ് കോൺഗ്രസ്സ് (ഐ) കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ എന്റെ മനസ്സിന്റെ വികാരം പറയുകയാണ്. വല്ലാത്ത അവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിങ്ങൾ കേരളത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നത് അതാണ്. അത് നിങ്ങൾ തിരുത്തണം. ദേശീയതലത്തിൽ ബി.ജെ.പി യുടെയും കോൺഗ്രസ്സിന്റെയും നയങ്ങൾ രാജ്യത്തെ ഇരുട്ടിലേക്ക് തള്ളിവിടുകയാണ്. എനിക്കറിയാം. ഒരു പക്ഷെ ശ്രീ. ആര്യാടൻ കേന്ദ്ര കോൺഗ്രസ്സ് കമ്മിറ്റിയോടു വാദിക്കുന്നുണ്ടാകും. ശ്രീ. എ.കെ. ആന്റണീ, ഞാൻ അറിയാതെ വാദിക്കുന്നുണ്ടാകാം. അദ്ദേഹത്തിന്റെ പുരോഗമന സ്വഭാവം മുഴുവൻ മുരടിച്ചു പോയിട്ടുണ്ട്, വാദിച്ചിട്ടുണ്ടാകും, വാദിക്കണം. മാർക്സിസ്റ്റ് വിരോധം മൂത്ത് കേരളത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷൻസമ്പ്രദായം നിറുത്തലാക്കാനുള്ള കേന്ദ്ര നീക്കത്തെ ശ്രീ. എ.കെ. ആന്റണിയും, യു.ഡി.എഫ്. നേതാക്കളും കാണുന്നില്ല. എന്താണ് നിങ്ങൾ കാണാത്തത്? എന്തുകൊണ്ടാണ് നിങ്ങൾ ഇതിനെപ്പറ്റി പ്രതിഷേധിക്കാത്തത്? കേന്ദ്ര വിഹിതത്തിൽ കേരളത്തിനുള്ള വൈദ്യുതി നിറുത്തലാക്കി. എങ്കിലും ആന്റണിയ്ക്ക് പ്രതിഷേധമില്ല. ഇവിടെ പ്രതിപക്ഷ നേതാവ് പ്രതിഷേധിക്കുന്നില്ല. ഫീസ് വർദ്ധനവുണ്ടായപ്പോൾ, നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചപ്പോഴും നായനാർ സർക്കാർ രാജിവയ്ക്കണമെന്നാണ് പറഞ്ഞത്. എന്റെ ബഹുമാനപ്പെട്ട ആന്റണി നിങ്ങൾ പറഞ്ഞത് തെറ്റായിപ്പോയി. നിങ്ങൾ അത് പറയാൻ പാടില്ലായിരുന്നു. അതിനെതിരായി പ്രതിഷേധിക്കുവാൻവേണ്ടി നിങ്ങൾ നായനാർ സർക്കാർ രാജിവയ്ക്കണമെന്ന മുദ്രാവാക്യമാണ് ഇവിടെ മുഴക്കിയത്. ബി.ജെ.പി യോടുള്ള വിധേയത്വം കൊണ്ട് കേന്ദ്രത്തോട് സംസാരിക്കാൻ പോലും നിങ്ങൾ തയ്യാറാകുന്നില്ല. നിങ്ങൾക്ക് വല്ലാത്ത വിധേയത്വമുണ്ടായിട്ടുണ്ട്, യാതൊരു സംശയവുമില്ല. കോൺഗ്രസ്സുകാരും കാവി അണിയുകയാണ്. നിങ്ങൾ പകൽ കോൺഗ്രസ്സുകാർ, രാത്രി ബി.ജെ.പി.ക്കാർ, ഇതിന്റെ ഫലമായിട്ട് കോൺഗ്രസ്സുകാർ കാവിയണിയുകയാണ്. അതാണ് ഗോവ സംഭവം, അതാണ് യു.പി സംഭവം. മതനിരപേക്ഷതയിൽ ഊന്നി നിൽക്കുന്നുവെന്ന് പറഞ്ഞത് കോൺഗ്രസ്സാണ്. വോട്ട് നേടിയ 11 എം.എൽ.എ മാർ ബി.ജെ.പി യിലേക്ക് കൂറ് മാറിപ്പോയി, ഇത് എന്താണ്, ലജ്ജാകരം, ലജ്ജാകരം. കോൺഗ്രസ്സ് പാർട്ടി എം.എൽ.എ മാർ പോയതുകൊണ്ട് എനിക്ക് സന്തോഷമൊന്നുമില്ല. ഒരു മതേതര പാർട്ടിയിൽനിന്നും കാവി അണിയുന്ന പാർട്ടിയിലേക്ക് ആളുകൾ പൊയ്ക്കൊണ്ടിരിക്കുന്നു. അതാണ് ഖേദകരമെന്നു പറയുന്നത്, ഇത് അവസാനിപ്പിക്കണം. ബി.ജെ.പിയുമായി കൂട്ടുകെട്ടുണ്ടാക്കി എൽ.ഡി.എഫ്.നെ തോൽപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല, അതിനു സംശയം വേണ്ട. ഈ രാജ്യത്തിലെ ജനങ്ങൾ എൽ.ഡി.എഫി നെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കും. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എന്താണ് സ്ഥിതി? നമ്മെയെല്ലാം അങ്ങോട്ടുമിങ്ങോട്ടും സംസാരിച്ചല്ലോ, ഇവിടെ എൽ.ഡി.എഫ്. ഗവൺമെന്റ് വിജയിക്കുകയില്ല, ശരിയാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഈ സംസ്ഥാനത്ത് ഒരു മാർക്സിസ്റ്റ് പ്രവർത്തകനായിരുന്ന, ഡി.വൈ.എഫ്.ഐ ക്കാരനായിരുന്ന പത്മനാഭനാണ് ഇന്ന് ബി.ജെ.പി യുടെ സംസ്ഥാന പ്രസിഡന്റ് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. എ. കണാരൻ</u> : അതൊക്കെ പോകട്ടെ, നമ്മൾ എം.എൽ.എ മാരായ ആളുകൾ എൽ.ഡി.എഫി നെ തോൽപ്പിക്കാൻ നിങ്ങൾ പരിശ്രമിച്ചത് ശരിയായില്ല. ഇവിടെ അടിത്തറയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ശ്രീ. കുമാര മംഗലം അതുപോലെ ശ്രീ. കെ.സി. പന്ത്, ശ്രീ. സുരേഷ് കൽമാഡി ഇങ്ങനെ യുള്ളവരൊക്കെ കോൺഗ്രസ്സിൽ നിൽക്കെ എന്നിട്ടും ഇടഞ്ഞുപോയി.

ശ്രീ. എ. കണാരൻ : ശരിയാണ് സർ, എനിക്കിപ്പോൾ പാനൂർ, കൊങ്കച്ചി എല്ലാം അറിയാം. ഈ പ്രദേശത്തെല്ലാം കൂട്ടംകൂട്ടമായി പോയിട്ടുള്ളത് കോൺഗ്രസ്സിൽ നിന്നുംപോയിട്ടുള്ളവരാണ്. പരിശോധനാ വിധേയമാക്കിയാൽ മതി. എന്റെ മനസ്സിലുള്ള ആശയം ഞാൻ പറഞ്ഞു. നിങ്ങൾ പകൽ കോൺഗ്രസ്സ്, രാത്രി ആർ.എസ്.എസ്. മായി കൂടിച്ചേർന്നു കൊണ്ടിരിക്കുന്നു. നിങ്ങൾ ഈ പ്രാവശ്യം എൽ.ഡി.എഫി.നെ പരാജയപ്പെടു ത്താൻ വേണ്ടി ബി.ജെ.പി യുമായി ചേർന്നു. കാരണം, നിങ്ങൾക്ക് ഇവിടെ എൽ.ഡി.എഫിനെ പരാജയപ്പെടുത്തണം. പക്ഷെ ഈ രാജ്യത്തിലെ ജനങ്ങൾ എൽ.ഡി.എഫിനെ കണ്ണിലെ കൃഷ്ണമണിപോലെ കാത്ത്സൂക്ഷിക്കും. എല്ലാ വർഗ്ഗീയപാർട്ടികളും, എല്ലാ സാമുദായിക പാർട്ടികളും ഒന്നായി ചേർന്ന്, അതായത് നാഷണൽ ലീഗ്, പി.ഡി.പി അങ്ങനെ എല്ലാം ഒന്നായി ചേർന്നിരി ക്കുന്നു. സന്തോഷമുണ്ടായി, ബി.ജെ.പിയും കോൺഗ്രസ്സും ഒന്നായി ചേർന്നു. അപ്പോൾ നിങ്ങൾക്ക് സന്തോഷമുണ്ടായി, മലയാള മനോരമ പത്രം നിങ്ങൾക്ക് ഓശാന പാടി. രാജ്യത്തൊട്ടാകെ പറഞ്ഞു രണ്ട് സീറ്റ് കിട്ടുമെന്ന്. പാലക്കാടും വടകരയും മാത്രം സി.പി.എംന്, ബാക്കിയെല്ലാം യു.ഡി.എഫിന് ശരിയാണ്. ഞങ്ങളുടെ പാർട്ടിയ്ക്കകത്തുണ്ടായിരുന്ന ചില പ്രശ്നങ്ങൾ നിങ്ങൾ ഉയർത്തി ക്കൊണ്ടുവന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിളരുകയാണ്. തർക്കമാണ്, അതുപോലെ ആർ.എസ്.എസും രണ്ടായി പിളർന്നു. ഇത് ആശ്വാസം കൊണ്ടു പ്രചരിപ്പിച്ചതാണ്. പക്ഷെ എന്തായി ഈ രാജ്യത്ത്? എങ്ങും ഇല്ലാത്ത വിധത്തിൽ നിങ്ങൾക്ക് പതിനൊന്നും ഞങ്ങൾക്ക് ഒൻപതും ആയി, ഒരവസരത്തിൽ മാത്രമേ പത്തും, പത്തും ഉണ്ടായുള്ളു. പാർലമെന്റിൽ ഞങ്ങൾക്ക് ആറ് സീറ്റ്, പതിനാല് നിങ്ങൾക്ക്. ജയകൃഷ്ണനെപ്പറ്റി പ്രതിഷേ ധിച്ചതിന് എനിക്കെതിർപ്പില്ല. അത് ചെയ്യാൻ പാടില്ല. അതിൽ യാതൊരു തർക്കവുമില്ല. പക്ഷേ എന്തേ ആന്റണി, നിങ്ങളുടെ മനസ്സ് മരവിച്ചുപോയോ, ജയരാജൻ എന്നു പറയുന്ന ഒരു ചെറുപ്പക്കാരനെ സ്വന്തം ഭാര്യയും മക്കളു മായി കൂടിച്ചേർന്ന് തിരുവോണ ദിവസം ക്ഷേണം കഴിച്ച് വീടിനുള്ളിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെ വലിയ വെട്ടുകത്തിയും കൊടുവാ ളുമായി ചെന്ന് വിറക് കീറുംപോലെ കീറിയ ആ മനുഷ്യത്വം മരവിച്ച കാട്ടുമൃഗങ്ങളോട് എന്തുകൊണ്ട് ആന്റണി പ്രതിഷേധിച്ചില്ല. നിങ്ങളുടെ മനസ്സ് എന്തുകൊണ്ട് മരവിച്ചുപോയി. അത് സ്വാഭാവികമാണ്. ഞാൻ ചോദി ച്ചു, നിങ്ങൾ എന്തുകൊണ്ട് പ്രതിഷേധിച്ചില്ല.

ശ്രീ. എ.കെ. ആന്റണി : ഇപ്പുറത്തു നിന്നും ധാരാളം കെട്ടുകഥകൾ പറയുന്നു. ഞാൻ ഒന്നിനും മറുപടി പറയുന്നില്ല. ബഹുമാനപ്പെട്ട ടി.കെ.ബാ ലൻ പറഞ്ഞു. ശ്രീ. കൃഷ്ണയ്യരുടെ സമാധാന കമ്മറിൽ കോൺഗ്രസ്സുകാർ ഒപ്പിടാൻ പോയില്ലായെന്ന്, കോൺഗ്രസ്സുകാരെ ക്ഷണിച്ചിരുന്നോ, ഇല്ല. ഡെൽഹിയിലുള്ള എനിക്കുതന്നെ കത്ത് കിട്ടിയത് രണ്ടാം തീയതിയാണ്. ശ്രീ. കൃഷ്ണയ്യർ അതിനുശേഷം ഖേദം പ്രകടിപ്പിച്ച് പ്രസ്താവന ഇറക്കി, പത്ര ത്തിൽ വന്നതാണ്, വിളിക്കാൻ വൈകിപ്പോയിയെന്ന്, ഞാൻ അതൊന്നും നിഷേധിക്കാൻ പോകുന്നില്ല, ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ്. ഇത് സ്ഥിര മായി പറയുന്ന നുണകളുടെ ആവർത്തനമാണ്. ജയരാജന്റെ അക്രമണത്തെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് ഞാൻ ആണ് അതിനുശേഷം സ്റ്റേറ്റ്മെന്റ് ഇറക്കിയത്. ദേശാഭിമാനി പത്രത്തിൽ വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ശ്രീ. എ. കണാരൻ</u> : സന്തോഷം, പക്ഷെ ഞാൻ രണ്ടുംകൂടി പറയണ്ടെ? നിങ്ങൾ വളരെ ശക്തമായി ജയകൃഷ്ണനെപ്പറ്റി പറഞ്ഞു. ജയകൃഷ്ണനെ സ്കൂളിനകത്തുവച്ച് കുട്ടികളുടെ മുൻപിൽവച്ച് കൊലപ്പെടുത്തി അത് പാടില്ല. പക്ഷെ ആ സംഭവത്തെക്കുറിച്ചുള്ള കത്ത് എന്റെ കൈയിലുണ്ട്. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. ആരാണ് കൊലപാതകം നടത്തിക്കൊണ്ടിരിക്കുന്നത്? എന്താണ് സംഭവമെന്ന് ആർ.എസ്.എസ് കാരനായ രണ്ടു ചെറുപ്പക്കാർ എഴുതിയ കത്ത് എന്റെ കൈവശമുണ്ട്. അദ്ധ്യാപകൻമാരായ ഉദ്യോഗസ്ഥൻമാരാണ് വളരെ രഹസ്യമായി പ്ലാൻ ചെയ്ത് ഈ കലാപം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അവർക്ക് ഇഷ്ടംപോലെ മാർവാടി സേട്ടുമാരിൽനിന്നും അതുപോലെ കച്ചവടക്കാരിൽനിന്നും സ്ഥിരമായി വരുമാനം കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. പ്രായപൂർത്തിയായ വിവാഹം കഴിക്കാത്തവരെയാണ് ഈ ട്രെയിനിംഗിലേക്ക് അവർ എടുക്കുന്നത്. ബോംബ് ഉണ്ടാക്കുന്നവരും ബോംബ് പ്രയോഗിക്കുന്നവരും തമ്മിൽ യാതൊരു ബന്ധവുമില്ല. അവരുടെ കുടുംബങ്ങളിൽ താമസിക്കുവാൻ അനുവദിക്കുന്നില്ല. ഈ കത്ത് ഞാൻ ശ്രീ. എ.കെ. ആന്റണിക്ക് തരാം. മനുഷ്യത്വം മരവിച്ച കാട്ടുമൃഗങ്ങളെ വളർത്തിക്കൊണ്ടിരിക്കുകയാണ്. അവർ എഴുതിയ കത്ത് നിങ്ങൾക്ക് തരാം. കണാരേട്ടാ, ഞാൻ മടങ്ങിവരാൻവേണ്ടി നോക്കുകയാണ്. ഞാൻ ക്രിമിനലായി മാറിപ്പോയി, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അല്ല. എനിക്ക് മടങ്ങിവരാൻ കഴിയുമോയെന്നു തോന്നുന്നില്ല. ഞാൻ ക്രിമിനലായി പോയി, ആ വലയിൽപ്പെട്ടുപോയി. എത്ര തെറ്റ് ചെയ്താലും ഇങ്ങനെയുള്ള സംഭവം ആവർത്തിക്കാൻ പാടില്ല. പക്ഷെ നിങ്ങൾ അവിടെ പറയേണ്ടതാണ്. നിങ്ങൾ തെരഞ്ഞെടുപ്പിനെ മുതലെടുക്കാൻവേണ്ടി പരിശ്രമിച്ചു. ഞാൻ ചോദിക്കട്ടെ, മൽസ്യം വേണോ, അയല വേണോ, മത്തി വേണോ എന്നുപറഞ്ഞിട്ട് പാറേൽ അങ്ങാടിയിൽ ബി.ജെ.പി.ക്കാരന്റെ അടുത്ത് മത്സ്യം വിറ്റുകൊണ്ടിരിക്കുന്ന ഒരു തൊഴിലാളിയെ, ഓടയിലിട്ട് വെട്ടി നുറുക്കി, രോഷംകൊണ്ട് ഞാൻ വിറച്ചിട്ടുണ്ട്. ശ്രീ. എ.കെ. ആന്റണി; മനുഷ്യത്വം മരവിക്കാത്തവർ ഇതിനു പ്രതികാരം വീട്ടും. സംശയമുണ്ടോ? അവർ എന്തുപിഴച്ചു. എന്തു തെമ്മാടിത്തരവും കാട്ടാമെന്നാണോ? അയല വേണോ, മത്തി വേണോയെന്നു പറഞ്ഞ് ഇടയിൽക്കൂടി മത്സ്യം വിറ്റുകൊണ്ടിരുന്ന ഒരു പാവപ്പെട്ട മത്സ്യത്തൊഴിലാളിയെ നിങ്ങൾ വെട്ടിനുറുക്കിക്കൊന്നു. കഴിഞ്ഞപ്രാവശ്യം നിങ്ങൾ ശ്രീ. ഉമ്മൻചാണ്ടിയുടെ പിറകെ പോയില്ല. ശ്രീമാൻ ഉമ്മൻചാണ്ടിയെ അയച്ചു.എന്താണ് കോൺഗ്രസ്സ് കമ്മിറ്റിയോടു പറഞ്ഞത്? രണ്ടും തെറ്റാണ്.

<u>ശ്രീ. എ.കെ. ആന്റണി</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് കണ്ണൂരിൽ സമാധാന ചർച്ച നടത്തി. അവിടെ സമാധാനമായിക്കൊണ്ടിരിക്കുകയാണ്. ആ അവസരത്തിൽ ഒരാൾ ഇതുപോലെ പ്രസംഗിക്കരുത്. മനുഷ്യത്വം മരവിക്കാത്തവർ പ്രതികാരം വീട്ടുമെന്ന് അങ്ങ് പറഞ്ഞത് രേഖയിൽ നിന്ന് പിൻവലിക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. എ. കണാരൻ</u> : നിങ്ങൾക്കുള്ള ഒരു രോഗം അതാണ്. നിങ്ങൾക്കുള്ള വികാരമല്ല നിങ്ങൾ കണക്കാക്കുന്നത്. ആ സമാധാന ശ്രമത്തിന് ഞാൻ തന്നെ മുൻകൈയെടുത്ത് എല്ലായിടത്തും പോയിട്ടുണ്ട്. സംഘട്ടനം നടന്ന സ്ഥലത്തുള്ള എല്ലാ വീടുകളിലും ഞാൻ പോയിട്ടുണ്ട്. ശ്രീ. ആന്റണി മനസ്സിലാക്കിയോ, തെറ്റിനെ തെറ്റായി കണ്ട് ശരിയെ ശരിയായി കാണണം.

LIBRARY ARCHIVES Kerala Legislative Assembly

സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ മുഖ്യമന്ത്രി നായനാർ നടപടികളെടുത്തിട്ടുണ്ട്. ശ്രീ. നായനാർക്ക് ഇനിയും നടപടി എടുക്കേണ്ടി വരും, മുൻപ് നാദാപുരത്ത് സംഘട്ടനം ഉണ്ടായപ്പോൾ അഞ്ചെട്ടുപേർ മരിച്ചപ്പോൾ സഖാവ് വി. എസ്.അച്യുതാനന്ദൻ വന്നിട്ട് പറഞ്ഞു; അടിച്ചാൽ തിരിച്ചടിക്കരുത്. അറിയാമോ? അടിച്ചവരെ തിരിച്ചടിക്കരുത് എന്നു പറഞ്ഞുകൊണ്ട് സമാധാനത്തിന്റെ മേഖലയാക്കി മാറ്റി. കമ്മ്യൂണിസ്റ്റ് പാർട്ടി നിങ്ങളല്ല, സഖാവ് നായനാർ, സഖാവ് വി.എസ്.അച്യുതാനന്ദൻ..... വിഷയം മാറ്റണ്ട. അടികൊള്ളുമ്പോൾ പൊളയല്ലേ; വിഷയം മാറ്റണ്ട. ഇവിടെ സമാധാനം ഉണ്ടാക്കാൻ സാധിക്കും. ആ സമാധാനമുണ്ടാക്കിയതിന്റെ ഭാഗമായാണ് ഈ രാജ്യത്തിലെ ന്യൂനപക്ഷ ജനവിഭാഗം മുസ്ലീം വിഭാഗം അതുപോലെ ക്രിസ്ത്യൻ ജനവിഭാഗം ഈ തെരഞ്ഞെടുപ്പിൽ നമുക്ക് അനുകൂലമായി നിന്നത്. നിങ്ങൾ മനസ്സിലാക്കിക്കോ. ക്രിസ്ത്യൻ ജനവിഭാഗം .....അഞ്ചു പത്തു ദിവസം മുൻപ് പത്രങ്ങളിൽ വായിച്ചു. ഇവിടുത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ന്യൂനപക്ഷ ജനവിഭാഗങ്ങളെ, മുസ്ലീം ജനവിഭാഗങ്ങളെ താൽപ്പര്യങ്ങൾക്കുവേണ്ടി അവരുടെ കണ്ണീരൊപ്പാൻവേണ്ടി ഉപയോഗിച്ചു കൊണ്ടിരിക്കുന്നു എന്ന്, അതുകൊണ്ട് 100 കണക്കിന് മുസ്ലീം ജനവിഭാഗങ്ങളെ താൽപ്പര്യങ്ങൾക്കുവേണ്ടി അവരുടെ കണ്ണീരൊപ്പാൻവേണ്ടി ഉപയോഗിച്ചു കൊണ്ടിരിക്കുന്നുവെന്ന്. അതുകൊണ്ട് 100 കണക്കിനു മുസ്ലീം ജനവിഭാഗം ഈ പാർട്ടിയുമായി ബന്ധപ്പെട്ട് ..... മലയാള മനോരമയുടെ കട്ടിംഗ്സ് ഞാൻ തരാം. വായിക്കൂ.

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> : സർ, കണ്ണൂരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് സമാധാനശ്രമം നടത്തിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് അങ്ങ് ഈ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അങ്ങയുടെ പ്രസംഗം ഒരു തരിച്ചടിയ്ക്ക്..... അങ്ങ് ഇപ്പോൾ ശ്രീ.വി.എസ് അച്യുതാനന്ദന്റെ ഗ്രൂപ്പാണ്. അതുകൊണ്ടാണ് ഈ പ്രസംഗമെന്നും എല്ലാവർക്കും അറിയാം.

<u>ശ്രീ. എ. കണാരൻ</u> : ശ്രീ. രാമചന്ദ്രൻ മാസ്റ്റർ, നിങ്ങൾ കലാപത്തിന്റെ നടുവിൽക്കൂടി നടന്നുപോയ കഥയൊക്കെ ഞാൻ പറയണോ? പോകട്ടെ, അതൊന്നും ഇപ്പോൾ എടുക്കണ്ട. നിങ്ങൾ അതൊന്നും പറയണ്ട മനസ്സിലായില്ലേ? ഇത് ആളിക്കത്തിക്കുകയൊന്നും വേണ്ട. അവിടെ കെട്ടടങ്ങിക്കോട്ടെ. അവിടത്തെ ജനങ്ങൾ മര്യാദയ്ക്ക് ജീവിച്ചോട്ടെ. അതിനകത്ത് എണ്ണയൊഴിച്ച് കത്തിക്കണ്ട. ഞാൻ അതിനെപ്പറ്റി ഇപ്പോൾ പറയുന്നില്ല. ഈ പാർട്ടി പോരാടാൻ തയ്യാറാകും. സമാധാനമേഖല സംരക്ഷിക്കാൻവേണ്ടി ജീവൻകൊടുത്ത് പോരാടാൻ ഈ പാർട്ടി തയ്യാറാകും. അക്രമത്തെ തിരിച്ചടിക്കും. യാതൊരു സംശയവും വേണ്ട . അതുകൊണ്ട് യാതൊരു ഭയപ്പാടും വേണ്ട. ആ പ്രദേശത്ത് ഉണ്ടാക്കിയ സമാധാനമേഖലയെ സംരക്ഷിക്കാൻ ജീവൻ കൊടുത്ത് പോരാടും. യാതൊരു സംശയവും ഇല്ല. അതുകൊണ്ട് കീഴടങ്ങിയിട്ടൊന്നുമില്ല.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഇത് നിയമസഭാവേദിയാണ്. വളരെ ഗൗരവമായി ചർച്ചകളെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. പാനൂർ മേഖലയിലാണ് സമാധാന കരാർ ഉണ്ടാക്കിയത്. ആ സമാധാനമേഖലയെ ഞങ്ങൾ പൂർണ്ണമായി വകവയ്ക്കും. എന്നിട്ട് ആ ഏരിയ വിട്ടിട്ട് 4 ചുറ്റുമുള്ള ശത്രുക്കൾക്കെതിരെ ഞങ്ങൾ ആഞ്ഞടിക്കും എന്നാണ് മാർക്സിസ്റ്റ് പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറി ഇവിടെ പറഞ്ഞത് ..... (ബഹളം) ..... ബഹള

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടാക്കിയിട്ടു കാര്യമില്ല. പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറിയാണ് ഇവിടെ പറയുന്നത്.

<u>ശ്രീ. എ. കണാരൻ</u> : നിങ്ങൾ ഭയപ്പെടുത്തുകയൊന്നും വേണ്ട. ബി.ജെ.പി. യ്ക്കുവേണ്ടി ഓശാന പാടാൻ ..... നിങ്ങൾ പാടിക്കോ. ബി.ജെ.പി. ക്കുവേണ്ടി എന്തും പറയാം. കുഴലൂത്ത് നടത്താൻവേണ്ടി മിനക്കെടേണ്ട. ഞാൻ പറഞ്ഞ വാചകം എനിക്കോർമ്മയുണ്ട്. ഞാൻ ചോദിച്ചത്, ഈ പാവപ്പെട്ട ദാസനെ ഇങ്ങനെ വെട്ടിനുറുക്കിയതിനെപ്പറ്റി ആന്റണി എന്തുകൊണ്ട് പ്രതിഷേധിച്ചില്ല എന്നാണ്? അതിന് തിരിച്ചടി വേണ്ട. മനസ്സിലായില്ലേ? ഞാൻ പ്രതിഷേധിച്ചിട്ടുണ്ട്. ജയകൃഷ്ണൻ മരിച്ചതിനെപ്പറ്റിയും എനിക്ക് പ്രതിഷേധമുണ്ട്. ആരെയും കൊല്ലാൻ പാടില്ല എന്നുള്ള അഭിപ്രായമാണ് എന്റേത്. എന്നെ ബോംബെറിഞ്ഞിട്ട് ആ ബോംബെറിഞ്ഞവനെതിരായി ഞാൻ കോടതിയിൽ സാക്ഷി പറഞ്ഞിട്ടില്ല. നിങ്ങൾ എന്നെ ചോദ്യം ചെയ്യണ്ട. മനസ്സിലായില്ലേ? എന്നെ ബോംബെറിഞ്ഞവൻ ഇപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ട്. ചിറ്റാഴി ജോസ് ..... നിങ്ങൾ മനസ്സിലാക്കിക്കോ. അത് രാഷ്ട്രീയമാണ്. അതാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. അതുകൊണ്ടാണ് നാദാപുരം മണ്ഡലത്തിൽ പന്തടിച്ചതുപോലെ ഓരോ കൊല്ലവും വോട്ട് കൂടുതൽ പോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് മേപ്പയൂർ നിയോജകമണ്ഡലത്തിൽ 35 ഉം 40 ഉം ശതമാനം മുസ്ലീം വോട്ടുള്ള അവിടെ എ.വി. ഹാജിയെ പരാജയപ്പെടുത്തി എ. കണാരൻ ജയിച്ചത്. മനസ്സിലാക്കിക്കോ. വലിയ ബടായി നടത്തേണ്ട. ഈ രാജ്യത്തെ മുസ്ലീം ജനവിഭാഗത്തിന്റേയും പാവപ്പെട്ട ജനവിഭാഗങ്ങളുടേയും കണ്ണീരൊപ്പാൻ ഞാനും എന്റെ പാർട്ടിയും എൽ.ഡി.എഫും ഉള്ളതുകൊണ്ടാണ് ഈ മാറ്റം വന്നത്. വേണ്ടാത്തതൊന്നും പറയണ്ട. മനസ്സിലായില്ലേ? നിങ്ങൾ അതിനെ വേറെ രീതിയിൽ വ്യാഖ്യാനിക്കേണ്ട. ശ്രീ. എ.കെ. ആന്റണി ശ്രീ. കാർത്തികേയനോട് ഒന്ന് പറഞ്ഞുകൊടുക്ക്. വേറെ ഒരു രീതിയിലും പറഞ്ഞുകൊടുക്കണ്ട. ഇതിനകത്ത് എ. കണാരൻ സമാധാനത്തിന് വിരുദ്ധമായി, അച്യുതാനന്ദൻ ഗ്രൂപ്പിന്റെ ഭാഗമാണ്. നിങ്ങൾ എത്ര പ്രാവശ്യമായി അച്യുതാനന്ദൻ ഗ്രൂപ്പ് എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾ തളരുന്നു. ഞങ്ങൾ വളരുന്നു. ഇവിടത്തെ ന്യൂനപക്ഷ ജനവിഭാഗം, ക്രിസ്ത്യൻ ജനവിഭാഗം, മുസ്ലീം ജനവിഭാഗം ഈ പാർട്ടിയോട് ബന്ധപ്പെട്ടു വന്നുകൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് ക്രിസ്ത്യൻ ജനവിഭാഗങ്ങൾ എല്ലാം വിറ്റ് കാട് വെട്ടിത്തെളിച്ച് കാട്ടാനയോടും കാട്ടുമൃഗത്തോടും പോരാടി ഈ പ്രകൃതിയെ പച്ചപിടിപ്പിച്ചവരാണ്. 'അധ്വാനശീലർ ഉയർത്തിയ കൊടി നാടിന്റെ ചോരക്കൊടി' അവർ ഈ രാജ്യത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി ..... ഒരുപക്ഷെ അവർ കമ്മ്യൂണിസ്റ്റ് വിരോധികളായിപോയിരിക്കാം. ശ്രീ. കെ.എം. മാണിയും ശ്രീ. ടി.എം. ജേക്കബുമൊക്കെ പ്രവർത്തിച്ചതിന്റെ ഫലമായി കമ്മ്യൂണിസ്റ്റ് വിരോധികളായിപ്പോയി. പക്ഷെ ഈ പ്രാവശ്യം അവർ മാറി. അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കാം, ലോഹ്യം പറയാം, ബന്ധപ്പെടാം. ഞങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി പ്രവർത്തിക്കുന്നത് കമ്മ്യൂണിസ്റ്റുകാരാണ് എന്നുള്ള ബോധം വന്നുചേർന്നു. ആ ബോധത്തിന്റെ ഫലമായിട്ടാണ് ഇടുക്കിയിൽ ജയിച്ചത്. നിങ്ങൾ മനസ്സിലാക്കിക്കോ. ക്രിസ്ത്യൻ ജനവിഭാഗം, മുസ്ലീം ജനവിഭാഗം, ഈ ജനവിഭാഗങ്ങളിൽ ചിലർ ചില സംഘടനകളുടെ കീഴിൽ നിൽക്കുന്നത് മാറിവന്നുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് അർത്ഥം. അതുകൊണ്ട് ഈ അവസ്ഥ മനസ്സിലാക്കിക്കൊണ്ട് ഈ രാജ്യത്തിലെ തകർന്നുകൊണ്ടിരിക്കുന്ന ഈ സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ നമുക്കെല്ലാം ഒന്നായി പ്രവർത്തിക്കാനുള്ള സംവിധാനമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവണ്മെന്റ് ഇനിയും ..... ഞങ്ങൾ നിങ്ങൾ എന്നുപറഞ്ഞത് നിങ്ങൾ സംശയിക്കണ്ട. ഇനി ഞങ്ങൾ നിങ്ങൾ എന്നില്ല. നിങ്ങൾ ഇനി ഭരണത്തിൽ വരാവുന്ന അവസ്ഥ ഉണ്ടാകാൻ പോകുന്നില്ല. അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അടിച്ചുകസറാവുന്ന അവസ്ഥയാണ് വന്നുകൊണ്ടിരിക്കുന്നത്. ഒന്നരകൊല്ലം കഴിഞ്ഞ് വരുന്ന തെരഞ്ഞെടുപ്പിൽ ഇന്നു കിട്ടുന്നതിനെക്കാളും ഭൂരിപക്ഷം കിട്ടാവുന്ന രീതിയിലേയ്ക്കുയരും എന്നതിൽ തർക്കമില്ല. ജനങ്ങളെല്ലാം നോക്കി നോക്കി മനസ്സിലാക്കുന്നുണ്ട്. ജനങ്ങൾ ബുദ്ധിയുള്ളവരാണ്. എൽ.ഡി.എഫ്. ഈ രാജ്യത്തെ സാധാരണ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി, അവരുടെ കണ്ണീരൊപ്പുന്ന ഗവണ്മെന്റാണ് എന്ന് അവർക്ക് ബോധ്യമുണ്ട്. അതുകൊണ്ട് ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഈ ഉപധനാഭ്യർത്ഥനകളെ വളരെ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ നാട്ടിൽ ചില മുടിഞ്ഞ തറവാടുകളുണ്ട്. സാമ്പത്തിക ക്ലേശങ്ങൾകൊണ്ട് പട്ടിണിയും പരിവട്ടവുമായി, നിവൃത്തിയില്ലാതെ ആ തറവാടുകളെ പട്ടിണിയിൽനിന്നും രക്ഷിക്കാൻവേണ്ടി മുക്കുപണ്ടം പണയംവച്ചും തറവാട്ടു കാരണവൻമാർ കുടുംബത്തെ പുലർത്തും. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ മുക്കുപണ്ടം പണയം വച്ച് തറവാടിനെ രക്ഷിക്കാൻ ശ്രമിക്കുന്ന മാതിരിയാണ് ഈ ഉപധനാഭ്യർത്ഥനയുമായി ഈ നിയമസഭയിൽ വന്നിരിക്കുന്നത്. എന്റെ അഭിപ്രായത്തിൽ ഖജനാവിൽനിന്നും ഒരു രൂപപോലും ഇന്ന് കൂടുതൽ ചെലവഴിക്കാൻ നിങ്ങളുടെ ഗവണ്മെന്റിന് യാതൊരു അർഹതയുമില്ല. ആ നിലയ്ക്ക് ഗവണ്മെന്റ് ഈ നാടിനെ എത്തിച്ചിരിക്കുകയാണ്. എല്ലാ രംഗത്തും ഈ സർക്കാരിന് പരാജയമല്ലേ? ഇവിടെ അപ്പുറത്തെ ശ്രീ. ഗോവിന്ദൻ മാസ്റ്റർ മുതൽ അവസാനം പ്രസംഗിച്ച കണാരേട്ടൻ വരെയുള്ളവരുടെ പ്രസംഗം കേട്ടാൽ വാസവദത്തയുടെ ചാരിത്ര്യപ്രസംഗം പോലെയാണ്. എന്താണ് അവർ പ്രസംഗിച്ചത്? എല്ലാ മാസവും 1-ാം തീയതി ശമ്പളം കൊടുക്കും. ക്രിസ്തുമസിന് ശമ്പളം നേരത്തെ കൊടുക്കും. ഓണത്തിന് ശമ്പളം നേരത്തെ കൊടുക്കും. ഓണത്തിന് ബോണസ് കൊടുക്കും. ഇതിനൊക്കെ ഒരു ഗവണ്മെന്റ് വേണോ? അതിന് ഗവണ്മെന്റൊന്നും വേണ്ട. ഇതൊക്കെ റൂട്ടീൻ ആയിട്ടുള്ള day to day affairs ആണ്. നിങ്ങളിൽ പലരും പ്രസംഗിച്ചത് അതല്ലേ? ശ്രീ. ടി. നാണുമാസ്റ്റർ, ഡോ. കെ.സി. ജോസഫ്, ശ്രീ. സെബാസ്റ്റ്യൻ പോൾ ഇവരൊക്കെ എന്താണ് പ്രസംഗിച്ചത്? ശമ്പളം കൃത്യമായി കൊടുക്കും. ക്രിസ്തുമസിന് അഡ്വാൻസ് ..... ഇതാണോ ഗവണ്മെന്റിന്റെ നേട്ടങ്ങൾ? വേറൊന്നും പറയാനില്ല. ഇവിടെ അവസാനം ശ്രീ. കണാരേട്ടൻ പ്രസംഗിച്ച കാര്യങ്ങളൊക്കെ നമുക്കെല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ നോക്കി പറഞ്ഞതാണെങ്കിലും അതിൽ പലതും നമ്മുടെ ശ്രീ. ഇ.കെ. നായനാരോടു ചോദിക്കുന്ന ചോദ്യങ്ങളാണ്. നേരിട്ട് ചോദിക്കാൻ പറ്റുമോ? പറ്റില്ല ..... ഞാൻ പറയേണ്ടല്ലോ. ഇവിടെ ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ ചോദിച്ചല്ലോ. അത് ചോദിക്കാൻ കഴിയാത്തതുകൊണ്ട് നിയമസഭാവേദി ഉപയോഗിച്ചുകൊണ്ട് ചോദിച്ചുവെന്നല്ലാതെ അതിന്റെയൊക്കെ മറുപടി പ്രിയപ്പെട്ട മുഖ്യമന്ത്രി അങ്ങേയ്ക്കു തരും. ഞങ്ങളല്ല തരേണ്ടത്. ഇവിടെ പലരും പറഞ്ഞു, കൃഷിവകുപ്പിന് മണ്ടരി, ഞാൻ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിനെ പറയില്ല. ഏതെങ്കിലും ഒരു റോഡിൽക്കൂടി നമുക്ക് സഞ്ചരിക്കാൻ കഴിയുന്നുണ്ടോ? ആരോഗ്യവകുപ്പിൽ എന്താണ്? ആരോഗ്യവകുപ്പ് അന്ത്യശ്വാസം വലിക്കുകയാണ്. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെ പ്രസംഗവും ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

എ.സി. ഷണ്മുഖദാസിന്റെ പ്രസംഗവും അല്ലാതെ വല്ലതും നടക്കുന്നുണ്ടോ? വ്യവസായ വകുപ്പ് ഒരു പ്രധാനപ്പെട്ട വകുപ്പാണ്. ആ വ്യവസായ വകുപ്പിൽ എന്താണെന്നറിയാമോ? ആ വകുപ്പ് ലോക്കൗട്ട് വകുപ്പായി മാറി. എന്തെങ്കിലും ചെയ്യാൻ ഉണ്ടെങ്കിലോ, സി.ഐ.ടി.യു വിഭാഗവും മാർക്സിസ്റ്റ് പാർട്ടി വിഭാഗവും തമ്മിലുള്ള തർക്കംകാരണം വ്യവസായ വകുപ്പിൽ ഒരു കാര്യവും നടക്കുന്നില്ല. ബഹുമാന്യയായ വ്യവസായ മന്ത്രി ദീർഘ പ്രസംഗമാണ് നടത്തിയത്. ഞാൻ വേറൊന്നും പറയുന്നില്ല. പിന്നെ ബഹുമാന്യനായ ശ്രീ. പി. രാജു നടത്തിയ പ്രസംഗം. അതുപോലെ ഈ ഗവണ്മെന്റിന്. ബഹുമാനപ്പെട്ട മെമ്പർ രാജു പറഞ്ഞത് വളരെ ഗുരുതരമല്ലേ? എന്താണ് അദ്ദേഹം പറഞ്ഞത്? നിങ്ങളുടെ നേട്ടം. ശ്രീ. കണാരേട്ടൻ കേട്ടില്ലേ ആ പ്രസംഗം? പിന്നെ, ബഹുമാന്യനായ ശ്രീ. ടി.കെ. രാമകൃഷ്ണന്റെ വകുപ്പ് ..... അവിടെ ഫിഷറീസ് സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പോയാൽ ഒരു സംഘത്തിനും രജിസ്ട്രേഷൻ കൊടുക്കുന്നില്ല. ഇത് വളരെ ദയനീയമാണ്. ഇതവസാനിപ്പിക്കണം. വിവരം തിരക്കിയപ്പോൾ പ്രൈവറ്റ് സെക്രട്ടറി തുളസി വിളിച്ചുപറഞ്ഞിട്ട് മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ട സംഘങ്ങൾക്കല്ലാതെ മറ്റൊന്നിനും രജിസ്ട്രേഷൻ കൊടുക്കാൻ പാടില്ല. ഗുരുതരമായ ഒരു ആരോപണമാണ് രാജു നടത്തിയത്. രാജു ആരാണ്? എൽ.ഡി.എഫ്. ഭരിക്കുന്ന മുന്നണിയിലെ രണ്ടാമത്തെ വലിയ കക്ഷി. ഈ മുന്നണിയിലെ രണ്ടാമത്തെ കക്ഷിയായ സി.പി.ഐ. യിലെ പ്രധാനപ്പെട്ട ഒരംഗമാണ് അതീവഗുരുതരമായ ഒരു ആരോപണം നടത്തിയത്. പ്രസംഗിച്ചവർക്ക് വേറൊന്നും പറയാനില്ലേ? ഞാൻ വല്ലതും പറയണോ? ഞാൻ മണ്ഡരിയെപ്പറ്റിയൊന്നും പറയുന്നില്ല. ഈ സാഹചര്യത്തിലാണ് ഞാൻ പറയുന്നത്, ഇവിടെ ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് കൊണ്ടുവരാനുള്ള ഒരു അധികാരവും, ഒരു അവകാശവും ഗവണ്മെന്റിനോ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കോ ഇല്ല എന്നാണ് എന്റെ അഭിപ്രായം. ഇതിനകത്ത് എന്താണ്? ഏതാണ്ട് 47.76 കോടി രൂപയുടെ എസ്.ഡി.ജി. ആണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ എന്തൊരു പ്രസംഗമാണ്. കർഷകത്തൊഴിലാളി പെൻഷൻ വകയിൽ 22 കോടി രൂപ ബാലൻസാണ്. തൊഴിലില്ലായ്മ വേതനം 33 കോടി രൂപ ബാലൻസാണ്. എന്നിട്ട് ഇവിടെ അപ്പുറത്തിരുന്നുകൊണ്ട് ഓരോരുത്തരും പ്രസംഗമാണ്. ഈ 47.76 കോടി രൂപയിൽ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയാണെന്നറിയാമോ? പ്ലാൻ എക്സ്പെൻഡിച്ചർ എന്നുപറയുന്നത് വെറും 14.84 കോടി രൂപയാണ്. നോൺ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയാണെന്നറിയാമോ? 32.92 കോടി രൂപ. ഞാൻ പറഞ്ഞതല്ല. ഇത് അങ്ങിവിടെ പ്രസന്റ് ചെയ്തിരിക്കുന്ന സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സാണ്. അപ്പുറത്തുള്ള പലരും വായിച്ചിട്ടില്ല. എന്താണ് സ്ഥിതി? ഇൻട്രോഡക്ടറി റിമാർക്സിനകത്ത് 'The present Supplementary Demands for Grants include provision of Rs.7.94 crores for resuming advances from the Contingency Fund sanctioned till 10.12.1999'. 'Out of the total provision of Rs.47.76 crores, the plan expenditure is Rs.14.84 crores and ..... പിച്ചക്കാരുടെ ഫണ്ട് എടുക്കാമെന്നു പറഞ്ഞതിലാണോ? നിവൃത്തിയില്ലാത്തപ്പോൾ എടുക്കാനുള്ളതാണ് കണ്ടിജൻസി ഫണ്ട്. അതും തിരിച്ചടയ്ക്കാനായി ബാക്കി '..... and non-plan expenditure is Rs.32.92 crores'. അതിന് അർത്ഥം, നോൺ പ്ലാനിലാണ് നിങ്ങൾക്ക് കൂടുതൽ താൽപ്പര്യം. ഒരൊറ്റ ബഡ്ജറ്റ് ഇവിടെ നടക്കുന്നില്ല. ഉണ്ടോ? ബഡ്ജറ്റ് ഒന്നും നടക്കുന്നില്ല എന്നുള്ളതു പോകട്ടെ, നമുക്ക് ഇവിടെ ഇൻകം ജനറേഷൻ എന്ന ഒരു സ്കീം ഈ ഗവണ്മെന്റിനുണ്ട്. ഇതൊരു വലിയ കണക്കപ്പിള്ള ഒരു വലിയ കടയിലി

LIBRARY ARCHIVES Kerala Legislative Assembly

രുന്ന് വിറ്റുകിട്ടുന്ന പണം പലരുടേയും കൈയിൽ പങ്കുവച്ചു കൊടുക്കുന്ന ലാഘവത്തോടുകൂടിയാണ്, അങ്ങ് ക്ഷമിക്കണം. ഒരു വലിയ കടയിലെ കണക്കപ്പിള്ള കടയിലെ നിത്യനിദാന ചെലവുകൾക്ക്, എങ്ങനെ നടത്തി ശമ്പളം കൊടുത്തു പോകുന്നോ ആ ലാഘവത്തോടുകൂടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കണക്കുകളിൽ കസർത്തു കാണിച്ചുകൊണ്ട് മുന്നോട്ടു പോകുന്നത്. 1996-97 ൽ അങ്ങയുടെ ഒരു ബഡ്ജറ്റ് പ്രസംഗം ഉണ്ടായിരുന്നു. പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട്. അതിൽ 44-ാം ഖണ്ഡികയിൽ അങ്ങു പറഞ്ഞു, 1996 മാർച്ച് 31-ന് ..... അത് ഞങ്ങളുടെ ഗവണ്മെന്റ് ഭരിച്ച കാലമാണ്. യു.ഡി.എഫ്. ഗവണ്മെന്റ് ഭരിച്ച കാലമാണ്. 12,689 കോടി രൂപയുടെ കടം നിങ്ങൾ വലിച്ചിട്ടിട്ടുപോയി. അത് പറഞ്ഞത്, ഈ നിത്യനിദാന ചെലവുകൾക്കുവേണ്ടിയാണ്. ഇത് അവസാനിപ്പിക്കണം. ഇതാണ് അങ്ങ് പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് 44-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്. സമ്മതിച്ചു. ഞങ്ങൾ നിത്യനിദാന ചെലവിനുവേണ്ടി കാശൊക്കെ എടുത്തിട്ട് ഞങ്ങളിറങ്ങിയപ്പോൾ 12689 കോടി രൂപ പൊതുകടം ഉണ്ടായിരുന്നു. ഇപ്പോൾ എന്താണ് സ്ഥിതി?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, 1996 മാർച്ച് അവസാനത്തിൽ പന്തീരായിരത്തിൽപ്പരം കോടി രൂപ കടമില്ല, പതിനായിരത്തിൽപ്പരം കോടി മാത്രമേ കടമുള്ളൂ എന്ന് ഈ ധനകാര്യമന്ത്രിതന്നെ ചോദ്യത്തിന് ഉത്തരമായി ഈ സഭയിൽ എഴുതിത്തന്നിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, അത് ശരിയായിരിക്കാം. അവസാനത്തെ മാസങ്ങളിൽ ഡിഫറൻസായിരിക്കാം അത്. അങ്ങ് പറഞ്ഞത് ആധികാരികമായിട്ടുള്ള കണക്കാണ്. ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ നിങ്ങളുടെ സ്ഥിതി എന്താണ്? 1999 മാർച്ച് വരെയുള്ള പൊതുകടം എത്രയാണെന്നറിയാമോ? 15574 കോടി രൂപയാണ്. രണ്ടായിരം മാർച്ച് ആകുമ്പോഴത്തേയ്ക്ക്, പുതിയ നൂറ്റാണ്ട് വരുമ്പോഴത്തേക്ക്, മാർച്ച് 31 ആകുമ്പോഴത്തേയ്ക്ക് ഈ കേരളത്തിന്റെ പൊതുകടം 20,000 കോടി രൂപയാകും എന്നാണ് ഏകദേശം കണക്കാക്കിയിരിക്കുന്നത്. എന്റെ ചോദ്യം, അങ്ങ് 1996-97 ൽ ബഡ്ജറ്റ് അവതരിപ്പിച്ച് ഞങ്ങളെ കുറ്റപ്പെടുത്തിയതിൽനിന്നും എത്ര ശതമാനമാണ് കേരളത്തിന് പൊതുകടം കൂട്ടിയിരിക്കുന്നത്? ഇന്ന് ഒരു സാധാരണ കേരളീയൻ എത്ര രൂപ ശരാശരി കടക്കാരനായി മാറിയിരിക്കുന്നു. പിന്നെ ഇവിടെ വേറൊരു കാര്യം പറഞ്ഞു. ഓവർഡ്രാഫ്റ്റ്. 1995-96-ൽ യു.ഡി.എഫ്. ഗവണ്മെന്റ് ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടേയില്ല. പക്ഷെ നിങ്ങളോ? നിങ്ങളുടെ ഭരണം ഓവർഡ്രാഫ്റ്റ് ഭരണം ആണോ? അങ്ങ് കൊണ്ടുവന്ന എല്ലാ എസ്. ഡി.ജി. യിലും നോൺപ്ലാൻ എക്സ്പെൻഡിച്ചർ ഇന്നുവരെ കൂടിയിട്ടുള്ളത് ചരിത്രം പരിശോധിച്ചാലറിയാം. അപ്പോൾ എല്ലാം എസ്.ഡി.ജി. ഈ സഭയിൽ വന്നിട്ടുണ്ട്. പ്ലാൻ സ്കീമിനെക്കാൾ, പ്ലാൻ എക്സ്പെൻഡിച്ചറിനേക്കാൾ അങ്ങ് ആധാരമാക്കിട്ടുള്ളത് നോൺ പ്ലാൻ എക്സ്പെൻഡിച്ചറായിരുന്നു. ആ അങ്ങ് ഓവർ ഡ്രാഫ്റ്റിന്റെ കാര്യത്തിൽ, 1998-99-ൽ 626.71 കോടി രൂപ ഓവർ ഡ്രാഫ്റ്റ് എടുത്തു. 30.11.1999-ൽ ലഭ്യമായ കണക്കനുസരിച്ച് എടുത്തിരിക്കുന്ന ഓവർ ഡ്രാഫ്റ്റ് 871.63 കോടി രൂപയാണ്. ഇവിടെ ട്രഷറി പൂട്ടിയില്ല, ഞങ്ങൾ പൂട്ടി എന്നാണ് അല്ലേ? അൺഡിക്ലയേഡ് ട്രഷറി പൂട്ടൽ ഇവിടെ നടന്നത് രേഖയിലല്ല. അങ്ങ് ടെലിഫോണിൽ നിർദ്ദേശം കൊടുക്കും ട്രഷറി പൂട്ടാൻ. ഈ അടുത്തകാലത്ത് പത്രത്തിൽ വന്നില്ലേ? അങ്ങയുടെ ധനകാര്യ സെക്രട്ടറി എത്ര സർക്കുലർ ഇറക്കി. മന്ത്രിമാരുടെ വാഹനങ്ങളിൽ പെട്രോൾ അടിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോലും, ഡീസൽ അടിക്കാൻ പോലും കാശില്ലാത്ത അവസ്ഥ ഉണ്ടായില്ലേ? പക്ഷെ ഈ ഗവണ്മെന്റ് വലിയ ഗവണ്മെന്റല്ലേ? അൺഡിക്ളയേഡ് ട്രഷറി പൂട്ടൽ, എന്നിട്ട് ശ്രീ. കണാരേട്ടൻ ഉൾപ്പെടെയുള്ളവർ പ്രസംഗമാണ്. ഞങ്ങൾ ട്രഷറി പൂട്ടിയില്ല. വേണ്ട, പൂട്ടണ്ട. സർക്കാരിന് ഓർഡർ വേണ്ടല്ലോ. ഞങ്ങൾ ചെയ്തത്, ട്രഷറി പൂട്ടേണ്ടി വന്നാൽ മാന്യമായി ജനങ്ങളെ അറിയിച്ചിട്ട് പൂട്ടും. ഇവിടെ എന്തെല്ലാം കുറ്റപ്പെടുത്തലാണ്. അൺഡിക്ളയേഡ് ട്രഷറി പൂട്ടൽ, ഞങ്ങൾ പൂട്ടിയിട്ടില്ല. ഞങ്ങളുടെ സ്ഥിതി വളരെ മെച്ചമായിരുന്നു.

<u>ശ്രീ. ബി. വിജയകുമാർ</u> : ബഹുമാനപ്പെട്ട തമ്പാനൂർ രവി ഇവിടെ പറഞ്ഞത് കിട്ടുന്ന വരുമാനം എടുത്ത് പങ്കുവച്ച് കൊടുക്കുന്ന കണക്കപ്പിള്ളയാണ് ധനകാര്യ മന്ത്രി എന്നാണ്. സാധാരണ സർക്കാർ ഉദ്യോഗസ്ഥൻമാർ മക്കളെ മെഡിസിനോ, എഞ്ചിനീയറിംഗിനോ ഒക്കെ പഠിപ്പിക്കുമ്പോൾ കിട്ടാവുന്നിടത്തു നിന്നൊക്കെ കടമെടുക്കും. സഹകരണസംഘങ്ങളിൽനിന്നും എംപ്ലായീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നുമെല്ലാം കടമെടുക്കും. അതുപോലെ കടമെടുത്ത് വരുമാനം കൊണ്ട് നിവൃത്തിയില്ലാതെ കിട്ടാവുന്നിടത്തു നിന്നൊക്കെ കടമെടുത്തിരിക്കുന്ന ഒരു വലിയ കടക്കെണിയിൽപ്പെട്ടിരിക്കുകയാണ് ധനകാര്യ മന്ത്രി എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, അത് അങ്ങേയ്ക്ക് മനസ്സിലായല്ലോ, ഓർമ്മിപ്പിച്ചതിനു നന്ദി. അതിനെക്കുറിച്ച് ഞാൻ പറയാം. അവർ എന്താണ് ചെയ്തതെന്നറിയാമോ? കടമെടുത്ത് കടമെടുത്ത് എവിടെ ചെന്നിട്ടും കടം കിട്ടാതെ വന്നപ്പോൾ അങ്ങ് ഒരു പുതിയ നിയമവുമായിട്ട് വന്നു. കടം കിട്ടാതായപ്പോൾ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കടപ്പത്രം ഇറക്കി. 500 കോടി രൂപ ചോദിച്ചിട്ടുണ്ട്, അതിനുപുറമേ പ്രൊവൈസോയുമുണ്ട്. അതെന്താണ്? വേണ്ടിവന്നാൽ അത് ആയിരം കോടി രൂപയാക്കാം. ഭരിച്ച് ശിഷ്ടകാലമായ ഒന്നരക്കൊല്ലം കൊണ്ട് ദയവുചെയ്ത് സെക്രട്ടേറിയറ്റ് പണയപ്പെടുത്തിപ്പോകരുതേ ബഹുമാനപ്പെട്ട മേനോൻ എന്നാണ് എന്റെ അഭ്യർത്ഥന. അതാണ് എനിക്കു പറയാനുള്ളത്. ആ നിലയിലെത്തിയിരിക്കുകയാണ്. ഈ നിലയ്ക്കാണ് കേരളം പോകുന്നതെങ്കിൽ സെക്രട്ടേറിയറ്റ് പണയപ്പെടുത്തിയിട്ടേ അങ്ങേയ്ക്ക് ഈ പണി അവസാനിപ്പിച്ചു പോകാൻ പറ്റുകയുള്ളൂ. റവന്യൂ കമ്മിറ്റിയുടെ കാര്യം എന്താണ്? നിങ്ങളുടെ ഭരണകാലം എടുക്കാം. 1987-ലാണ് നായനായരുടെ നേതൃത്വത്തിൽ എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വരുന്നത്. ആ സമയത്ത്, എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്ന സമയത്ത് റവന്യൂ കമ്മി 152.023 കോടി രൂപയായിരുന്നു. ഇതൊക്കെ കൃത്യമായി നോക്കുന്ന ആളാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി എന്ന് എനിക്കറിയാവുന്നതുകൊണ്ട് ഞാനും കൃത്യമായിട്ടുതന്നെ പറയുകയാണ്. നിങ്ങൾ 1991-ൽ ഭരണം വിട്ടുപോയി. നിങ്ങൾ അധികാരം ഒഴിയുമ്പോൾ 152.023 കോടി രൂപ 422.02 കോടി രൂപയായി ഉയർന്നു. അതല്ലേ നിങ്ങളുടെ നാലു വർഷം? വീണ്ടും ഞങ്ങൾ (യു.ഡി.എഫ്) അധികാരത്തിൽ വന്നു. ഞങ്ങൾ അധികാരത്തിൽ വന്ന് ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനം ഒഴിയുമ്പോൾ നിങ്ങളുണ്ടാക്കിവച്ച 422.02 കോടി രൂപയുടെ റവന്യൂ കമ്മി ഞങ്ങൾ 402.80 കോടി രൂപയാക്കി കുറച്ചു. വീണ്ടും എൽ.ഡി.എഫ്. അധികാരത്തിൽ വന്നു. അപ്പോൾ എന്താണു സ്ഥിതി? 1998-99-ൽ നിങ്ങളുടെ റവന്യൂ കമ്മി ഞങ്ങൾ വിട്ടുപോയ 402.80 കോടി രൂപയുടെ സ്ഥാനത്ത് 1604.03 കോടി രൂപയായി. 1999-2000 ആകുമ്പോഴേക്ക് ലഭ്യമായ കണക്കനുസരിച്ച്, ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ച് റവന്യൂ കമ്മി 2230 കോടി രൂപയാകും. 2500 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

യോളമെത്തും. ഈയൊരു സാഹചര്യത്തിൽ ഈ ഗവണ്മെന്റിന് ഒരു നാൾപോലും അധികാരത്തിൽ തുടരാൻ നിങ്ങൾക്ക് അവകാശമില്ല. ഈ ഗവണ്മെന്റിന്റെ പേരിൽ ഒരു രൂപ പോലും പബ്ലിക് എക്സ്ചെക്കറിൽ നിന്ന് ചെലവഴിക്കാൻ പാടില്ല. ആ ഒരു കാരണംകൊണ്ടുതന്നെ അങ്ങിവിടെ കൊണ്ടുവന്ന സപ്ലിമെന്ററി ഡിമാന്റ് സഭ പാസ്സാക്കാൻ പാടില്ലായെന്ന നിർബന്ധമെടുക്കുകയാണ്. ഞാൻ അധികം രാഷ്ട്രീയം പറയുന്നില്ല. ഇവിടെ സംസാരിച്ച ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ മുതൽ അവസാനം പ്രസംഗിച്ച കണാരേട്ടൻ വരെ പറഞ്ഞത്, ശ്രീ. പി. രാജുവിന്റെ പ്രസംഗവും ഞാൻ കേട്ടു. അതിലെ രാഷ്ട്രീയം കേട്ടു. സർ, ഇവിടെ ആരാണ് ബി.ജെ.പി. യെ വളർത്തുന്നത്? രാംദുലാരി സിൻഹ ഗവർണറായിരുന്ന സമയത്ത് സെനറ്റിലേയ്ക്ക് ഞങ്ങളുടെ ഒരാളെ നോമിനേറ്റു ചെയ്തു. നിങ്ങളുടെ ഗവണ്മെന്റാണ്. ഗവർണറുടെ പോസ്റ്റിന് ചില ഇമ്മ്യൂണിറ്റിയുണ്ട്. അന്ന് സംസ്ഥാനവ്യാപകമായി നിങ്ങൾ സമരം നടത്തിയില്ലേ? മുഖ്യമന്ത്രിയടക്കം ഗവർണർക്കെതിരെ സമരം നടത്തിയില്ലേ? കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ള ഇമ്മ്യൂണിറ്റി ഉണ്ടായിട്ടുപോലും സമരം നടത്തി. ഇപ്പോഴെന്താണ് സ്ഥിതി? കേരളത്തിലെ ഇപ്പോഴത്തെ ഗവർണർ ശ്രീ. സുഖ്ദേവ് സിംഗ് കാംഗ് വളരെ നീണ്ട തർക്കങ്ങൾക്കുശേഷം ബി.ജെ.പി. യുടെ പ്രചരണവിഭാഗത്തിന്റെ സംസ്ഥാന സെക്രട്ടറി ബി.കെ. ശേഖറിനെ (തിരുവനന്തപുരത്തുകാരനെ) സെനറ്റിലെ അംഗമാക്കി. ചെവിക്കു ചെവി അറിഞ്ഞില്ല. ഇവിടെ ഒരു സമരവുമില്ല. ബി.ജെ.പി. യുമായി അഡ്ജസ്റ്റ്മെന്റുണ്ടാക്കിയിരിക്കുന്നത് നിങ്ങളാണോ ഞങ്ങളാണോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഗവർണർ കയ്യബദ്ധത്തിലാക്കി എന്നുള്ളതാണ് അങ്ങിവിടെ പറഞ്ഞത്. അതല്ല, മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് തന്നെ ബി.ജെ.പി. യെ കൈകാര്യം ചെയ്യാൻ വേണ്ടി ഒരു സീറ്റ് വിട്ടുകൊടുക്കണമെന്ന് ഗവർണർവഴി നടപ്പാക്കിയതാണെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. തമ്പാനൂർ രവി</u> : ഒരു സംശയവും വേണ്ട. മാർക്സിസ്റ്റു പാർട്ടിയും ബി.ജെ.പി. യും തമ്മിൽ രഹസ്യമായുണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിലാണ് ബി.കെ. ശേഖർ കേരളാ യൂണിവേഴ്സിറ്റിയിലെ സെനറ്റ് മെമ്പറായത്. ഇത് വരാൻ പോകുന്ന നാളുകളിൽ കണ്ണൂർ സംഭവങ്ങൾക്കുശേഷം ഇനിയും പല അഡ്ജസ്റ്റ്മെന്റുകളും പല കാര്യങ്ങളിലും കേരളത്തിലെ പ്രബുദ്ധമായ ജനത കാണാൻ പോകുകയാണെന്നതാണ് തെളിയിക്കുന്നത്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, അങ്ങിവിടെ പറഞ്ഞ പ്രസക്തമായ ഒരു പ്രശ്നം ബി.ജെ.പി. യുടെ നേതാവ് ബി.കെ. ശേഖറിനെ നോമിനേറ്റ് ചെയ്ത കാര്യമാണ്. ഇവിടെ എന്തു കണ്ടാലും പ്രതികരിക്കുന്ന എസ്.എഫ്.ഐ. യും ഡി.വൈ.എഫ്.ഐ. യും പോലും ഗവർണർ ഒരു ബി.ജെ.പി. കാരനെ നോമിനേറ്റ് ചെയ്തില്ല എന്നാണ് പറയുന്നത്. മാത്രമല്ല, കുത്തുപറമ്പ് നിർമ്മലഗിരി കോളേജിലെ പ്രഥമാദ്ധ്യപകനെ കയ്യേറ്റം ചെയ്യുകയും കൊല്ലം എസ്.എൻ. കോളേജിൽ അടിയുണ്ടാക്കുകയും ചെയ്ത എസ്.എഫ്.ഐ. യുടെ അഖിലേന്ത്യാ പ്രസിഡന്റിനെയാണ് സാംസ്കാരിക സംഘടനയുടെ പ്രതിനിധിയായി സെനറ്റിലേയ്ക്ക് നോമിനേറ്റ് ചെയ്തതെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. തമ്പാനൂർ രവി</u> : കേരളാ യൂണിവേഴ്സിറ്റിയിലെന്നല്ല, കേരളത്തിലങ്ങോളമിങ്ങോളം ഇതുപോലുള്ള രഹസ്യ അഡ്ജസ്റ്റുമെന്റുകളുടെ പല

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും വരാൻ പോകുന്ന നാളുകളിൽ പ്രബുദ്ധ കേരളം കാണാൻ പോകുകയാണ്. ഇവിടെ പോലീസിനെക്കുറിച്ച് ചർച്ച നടന്നു. ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നിങ്ങളുടെ നേട്ടം എന്താണ്? ബോംബുസ്ഫോടനത്തിന്റെ എണ്ണം 265, ബലാൽസംഗം 1215, സ്ത്രീപീഡനം 4418 എന്നിവയാണ്. എന്നിട്ടാണ് പറയുന്നത്, സുശക്ത കേരളം, ക്രമസമാധാനതകർച്ചയില്ലാത്ത കേരളം എന്നൊക്കെ. പോലീസിന്റെ കുഴപ്പമെന്താണെന്നറിയാമോ? വെടിവയ്ക്കാൻ പറഞ്ഞാൽ പണ്ട് വെടിവയ്ക്കുന്നത് ആകാശത്തേക്കാണ്. ഇപ്പോൾ തറയിലാണ് വെടി, കുഴിയിലാണ് വെടി. പത്തൻപതു പോലീസുകാർ കണ്ണൂരിൽ നിയമസമാധാനം പാലിക്കാനെത്തി. അവരുടെ ബസ്സിന് തീ വച്ചപ്പോൾ നിയമം സംരക്ഷിക്കേണ്ട പോലീസ് അയ്യോ എന്റെ അമ്മാ എന്നു പറഞ്ഞ് കയ്യിൽ തോക്കുമായി ഓടി ഒരു വീട്ടിലൊളിച്ചു. നാണക്കേടല്ലേ? തലസ്ഥാന നഗരിയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു താമസിക്കുന്ന കന്റോൺമെന്റ് ഹൗസിൽ മൂന്നുമാസങ്ങൾക്കു മുൻപ് അർദ്ധരാത്രി പന്ത്രണ്ടര മണിക്ക് സ്കൂട്ടറിൽ ഒരാൾ അവിടെച്ചെന്ന് മദ്യപിച്ചു മദോന്മത്തനായി, പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയിലെ മതിലിടിച്ചുതകർത്തു, ഗേറ്റു പൊളിച്ചു. അവിടെയുള്ള സെക്യൂരിറ്റിക്കാർ ടെലിഫോൺ ചെയ്ത് കൺട്രോൾ റൂമിൽ അറിയിച്ചു. ഫ്ളയിംഗ് സ്കാഡ് വന്ന് അയാളെ പിടിച്ചുകൊണ്ടുപോയി. മൂന്നുമാസം കഴിഞ്ഞു. ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന്റെ മൂക്കിനു താഴെ, മുഖ്യമന്ത്രി ഭരിക്കുന്ന തലസ്ഥാന നഗരിയിൽ പ്രതിപക്ഷനേതാവിന്റെ വീട്ടിൽ അർദ്ധരാത്രി കടന്നുകയറി ബഹളം വച്ച ആളുകളെ, മതിലിടിച്ച, ഗേറ്റു പൊളിച്ച ആളുകളെ എന്തു ചെയ്തു? എന്തായി സംഭവം? ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന്റെ മൂക്കിനു താഴെപ്പോലും ഇത്തരം സംഭവമുണ്ടായിട്ട് അതിന്റെ പേരിൽ നടപടിയെടുക്കാൻ കഴിയാത്ത ഈ ഗവണ്മെന്റ് എങ്ങനെയാണ് സാധാരണക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നത്?

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, ബഹുമാനപ്പെട്ട എ. കണാരൻ പ്രസംഗിച്ചപ്പോൾ അച്യുതാനന്ദൻ ഗ്രൂപ്പില്ല, അതു കോൺഗ്രസ്സുകാർ പറഞ്ഞുണ്ടാക്കുന്നതാണെന്നു പറഞ്ഞു. ഈ സംസ്ഥാനത്ത് ഹൈക്കോടതിയുടെ മുന്നിലും നിയമസഭയുടെ മുന്നിലും അഡ്വക്കേറ്റ് ജനറലിനെതിരായി അഴിമതിയാരോപണം എവിടെ നിന്നാണ് വരുന്നതെന്നുള്ളത് വിസ്മരിച്ചുകൊണ്ടല്ലേ ബഹുമാനപ്പെട്ട കണാരേട്ടൻ ഈ കാര്യം പറഞ്ഞത്. അഡ്വക്കേറ്റ് ജനറലിനെതിരായി ആരോപണമുന്നയിക്കുന്നത് ശ്രീ. വി.എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ ആളുകളുമാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

<u>ശ്രീ. തമ്പാനൂർ രവി</u> : അങ്ങനെ പല കാര്യങ്ങളും അവിടെ നടക്കുന്നതുകൊണ്ടാണല്ലോ ഇങ്ങനെ പല കാര്യങ്ങളും കിട്ടുന്നത്. ഇനിയും പലതും കിട്ടും. ഞങ്ങളുടെ കാലത്തു ചെയ്ത പല ജോലികളും പൂർത്തിയായവ, കല്ലിടൽ എന്നിവയൊക്കെ രാഷ്ട്രത്തിനു സമർപ്പിക്കലാണ്. ഒന്നും രണ്ടും ലക്ഷം രൂപയുടെ റോഡുപണിയാണ് രാഷ്ട്രത്തിന് സമർപ്പണം നടത്തുന്നത്. പണ്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഭക്രാനംഗൽ പദ്ധതി രാഷ്ട്രത്തിനു സമർപ്പിച്ചു. അതു വലിയ പ്രോജക്ടാണ്. ഇപ്പോൾ ഈ ഗവണ്മെന്റ് വന്ന ശേഷം ഒരു ലക്ഷം രൂപയുടെ പദ്ധതിപോലും രാഷ്ട്രത്തിനു സമർപ്പിക്കലാണ്. രാഷ്ട്രത്തിനു സമർപ്പിക്കലല്ലാതെ ബഡ്ജറ്റിൽ പറയുന്ന ഒരു കാര്യവും നിങ്ങൾ ചെയ്യുന്നില്ല. അതുകൊണ്ട് ഒരു കാരണവശാലും ഈ സപ്ളിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സ് പാസ്സാക്കാൻ സഭയ്ക്ക് സാധ്യമല്ല. ജനവിരുദ്ധ നടപടികളുമായി മുന്നോട്ടുപോകുന്ന ഈ ഗവണ്മെന്റിന്റെ ധനകാര്യവകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി അവതരിപ്പിച്ച സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

ശ്രീ. കെ. പ്രകാശ് ബാബു : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച സപ്ലിമെന്ററി ഡിമാൻഡ്സിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ശ്രീ. തമ്പാനൂർ രവി പ്രസംഗം അവസാനിപ്പിച്ച് നിർത്തുമ്പോൾ പറഞ്ഞത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് പലതും രാഷ്ട്രത്തിനു സമർപ്പിക്കുകയാണെന്നാണ്. ഒരു ലക്ഷം രൂപയുടെ പ്രോജക്ടുകൾ, രണ്ടു ലക്ഷം രൂപയുടെ പ്രോജക്ടുകൾ എൽ.ഡി.എഫ്. രാഷ്ട്രത്തിനു സമർപ്പിക്കുകയാണെന്നാണ് പറയുന്നത്. പ്രിയപ്പെട്ട തമ്പാനൂർ രവി അങ്ങനെ പറയാനിടയായത് കഴിഞ്ഞ ഗവണ്മെന്റിന്റെ 5 വർഷക്കാലത്ത് പലരും രാഷ്ട്രത്തിനു സമർപ്പിക്കുന്നതിനുപകരം സ്വന്തം പോക്കറ്റിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് എന്നുള്ളത് ശ്രീ. തമ്പാനൂർ രവിയെങ്കിലും ഓർത്തിരിക്കുന്നത് നല്ലതാണ്. ഞങ്ങളത് രാഷ്ട്രത്തിനെങ്കിലും സമർപ്പിക്കുന്നല്ലോ? അത്രയെങ്കിലും നിങ്ങൾ അംഗീകരിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. കേരളം ഒരു വലിയ കടക്കെണിയിലാണ്, പ്രതിസന്ധിയിലാണെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി ഇവിടെ വളരെയധികം അധരവ്യായാമങ്ങൾ നടന്നു. കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയൊക്കെയുണ്ടാകാം. ഇല്ലെന്നു പറയുന്നില്ല. പക്ഷേ ആ സാമ്പത്തിക പ്രതിസന്ധി ഇന്ത്യാ മഹാരാജ്യത്തിന്റെ ഭാഗമാണ് കേരളമെന്നുള്ളതുകൊണ്ടുമാത്രം ഉണ്ടായിട്ടുള്ളതല്ലേ? ഈ സംസ്ഥാന ഗവണ്മെന്റിന്റെ ഭരണത്തിന്റെ പ്രത്യേകത കൊണ്ട് ആ പ്രതിസന്ധിയെ മറികടക്കുന്നതിന് നമ്മുടെ ധനകാര്യവകുപ്പിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. നിശ്ചയമായും ഇന്ത്യയുടെ ഭാഗമായി നിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ ഇൻഡ്യയിൽ ആകെയുണ്ടാകുന്ന ആ പ്രതിസന്ധിയുടെ ഒരു ഭാഗം കേരളത്തേയും ബാധിക്കും. ഇന്ത്യയിൽ രാഷ്ട്രീയമായും സാമ്പത്തികമായും ഇന്നുണ്ടായിട്ടുള്ള പ്രതിസന്ധികൾക്ക് ഈ കോൺഗ്രസ്സ് പാർട്ടി ഒരു മുഖ്യ ഉത്തരവാദിയല്ലേ? കോൺഗ്രസ്സ് പാർട്ടി യഥാർത്ഥത്തിൽ കാറ്റുവിതച്ചിട്ട് കൊടുങ്കാറ്റു കൊയ്തവരാണ്. ഡി.എം.കെ.യുടെ മന്ത്രിമാരുമായി ബന്ധപ്പെട്ട്, എൽ.ടി.ടി.ഇ. യുമായി ബന്ധപ്പെട്ട് ചില പരാമർശങ്ങളുണ്ടായി. അവരാണ് അന്ന് നിലവിലുണ്ടായിരുന്ന ഐ.കെ. ഗുജ്റാൾ ഗവണ്മെന്റിനെ പുറത്താക്കിയിട്ട് വാജ്പേയ് ഗവണ്മെന്റിനെ അധികാരത്തിൽ കൊണ്ടുവന്നതെന്നുപറഞ്ഞു. രാഷ്ട്രീയമായി അവർ കാറ്റുവിതച്ചിട്ട് കൊടുങ്കാറ്റ് കൊയ്തവരാണ്. കഴിഞ്ഞ കാലങ്ങളിലെല്ലാം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള ആളുകൾ കൊണ്ടുവന്നിട്ടുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ, അത് പൊതുമേഖലയെ സംബന്ധിച്ചാകട്ടെ, ഇൻഷ്വറൻസ് കമ്പനികളുമായി ബന്ധപ്പെടുത്തിയാകട്ടെ, ബാങ്കുകളുമായി ബന്ധപ്പെടുത്തിയാകട്ടെ അതിനെ മുഴുവൻ മാറ്റിമറിച്ചുകൊണ്ട് ഒരു പുതിയ സാമ്പത്തിക പോളിസി കൊണ്ടുവന്ന വക്താക്കളെന്നു പറയുന്നത് കോൺഗ്രസ്സല്ലേ? അവരല്ലേ ഇന്ന് ഇന്ത്യാരാജ്യത്തെ ഈ കടക്കെണിയിൽ കൊണ്ടുചെന്നെത്തിച്ചത്? അതു മറന്നുകൊണ്ടാണ് കോൺഗ്രസ്സ് പാർട്ടിയുടെ പ്രിയപ്പെട്ട സുഹൃത്തുക്കൾ ഇവിടെ സംസാരിക്കുന്നത്. ഞാൻ ആ കാര്യങ്ങളിലേക്ക് ദീർഘമായി പോകുന്നില്ല. അവർ രാഷ്ട്രീയമായ കാരണങ്ങളല്ലാതെ ഈ സപ്ലിമെന്ററി ഡിമാൻഡ്സിനെ എതിർക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എന്തിനുവേണ്ടിയാണ് സപ്ലിമെന്ററി ഡിമാൻഡ്സ് ഇവിടെ

[3.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിട്ടുള്ളത്? കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത്. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ റവന്യൂ മന്ത്രി ശ്രീ. കെ.എം. മാണിയായിരുന്നു. ഇവരെല്ലാംകൂടി കേന്ദ്രമന്ത്രിയെ കൊണ്ടുവന്ന് ശ്രീ. ഇ.എം. അഗസ്തിയുടേയും ശ്രീ. എ.കെ. മണിയുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും നാടായ ഇടുക്കിയിൽ ഒരു വലിയ മാമാങ്കം നടത്തിയില്ലേ? കേരളം മുഴുവൻ കൊട്ടിഘോഷിച്ചുകൊണ്ടുള്ള പട്ടയമേളയായിരുന്നു അത്. അന്ന് അവിടെ കൊടുത്ത കടലാസുകഷണത്തിന് ഒരു പുല്ലിന്റെ വിലയെങ്കിലും കിട്ടിയോ മണി? അന്ന് ആ പട്ടയമേള നടത്തിയതല്ലാതെ ഒന്നും അവർക്ക് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിൽപ്പിന്നെ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് കോടതിയിലെ വിലക്കുകളെല്ലാം നീക്കി, കേന്ദ്രഗവണ്മെന്റിന്റെ അനുമതി മുഴുവൻ വാങ്ങി ആ പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. അങ്ങനെ മലയോര കർഷകന് പട്ടയം കൊടുക്കുക എന്ന ദീർഘനാളത്തെ ആവശ്യം ഇപ്പോൾ യാഥാർത്ഥ്യമായി. ഇവിടെ പ്രതിപക്ഷ അംഗങ്ങൾ അതിനെ എതിർക്കുകയാണ്. ആ ആവശ്യത്തിനായി 12 യൂണിറ്റുകളിൽകൂടി 348 അഡീഷണൽ പോസ്റ്റുകളുണ്ടാക്കുന്നതിനുവേണ്ടി സാമ്പത്തിക ബാധ്യത വന്നു. അതു വേണ്ടായെങ്കിൽ ശ്രീ. ഇ.എം. അഗസ്തിയും ശ്രീ. എ.കെ. മണിയും തുറന്നുപറയട്ടെ. സപ്ലിമെന്ററി ഡിമാന്റ്സിൽ പട്ടയം കൊടുക്കുന്നതിനുവേണ്ടി 12 യൂണിറ്റുകളിൽകൂടി 348 അഡീഷണൽ പോസ്റ്റുകൾ ഉണ്ടാക്കി 28,588 ഹെക്ടർ വനഭൂമിക്ക് പട്ടയം കൊടുത്ത ഒരു ഗവണ്മെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ്. നിങ്ങൾ കൊടുത്തതു പോലെ കടലാസ് കൊടുക്കുകയല്ല ചെയ്തത്. ഇനിയും 14,000 ഹെക്ടർ വനഭൂമിക്കു കൂടി പട്ടയം കൊടുക്കുന്നതിനുള്ള കേന്ദ്ര അനുമതിക്കുവേണ്ടി അയച്ചുകഴിഞ്ഞു. അതിനുവേണ്ടി വന്നതാണ് ഈ സപ്ലിമെന്ററി ഡിമാൻഡ്സിലെ തുക. ഞാൻ എല്ലാ കാര്യങ്ങളിലേയ്ക്കും പോകുന്നില്ല. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. അവർ ഇതിനെ എതിർക്കുന്നതിന് മറ്റൊരുകാര്യം കൂടിയുണ്ട്. സപ്ലിമെന്ററി ഡിമാൻഡ്സിൽ പറഞ്ഞിരിക്കുന്നത് ഞാൻ വായിക്കാം. അവർക്ക് രാഷ്ട്രീയമായി എതിർക്കാതിരിക്കാൻ കഴിയില്ല. കാരണം Expenditure in connection with the formation of special investigation team in Vigilance and Anti Corruption Bureau for enquiring into the allegations of corruption in the execution of Diesel Power Plant at Brahmapuram. The Supplementary Grant sought is to recoup the Contingency Fund Advance. ബ്രഹ്മപുരം ഡീസൽ പ്ലാന്റിന് അവിടെ ഭൂമി നികത്തുന്ന കാര്യം നിയമസഭയിൽ ധാരാളം പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. തറ നിരത്തുന്നതിനുവേണ്ടി ജനറേറ്റർ വാങ്ങിയ ഇനത്തിൽ രണ്ടരക്കോടി രൂപയാണ് വേണ്ടിവന്നത്. അതാണ് ശ്രീ. തമ്പാനൂർ രവി പറഞ്ഞത് ഞങ്ങൾ പോക്കറ്റിൽ സമർപ്പിച്ചു, നിങ്ങൾ രാഷ്ട്രത്തിനു സമർപ്പിച്ചു എന്ന്. അവിടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെയുണ്ടാക്കുന്നതിനുവേണ്ടി ഈ ഗവണ്മെന്റിന് സപ്ലിമെന്ററി ഗ്രാന്റ് വേണ്ടിവന്നു. അതുപോലെ ഇവിടെ പലർക്കും അറിയാവുന്ന ഒന്നാണ് ശബരിമല ദുരന്തം. നമ്മളെല്ലാവരും അവിടെ എത്തിച്ചേർന്ന ആളുകളാണ്. ആ ശബരിമല ദുരന്തം നടന്നപ്പോൾ അതിന്റെ എൻകയറിയുമായി ബന്ധപ്പെട്ട് ഗവണ്മെന്റിന് അധിക ബാധ്യത വന്നു. അത് recoup ചെയ്യുന്നതിനുവേണ്ടി സപ്ലിമെന്ററി ഡിമാൻഡ്സ് വേണ്ടിവന്നു. അതിനെയാണ് ഇവർ എതിർക്കുന്നത് എന്നുള്ളതാണ് ഇവിടെ ഏറ്റവും വലിയ രസം. ഇപ്പോഴുണ്ടായ സൈക്ലോൺ ബാധയെത്തുടർന്ന് ഒറീസാ ഗവണ്മെന്റിനെ സഹായിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 50 ലക്ഷം രൂപ ഈ ഗവണ്മെന്റ് കൊടുത്തു. പക്ഷേ കോൺഗ്രസ്സ് പാർട്ടി എന്താണ് ചെയ്തത്? അവിടുത്തെ മുഖ്യമന്ത്രി ഇപ്പോൾ മാറിയല്ലോ. അവിടുത്തെ കോൺഗ്രസ്സ് മുഖ്യമന്ത്രിയായിരുന്ന ഗിരിധർ ഗോമിങിനെ എന്തിനാണ് മാറ്റിയത്? പ്രളയ ദുരിതാശ്വാസത്തിനുവേണ്ടി കൊടുത്ത തുകപോലും വകമാറ്റി ചെലവാക്കിയതായി നിയമസഭയിൽ ആരോപണമുണ്ടാവുകയും അതിശക്തമായ പ്രതിഷേധം കോൺഗ്രസ്സ് പാർട്ടിയിൽ നിന്നുപോലുമുണ്ടാവുകയും ചെയ്തപ്പോഴാണ് മുഖ്യമന്ത്രിയെ മാറ്റേണ്ടിവന്നത്. എ.ഐ.സി.സി. വർക്കിംഗ് കമ്മിറ്റി മെമ്പർ എന്നുള്ള നിലയിൽ ശ്രീ. എ.കെ. ആന്റണിക്കറിയാമല്ലോ അത്. അതാണ് ഞാൻ പറഞ്ഞത് ഇവിടെ സപ്ലിമെന്ററി ഡിമാൻഡ്സ് കൊണ്ടുവരുമ്പോൾ, അതിൽനിന്നും ഒറീസയിലെ ചുഴലിക്കാറ്റിൽ അകപ്പെട്ടുപോയ ആയിരക്കണക്കിന് ആളുകൾ, ഇനിയും കണ്ടെത്തിയിട്ടില്ലാത്ത മൃതദേഹങ്ങൾ ആ സംഭവത്തെത്തുടർന്ന് ദുരിതാശ്വാസ പ്രവർത്തനത്തിനുവേണ്ടി ഈ ഗവണ്മെന്റ് 50 ലക്ഷം രൂപ കൊടുത്തപ്പോൾ അതിനെ നിങ്ങൾ എതിർക്കുന്നു. പോക്കറ്റിലാക്കിക്കൊണ്ടുപോയ ഗിരിധർഗോമാങ്ങിന്റെ വക്താക്കളാണ് നിങ്ങൾ. അതുകൊണ്ട് നിങ്ങളതിനെ എതിർക്കുന്നു. അതിനുവേണ്ടിയാണ് ഈ സപ്ലിമെന്ററി ഡിമാൻഡ്സ് കൊണ്ടുവന്നത്. നിങ്ങൾക്ക് എങ്ങനെയാണ് ഇതിനെ എതിർക്കാൻ കഴിയുന്നത്? രാഷ്ട്രീയമായ വൈരാഗ്യം കൊണ്ടല്ലാതെ സാമ്പത്തികമായി ഇതിന്റെ കാര്യങ്ങളിലേയ്ക്കു കടന്നാൽ നിങ്ങൾക്ക് ഒരിക്കലും അതിനെ എതിർക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ടാണ് ഞാനിതു പറഞ്ഞത്. കേരളത്തിലെ കശുവണ്ടി തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി നടപടികളെടുത്ത ഒരു ഗവണ്മെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ്. കഴിഞ്ഞതവണ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ബാധ്യതയെ സംബന്ധിച്ച് അന്നിവിടെ പറഞ്ഞിരുന്നത് ഞാനിപ്പോഴും ഓർക്കുന്നു. 86 കോടി രൂപയുടെ ബാധ്യത. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനുകൊടുത്ത 86 കോടി രൂപയുടെ ആ ധനസഹായം ഇക്വിറ്റി ഷെയറാക്കി മാറ്റിയത് ഈ ഗവണ്മെന്റാണ്. അവിടെ സമരം നടക്കുമ്പോൾ ശ്രീ. എഴുകോൺ നാരായണൻ പോയി പ്രസംഗിക്കുന്നുണ്ടല്ലോ. ലക്ഷക്കണക്കിനുവരുന്ന കശുവണ്ടിത്തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടിയാണ് 86 കോടി രൂപ കൊടുത്തത്, കൂടാതെ ഇപ്പോൾ 1998-99-ൽ വീണ്ടും കൊടുത്തിരിക്കുന്നു 65 കോടി രൂപ. ആ 65 കോടി രൂപ ക്യാപ്പിറ്റൽ ഷെയറാക്കി മാറ്റുന്നതിനുവേണ്ടിയാണ് സപ്ലിമെന്ററി ഡിമാന്റ്സ് കൊണ്ടുവന്നത്. കശുവണ്ടിത്തൊഴിലാളികളുടെ പേരുപറഞ്ഞുകൊണ്ട് അവിടെ പ്രവർത്തനം നടത്തുന്ന കോൺഗ്രസ്സിന്റെ പ്രവർത്തകർ ഇവിടെവന്ന് എതിർക്കുന്നു. ഞാനത് മറ്റൊരർത്ഥത്തിൽ പറയുകയല്ല, അങ്ങനെയാണ് സപ്ലിമെന്ററി ഡിമാന്റ്സ് വേണ്ടിവന്നത്. സാമ്പത്തികമായ ഭദ്രതയിൽത്തന്നെയാണ് ഈ ഗവണ്മെന്റ് ഇപ്പോഴും നിൽക്കുന്നത്. ഒരു സംശയവും വേണ്ട. പക്ഷേ ഞാൻ ഈ ഗവണ്മെന്റിനു മുന്നിലും അതുപോലെതന്നെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ മുന്നിലും ഒരു യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. ഈ ഗവണ്മെന്റ് ഏതാണ്ട് ഒരു വലിയ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ട് പ്രവർത്തിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലാണെന്ന് വരുത്തിത്തീർക്കാൻ ആരൊക്കെയോ ശ്രമിക്കുന്നു. ഇനി ഒന്നരവർഷമേയുള്ളൂ. ആ ഒന്നരവർഷംകൊണ്ട് ഈ ഗവണ്മെന്റിന് പ്രവർത്തിക്കാൻ കഴിയില്ല എന്ന നിലയിലാക്കുന്നതിനുവേണ്ടി ചിലർ ബോധ

LIBRARY ARCHIVES Kerala Legislative Assembly

പൂർവ്വം ശ്രമിക്കുന്നു എന്നാണ് എന്റെ തോന്നൽ. അതിനാവശ്യമായ പ്രചരണങ്ങളാണ് ഇവിടെ നടക്കുന്നത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പലപ്പോഴും ഇവിടെ പറഞ്ഞിട്ടുള്ളതാണ് ചാരായനിരോധനത്തിന്റെ ഫലമായി ഗവണ്മെന്റിന്റെ ഖജനാവിലേയ്ക്ക് വരാനിരുന്ന 400 കോടിയോളം രൂപ വരവ് നിന്നു എന്ന്. അതുകൂടാതെ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈവർഷംതന്നെ സംസ്ഥാന ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടിവന്ന 1020 കോടി രൂപ ത്രിതല പഞ്ചായത്തുകൾക്കായി മാറ്റിവച്ചു. അങ്ങനെ 1500 കോടിയോളം രൂപയുടെ കുറവ് സംസ്ഥാന ഗവണ്മെന്റിന്റെ ഖജനാവിൽ വന്നുവെന്നുള്ളത് വസ്തുതതന്നെയാണ്. ആ കുറവ് വന്നിട്ടുണ്ട്. ആ കുറവ് പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടികളിലേയ്ക്കാണ് ഈ ഗവണ്മെന്റ് പൊയ്ക്കൊണ്ടിരിക്കുന്നത്. അത് പലപ്പോഴും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുമുണ്ട്. അങ്ങനെയാണെങ്കിലും പണം കണ്ടെത്തേണ്ടുന്ന സ്രോതസ്സുകളിൽനിന്നും പണം കണ്ടെത്താനും വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനും ഈ ഗവണ്മെന്റിന് കഴിയണം. ഞാൻ മനസ്സിലാക്കുന്നത് വിവിധ ഏജൻസികളിൽ നിന്ന് നബാർഡ് ഉൾപ്പെടെയുള്ള വിവിധ ഏജൻസികളിൽ നിന്ന് കേരളത്തിന് കിട്ടേണ്ടുന്ന പണം വാങ്ങിച്ചെടുക്കുന്നതിന് ആരൊക്കെയോ തടസ്സം നിൽക്കുന്നുണ്ട് എന്നാണ് എനിക്ക് അറിയുവാൻ കഴിഞ്ഞിട്ടുള്ളത്. ഈ തടസ്സങ്ങൾ മാറണം. കേരളത്തിനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി അതിന്റെ സമ്പത്ത് കണ്ടെത്തുന്നതിനുവേണ്ടി ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് അത് ലഭ്യമാക്കാൻ കഴിയുമോ, ലഭ്യമാക്കുന്ന പ്രവർത്തനങ്ങളുമായി ധനകാര്യ വകുപ്പ് മുന്നോട്ട് പോകണം. ഈ ഗവണ്മെന്റിന് അടുത്ത ഒന്നര വർഷക്കാലത്തുള്ള പ്രവർത്തനങ്ങളിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ സാമ്പത്തിക പ്രതിസന്ധി, സാമ്പത്തിക പ്രതിസന്ധി എന്നുപറഞ്ഞുകൊണ്ട് ഒരു സമീപനമെടുക്കുന്നത് ഒരിക്കലും ശരിയല്ലയെന്നു മാത്രമാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്. അതുകൊണ്ട് ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ സമ്പത്ത് കണ്ടെത്തിക്കൊണ്ടുതന്നെ ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണമെന്നു മാത്രമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. കഴിഞ്ഞ മൂന്നര വർഷം കൊണ്ട് എല്ലാ മേഖലകളിലും ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കുവാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങൾക്കും മാതൃകയായി മാറാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. അത് പൊതുവിതരണരംഗത്തായാലും, വൈദ്യുതി രംഗത്തായാലും, കാർഷികരംഗത്തായാലും എല്ലാ രംഗത്തും അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിലുമെല്ലാം ഒരു മാതൃകാ സംസ്ഥാനമായി ഇൻഡ്യയിൽ മാറാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സപ്ലിമെന്ററി ഡിമാന്റെന്നുള്ള നിലയിൽ ഞാൻ ഇതിനെ പിന്തുണയ്ക്കുന്ന കൂട്ടത്തിൽ ഒരു ചെറിയ കാര്യം കൂടി പറയുകയാണ്. കൊല്ലം ജില്ലയിലെ ഒരു പ്രധാന വിദ്യാഭ്യാസ സ്ഥാപനമായ എസ്.എൻ. കോളേജിലുണ്ടായിരിക്കുന്ന അവസ്ഥയ്ക്കു പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി, രണ്ട് ഭാഗത്തെയും കൂട്ടായ ചർച്ചകളിൽക്കൂടി ആ പ്രശ്നത്തിനൊരു പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി ഗവണ്മെന്റ് തന്നെ മുൻകൈയെടുക്കണം. വിട്ടുവീഴ്ചയുടെ മനോഭാവത്തോടുകൂടി കൊല്ലം എസ്.എൻ. കോളേജിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി അവിടെ സുഗമമായ അന്തരീക്ഷത്തിൽ വിദ്യാഭ്യാസം നടത്തിക്കൊണ്ടുപോകാൻ കഴിയുന്നതിന് മുൻകൈ എടുക്കണമെന്നുകൂടി

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്രീമിലെയർ സംബന്ധമായ സുപ്രീം കോടതി വിധിക്കുശേഷം ഇവിടെയുള്ള പിന്നോക്ക വിഭാഗങ്ങൾ വളരെയേറെ ആശങ്കയിലാണ്, ഭീതിയിലാണ്. അവർക്ക് ലഭിക്കേണ്ട ന്യായമായ സംവരണം നഷ്ടപ്പെട്ടുപോകാതിരിക്കാൻ വേണ്ട എല്ലാ നടപടികളും ഈ ഗവണ്മെന്റ് സ്വീകരിക്കണമെന്ന് ഞാൻ ആമുഖമായി അഭ്യർത്ഥിക്കുകയാണ്. അതിനെക്കുറിച്ച് വിശദമായി എന്റെ സഹപ്രവർത്തകൻ ചെർക്കളം അബ്ദുള്ള സംസാരിക്കുകയുണ്ടായി. അത് ഗവണ്മെന്റ് വളരെ ഗൗരവമായി തന്നെ ഈ കാര്യങ്ങൾ കണക്കിലെടുക്കണമെന്നും പേരിന് റിവ്യൂ കൊടുക്കുന്ന ഒരു സമ്പ്രദായമുണ്ടായാൽ പോരാ ഏതുവിധത്തിലായാലും പിന്നോക്കവിഭാഗക്കാർക്ക് സംവരണം നഷ്ടപ്പെടുന്ന ഒരു അവസ്ഥയുണ്ടാകരുത്. അതിനുവേണ്ട എല്ലാ നടപടികളും കൈക്കൊള്ളണമെന്ന് വീണ്ടും ആവശ്യപ്പെടുകയാണ്. ഈ ഗവണ്മെന്റിന്റെ വികലമായ സാമ്പത്തികവീക്ഷണത്തിന്റേയും കെടുകാര്യസ്ഥതയുടേയും പിടിപ്പുകേടിന്റേയും പ്രതിഫലനമാണ് ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ്. മൊത്തം 47.76 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണ് ധനകാര്യ വകുപ്പു മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പ്ലാൻ എക്സ്പെൻഡിച്ചർ 14.84 കോടി രൂപയാണ്. എന്നാൽ നോൺ പ്ലാൻ എക്സ്പെൻഡിച്ചർ 32.92 ആണ്. നോൺ എക്സ്പെൻഡിച്ചർ കൂടിവരുന്നത് നല്ലതല്ലയെന്ന് എല്ലാപേർക്കും അറിയാവുന്നതാണ്. നോൺ പ്ലാൻ ചെലവ് അറിയാവുന്നതുകൊണ്ടാണ് നോൺ പ്ലാൻ ചെലവ് നിയന്ത്രിക്കപ്പെടണമെന്ന് സാമ്പത്തിക വിദഗ്ധർ നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ ഗവണ്മെന്റ് ഒരിക്കലും അതിന് തുനിഞ്ഞിട്ടില്ല. കഴിഞ്ഞ കൊല്ലംതന്നെ ഈ ഗവണ്മെന്റിന്റെ സമീപനം അതിനനുകൂലമായിരുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി ഉപധനാഭ്യർത്ഥനയുമായി സഭയുടെ മുൻപാകെ കൊണ്ടുവന്നിരിക്കുന്നത് പ്രധാനമായും വാഹനങ്ങൾ വാങ്ങാനാണ്. ഇവിടെ പലരും സപ്ലിമെന്ററി ഡിമാന്റ് വായിച്ചോ എന്ന് ചോദിക്കുകയുണ്ടായി. അവർ എല്ലാവരും 1,2 പേജുകൾ മാത്രമേ നോക്കിയിട്ടുള്ളൂവെന്നാണ് എനിക്ക് പറയുവാനുള്ളത്. വാഹനങ്ങൾ വാങ്ങാനാണ് അധികവും തുക വകയിരുത്തിയിരിക്കുന്നത്. അതുതന്നെ ലക്ഷ്വറി കാറുകൾക്കും പിന്നെ കുറെ പോസ്റ്റുകൾ സൃഷ്ടിക്കുന്നതിനുമാണ്. പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിൽ വളരെയേറെ സന്തോഷമുണ്ട്. പക്ഷെ അതിന് 328 അധിക തസ്തിക സൃഷ്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ കുറെ കാലങ്ങളിലായി, 1987-ലെ നായനാർ ഗവണ്മെന്റിന്റെ കാലത്ത്, അതിനുശേഷമുള്ള യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് റിസോഴ്സ് കമ്മിഷനെ നിയമിക്കുകയുണ്ടായി. എല്ലാവരും നടത്തിയ പഠനത്തിൽ കണ്ടത് നമുക്ക് ഒരുപാട് സർപ്ലസ് സ്റ്റാഫുണ്ടെന്നാണ്. നമുക്ക് ജീവനക്കാർ വളരെയധികം ഉണ്ട്. അധികാര വികേന്ദ്രീകരണത്തിനുശേഷമുള്ള അവസ്ഥയിലും ഒരുപാട് അധിക തസ്തികകൾ നിലനിൽക്കുന്നുണ്ട്. അവരെ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് deploy ചെയ്യണമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ അവസരത്തിൽ ഈ അധികം വരുന്ന ജീവനക്കാരെ അവിടെ കൊടുക്കുകയാണ് ചെയ്യേണ്ടത്. അല്ലാതെ അധികതസ്തിക സൃഷ്ടിക്കുകയല്ല ചെയ്യേണ്ടതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പിന്നെ ഫർണിച്ചർ വാങ്ങാൻ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ രണ്ട് കോടി രൂപ നൽകി എന്നുള്ളത് മാത്രമുണ്ട് എടുത്തുപറയാൻ. ഇതുതന്നെ നിർബന്ധിതമായ സാഹചര്യത്തിലല്ലേ മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുടെ ദുരിതാശ്വാസനിധിയിൽ രണ്ട് കോടി രൂപ സംഭാവന നൽകുന്നത്. സർ, എന്താണ് അവസ്ഥ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സഹായം അനുവദിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ആളുകൾക്ക് കാശ് കിട്ടാതിരിക്കുന്ന അവസ്ഥയുണ്ട്. ബഡ്ജറ്റിൽ ആവശ്യമായ ഫണ്ട് അനുവദിക്കാത്തതുകൊണ്ട് മട്ടാഞ്ചേരിയിലെ ശുദ്ധജല വിതരണത്തിന് ബാർഗേജിൽ നിന്ന് വെള്ളം കൊടുക്കാൻ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശുദ്ധജലവിതരണ പദ്ധതി നടപ്പിൽ വരുത്തി അവിടെ വെള്ളം എത്തിക്കാൻ ശ്രമിക്കാത്തതുകൊണ്ടല്ലേ ഈ അധിക ചെലവു വന്നത്. അത് വലിയ കാര്യമായി എന്റെ സുഹൃത്തുക്കൾ പറയുന്നു. അത് പറയാൻ നാണമില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അവിടെ പക്കാശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ ഇതിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾക്ക് പണമൊന്നുംതന്നെ വകയിരുത്തിയിട്ടില്ല. സംസ്ഥാനത്തൊട്ടാകെ ബഡ്ജറ്റിൽ പണില്ലാത്തതുകൊണ്ട് ഗവണ്മെന്റിന്റെ സാമ്പത്തിക പ്രയാസങ്ങൾ കൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങൾ തുടങ്ങാനും, തുടരാനും കഴിയാതെ കിടക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ വികസനത്തിന് ഒഴിച്ചുകൂടാനാവാത്തതും അടിയന്തിരമായ പ്രവൃത്തി നടത്തേണ്ടതുമായ വികസന പ്രവർത്തനങ്ങൾ ഏറെ ഉണ്ട്. അനിവാര്യമായ ഇത്തരം കാര്യങ്ങൾക്ക് പണം ലഭ്യമാക്കാനല്ലേ സാധാരണ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കപ്പെടാറുള്ളത്. ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും എല്ലാ എം.എൽ.എ.മാരും വളരെയേറെ പ്രതീക്ഷയോടെയാണ് ഈ സപ്ലിമെന്ററി ഡിമാൻഡ്സിനെ കാത്തിരിക്കാറുള്ളത്. ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിൽ ഫണ്ടില്ലാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തുക വകയിരുത്തുമെന്ന് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ആശിച്ചിരുന്നു. ഞങ്ങളുടെയെല്ലാം പ്രതീക്ഷകളെ തല്ലിത്തകർത്തിരിക്കുകയല്ലേ? ശ്രീ. പി. രാജു ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെ ചൂണ്ടിക്കാണിച്ച് ചില കാര്യങ്ങൾ പറയുകയുണ്ടായി. എല്ലാപേരുടെ ഉള്ളിലും അസംതൃപ്തി ഉണ്ട്. ആരുടെയെങ്കിലും മണ്ഡലങ്ങളിൽ സ്തംഭിച്ചുപോയ വികസനപ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തുക ഈ സപ്ളിമെന്ററി ഡിമാന്റിൽ വകയിരുത്തിയിട്ടുണ്ടോ? എന്റെ സുഹൃത്ത് കായംകുളം മെമ്പർ ശ്രീ. ജി. സുധാകരൻ, അദ്ദേഹത്തിന്റെ വളരെക്കാലത്തെ പ്രതീക്ഷയാണ് കായംകുളം വനിതാ പോളിടെക്നിക്. ഞാനും അദ്ദേഹത്തോടൊപ്പം അതിന് ഫണ്ട് അനുവദിക്കാൻ സബ്ജക്ട് കമ്മിറ്റിയിൽ വളരെയേറെ പോരാടിയിട്ടുണ്ട്. പക്ഷെ പൈസ ഇല്ലാത്തതുകൊണ്ട് defer ചെയ്യണമെന്ന് ധനകാര്യ മന്ത്രി നിർദ്ദേശം കൊടുത്തത് അദ്ദേഹം അവതരിപ്പിച്ച സബ്മിഷനിൽ മറുപടിയായി പി.ഡബ്ല്യു.ഡി. മിനിസ്റ്റർ ഇവിടെ പറയുകയുണ്ടായി. ഇങ്ങനെതന്നെയാണ് എല്ലാ കാര്യങ്ങളും. പണമില്ലാത്തതുകൊണ്ട് ഒന്നും നടത്താൻ കഴിയാത്ത ഒരവസ്ഥയാണ്. ഒരു വികസന പ്രവർത്തനങ്ങളും നടക്കുന്നില്ല. സർക്കാരിന്റെ സാമ്പത്തികപ്രതിസന്ധി കാരണം പോലീസുകാരുടെ പെർമനന്റ് ട്രാവലിംഗ് അലവൻസ് വെട്ടിക്കുറച്ചുവെന്ന് ഇന്ന് ഏതോ ഒരു പത്രത്തിൽ കാണുകയുണ്ടായി. ഇങ്ങനെ ഒന്നിനും പണമില്ലാത്ത അവസ്ഥയിലാണ് നമ്മൾ ഇങ്ങനെ കാറുകൾ വാങ്ങിക്കുന്നത്. ലാൻസർ മിത്സുബിഷി ഒരു ബഹുമാനപ്പെട്ട മന്ത്രിക്കുവേണ്ടി വാങ്ങിയതാണ്. അദ്ദേഹം അതിനുമുമ്പേ വാങ്ങിയ കാർ കേടാണെന്നാണ് ഇപ്പോൾ പറയുന്നത്. മന്ത്രിമാർക്ക് എത്ര കാറുകൾ വീതം വാങ്ങിയെന്ന് വ്യക്തമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. 12 എ.സി. കോണ്ടസ കാറുകൾ, 20 കാറും ജീപ്പും, ഒരു ഡീസൽ അംബാസിഡർ, ഒരു മാരുതി എസ്റ്റീം, വേറെ 30 വാഹനങ്ങൾ, ഒരു അശോക് ലെയ്ലാൻഡ്, അങ്ങനെ ആകെ 96 വാഹനങ്ങൾ. 1093/2010.

എന്തിനാണ് വാഹനങ്ങളോട് ഇത്ര ഭ്രമം? വാഹനങ്ങൾ വാങ്ങലാണോ ഈ ഗവണ്മെന്റിന്റെ പ്രധാനപ്പെട്ട പണി? ലക്ഷ്വറി കാറുകൾ വാങ്ങുകയെന്നുള്ളത് ഈ ഗവണ്മെന്റിന്റെ ഒബ്സെഷനായി മാറിയിരിക്കുകയാണ്. അത് ഒരു മനോരോഗത്തിന്റെ സ്ഥിതിയിലേയ്ക്ക് എത്തിപ്പോകുന്നുണ്ടോയെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഇങ്ങനെ ധൂർത്തടിക്കലാണ് ഗവണ്മെന്റിന്റെ പണി. ആളുകൾക്ക് ഉപകാരപ്രദമായ ഒരു കാര്യവും ചെയ്യുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് ആഘോഷങ്ങളും മേളകളും മാമാങ്കങ്ങളും നടത്തുകയാണ്. ആഗോളവത്ക്കരണത്തിനും ഉദാരവത്കരണത്തിനുമെതിരെ സമരം ചെയ്യേണ്ടവർ ഇപ്പോഴെല്ലാം ആഘോഷമായി മാറ്റിയിരിക്കുകയാണ്. കാലക്രമമനുസരിച്ച് 21-ാം നൂറ്റാണ്ട് വരുന്നുവെന്ന് കരുതി അതിനെ വരവേൽക്കാൻവേണ്ടി തയ്യാറാകുകയാണ്. ഇവിടെ ആഗോള സാമ്രാജ്യത്വം എല്ലാ രാജ്യത്തെയും പിടിമുറുക്കാൻവേണ്ടി ശക്തമായി ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെതിരെ ശക്തമായ പ്രതിരോധത്തിന് നിൽക്കേണ്ട സമയത്ത് ഇവരെല്ലാം മേളകളും ആഘോഷങ്ങളുമായി പോകുകയാണ്. അങ്ങും ചിലപ്പോഴെങ്കിലും ഇതിൽ വീണുപോകുന്നുണ്ട് എന്നുള്ള കാര്യം പറയാതിരിക്കാൻ നിർവാഹമില്ല. സംസ്ഥാനം ഇത്രമാത്രം സാമ്പത്തിക പ്രതിസന്ധിയിലാകുമ്പോൾ ഇങ്ങനെയുള്ള ധൂർത്തുമായി നീങ്ങേണ്ടതുണ്ടോ എന്നതിനെ സംബന്ധിച്ച് ഗവണ്മെന്റ് ചിന്തിക്കേണ്ടതുണ്ട്. എന്താണ് നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥ? റവന്യൂ കമ്മി ഈ വർഷമാകുമ്പോൾ 2230 കോടി രൂപയാകുമെന്നാണ് ധനകാര്യമന്ത്രി ഇന്നലെ സഭയിൽ മറുപടി പറഞ്ഞത്. ഇവിടെ ശ്രീ. ടി.എം. ജേക്കബ് ചൂണ്ടിക്കാണിച്ചതുപോലെ റവന്യൂ കമ്മി 3000 കോടി രൂപയിലധികമാകുമെന്നുള്ള കാര്യം തീർച്ചയാണ്. സംസ്ഥാനത്തിന്റെ കടവും വർദ്ധിച്ചുവരികയാണ്. ചെലവ് കൂടിവരുന്നു. വരുമാനം കുറഞ്ഞുകുറഞ്ഞു വരുന്നു. നികുതി പിരിച്ചെടുക്കാൻ ശക്തമായ നടപടി സ്വീകരിക്കാത്തതുകൊണ്ട് സെയിൽസ്ടാക്സ് കളക്ഷനും എക്സൈസ് കളക്ഷനും കുറഞ്ഞുകുറഞ്ഞു വരികയാണ്. നികുതിയേതര വരുമാനം കൂടുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. അദ്ദേഹം കഴിഞ്ഞ മൂന്നു വർഷത്തോളമായി ഇത് പറയാൻ തുടങ്ങിയിട്ട്. ഒരു ചില്ലിക്കാശും ആ വകയിൽ കൂടിയിട്ടില്ല. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ എത്തിനിൽക്കുകയാണ്. ഇത് വളരെ ലാഘവത്തോടുകൂടി കാണരുതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും അപ്പുറത്തിരിക്കുന്നവരോടും അഭ്യർത്ഥിക്കാനുള്ളത്. പ്രതിപക്ഷത്തുനിന്നുകൊണ്ട് പറയുന്നതിനാൽ ഇവിടെ സാമ്പത്തിക പ്രതിസന്ധിയില്ലായെന്നു പറഞ്ഞ് നമ്മുടെ മുന്നിൽ തുറിച്ചുനോക്കുന്ന ഭീകരയാഥാർത്ഥ്യം കണ്ടില്ലെന്നു നടിക്കരുത്. ഈ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടെന്ന് വരുത്തിത്തീർക്കാൻ പ്രതിപക്ഷം കുപ്രചരണം നടത്തുകയാണ് എന്ന് ബഹുമാനപ്പെട്ട കെ. പ്രകാശ് ബാബു ഇവിടെ പറയുകയുണ്ടായി. ഇതാണ് നിങ്ങളുടെ സമീപനമെങ്കിൽ നിങ്ങൾക്ക് ഈ സംസ്ഥാനത്തെ നേർവഴിക്ക് കൊണ്ടുപോകാൻ കഴിയുകയില്ലായെന്നുള്ള കാര്യം തീർച്ചയാണ്. ട്രഷറി അടയ്ക്കേണ്ട അവസ്ഥ ഇവിടെ ഉണ്ടായില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഓവർ ഡ്രാഫ്റ്റ് എടുത്ത് ട്രഷറി അടയ്ക്കാതിരിക്കാനുള്ള സർക്കസ് അദ്ദേഹം കാണിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ് എന്നുള്ള കാര്യം അദ്ദേഹം മറക്കരുത്. ഇവിടെ 1993-ലാണ് ട്രഷറി അവസാനമായി അടച്ചതെന്നും നമ്മുടെ കാലത്ത് ട്രഷറി അടയ്ക്കുന്നില്ലായെന്നുമുള്ള വീരവാദവുമായി അപ്പുറത്തിരിക്കുന്ന പല ബഹുമാനപ്പെട്ട അംഗങ്ങളും സംസാരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ട്രഷറി അടയ്ക്കേണ്ട സ്ഥിതി എന്തുകൊണ്ട് ഉണ്ടായിയെന്ന് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇടതുപക്ഷ ഭരണ കാലത്ത് ബഹുമാനപ്പെട്ട വിശ്വനാഥമേനോൻ ധനകാര്യമന്ത്രി ആയിരിക്കു മ്പോഴാണ് ആദ്യമായി ഇവിടെ ട്രഷറി അടയ്ക്കുന്നത്. അന്ന് കെടുകാര്യസ്ഥ തകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മോശമായി ട്രഷറി അടയ്ക്കേണ്ട സ്ഥിതിയിൽ വന്നു. ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റ് വന്ന് വളരെ പ്രയാസപ്പെട്ട് 1993-ൽ അത് അവസാനിപ്പിക്കാൻ കഴിഞ്ഞു. അതു കൊണ്ട് നമ്മുടെ സംസ്ഥാനം എത്തിനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി യുടെ ആഴവും പരപ്പും കാണാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. അക്കാര്യം ഇവിടെ പറയുമ്പോൾ നിങ്ങളല്ല ഞങ്ങളാണ് ഉത്തരവാദികൾ എന്ന് പറഞ്ഞിട്ട് കാര്യമില്ല. നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രതിസന്ധി വളരെ രൂക്ഷമാണ്. ഇതിന്റെ ഗൗരവം കുറച്ചുകാണാൻ പാടില്ല. നമ്മൾ ഒരുമിച്ചുനിന്ന് അതിൽനിന്നും കരകയറാനുള്ള വഴി ആലോചിക്കണം. നമ്മുടെ സംസ്ഥാനം രക്ഷപ്പെടണമെങ്കിൽ അടിയന്തിരമായ ശസ്ത്രക്രിയ തന്നെ വേണ്ടിവരും. വളരെ കടുത്ത ദ്രുതഗതിയിലുള്ള നടപടി വേണം. സംസ്ഥാനത്തിന്റെ സാമ്പ ത്തികസ്ഥിതിയെപ്പറ്റി ഒരു ധവളപത്രം പുറപ്പെടുവിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ധവളപത്രത്തിൽ ജനങ്ങൾക്ക് അറിയേണ്ട ഒരുപാട് കാര്യ ങ്ങളുണ്ട്. ബഹുമാനപ്പെട്ട ചന്ദ്രബാബു നായിഡു ആന്ധ്രയിൽ അത് ചെയ്യുക യുണ്ടായി. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കടമെടു ത്തു, എത്ര ബോണ്ട് ഇഷ്യൂ ചെയ്തു, പലിശ നിരക്ക് എത്രയാണ്. ഇത് അട ച്ചുതീർക്കുമ്പോൾ പലിശ സഹിതം എത്ര രൂപയാകുമെന്നുള്ളതിനെ സംബ ന്ധിച്ചൊക്കെ ജനങ്ങൾക്ക് അറിയേണ്ടതുണ്ട്. കാരണം അടയ്ക്കേണ്ട സമ യത്ത് അതിനെ സംബന്ധിച്ച് ഗവണ്മെന്റിന് ബോതർ ചെയ്യേണ്ട കാര്യമില്ല. ഗവണ്മെന്റ് വരും പോകും. പക്ഷെ ഈ ബാദ്ധ്യത ജനങ്ങൾക്കാണ് വരുന്നത്. അതുകൊണ്ട് ജനങ്ങൾ ഏറ്റുവാങ്ങേണ്ട സാമ്പത്തിക ബാദ്ധ്യത എത്രയാ ണെന്ന് ഗവണ്മെന്റ് വ്യക്തമാക്കണം. നമ്മുടെ സംസ്ഥാനത്തിന്റെ വികസനം ഇന്ന് പ്രതിസന്ധിയിലാണ്. പല തർക്കങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ, സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ചർച്ചചെയ്യാൻ യോഗം വിളിച്ചുകൂട്ട ണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഈ ഉപധനാർഭ്യർത്ഥനകളെ ശക്തിയായി അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും അനുകൂലമായ തരത്തിൽ കഴിഞ്ഞ മുന്നര വർഷക്കാലമായി സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവി ധങ്ങളായിട്ടുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഉപധനാ ഭ്യർത്ഥനകൾ എന്നുള്ള നിലയ്ക്കാണ് ഞാൻ ഇതിനെ ശക്തിയായി അനുകൂ ലിക്കുന്നത്. പ്രതിപക്ഷത്തുനിന്നും സംസാരിക്കുന്ന മാന്യസ്നേഹിതന്മാർ പറയുന്നതു കേട്ടാൽ തോന്നും കേരളം ഒരു ഒറ്റപ്പെട്ട രാജ്യമാണെന്ന്. ഇൻഡ്യ യുടെ ഭാഗമായി കേരളത്തെ കാണാൻ ദൗർഭാഗ്യവശാൽ നമ്മുടെ സ്നേഹി തൻമാർക്ക് കഴിയുന്നില്ല. കേരളം എന്നു പറയുന്നത് ഇൻഡ്യയുടെ ഭാഗമാ ണെന്നും ഫെഡറൽ ഭരണവ്യവസ്ഥയിൽ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളും അതിന്റെ പരിണതഫലങ്ങളും അനിവാര്യമായും സംസ്ഥാനങ്ങളെ ബാധിക്കുമെന്നുമുള്ള ബോധം യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന് ഇല്ലാതായി രിക്കുകയാണ്. ആഗോളപ്രതിഭാസത്തിന്റെ ഭാഗം തന്നെയാണ് ഇൻഡ്യയിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ക്രൈസിസ്, അതിന്റെ ഭാഗം തന്നെയാണ് കേരളം

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് അഭിമുഖീകരിക്കുന്ന സാമ്പത്തിക വിഷമതകൾ. ആ ക്രൈസിസിന്റെ ഭാഗമായി ഈ സംസ്ഥാനത്തും സാമ്പത്തിക വിഷമതകൾ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ തുറന്നുപറഞ്ഞിട്ടുള്ള കാര്യമാണ്. പക്ഷെ മിസ്മാനേജുമെന്റിന്റെ ഭാഗമായി, ധനകാര്യ മാനേജുമെന്റ് ശരിയായ രൂപത്തിൽ നടത്താത്തതിന്റെ ഭാഗമായി ഒരു ധന കാര്യ കുഴപ്പം ഈ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല എന്നുള്ള യാഥാർത്ഥ്യം നിങ്ങളും സമ്മതിക്കുമെന്നുള്ളതാണ് എന്റെ പക്ഷം. നിങ്ങൾ ട്രഷറി അടച്ചുപൂട്ടലിനെ സംബന്ധിച്ച് വളരെ വാചാലരായി സംസാരിക്കുന്നവരാണ്. ബഹുമാനപ്പെട്ട തമ്പാനൂർ രവി സംസാരിക്കുമ്പോൾ ഒരു കാര്യം സമ്മതിച്ചിട്ടുണ്ട്. ഞങ്ങൾ ഒത്തിരി പ്രാവശ്യം ട്രഷറി പൂട്ടി, അത് മാലോകരെയെല്ലാം അറിയിച്ചിട്ടാണ് പൂട്ടിയത്. ട്രഷറി പൂട്ടുമ്പോൾ അറിയിക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ട്രഷറി പൂട്ടുന്ന സന്ദർഭത്തിൽ മാലോകരെ അറിയിച്ചു കൊള്ളാം. ട്രഷറി പൂട്ടാതെ മാലോകരെ അറിയിക്കേണ്ട കാര്യമില്ല എന്നതു കൊണ്ട് ഇതുവരെ മാലോകരെ അറിയിച്ചിട്ടില്ല. നിങ്ങൾ ഏഴു പ്രാവശ്യം ട്രഷറി പൂട്ടിയ മാന്യന്മാരാണ്. ഇവിടെ വൈകുന്നേരം അഞ്ചു മണിയാകുമ്പോൾ ട്രഷറി പൂട്ടി ഓഫീസിൽനിന്ന് ഉദ്യോഗസ്ഥന്മാർ പോകുന്നുണ്ട്. അല്ലാതെയുള്ള പൂട്ടൽ കഴിഞ്ഞ മൂന്നര വർഷക്കാലമായി കേരളത്തിൽ നടന്നിട്ടില്ല. നിങ്ങൾ എന്തെല്ലാം കള്ളക്കണക്കുകളാണ് പറയുന്നത്? 481 കോടിയോ മറ്റോ മിച്ചം തന്നിട്ടാണ് നിങ്ങൾ സ്ഥലം വിട്ടതെന്നാണ് ബഹുമാനപ്പെട്ട രവി സംസാരിച്ചപ്പോൾ പറഞ്ഞത്. യഥാർത്ഥത്തിലുള്ള വസ്തുത എന്താണ്? 1995-96-ലെ സി.എ.ജി. റിപ്പോർട്ട് പറയുന്നത്, 4.62 കോടി രൂപ മാത്രമാണ് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മിച്ചമായിട്ട് ഉണ്ടായിരുന്നത് എന്നാണ്. റിസർവ് ബാങ്കിന്റെ താൽക്കാലിക കണക്ക് ആസ്പദമാക്കിയാണ് നിങ്ങൾ ഇത് പറയുന്നതെങ്കിൽ ശരിയായ കണക്ക് സി.എ.ജി. റിപ്പോർട്ടിൽ വന്നിട്ടുണ്ട്. 4.62 കോടി രൂപയാണ് നീക്കിയിരുപ്പ് ഉണ്ടായിരുന്നത്. അത്രയും നീക്കിയിരുപ്പ് ഉള്ളപ്പോൾതന്നെ കോൺട്രാക്ടർമാർക്ക് കൊടുക്കേണ്ട കുടിശ്ശിക ബില്ലുകൾ എത്ര കോടി രൂപയുണ്ടായിരുന്നു? സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയിനത്തിൽ കോടിക്കണക്കിന് ഉറുപ്പിക മാറ്റിവച്ചിട്ടല്ലേ നിങ്ങൾ പോയത്? ഡി.എ. കുടിശ്ശികയിനത്തിൽ 360 കോടി ഉറുപ്പികയുടെ ബാദ്ധ്യത ഈ ഗവൺമെന്റല്ലേ തീർത്തത്? നിങ്ങൾ ഡി.എ. കൊടുക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഇറങ്ങിപ്പോയി. അതുപോലെ തന്നെ റവന്യൂ കമ്മിയെക്കുറിച്ച് ശ്രീമാൻ രവിക്ക് അറിഞ്ഞുകൂടാത്തതാണോ എന്ന് എനിക്കറിയില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്ന പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും 35 മുതൽ 40 ശതമാനം വരെ പ്ലാൻ ഫണ്ടുകൾ ഗ്രാന്റ് എന്ന രൂപത്തിലാണ് നൽകുന്നത് എന്ന കാര്യം ശ്രീമാൻ രവിക്ക് അറിഞ്ഞുകൂടാത്തതാണോ? അറിഞ്ഞുകൂടെങ്കിൽ ശ്രീമാൻ രവി അത് മനസ്സിലാക്കണമെന്ന് വളരെ വിനയത്തോടുകൂടി ഞാൻ അപേക്ഷിക്കുകയാണ്. ഗ്രാന്റുകൾ റിസോഴ്സസ്സ് ഹെഡ്ഡിലാണ് കാണിക്കുന്നത്. ഈ വസ്തുത ബഡ്ജറ്റ് ക്രമങ്ങൾ അറിയുന്ന എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നതേയുള്ളൂ. ഇത് റവന്യൂ ഹെഡ്ഡിലാണ് ക്ലാസിഫൈ ചെയ്തുവച്ചിരിക്കുന്നത്. ഇതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നിങ്ങൾ 1997-1998-ൽ 741.87 കോടി രൂപ കൊടുത്തു. 1998-99-ൽ 950 കോടി രൂപ കൊടുത്തു. ഈ വർഷത്തിൽ 1,020 കോടി രൂപ ഇത്തരം പ്ലാൻ ഫണ്ടുകൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ തുക ഓരോ വർഷവും റവന്യൂ കമ്മിയിൽ നിന്നും തട്ടിക്കഴിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്. ഗവൺമെന്റ് ബാക്കി നിർത്തിയ തുകയേക്കാൾ കുറവായിരിക്കും എന്നുള്ള കാര്യം സംശയരഹിതമാണ്. അത് നമുക്ക് മനസ്സിലാക്കാൻ പറ്റും. ഇത്തരം ഗ്രാന്റിന്റെ തന്നെ 80 ശതമാനം മൂലധന ചെലവായിട്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവാക്കേണ്ടി വരുന്നത് എന്നുള്ള കാര്യം നിങ്ങൾ വിസ്മരിക്കരുത്. അതും യഥാർത്ഥത്തിൽ ഇതിനകത്ത് കൂട്ടിച്ചേർക്കേണ്ടതാണ്. ഇതെല്ലാം പരക്കെ അറിയപ്പെടുന്ന വസ്തുതകളാണ്. ഇതെല്ലാം മറച്ചുവച്ചിട്ടാണ് ഈ ഗവൺമെന്റിനെ നിങ്ങൾ ആക്ഷേപിക്കാൻവേണ്ടി മുതിരുന്നത് എന്നു മാത്രമേ എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളൂ. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടെ 1-ാം തീയതി ശമ്പളം കൊടുക്കുന്നത് മഹാകാര്യമാണോ എന്നെല്ലാം ചോദിച്ചുകൊണ്ട് ശ്രീമാൻ രവി വളരെ ആക്ഷേപിച്ച് സംസാരിക്കുന്നതു കേട്ടു. നിങ്ങൾ ഭരിക്കുന്ന സംസ്ഥാനമായ മദ്ധ്യപ്രദേശിൽ, അവിടെ കോൺഗ്രസ്സ് ആണല്ലോ ഭരിക്കുന്നത്. അവിടെ 1-ാം തീയതി ശമ്പളം കൊടുക്കുന്നുണ്ടോ? നിങ്ങൾ കോൺഗ്രസ്സും അകാലിദളും ചേർന്ന് ഭരിക്കുന്ന സംസ്ഥാനമായ പഞ്ചാബിൽ 1-ാം തീയതി പോയിട്ട് 10-ാം തീയതി പോലും ശമ്പളം കൊടുക്കാൻ കഴിയുന്നില്ല. നിങ്ങൾ അത് എന്താണ് മനസ്സിലാക്കാത്തത്? ആസ്സാം സംസ്ഥാനത്തിന്റെ കാര്യം, അത് ഞാൻ ഇവിടെ പറയണ്ടല്ലോ. പത്തോളം വരുന്ന സംസ്ഥാനങ്ങളിൽ 1-ാം തീയതി ശമ്പളം കൊടുക്കാൻ കഴിയാത്ത തരത്തിൽ ഗവൺമെന്റുകൾ സാമ്പത്തിക പ്രതിസന്ധിയിൽപെട്ട് ഉഴലുമ്പോൾ, അതിന്റെ പ്രതിഫലനം മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ നമ്മൾ കണ്ടതാണ്. ശ്രീ. ചന്ദ്രബാബു നായിഡു ഭരണഘടനാ ഭേദഗതി ആവശ്യമാണ് എന്നു പറഞ്ഞതാണ്. കേന്ദ്ര വരുമാനത്തിന്റെ 50 ശതമാനം സംസ്ഥാനങ്ങൾക്കായിട്ട് നീക്കിവയ്ക്കാൻ വേണ്ടി നിങ്ങൾ തയ്യാറാകണം. നമുക്ക് കിട്ടേണ്ടതായിട്ടുള്ള മാന്യമായ 2 ശതമാനം വർദ്ധനവ്, 600 കോടി രൂപയുടെ വർദ്ധനവ് പോലും നമുക്ക് ലഭിക്കുന്നില്ല. അതിന്റെകൂടെ ആ ഭാരം യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനം താങ്ങേണ്ടിവരും എന്നുള്ള കാര്യം അറിയാഞ്ഞിട്ടാണ്. നിങ്ങൾ ഈ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മോശമാണെന്ന് ആക്ഷേപിക്കാൻ തയ്യാറാകരുത്. സംസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ? നമ്മുടെ സംസ്ഥാനത്ത് വളരെ മെച്ചപ്പെട്ട ഒരു അവസ്ഥയുണ്ടാക്കാൻവേണ്ടി നമുക്ക് കഴിഞ്ഞിട്ടില്ലേ? കഴിഞ്ഞിട്ടുണ്ട്. ആ രൂപത്തിൽ വളരെ മെച്ചപ്പെട്ട ഒരു സാഹചര്യം കേരളത്തിന്റെ സാമ്പത്തിക രംഗത്ത് സൃഷ്ടിക്കുന്ന തരത്തിൽ മുന്നോട്ടു പോയിട്ടുള്ള ഗവൺമെന്റിനെ പിന്തുണക്കുന്നതിനു പകരം ഒരുതരം രാഷ്ട്രീയ തിമിരം ബാധിച്ച കണ്ണുകൊണ്ട് ഈ പ്രശ്നങ്ങളെ കണ്ട് ഗവൺമെന്റിനെ ആക്ഷേപിക്കുന്നതിനു വേണ്ടി മാത്രമാണ് നിങ്ങൾ പരിശ്രമിക്കുന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നിങ്ങൾ ചില രാഷ്ട്രീയ പ്രശ്നങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായല്ലോ. കേരളത്തെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സിന്റെ തകർച്ചയുടെ ഏറ്റവും വലിയ ഒരു രംഗമാണ് ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കണ്ടത്. കഴിഞ്ഞ പ്രാവശ്യം 142 സീറ്റുകൾ നിങ്ങൾക്കുണ്ടായിരുന്നു. കേവലം 113 സീറ്റുകളിലേക്ക് ചുരുങ്ങേണ്ടി വന്നു. നിങ്ങളുടെ കയ്യിലിരിപ്പുകൊണ്ടാണെന്ന കാര്യം നിങ്ങൾ ഇനിയെങ്കിലും സമ്മതിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീമാൻ ആന്റണിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി വളരെ വിശദമായിട്ടുള്ള പഠനങ്ങളെല്ലാം നടത്തി ആയിരക്കണക്കിന് പേജുകളടങ്ങുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കി കൊടുത്തു. പിന്നെ ഒരു ദിവസം ആറേഴു മണിക്കൂർകൊണ്ട് ആ പേജുകളൊക്കെ ചുരുക്കിയെടുത്തു. കോൺഗ്രസ്സിന്റെ ചരിത്ര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഈ അടുത്ത കാലത്ത് ആറേഴ് മണിക്കൂർ എടുത്തു കൂടിയിട്ടുള്ള ഒരു യോഗത്തിൽ.... ആ യോഗത്തിൽ അതിനെക്കുറിച്ചെന്തെല്ലാം ആലോചിച്ചു. എന്താണ് അവർ ചർച്ച ചെയ്തതും തീരുമാനമെടുത്തതും എന്ന് നമുക്കറിയില്ല. പക്ഷേ നിങ്ങളുടെ കയ്യിലിരിപ്പാണ്. നിങ്ങളുടെ ആ സമീപനമാണ്. ആ സമീപനത്തെ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. ബി.ജെ.പി. യുടെ ഗവൺമെന്റ് നിലംപരിശാകുന്ന ഘട്ടത്തിൽ ഒരു ബദൽ ഗവൺമെന്റ് രൂപീകരിക്കാൻ ഈ രാജ്യത്തിലെ ജനങ്ങൾ ആഗ്രഹിച്ചിരുന്നുവെന്നുള്ള വസ്തുത മനസ്സിലാക്കാൻ നിങ്ങൾ തയ്യാറായില്ല. ഒരു ബദൽ ഗവൺമെന്റിനുവേണ്ടിയുള്ള സാദ്ധ്യതയെ ഇല്ലായ്മ ചെയ്തുകൊണ്ട് ബി.ജെ.പി.ക്ക് ഭരണം തുടരുന്നതിനു വേണ്ടിയുള്ള സൗകര്യം ചെയ്തുകൊടുത്തതിനുള്ള ഉത്തരവാദിത്വം യഥാർത്ഥത്തിൽ കോൺഗ്രസ്സിനാണ്. അതിന്റെ ഫലമായിട്ടാണ് യഥാർത്ഥത്തിൽ ഒരു ബദൽ ഗവൺമെന്റുപോലും ഉണ്ടാക്കാൻ കഴിയാത്ത കൂട്ടരാണ് എന്ന നിലയിൽ ഈ രാജ്യത്തിലെ ജനങ്ങൾ കണ്ടതുകൊണ്ടാണ് ഈ 13-ാമത് ലോകസഭാ തെരഞ്ഞെടുപ്പിൽ ഇത്ര കനത്ത പരാജയം കോൺഗ്രസ്സിന് നേരിടേണ്ടി വന്നത് എന്ന വസ്തുത നിങ്ങൾ അംഗീകരിക്കാൻ തയ്യാറാകണം. നിങ്ങൾ ഒറ്റയ്ക്ക് രാജ്യം ഭരിക്കുമെന്ന് വിചാരിച്ച ആളുകളല്ലേ? സോണിയാഗാന്ധിയുടെ ചിത്രം കാണിച്ചാൽ, സോണിയാഗാന്ധി വരുന്ന സ്ഥലത്ത് ആളെല്ലാം കൂടുന്നതു കണ്ടിട്ട് ഒറ്റയ്ക്ക് രാജ്യം ഭരിച്ചുകളയാം, 500 അംഗ പാർലമെന്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷമെല്ലാം നേടിക്കളയാം എന്നുള്ള തെറ്റായിട്ടുള്ള കാഴ്ചപ്പാടും ധാരണയും സ്വീകരിച്ചുകൊണ്ട് നിങ്ങൾ പോയതിന്റെ ഫലമായിട്ടാണ് 113 സീറ്റിലേയ്ക്ക് നിങ്ങൾ ഒതുങ്ങിക്കൂടേണ്ടി വന്നത് എന്നുള്ള യാഥാർത്ഥ്യം ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. ശ്രീമതി ശോഭന തുടങ്ങിയവരുടെ വർത്തമാനം എന്താണ്? ഇനിയും നിങ്ങൾ അഹങ്കാരം വെടിയുന്നില്ല എന്നതാണ്. ഇനിയും നിങ്ങൾ അധികാരത്തിലേക്ക് തിരിച്ചു വരും എന്നുള്ള അഹങ്കാരത്തോടെയാണ് സംസാരിക്കുന്നത്. യഥാർത്ഥത്തിൽ അതിനുള്ള സാദ്ധ്യത ഈ കേരളത്തിനകത്തു തന്നെയുണ്ടോ? കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾ പ്രതീക്ഷിച്ചതെന്താണ്? 17 സീറ്റ്. തെരഞ്ഞെടുപ്പിന്റെ തലേദിവസം പോലും മാദ്ധ്യമങ്ങളെ കൊണ്ട്, ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളെ കൊണ്ട്, കേരളത്തിലെ പ്രചുരപ്രചാരമുള്ള പത്രങ്ങളെക്കൊണ്ട് നിങ്ങൾ എഴുതിച്ചതെന്താണ്? പത്തോ പതിനെട്ടോ സീറ്റുകൾ നിങ്ങൾക്ക് കിട്ടുമെന്നാണ്. കഴിഞ്ഞ മൂന്നര വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, ജനങ്ങളോടുള്ള പ്രതിബദ്ധതയോടുകൂടിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് യഥാർത്ഥത്തിൽ ഈ രാജ്യത്തിലെ ജനങ്ങൾ തന്നിട്ടുള്ള അംഗീകാരമാണ് തെരഞ്ഞെടുപ്പിലെ വലിയ വിജയമെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. എന്നിട്ട് അത് മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകുന്നോ? നിങ്ങൾ അത് മനസ്സാക്കുന്നില്ല എന്നു മാത്രമല്ല, നിങ്ങൾ അത് മനസ്സിലാക്കി പാഠം പഠിക്കാൻ തയ്യാറാകാതെ അഹങ്കാരത്തോടുകൂടി വീണ്ടും അധികാരത്തിൽ വരുമെന്ന് പരിഹസിക്കുകയാണ്. ഞാൻ വളരെ വിനയപൂർവ്വം കോൺഗ്രസ്സുകാരോട് പറയുകയാണ്. ശ്രീമാൻ ആന്റണി കേരളത്തിലെ കോൺഗ്രസ്സിനെ എങ്ങോട്ടേക്കാണ് കൊണ്ടുപോകുന്നത്? ഗൗരവത്തോടുകൂടി കോൺഗ്രസ്സുകാർ ചിന്തിക്കണം എന്ന് ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കോൺഗ്രസ്സിനെ പിളർക്കാനോ കോൺഗ്രസ്സിനെ അങ്ങോട്ട് കൊണ്ടുപോകാനോ ഇങ്ങോട്ടു കൊണ്ടുപോകാനോ യാതൊരു മടിയുമില്ല എന്നുള്ള കാര്യം കേരളത്തിലെ കോൺഗ്രസ്സിന്റെ തന്നെ ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. 'എ' ആകാനോ വേറെ ഏതെങ്കിലും കോൺഗ്രസ്സ് ആകാനോ ആരെങ്കിലുമായിട്ട് കൂട്ടുചേരാനോ യാതൊരു മടിയുമില്ല. ഇപ്പോൾ തെരഞ്ഞെടുപ്പു കഴിഞ്ഞശേഷം ബി.ജെ.പി. യുമായിട്ട് എന്തൊരു സമരസപ്പെട്ടാണ് ശ്രീമാൻ ആന്റണി മുന്നോട്ടു പോകുന്നത്? രണ്ടുപേരും കൂടി ഒരുമിച്ച് സമരം ചെയ്യുകയല്ലേ? തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് പടിക്കൽ ബി.ജെ.പി.ക്കാർ നടത്തുന്ന സമരപ്പന്തലിൽച്ചെന്ന് അവരെ കെട്ടിപ്പിടിക്കുക, വാരിപ്പുണരുക എന്തൊക്കെയാണ് ശ്രീമാൻ ആന്റണി ചെയ്തത്? ഇടതുപക്ഷ ഗവൺമെന്റിനെ ആക്രമിക്കാൻ വേണ്ടി കയ്യിൽ കിട്ടുന്ന ഏതു വടിയുമെടുത്ത് ഉപയോഗിക്കുകയെന്നുള്ള നിലയിലേക്ക് ആന്റണി മാറുകയാണ്. പശ്ചിമബംഗാളിൽ ഞങ്ങൾ ഈ കാഴ്ച കണ്ടതാണ്. അവിടെ ജ്യോതിബസുവിന്റെ ഗവൺമെന്റിനെ തകർക്കാൻവേണ്ടി മമതാ ബാനർജി നടത്തിയ ഒരു പരിശ്രമം ഉണ്ട്. വലിയ പരിശ്രമം നടത്തി. മമതയ്ക്ക് ആയില്ല. തൃണമൂൽ കോൺഗ്രസ്സ് എന്ന ഒരു പാർട്ടിയുണ്ടാക്കി ബി.ജെ.പി.യുമായി സമരസപ്പെട്ട് അവിടെ മൽസരിക്കുന്ന ഒരു അവസ്ഥയുണ്ടായി. ശ്രീമാൻ ആന്റണി കേരളത്തിലെ കോൺഗ്രസ്സിനെ ഒരു തൃണമൂൽ കോൺഗ്രസ്സിന്റെ പാതയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നതിനു വേണ്ടിയുള്ള പരിശ്രമം നടത്തുന്നുവെന്നുള്ള അതിശക്തിയായിട്ടുള്ള ആക്ഷേപങ്ങൾ നടക്കുകയാണ്. അതിന്റെ കാരണമെന്താണ്? അന്ധമായിട്ടുള്ള മാർക്സിസ്റ്റു വിരോധമാണ്. അന്ധമായിട്ടുള്ള കമ്മ്യൂണിസ്റ്റ് വിരോധമാണ്. ഈ രാജ്യത്ത് ഡീസൽവില വർദ്ധിപ്പിച്ചതാരാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? 4550 കോടി രൂപയുടെ വിലവർദ്ധനവ് ഡീസലിന് കയറ്റിയത് ആരാണ്? ബി.ജെ.പി. അല്ലേ? സമരം ആർക്കെതിരായിട്ടാണ് ചെയ്യേണ്ടത്? ബി.ജെ.പി.ക്ക് എതിരായിട്ട് ചെയ്യണം. ശ്രീമാൻ ആന്റണിയും ശ്രീ. കാർത്തികേയനും കോൺഗ്രസ്സുമെല്ലാം ആർക്കെതിരായിട്ടാണ് സമരം ചെയ്തത്? ശ്രീ. നായനാർക്ക് എതിരായിട്ട് സമരം ചെയ്തു. ആരെ കൂട്ടിയാണ് സമരം ചെയ്തത്? ബി.ജെ.പി.യെ കൂട്ടി സമരം ചെയ്തു. എന്തൊരു നാണം കെട്ട പാർട്ടിയാണ് നിങ്ങളുടെ പാർട്ടി. അഖിലേന്ത്യാതലത്തിൽ ഞങ്ങൾ കണ്ടതാണ്. സോണിയാഗാന്ധിയും ഡെൽഹിയിലെ മുഖ്യമന്ത്രിയും റാലിയിൽ പ്രസംഗിക്കുകയാണ്. ഡീസൽ വില വർദ്ധനവിനെതിരെ മൈതാനത്ത് വമ്പിച്ച റാലി. പതിനായിരക്കണക്കിന് കോൺഗ്രസ്സ് പ്രവർത്തകർ ആ റാലിയിൽ പങ്കെടുത്തു. ബി.ജെ.പി.ക്ക് എതിരായിട്ട് സോണിയാഗാന്ധി പ്രസംഗം നടത്തുകയാണ്. ഇവിടെയോ? ഇവിടെ ബി.ജെ.പി.യുടെ തോളിൽ കയ്യിട്ട് ബി.ജെ.പി.യെ കൂട്ടുപിടിച്ച് ആന്റണിയും കൂട്ടരും അക്രമസമരം നടത്തുകയാണ്. നിങ്ങളുടെ ഈ ചിന്ത നിങ്ങളെ എങ്ങോട്ടേക്കാണ് നയിക്കുന്നത് എന്ന കാര്യം വളരെ വ്യക്തമാണ്. മാർക്സിസ്റ്റു വിരോധം, ജനാധിപത്യ വിരോധം, ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടുള്ള അടങ്ങാത്ത കലി ഇതൊക്കെയാണ് നിങ്ങളെക്കൊണ്ട് എത്തിക്കുന്നത്. കേരളത്തിനകത്ത് കോൺഗ്രസ്സിനെ വീണ്ടും ഒരു കക്ഷണം കൂടിയാക്കി മാറ്റി. തെരഞ്ഞെടുപ്പിന് രണ്ട് ദിവസങ്ങൾക്കു മുമ്പാണ് ത്രിപുരയിൽ കോൺഗ്രസ്സിന്റെ പ്രമുഖരായിട്ടുള്ള നേതാക്കന്മാർ പടലയോടുകൂടി മമതാ ബാനർജിയുടെ തൃണമൂൽ കോൺഗ്രസ്സ് ഉണ്ടാക്കി പോയത്. നിങ്ങൾ കണ്ടില്ലേ? ടി.യു.ജെ.എസും കോൺഗ്രസ്സും തൃണമൂൽ കോൺഗ്രസും ബി.ജെ.പി.യും കൂടി ഒരുമിച്ചുനിന്ന് സി.പി.എം.നെയും ഇടതുപക്ഷ മുന്നണിയേയും നേരിട്ട കാഴ്ചയാണ് ഞങ്ങൾ കണ്ടത്. അവിടെ രണ്ട് സീറ്റും ഇടതുപക്ഷ മുന്നണി തന്നെ നേടിയെന്നുള്ളതാണ് വേറൊരു കാര്യം. പക്ഷേ അവിടെ മാർക്സിസ്റ്റ് വിരോധം, ഇടതുപക്ഷ വിരോധം. ത്രിപുരയിലെ കോൺഗ്രസ്സിനെക്കൊണ്ട് എത്തിച്ചത് കോൺഗ്ര

LIBRARY ARCHIVES Kerala Legislative Assembly

സ്സിനെ കഷണമാക്കുന്നതിലേക്കായിരുന്നു. പശ്ചിമബംഗാളിലോ കോൺഗ്രസ്സ് ഗ്രൂപ്പിനെ കൊണ്ട് എത്തിച്ചത് മമതാ ബാനർജിയുടെ നേതൃത്വത്തിൽ തൃണമൂൽ കോൺഗ്രസ്സ് ഉണ്ടാക്കി ബി.ജെ.പി.യുമായിട്ട് ഐക്യപ്പെടുന്നതിന് ഇടതുപക്ഷത്തെ എതിർക്കുന്നതിനും വേണ്ടിയായിരുന്നു. കേരളത്തിൽ നിങ്ങൾ 'എ'യും 'ജെ'യും എല്ലാം ശ്രദ്ധിച്ചിരിക്കുന്നത് നല്ലതാണ്. ഒരു കണ്ണ് എപ്പോഴും ശ്രീമാൻ ആന്റണിയുടെ മേൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രദ്ധിച്ചില്ലായെങ്കിൽ ശ്രീമാൻ ആന്റണി കേരളത്തിലെ കോൺഗ്രസ്സിനെ മമതാ ബാനർജിയുടെ വഴിയിലേക്ക് കൂട്ടിക്കൊണ്ടുപോയി കേരളത്തിൽ ഒരു തൃണമൂൽ കോൺഗ്രസ് ഉണ്ടാക്കി ബി.ജെ.പി.യുമായി യോജിച്ച് ഇടതുപക്ഷത്തെ നേരിടാൻ വേണ്ടി തയ്യാറാകും. ഈ വഴിക്ക് അദ്ദേഹം നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഇവിടെത്തെ ഗവൺമെന്റിന്റെ പോലീസ് നയത്തെക്കുറിച്ചെല്ലാം വളരെ വാചാലമായാണ് ഇവർ ഇവിടെ പ്രസംഗിക്കുന്നത്. ഞാൻ കണക്കുകൾ ഒന്നും പറയുന്നില്ല. കേൺഗ്രസ്സിന്റെ നേതാക്കന്മാർ നേരത്തെ പറഞ്ഞ കാര്യങ്ങൾതന്നെ ആവർത്തിക്കുന്നില്ല. ഇത് കേരളം കണ്ട ഏറ്റവും മോശപ്പെട്ട ഭരണം എന്ന് ശ്രീ. വി.എം. സുധീരനാണ് പറഞ്ഞത്. ഈ ഗവൺമെന്റിനെക്കുറിച്ചല്ല ശ്രീമാൻ ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെക്കുറിച്ച് 17.8.1994-ലെ കൗമുദിപത്രമാണ്. പോലീസിൽ നാഥനില്ലായ്മ-ശ്രീ. സുധീരൻ, പൂന്തുറ കാലാപം പോലീസ് പരാജയപ്പെട്ടു. അക്രമവും പിടിച്ചുപറിയും പെരുകുന്നു. ജനം ഭീതിയിൽ 4-8-94-ലെ മനോരമ പത്രത്തിൽ. സുഗത കുമാരിക്കും സംഘത്തിനും നേരെ വധശ്രമം 14.12.93-ലെ മലയാള മനോരമ പത്രത്തിൽ. കയ്യേറ്റശ്രമം അഴിക്കോടിന് പോലീസ് സംരക്ഷണം മലയാള മനോരമ 11.1.1993. വെടിവയ്പ്പിൽ 10 പേർക്ക് പരിക്ക്, മട്ടാഞ്ചേരിയിൽ വീണ്ടും അക്രമം ഒരാൾകൂടി മരിച്ചു, കേരള കൗമുദി 9.10.1992. ലാത്തിയടി സി.പി.എം. എം. എൽ.എ.യ്ക്ക് പരിക്ക് ദീപിക 11.11.1992. ഇത് കരുണാകര സംസ്കാരം. മന്ത്രിമാർ അഴിമതിക്ക് മത്സരിക്കുന്നു ശ്രീ. വി.എം. സുധീരൻ മാതൃഭൂമി. മകളുടെ വിദേശയാത്ര ശ്രീ. കരുണാകരൻ വിശദീകരിക്കണം ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ മലയാള മനോരമ 31.10.1994. പോലീസ് അതിക്രമം കാട്ടുന്നു ശ്രീ. വയലാർ രവി മലയാള മനോരമ 22.1.1996. മലപ്പുറത്ത് പാളത്തിൽ ഒളിപ്പിച്ച 44 ബോംബുകൾ കണ്ടെടുത്തു മലയാള മനോരമ 3.1.1996. കലാപത്തിന് ഉത്തരവാദികൾ പോലീസ് ശ്രീ. മസ്ക്രീൻ ദീപിക 18.7.1995. ഇതെല്ലാംതന്നെ നിങ്ങളുടെ ഭരണത്തെക്കുറിച്ച് നിങ്ങളുടെ നേതാക്കന്മാരായിട്ടുള്ള കോൺഗ്രസ്സുകാരായിട്ടുള്ള ആളുകൾ മലയാള മനോരമയിലൂടെയും മാതൃഭൂമിയിലൂടെയും കേരള കൗമുദിയിലൂടെയും പ്രസ്താവിച്ച കാര്യമാണ്. അങ്ങനെ ഏതെങ്കിലുമൊരു കാര്യം കഴിഞ്ഞ മൂന്നര വർഷത്തെ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെക്കുറിച്ച് പറയാനുണ്ടോ? ബി.ജെ.പി.യുമായിട്ടുള്ള ഐക്യത്തെക്കുറിച്ച് നിങ്ങൾ സംസാരിച്ചപ്പോൾ ഇവിടെ സൂചിപ്പിച്ചതെന്താ? ശ്രീ. വിജയകുമാറോ ആരോ പറഞ്ഞതാണ്. സെനറ്റിലേക്ക് നോമിനേറ്റ് ചെയ്തു എന്നാണ്, നിങ്ങളാണ് ആ കൊള്ളരുതായ്മക്ക് നേതൃത്വം കൊടുത്ത ആളുകൾ. ജനാധിപത്യവിരുദ്ധവും ഫെഡറൽ സംവിധാനത്തിന്റെ മൗലിക തത്വങ്ങൾക്ക് നിരക്കാത്തതുമായ പ്രവൃത്തികൾ ചെയ്യുന്ന പാർട്ടി, രണ്ട് സെനറ്റ് നോമിനേഷനുവേണ്ടി എന്ത് കൊള്ളരുതായ്മയും കാണിക്കുന്ന ആളുകളാണ് നിങ്ങളെന്ന് നിങ്ങൾ തെളിയിച്ചു. നിങ്ങൾ തെളിച്ച പാതയിലൂടെ സഞ്ചരിക്കുന്നു എന്നുള്ളതു മാത്രമേയുള്ളൂ. നിങ്ങൾ 5 ആളുകളെയാണ് കുത്തിത്തിരുകിയത് എങ്കിൽ ശ്രീ. നായനാർ കൊടുത്ത ലിസ്റ്റിൽ നിന്നും ഈ ഗവൺമെന്റ് കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിൽനിന്നും ഒരാളെ ഒഴിവാക്കി. അവർ ഒരാളെ തിരുകാൻ വേണ്ടി തയ്യാറായി. എസ്.എഫ്.ഐ.യും ഡി.വൈ.എഫ്.ഐ.യും അതിശക്തമായി പ്രതികരിക്കാൻവേണ്ടി തയ്യാറായി. പ്രതികരണം നിങ്ങളുടെ വീട്ടിന് മുന്നിൽ അല്ല. പ്രതികരിക്കേണ്ട രൂപത്തിൽ പ്രതികരിച്ചു. നിങ്ങളെപ്പോലെയല്ല, നിങ്ങൾക്ക് അത് പറയാനുള്ള ധാർമ്മികമായിട്ടുള്ള അവകാശമുണ്ടോ? നിങ്ങൾ പ്രതിഷേധിക്കണ്ട, നിങ്ങൾക്ക് പ്രതിഷേധിക്കാനുള്ള ധാർമ്മികമായ അവകാശമില്ല. കേരളത്തിലെ ഗവൺമെന്റ് കൊടുത്ത ലിസ്റ്റിൽ നിന്നും അഞ്ച് ആളുകളെ മാറ്റിവേറെ അഞ്ചാളെ പിൻവാതിലൂടെ കുത്തിത്തിരുകിയ നിങ്ങൾ ഒരാളെ കുത്തിത്തിരുകിയതിനെക്കുറിച്ച് വല്ലാതെ വാചാലമായിട്ട് സംസാരിക്കുകയാണ്. നാണക്കേട്. ശ്രീമതി ശോഭന സംസാരിച്ചപ്പോൾ എനിക്ക് വളരെ സങ്കടം തോന്നി. അവർ പറയുന്നതു കേട്ടു പോലീസ് നേരാംവണ്ണം വെടിവയ്ക്കുന്നില്ല എന്ന്. ശ്രീമതി ശോഭന മാത്രമല്ല, നേരത്തെ ഇവിടെ സംസാരിച്ച ശ്രീ. രവിയും പറയുന്നതു കേട്ടു പോലീസ് നേരാംവണ്ണം വെടിവയ്ക്കുന്നില്ല എന്ന്. ആരുടെയും നെഞ്ചത്ത് വയ്ക്കുന്നില്ല പോലീസ് തറയിലേക്കാണ് വെടി വയ്ക്കുന്നത്, പോലീസ് ആകാശത്തേക്കാണ് വെടിവയ്ക്കുന്നത് എന്ന്. ഈ കോൺഗ്രസ്സുകാരെ കാണുമ്പോഴത്തേക്ക് ശവപ്പെട്ടി കച്ചവടക്കാരിന്റെ മനസ്സാണല്ലോ ഇവർക്കുള്ളത് എന്ന് എനിക്ക് തോന്നിപ്പോകുകയാണ്. മൃതശരീരം കിട്ടാൻവേണ്ടി കാത്തിരിക്കുന്ന ശവപ്പെട്ടി കച്ചവടക്കാരന്റെ മനസ്സാണ് കോൺഗ്രസ്സുകാർക്കുള്ളത്. ശ്രീ. നായനാരുടെ പോലീസ് ആളുകളുടെ നെഞ്ചത്ത് വെടിവയ്ക്കുന്നില്ല എന്നുള്ളതാണ് ഇവരുടെ പരാതി. മനസ്സില്ല മനസ്സോടെ നെഞ്ചത്ത് വെടിവയ്ക്കാൻ, കേരളത്തിലെ നായനാരുടെ പോലീസിന് മനസ്സില്ല അതുതന്നെയാണ് കാര്യം. യാതൊരു സംശയവും വേണ്ട. അവർ താഴേക്ക് വെടിവയ്ക്കും, ആകാശത്തേക്ക് വെടിവയ്ക്കും അഞ്ച് ആളുകളെ കൂത്തുപറമ്പിൽ വെടിവച്ചുകൊന്നില്ലേ? അതുപോലെയുള്ള സംഭവങ്ങൾ ശ്രീ. നായനാരുടെ ഭരണത്തിൻകീഴിൽ കിട്ടുമെന്ന് നിങ്ങൾ പ്രതീക്ഷിക്കണ്ട. ഒരു ഉത്തരവാദിത്വമുള്ള പ്രതിപക്ഷമായിട്ട് കേരളത്തിലെ പ്രതിപക്ഷം മാറേണ്ടതുണ്ട്. ഉത്തരവാദിത്വമുള്ള ഒരു പ്രതിപക്ഷമെന്നുള്ള നിലയിൽ ഈ പ്രതിപക്ഷം നിൽക്കാൻ തയ്യാറാകണം. കേരളത്തിന്റെ സമഗ്രമായിട്ടുള്ള വികസനത്തെ ലക്ഷ്യമാക്കി കൊണ്ടുവന്നിരിക്കുന്ന ഈ ഉപധനാഭ്യർത്ഥനകളെ സർവ്വശക്തിയുമുപയോഗിച്ച് പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇപ്പോഴത്തെ ഏറ്റവും വലിയ ദൗർഭാഗ്യം എന്നുപറയുന്നത് കഴിഞ്ഞ കാലങ്ങളെ അവർ വേട്ടയാടിക്കൊണ്ടിരിക്കുന്നു എന്നുള്ളതുതന്നെയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ശ്രീ. കരുണാകരനും, ശ്രീ. ആന്റണിയും കേരളം ഭരിച്ചിരുന്ന കാലഘട്ടത്തിൽ അവർ വരച്ചുകാട്ടിയ ചിത്രം ഇവർ എത്രമാത്രം വികൃതമായി പിൻതുടരുന്നുണ്ട് എന്നുള്ളതിന്റെ തെളിവാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ പ്ലാൻ എക്സ്പെൻഡിച്ചറിന്റെയും, നോൺ പ്ലാൻ എക്സ്പെൻഡിച്ചറിന്റെയും ഒക്കെ കണക്ക്. ഇവിടെ സൂചിപ്പിച്ചത് ഞങ്ങളാരും വായിച്ചു നോക്കിയിട്ടില്ല, വികസന പ്രവർത്തനങ്ങളെ എതിർത്തിട്ടാണ് ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നത്. ഞങ്ങൾ എതിർക്കാതെ ഉപധനാഭ്യർത്ഥനകളെ ഇവിടെ നോൺ പ്ലാൻ സ്കീമിൽ ഈ ഗവൺമെന്റ് പ്രാമുഖ്യം നൽകിയിരിക്കുന്നത് ഏതിനാ. ന്യൂ ലാൻസർ, മിത്സുബിഷി കാർ വാങ്ങാൻ, ഞങ്ങളാരും അതിന്

LIBRARY ARCHIVES Kerala Legislative Assembly

എതിരല്ല. മന്ത്രിമാർ പുതിയ കാറുകളിൽ യാത്രചെയ്യുന്നതിനും വിദേശ നിർമ്മിത കാറുകളിൽ യാത്രചെയ്യുന്നതിനും ഒന്നും ഞങ്ങൾ എതിരല്ല. ഇപ്പുറത്തെ ഭാഗത്തിരിക്കുന്നവർ ഭരണപക്ഷത്തിരുന്നപ്പോൾ കാറുകളിൽ യാത്ര ചെയ്തപ്പോൾ അതിനെതിരായി സമരം ചെയ്ത നേതാക്കന്മാർ മന്ത്രിമാരായിട്ട് അവരും ആ കാറുകളിൽതന്നെ പോകുന്നത് കാണാൻ ഞങ്ങൾക്ക് കൗതുകമുണ്ട്. സംശയമൊന്നുമില്ല. പക്ഷെ ഈ നോൺ പ്ലാൻ എക്സ്പെൻഡിച്ചറിന്റെ പേരിൽ ചെലവാക്കേണ്ട തുക ഉദ്യോഗസ്ഥന്മാർക്കും മന്ത്രിമാർക്കും കാർ വാങ്ങാനും വാഹനം വാങ്ങാനും അതും സാധാരണ ചെറിയ കാറുകൾ ഒന്നും പോരാ, ഏറ്റവും വലിയ അത്യന്താധുനിക കാർ വാങ്ങാനും ഒക്കെ വേണ്ടി ഉപയോഗിക്കുന്നത് ശ്രീ. കടകംപള്ളി സുരേന്ദ്രനെ പോലെയുള്ള ആളുകൾ ന്യായീകരിക്കുന്നതു കേട്ടാൽ മനസ്സിലാക്കാൻ കഴിയും എന്നുമാത്രമേ പറയുന്നുള്ളൂ. ഈ സംസ്ഥാനം കടക്കെണിയിൽ ആയിരിക്കുന്നു. ധനകാര്യമന്ത്രിക്ക് സമ്മതിക്കാതിരിക്കാൻ പറ്റില്ല, സാമ്പത്തിക പ്രതിസന്ധിയിൽ ആയിരിക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കാനുള്ള ക്രിയാത്മകമായ നടപടികളോ, നിർദ്ദേശങ്ങളോ, ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളോ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ ശ്രീ. ഗോവിന്ദൻ മാസ്റ്റർ സംസാരിച്ചപ്പോൾ കണ്ണൂർ സംഭവത്തെക്കുറിച്ച് പറഞ്ഞു. അടിയന്തിര പ്രമേയം അവതരിച്ചപ്പോൾ തന്നെ നമ്മുടെ ഭാഗത്തുനിന്നുണ്ടായ സമീപനം എന്തായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂരിൽ പോയി ചർച്ച വിളിച്ച് കണ്ണൂരിലെ അക്രമ രാഷ്ട്രീയം അവസാനിപ്പിക്കാൻ, കൊലപാതക രാഷ്ട്രീയം അവസാനിപ്പിക്കാൻ, നടപടി സ്വീകരിച്ചു. അങ്ങ് പറഞ്ഞു ശ്രീ. ആന്റണിയാണ് അക്രമത്തിന് ഉത്തരവാദി എന്ന്, അവിടെ കലാപത്തിൽ കത്തിയെരിഞ്ഞ് ഏഴുപേർ മരിച്ചുവീണിട്ടും കണ്ണൂരിൽ എത്തി അക്രമം വർദ്ധിപ്പിക്കുമോ എന്ന് ആശങ്കമൂലം അവിടെപ്പോലും സന്ദർശിക്കാതെ ഗസ്റ്റ് ഹൗസിൽ ഇരുന്ന് ഗവൺമെന്റിന് പരിപൂർണ്ണ പിന്തുണ നൽകിയ ശ്രീ. ആന്റണിയെക്കുറിച്ച് ശ്രീ. ഗോവിന്ദൻമാസ്റ്റർ ഇന്ന് പറയണം. രാജ്യത്ത് സമാധാനം ഉണ്ടാക്കാൻവേണ്ടി മനുഷ്യർ തമ്മിലടിച്ചു മരിക്കുമ്പോൾ ആ ഇറ്റുവീഴുന്ന ചോരകുടിക്കുന്ന കുറുക്കന്റെ രാഷ്ട്രീയം ഞങ്ങൾ കാണിച്ചില്ല എന്നതല്ലേ നിങ്ങളുടെ ആക്ഷേപത്തിന്റെ കാര്യം. ആരാണ് ഉത്തരവാദി, ഞാൻ ഓർക്കുന്നു കടന്നപ്പള്ളിയിൽ ഒരു കൊച്ചു ഗ്രാമത്തിൽ ജനിച്ചവനാണ് ഞാൻ. 1974-ൽ കണാരൻ വയലിൽ കുഞ്ഞികൃഷ്ണൻ എന്നുപറയുന്ന കോൺഗ്രസ്സിന്റെ ഒരു മണ്ഡലം പ്രസിഡന്റിന്റെ കാര്യം ഞാൻ പറഞ്ഞുതരാം ശ്രീ. ഗോവിന്ദൻ മാസ്റ്റർക്ക്. അന്ന് ബി.ജെപി.യും ബി.ജെ.പി.യുടെ പഴയ ജനസംഘവും നിങ്ങളും ഒരു മുന്നണിയിലാണ്, ഒരു കൂട്ടിലാണ്. ബി.ജെ.പി.യുമായി വ്യത്യാസമൊന്നുമില്ല. 1977 കഴിഞ്ഞ് നിങ്ങളും ബി.ജെ.പി.യും ഒന്നിലായിരുന്നു. 1977 കഴിഞ്ഞ് ജനതാ പാർട്ടി ഉണ്ടായപ്പോഴും ബി.ജെ.പി.യുടെ ശ്രീ. രാജഗോപാലും ശ്രീ. കെ.ജി. മാരാരും, ശ്രീ. ഗോവിന്ദൻ മാസ്റ്ററും കണ്ണൂരിൽ ഒരു പ്ലാറ്റ്ഫോമിൽ പ്രസംഗിച്ചിട്ടുണ്ട്. നിഷേധിക്കാൻ കഴിയുമോ? നിങ്ങൾ അന്ന് ചെയ്തത് കണാരൻവയലിൽ ശ്രീ. കുഞ്ഞികൃഷ്ണനെ വെട്ടിക്കൊലപ്പെടുത്തി. കലാപരാഷ്ട്രീയം അവിടംമുതൽ തുടങ്ങി. ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. വെല്ലുവിളിക്കാൻ ആഗ്രഹിക്കുന്നു കഴിഞ്ഞ ആറ്, ഏഴ് വർഷങ്ങൾക്കിടയിൽ 16 കോൺഗ്രസ്സുകാരെയാണ് മാർക്സിസ്റ്റുകാർ വെട്ടിക്കൊന്നത്. നിങ്ങൾ മാത്രമല്ല, ബി.ജെ.പി.ക്കാരും ഞങ്ങളുടെ ആൾക്കാരെ വെട്ടിക്കൊന്നു. സത്യൻ എന്നുപറയുന്ന ഊർജ്ജസ്വലനായ ഒരു ചെറുപ്പക്കാരനെ, കോൺഗ്രസ്സുകാരനെ, വെട്ടിക്കൊന്നത് ബി.ജെ.പി.ക്കാരാണ്. രണ്ടും ഒരു

LIBRARY ARCHIVES Kerala Legislative Assembly

നാണയത്തിന്റെ രണ്ടുവശങ്ങൾ. ബി.ജെ.പി.യും, സി.പി.എം. ഉം അക്രമരാഷ്ട്രീയത്തിന്റെ കാര്യത്തിൽ ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ. ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ഉണ്ട്. ഡി.ഐ.ജി. വിൻസന്റ് പോൾ ആയുധങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ചാല ടൗണിലെ ഇടയ്ക്കാട് ബസാറിൽ മാർക്സിസ്റ്റ് പാർട്ടി ഓഫീസിൽ നിന്ന് കണ്ടെടുത്ത ആയുധങ്ങൾ എത്ര യാണ്? എന്തിനാണ് പാർട്ടി ഓഫീസിൽ ആയുധങ്ങൾ സൂക്ഷിക്കുന്നത്. ബോംബുകൾ സൂക്ഷിക്കുന്നത്. അത് മാത്രമാണോ, കണ്ണൂരിൽ ഈ ബോംബ് നിർമ്മാണം ഒരു വ്യവസായമാണ്. ഈ നിർമ്മിക്കുന്ന ബോംബുകൾ സി.പി. എം.നും, ബി.ജെ.പി.ക്കും കൊടുക്കുന്നത് ഒരേ ആളാണ്. ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് സൂചിപ്പിച്ചു. മഴു പ്രാകൃത മനുഷ്യൻ ഉപയോഗിക്കുന്ന ആയുധമാണ്. ഈ മഴുകൊണ്ടാണ് കണ്ണൂരിലെ 7 കൊലപാതകങ്ങൾ നടന്നത്. മഴുകൊണ്ട് കുത്തി പരിക്കേൽപ്പിച്ചിട്ട് കൊന്ന താണ്. ഈ രണ്ട് മഴുവും ഒരേ സ്വഭാവമുള്ളതാണ്. മുഖ്യമന്ത്രി സമാധാനചർച്ച നടത്തി, അത് ഞാൻ സമ്മതിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണനും, ശ്രീ. സി.കെ. പത്മനാഭനും ചിരിച്ചുകൊണ്ട് ഇറങ്ങുന്ന ഫോട്ടോ കേരളത്തിൽ പ്രസിദ്ധീകരിച്ചു. നിങ്ങൾ രണ്ടുപേരുടെയും കൊലയാളികളിൽ ഒറ്റയാളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ. നാല് മാർക്സിസ്റ്റുകാർ മരിച്ചു, മൂന്ന് ബി. ജെ.പി.ക്കാർ മരിച്ചു, ഏതെങ്കിലും പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ? നിങ്ങൾ തമ്മിൽ ധാരണയാണ്. പ്രതികൾ രണ്ടുകൂട്ടരിലുമുണ്ട്. ഞാൻ വെല്ലുവിളിക്കാം ശ്രീ. ഗോവിന്ദൻ മാഷേ, മാർക്സിസ്റ്റു പാർട്ടിയിൽ നിന്ന് രാജിവച്ചു പോയവരാണ് ബി.ജെ.പി.യെ, ക്രിമിനൽ സംഘത്തെ നയിക്കുന്നത്. ഞങ്ങളുടെ പാർട്ടിയിൽ നിന്ന് പോയവരല്ല.

മാർക്സിസ്റ്റ് പാർട്ടിയിലെ ക്രിമിനലുകൾ അവസാനം നിങ്ങളിൽനിന്നു പോയി ബി.ജെ.പി.യിൽ ചേർന്നു. കണ്ണൂരിലെ ദുരന്തം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയുടെ ജില്ലയല്ലേ കണ്ണൂർ, ഞങ്ങളൊക്കെ ജനിച്ചുവീണ ജില്ലയാണ്. അവിടെ മനുഷ്യജീവന് വിലയില്ല. ഞാൻ ബോംബെയിൽ സെലക്ട് കമ്മിറ്റിയുമായി പോയി എന്താണ് അവിടത്തെ സ്ഥിതി, എന്നോട് ബോംബെയിലെ മലയാളികൾ പറഞ്ഞു, ബോംബെയിലെ ലോഡ്ജുകളിൽ കണ്ണൂർകാർക്ക് മുറിയില്ലായെന്ന്, കണ്ണൂരുകാരനാണെന്നു പറഞ്ഞാൽ മുറിതരാൻ തയ്യാറല്ല, ഇത്രമാത്രം ഉള്ള സംസ്കാരം ഉണ്ടാക്കാൻ മാർക്സിസ്റ്റ് പാർട്ടിയിലെ കൊലപാതകരാഷ്ട്രീയംകൊണ്ട് കഴിഞ്ഞു. തെരഞ്ഞെടുപ്പിന്റെ കാര്യം ശ്രീ. ഗോവിന്ദൻ മാസ്റ്റർ രാവിലെ പറഞ്ഞു. എന്താണ് തെരഞ്ഞെടുപ്പ്? സർ. ഞാൻ ആലപ്പുഴയിൽ നിന്നും ജയിച്ചു വന്ന ആളാണ്, പുന്നപ്രവയലാറിനെക്കുറിച്ച് എനിക്ക് വലിയ അഭിമാനമുണ്ടായിരുന്നു. ഞാൻ ആ മുദ്രാവാക്യം കേട്ടിട്ടുണ്ട്. 'ഇല്ല സഖാവ് മരിച്ചിട്ടില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ' ഒരു കാലഘട്ടത്തിൽ ഞാൻ ആ മുദ്രാവാക്യത്തിൽ പുളകിതനായിരുന്നു. സാർ ഇപ്പോഴാണ് മനസ്സിലാകുന്നത് ഇതിലെ പൊള്ളത്തരം. 'ഇല്ല സഖാവ് മരിച്ചിട്ടില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ' പുന്നപ്രവയലാറിലെ സമരനായകന്മാരെ ഇവർ മറന്നു. ആ സമരത്തിൽ പങ്കെടുത്ത ഓരോ ആളുകളും ഇന്നു പറയുന്നു. മാർക്സിസ്റ്റ് പാർട്ടി ആ സമരത്തെ വഞ്ചിച്ചിരിക്കുന്നു എന്ന്. പുന്നപ്രവയലാറിലെ സമരനായകന്മാരെ ഇവർ മുഴുവനും മറന്നുകളഞ്ഞു. മറന്നുവെന്ന് മാത്രമല്ല "ഇല്ല സഖാവ് മരിച്ചിട്ടില്ല ജീവിക്കുന്നു ഞങ്ങളിലൂടെ" എന്ന മുദ്രാവാക്യം മരിച്ചുപോയ പുന്നപ്രവയലാർ സമര സേനാനികളെ കള്ളവോട്ട് ചെയ്ത് ഇവർ അംഗീകരിച്ചിരിക്കുകയാണ്. കള്ളവോട്ടിലൂടെ ഇവർ ജീവിക്കുന്നു വീണ്ടും എന്നുപറയുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയല്ലേ, ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്ത് മുഴുവൻ കലാപം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവർ സുതാര്യത യെക്കുറിച്ച് പറഞ്ഞു. ഞാൻ ചെറിയ സംശയങ്ങൾ വിദ്യുച്ഛക്തി വകുപ്പുമന്ത്രി യോട് ചോദിക്കാൻ ആഗ്രഹിക്കുകയാണ്. കണ്ണൂരിലെ ഒരു ക്യാൻസർ ആശുപ ത്രി, ഇലക്ട്രിസിറ്റി കരാറുമായി ബന്ധപ്പെട്ട് എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി ഉള്ള ധാരണയനുസരിച്ച് ഉണ്ടാക്കിയ ക്യാൻസർ ഹോസ്പിറ്റ ലിനെക്കുറിച്ച് ഇപ്പുറത്തിരിക്കുന്ന ആളുകൾ പല ആക്ഷേപങ്ങളും ഉന്നയിച്ചിട്ടു ണ്ട്. അപ്പോൾ അങ്ങ് മറുപടിയും പറഞ്ഞിട്ടുണ്ട്. ആ മറുപടിയുടെ ഭാഗമായിട്ടു വന്ന കാര്യങ്ങൾ സഭാരേഖകളിലും ഉണ്ട്. അങ്ങ് എന്താണ് പറഞ്ഞത് ഒരു ക്യാൻസർ ഹോസ്പിറ്റൽ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്, അതിൽ യാതൊരു ദുരൂഹതയുമില്ല. ഇതുമായി ബന്ധപ്പെട്ട ഒരുപാട് ആരോപണങ്ങൾ ഈ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. ശ്രീ. എം.വി. രാഘവൻ വെല്ലുവിളിച്ചിട്ടുണ്ട്. ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്ന ചോദ്യം, കാനഡയുടെ സഹകരണത്തോടെ തല ശ്ശേരിയിൽ ഒരു ക്യാൻസർ ആശുപത്രി സ്ഥാപിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? ശ്രീ. കെ.സി. ജോസഫ് അടക്കം ചോദിച്ച ചോദ്യമാണ്. ഉത്തരം, തലശ്ശേരിയിൽ സ്ഥാപിതമാകുന്ന ക്യാൻസറാ ശുപത്രിക്കു വേണ്ടി 10.323 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണം പുരോഗതിയിലാണ്, ഇതുസംബന്ധിച്ച് ഒപ്പുവച്ച ഉഭയകക്ഷി കരാറിലെ ഈ ആശുപത്രിക്കുവേണ്ടി കാനഡയുടെ സഹായം സംബന്ധിച്ച വിശദാംശം നൽകാമോ രണ്ടാമത്തെ ഉപചോദ്യമാണ്, ഈ ആശുപത്രിയുടെ നിർമ്മാണജോലികൾക്ക് ഇപ്പോൾ പണം മുടക്കുന്നത് കാനഡയിലെ എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയാണ്. കൂടാതെ സിഡ, ക്യൂബിക്കൽ തുടങ്ങി മറ്റുവിവിധ കനേഡിയൻ ഏജൻസിയിൽനിന്ന് ധനസ ഹായം ലഭിക്കുമെന്നും എസ്.എൻ.സി. ലാവ്‌ലിൻ അറിയിച്ചിട്ടുണ്ട്. മൂന്നാ മത്തെ ഉപചോദ്യം, ഇതുസംബന്ധിച്ച് ഒപ്പുവച്ച ഉഭയകക്ഷി കരാറിലെ വ്യവ സ്ഥകൾ ലഭ്യമാക്കുമോ, കരാറിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ? ഉത്തരം, തല ശ്ശേരി ക്യാൻസർ ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ യാതൊരു കരാറും ഒപ്പു വച്ചിട്ടില്ല. സർ അനുബന്ധമായി ഇതിന് പറഞ്ഞ മറു പടിയാണ്. അങ്ങയുടെ വകുപ്പിൽനിന്നും, ഇലക്ട്രിസിറ്റി ബോർഡിൽനിന്നും വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്ക് എഴുതിയ കത്തിലെ നോട്ടിലെ കാര്യമാണ് ഈ പറയുന്നത്. ഇത് കരാറിന്റെ കോപ്പി, ആ കോപ്പിയിൽ എന്താണ് പറയുന്നത്, subsequently in October, 1996, a delegation headed by Shri Pinarayi Vijayan, Hon'ble Minister for Electricity with Principal Secretary (power) Chairman, Kerala State Electricity Board, and Member (Accounts), Kerala State Electricity Board, visited Canada with a view of finalising the funding of PSPHE project. On the basis of the discussion held in Canada, the following decisions were arrived. One decision, 5-ാമത്തെ തീരുമാനമാണ് ഞാൻ ഈ പറയുന്നത്. It was also agreed by CIDA and that the Canadian agencies will consider financing the setting up of a cancer treatment centre at Kuttiyadi with an outlay of 25 millions (CIDA'S approximate amount). അങ്ങു പറഞ്ഞിരിക്കുന്നു, യാതൊരു കരാറും ഉണ്ടായിട്ടില്ലായെന്ന്, ഈ കരാറിലെ രേഖകൾ അനുസരിച്ച് ആശുപത്രിയു ണ്ടാക്കാൻ വേണ്ട ധാരണയായി മാത്രമല്ല, Based on the discussions that the KSEB and Government of Kerala had with CIDA, EDC and SNC ലാവ്‌ലിൻ in Canada, SNC ലാവ്‌ലിൻ prepared an addendum to the agreement and this was signed on 10.2.1997. The addendum incorporated the understanding reached in Canada as discussed above. മുകളിൽ പറഞ്ഞ കാര്യങ്ങളാണ് incorporate

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുന്നത്. The matter was placed befor the full Board on 25.1.97 and in the Board it was decided as follows.

ബോർഡ് ഡിസൈഡ് ചെയ്തു, അവസാനം 10.2.97-ൽ ചെയർമാൻ ബോർഡിനുവേണ്ടി ഒപ്പുവച്ചു. അങ്ങ് അംഗങ്ങൾക്ക് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നു യാതൊരു കരാറും ഉണ്ടാക്കിയിട്ടില്ല എന്ന്, രേഖകൾ പറയുന്നു കരാർ ഒപ്പുവച്ചിട്ടുണ്ടെന്ന്, സർ, 80 കോടി രൂപയ്ക്കു പൂർത്തിയാക്കാൻ കഴിയുമെന്നു പറഞ്ഞ ഒരു പ്രോജക്ടിന് ഇപ്പോൾ 287 കോടി രൂപയോളം പ്രോജക്ട് കോസ്റ്റായിട്ടുണ്ട്. ഇവിടെ പറഞ്ഞിരിക്കുന്നു 100 കോടി രൂപയോളം ആശുപത്രിക്ക് കൊടുക്കാമെന്ന് എങ്കിലും ബാക്കിയുണ്ട്, ഇവിടെ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു, 'ഡെൻമാർക്കിൽ എന്തോ ചീഞ്ഞ് നാറുന്നു' ഈ നിയമസഭയിലെ അംഗങ്ങൾക്ക് വിവരങ്ങൾ പൂർണ്ണമായി നൽകണം. ക്യാൻസർ ആശുപത്രിക്കുവേണ്ടി ആരിൽനിന്ന് കാശ് വാങ്ങി, എത്ര കാശ് വാങ്ങിച്ചു. ഏതു രീതിയിലാണ് കാശ് വാങ്ങിയത്. കമ്മീഷൻ ആയിട്ടാണോ, അല്ല. ഗ്രാന്റ് ആയിട്ടാണോ, അല്ല. കിക്ക്ബാക്ക് ആണോ അല്ലെങ്കിൽ ഈ പ്രോജക്ട് കോസ്റ്റിൽ നൂറു കോടി കുറച്ചാൽ പോരേ. സ്റ്റേറ്റിന്റെ ഇന്ററസ്റ്റാണ് ഗവൺമെന്റിന് വലുതെങ്കിൽ പ്രോജക്ട് കോസ്റ്റിൽനിന്ന് 100 കോടി രൂപ കുറച്ചാൽ അത്രയും കുറഞ്ഞുകിട്ടുമല്ലോ, സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡ് വലിയ സ്ഥാപനമൊന്നുമല്ലല്ലോ, വെള്ളാനയൊന്നുമല്ലല്ലോ, ആണോ? അപ്പോൾ എന്തുകൊണ്ട് കുറച്ചില്ല. വളരെ വ്യക്തമായ ചോദ്യം പ്രോജക്ട് കോസ്റ്റിൽനിന്ന് കുറയ്ക്കാതെ ഈ വാങ്ങിക്കുന്ന ക്യാൻസർ ആശുപത്രി ഏത് മോഡലിലാണ്, കിക്ബാക്കാണോ, കമ്മിഷനാണോ, അതല്ല അവർ നൽകിയ വല്ല പ്രത്യുപകാരത്തിന്റെ ഭാഗമായിട്ടാണോ, ഇത് കേരളത്തിലെ ജനങ്ങൾക്ക് അറിയാൻ അവകാശമുണ്ട്, അതുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. എം.വി. രാഘവൻ പറഞ്ഞു. ഇതിനകത്ത് അഴിമതിയുണ്ട്, എന്ന്. വക്കീൽ നോട്ടീസ് വന്നു പോയി. പിന്നീട് ഒന്നും കണ്ടില്ല. ഒരു കേസും കണ്ടില്ല, പിന്നെ രാഘവൻ തന്നെ ഒരു സ്റ്റേറ്റ്മെന്റ് ഇറക്കി കേസിനെ വെല്ലുവിളിക്കുന്നു എന്ന്. എന്താണ് ഗവൺമെന്റിന്റെ നിലപാട്. ഞങ്ങൾക്ക് അറിയാൻ താൽപ്പര്യമുണ്ട്. ആ കാര്യത്തെക്കുറിച്ച്, വ്യക്തമായ പലകാര്യങ്ങളിലും സുതാര്യതയില്ലാത്ത ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന് കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു ഭാഗത്ത് ധൂർത്ത്, മറുഭാഗത്ത് സാമ്പത്തിക അച്ചടക്കം പറഞ്ഞുകൊണ്ടിരിക്കുന്നു. സാർ, അക്രമത്തിന്റെ കാര്യത്തെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാൻ ഉള്ളത് ഇന്നലെയും ഇന്നും ചർച്ചകൾ വന്നപ്പോഴൊക്കെ ഞാൻ സൂചിപ്പിച്ചു. അവസാനം പ്രകാശ് ബാബുവും പറഞ്ഞു. എസ്.എൻ. കോളേജിലെ സംഭവം, എസ്.എൻ. കോളേജിൽ മാത്രമാണോ സംഭവം, കേരളത്തിൽ എന്തെല്ലാം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മാനവീയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരികൊളുത്തിക്കൊണ്ടിരിക്കുമ്പോൾ മൂന്നു സംഭവങ്ങളാണ് കേരളത്തിൽ നടന്നത്. പള്ളിപ്പാട്ട് ഒരു പാവപ്പെട്ട വ്യാജവാറ്റ് വിരുദ്ധ പ്രവർത്തകനെ ചവിട്ടി കൊല്ലുന്നു. കണ്ണൂരിൽ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ പ്രിൻസിപ്പലിനെ എസ്.എഫ്.ഐ. ക്കാർ കൈയേറ്റം ചെയ്യുന്നു. ഇന്റർനെറ്റ് ഇപ്പോൾ വന്നിരിക്കുകയല്ലേ, എസ്.എഫ്.ഐ. ഇന്റർനെറ്റ് ഉള്ള ഒരു വിദ്യാർത്ഥി സംഘടനയാണ്. ശ്രീമതി മെഴ്സിക്കുട്ടി അമ്മയ്ക്ക് അടുത്തു പ്രസംഗിക്കാമല്ലോ മറുപടി പറഞ്ഞുകൊള്ളൂ. ഇന്റർനെറ്റ് പോലും ഉള്ള സംഘടനയാണ് എസ്.എഫ്.ഐ. അവർ ഇന്റർനെറ്റിന്റെ ഭാഗമായിരിക്കുകയാണ്. വെബ്സൈറ്റ് ഒക്കെ എടുത്തിരിക്കുകയാണ്. എന്താണ്, കൂത്തുപറമ്പിൽ നിർമ്മലഗിരി കോളേജ് അദ്ധ്യാപകനെ തല്ലുക, ഇപ്പോൾ എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

സംഭവിച്ചുകൊണ്ടിരിക്കുന്നത്. മൊകേരി സ്കൂളിലെ കുട്ടികളുടെ സ്ഥിതി ആലോചിച്ചു നോക്കൂ തിരുവോണനാളിൽ പി.ജെ.രാജനെ വെട്ടിക്കൊലപ്പെടുത്തിയത് ക്രൂരമാണ്, അതിനുമുമ്പ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം നടന്ന കൊലപാതകം ഉണ്ട്. സ്കൂട്ടറിൽ പോകുകയായിരുന്നു ബി.ജെ.പി. ജില്ലാസെക്രട്ടറി ശശീന്ദ്രൻ മാഷും ഭാര്യയും, ആ സ്കൂട്ടറിൽനിന്ന് ശശീന്ദ്രൻ മാഷെയിറക്കി ഭാര്യയുടെ മുമ്പിൽ വച്ച് തല്ലിക്കൊന്നു. തെറ്റല്ലേ ഗോവിന്ദൻ മാഷേ, ജയരാജനെ ആക്രമിച്ചു, തെറ്റാണ്. ബി.ജെ.പി.യുടെ ജില്ലാ സെക്രട്ടറിയെ ആക്രമിച്ചു തെറ്റല്ലേ, എന്നിട്ട് എന്താപറയുന്നത്, കണ്ണൂരിലെ കലാപത്തെക്കുറിച്ച് കേരളകൗമുദി എഡിറ്റോറിയലും എഴുതി, എന്താണ് സംഭവം പോലീസ് റോൾ ഇല്ല. ഇപ്പോൾ കലാലയങ്ങളിലെ സ്ഥിതിയിതാണ്. കലാലയങ്ങളിൽ പ്രവർത്തിക്കാൻ അവസരമില്ല. അവസരം ഉണ്ടായാൽ അവസരം ഉണ്ടാക്കുന്ന ആളുകളെ തല്ലിച്ചതയ്ക്കുന്നു. ഇവിടെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഒരു സബ്മിഷൻ കൊണ്ടുവന്നു. എം.ജി. കോളേജിൽ എസ്.എഫ്. ഐ.യെ പ്രവർത്തിക്കാൻ വിടുന്നില്ല എന്ന്. നാണമുണ്ടോ ബഹുമാന്യനായ കടകംപള്ളി? ജോസ് ബേബി അവിടെയിരിക്കുന്നില്ലേ, യൂണിവേഴ്സിറ്റി കോളേജിൽ എ.ഐ.എസ്.എഫ്. കാർക്ക് പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുണ്ടോ? കെ.എസ്.യു.ക്കാർക്ക് സ്വാതന്ത്ര്യമുണ്ടോ? കൂത്തുപറമ്പിൽ നിർമ്മലഗിരി കോളേജിൽ നടന്ന സംഭവം എന്താണ്? ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. എല്ലാ നയവും ഒരുപോലെ വേണം അല്ലാതെ ഞങ്ങൾക്ക് എവിടെയെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ അത് പെരുപ്പിച്ച് കാണിക്കേണ്ട കാര്യമില്ല. ഇവിടെ ശ്രീ. തമ്പാനൂർ രവി പറഞ്ഞല്ലോ, അങ്ങ് ഇപ്പോൾ ചോദിച്ച സെനറ്റ് ഇലക്ഷന്റെ കാര്യം എന്താണ്, സെനറ്റ് നോമിനേഷന്റെ കാര്യമങ്ങു പറഞ്ഞു, അന്ന് രാംദുലാരി സിൻഹ നാല് വിദ്യാർത്ഥി പ്രതിനിധികളെ നോമിനേറ്റ്ചെയ്തു. ആ വിദ്യാർത്ഥി പ്രതിനിധികളെ നോമിനേറ്റ് ചെയ്തത് മുഖ്യമന്ത്രിയുടെ അഡ്രെസ് ധിക്കരിച്ചുകൊണ്ടാണ്. അതിന്റെ പേരിൽ കലാപമുണ്ടാക്കി കേരളം മുഴവൻ സമരം നടത്തിയത് നിങ്ങളല്ലേ, ഇപ്പോൾ ബി.കെ. ശേഖർ എന്നു പറയുന്ന ബി.ജെ.പി.യുടെ സെക്രട്ടറിയെ നോമിനേറ്റ് ചെയ്തപ്പോൾ ഒരു അക്ഷരം മിണ്ടുന്നില്ലല്ലോ, അപ്പോൾ എന്താണ് ഇതിന്റെ പിന്നിലെ വികാരം, ഇവിടെ രാഷ്ട്രീയരംഗത്തെ നിങ്ങളുടെ വികാരമെന്താണ്? ഈ കലാലയങ്ങളെയെങ്കിലും വെറുതെ വിടണം. സർ, അക്രമസംഭവങ്ങൾ എല്ലായിടത്തും പെരുകിക്കൊണ്ടിരിക്കുകയാണ്, ഞാൻ വീണ്ടും ആവർത്തിക്കുന്നു, മൊകേരി സ്കൂളിലെ പിഞ്ചുഹൃദയങ്ങളുടെ ഒരു മാനസികാവസ്ഥ ഉണ്ടല്ലോ, ലോവർ പ്രൈമറി സ്കൂളിൽ പോയാൽപോലും സ്വന്തം അദ്ധ്യാപകരെ വെട്ടേറ്റ് അവരുടെ ചോരതെറിച്ച് പഠിക്കേണ്ടിവരുന്ന സാഹസികമായ ഒരു അവസ്ഥ, ആ അവസ്ഥ കേരളത്തിലെ കൊല്ലം എസ്.എൻ. കോളേജിൽ ഉണ്ടാകരുത്, ആ അവസ്ഥ നിർമ്മലഗിരി കോളേജിൽ ഉണ്ടാകരുത്. അത് യൂണിവേഴ്സിറ്റി കോളേജിൽ ഉണ്ടാകരുത്. കേരളത്തിലെ കലാലയങ്ങളെ ഫ്രീയായി വിടാൻ തയ്യാറാകണം.

[4 P.M.] അതിന് എസ്.എഫ്.ഐക്കാർ തയ്യാറാകണം. ഗവൺമെന്റ് അതിനുള്ള നടപടികൾ സ്വീകരിക്കണം. കൊല്ലം എസ്.എൻ കോളേജിൽ ഇന്നലെ മാർക്സിസ്റ്റ് പാർട്ടിയുടെ റാലി നടത്തി. ആർ. ശങ്കർ ഉല്പന്നപ്പിരിവ് നടത്തി ഉണ്ടാക്കിയ ഒരു കോളേജാണ് കൊല്ലം എസ്.എൻ. കോളേജ്. ആ കൊല്ലം എസ്.എൻ കോളേജിനെ ഇന്നലെ വീണ്ടും ആക്രമിച്ചു. ആ കോളേജിന് സംരക്ഷണം കൊടുക്കണം. കണ്ണൂരിൽ സമാധാനമുണ്ടാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എസ്.എൻ കോളേജിലെ പ്രശ്നം പരിഹരി

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. അതൊരു വലിയ സാമൂഹ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. കൊല്ലം എസ്.എൻ. കോളേജിലെ ബന്ധപ്പെട്ട ആളുകളെ വിളിച്ചുവരുത്തി ചർച്ചചെയ്ത് ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യ മന്ത്രി നേതൃത്വം കൊടുക്കണം.

സർ, എനിക്ക് ഒരു കാര്യം കൂടി പറയാനുണ്ട്. ഞാൻ മിനിയാന്ന് ഒരു സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു. പി.എസ്.സി. നിയമനങ്ങൾ നിരോധിച്ചിരിക്കുന്നുവെന്ന് പി.എസ്.സി യുടെ ലിസ്റ്റ്.....

മി. സ്പീക്കർ : അത് പറഞ്ഞതുമാണ്. ഇനി പറയേണ്ട.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഡിസംബർ 31-നും ജനുവരി 31-നും കാലാവധി തീരുന്ന ലിസ്റ്റ് ഉണ്ട്. ആ ലിസ്റ്റിലെ ആളുകളുടെ ആശങ്ക തീർക്കാൻ ഒന്നുകിൽ ലിസ്റ്റിന്റെ കാലാവധി എക്സ്ടെന്റ് ചെയ്യണം അല്ലെങ്കിൽ ലിസ്റ്റിൽനിന്ന് അടിയന്തിര മായി നിയമനം നടത്തണം. ഈ ഗവൺമെന്റ് ഇതൊന്നും ചെയ്യുന്നില്ല. തൊഴിലില്ലായ്മ പൊരുകികൊണ്ടിരിക്കുകയാണെന്ന് ഇവിടെ പറഞ്ഞു. എല്ലാ പ്രശ്നങ്ങളും പെരുകികൊണ്ടിരിക്കുകയാണ്. പ്രശ്നങ്ങളിൽനിന്നും പ്രശ്നങ്ങ ളിലേക്ക് പോയിക്കൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ നിയമ സമാധാനരംഗ ത്തുള്ള നടപടികളും മറ്റെല്ലാ മേഖലകളിലെ നടപടികളും സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കി മാറ്റിയിരിക്കുന്നുവെന്ന സാഹചര്യം നമ്മൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അത് ഒരുഭാഗത്ത് നടക്കുമ്പോൾ മറുഭാ ഗത്ത് അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റെയും പിൻവാതിൽ നിയമന ങ്ങളുടെയും കേളികൊട്ട് അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. അത്തരമൊരു ഘട്ടത്തിൽ കൊണ്ടുവന്ന ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർത്തു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി. ജെ. മെഴ്സിക്കുട്ടി അമ്മ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥ നകളെ സസന്തോഷം പിന്താങ്ങുകയാണ്. കടുത്ത സാമ്പത്തികപ്രതിസ ന്ധിക്ക് നടുവിലും ഫലപ്രദമായ ധനകാര്യ മാനേജ്മെന്റ് കൊണ്ട് ശോഭനമായ ഒരു കേരളം പടുത്തുയർത്തുന്നതിന് പ്രായോഗികമായ നിലപാട് സ്വീകരി ക്കുന്ന ഒരു ഗവൺമെന്റായതുകൊണ്ടാണ് സാർ ഞാൻ ഈ ഉപധനാഭ്യർത്ഥന കളെ പിന്താങ്ങുന്നത്. അപ്പുറത്തുനിന്ന് സംസാരിച്ച മിക്കവാറും പേരും സാമ്പ ത്തിക പ്രതിസന്ധിയെക്കുറിച്ച് സൂചിപ്പിച്ചു. സാമ്പത്തികപ്രതിസന്ധി ഭാരത ത്തിൽ ഇല്ലെന്ന് ആരും പറയുമെന്ന് എനിക്ക് തോന്നുന്നില്ല. സാമ്പത്തികരം ഗത്ത് കടുത്ത പ്രതിസന്ധി ഉണ്ടെന്നും അത് കഴിഞ്ഞ മൂന്നുവർഷക്കാലം കൊണ്ട് കേരളം ഭരിക്കുന്ന നായനാരുടെ ഗവൺമെന്റ് ഉണ്ടാക്കിവച്ചതാണെന്ന് ആരെങ്കിലും വ്യാഖ്യാനിച്ചാലാണ് അത് വസ്തുതാപരമല്ലാത്തത്. ഭാരത ത്തിന്റെ ചരിത്രമൊക്കെ മറന്നുപോയോ? കഴിഞ്ഞ നാല്പത്തിയഞ്ച് വർഷ ക്കാലം രാജ്യം ഭരിച്ച കോൺഗ്രസ്സ് പാർട്ടിയുടെ പ്രതിനിധികൾ ഇപ്പോൾ ഈ സഭയിൽനിന്ന് പ്രസംഗിക്കുന്നത് കേട്ടാൽ തോന്നും രണ്ടോ മൂന്നോ വർഷം കൊണ്ട് ഉണ്ടായ ഒരു പ്രതിഭാസമാണ് സാമ്പത്തികരംഗത്തെ പ്രതിസന്ധി എന്ന്. 1990 കളുടെ തുടക്കത്തിൽ ശ്രീ. നരസിംഹറാവു പ്രധാനമന്ത്രിയായിരു ന്നപ്പോൾ ഭാരതത്തിൽ ഒരു പുതിയ സാമ്പത്തികനയത്തിന് രൂപം കൊടുത്തി ല്ലേ. അന്ന് അദ്ദേഹം പറഞ്ഞത് ഭാരതത്തിലെ സാമ്പത്തിക പ്രതിസന്ധി രൂക്ഷ മാകുന്നു. സാമ്പത്തികരംഗത്തെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാമ്പ ത്തികരംഗത്ത് ഞങ്ങൾ ഒരു പുതിയ നയം സ്വീകരിക്കുന്നു. കഴിഞ്ഞ നാളുക ളിലൊക്കെ തുടർന്നുവന്നുകൊണ്ടിരുന്ന നയത്തിൽനിന്ന് വ്യത്യസ്തമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

നയമാണ് സ്വീകരിക്കുന്നത്. ഭാരതത്തിലെ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നു. തൊഴിലില്ലായ്മ രൂക്ഷമാണ്. തൊഴിലില്ലായ്മ പരിഹരിക്കാനും വ്യവസായസ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാനും വിദേശികളുടെ കൈയിൽ കോടിക്കണക്കിന് രൂപയുള്ളത് സ്വീകരിക്കുന്നതിനുവേണ്ടി സാമ്പത്തികരംഗത്ത് ഞങ്ങൾ ഒരു പുതിയ നയം സ്വീകരിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയുടെ പേര് പറഞ്ഞല്ലേ നയം സ്വീകരിച്ചത്? 1991-ൽ എത്തിയപ്പോൾ 8 വർഷക്കാലംകൊണ്ട് നടപ്പിലാക്കിയ ഈ നയം ഏത് മേഖലയിലാണ് സാമ്പത്തികരംഗത്തെ ശക്തിപ്പെടുത്തിയതെന്ന് അപ്പുറത്തിരിക്കുന്ന ആർക്കെങ്കിലും ഒന്ന് വിശദീകരിക്കാൻ കഴിയുമോ? സാമ്പത്തികരംഗത്തെ നയത്തിന്റെ പേരിൽ നടപ്പിലാക്കപ്പെടുന്ന ആഗോളവൽക്കരണവും ഉദാരവൽക്കരണവും ഭാരതത്തെ കൊടിയ കടക്കെണിയിലേക്ക് നീക്കിക്കൊണ്ടിരിക്കുകയാണ്. ഇതേ നയം സ്വീകരിച്ച മെക്സിക്കോ, ബ്രസീൽ അടക്കമുള്ള രാജ്യങ്ങൾ ഇന്ന് കടക്കെണിയിൽ അകപ്പെട്ട ഊരാക്കുടുക്കിലാണ്. അതുകൊണ്ട് ആ രാജ്യത്തെ പ്രധാനമന്ത്രിമാർ പുത്തൻ സാമ്പത്തിക നയത്തിനെതിരെ ശക്തമായ വിയോജിപ്പ് പ്രകടിപ്പിക്കുകയാണ്. വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ സിയാച്ചിൻ സമ്മേളനത്തിൽ അമേരിക്കയിലെ തൊഴിലാളികൾക്കുപോലും ആ നയത്തിന് എതിരായി ശക്തമായ ചെറുത്തുനിൽപ് നടത്തേണ്ടിവന്നു. ഇതൊന്നും അറിയാത്തവരാണോ കോൺഗ്രസ്സിന്റെ പ്രതിനിധികൾ? കഴിഞ്ഞ 8 വർഷക്കാലമായി സാമ്പത്തികരംഗത്തെ പുതിയ നയം നടപ്പിലാക്കിയതിന്റെ ഫലമായി ഏതൊരു വ്യവസായമാണ് പുതിയതായി തുടങ്ങിയതെന്ന് ഇവർക്ക് പറയാൻ കഴിയുമോ? 1991 മുതൽ 1996 വരെ ഇവർ തന്നെ ഭരിച്ചില്ലേ? ഏത് മേഖലയിലാണ് പുതിയതായി ഒരു സ്ഥാപനം തുടങ്ങിയത്? ഏത് മേഖലയിലാണ് അടച്ചിട്ടിരുന്ന സ്ഥാപനം തുറന്ന് പ്രവർത്തിച്ചത്. ഇന്ന് നമ്മൾ ടി.വി. തുറന്നാൽ കാണുന്നത് ഷെയർ മാർക്കറ്റിനെക്കുറിച്ചുള്ള വാർത്തയാണ്. അരിയുടെ വില., ഡീസലിന്റെ വില, എണ്ണയുടെ വില എന്ന് പറയുന്നതുപോലെ ഷെയറിന്റെ വില സാധാരണ ജനങ്ങൾക്ക് വേണ്ടതാണോ? എങ്ങനെയാണ് ഷെയർ മാർക്കറ്റ് പുതിയതായി ഭാരതത്തിലേക്ക് കടന്നുവന്നത്? വിദേശത്തുനിന്ന് കോടികൾകൊണ്ട് നിക്ഷേപിക്കുന്നവർ ഇന്ത്യയിലെ സാമ്പത്തിക രംഗത്ത് ഗാംബ്ലിംഗ് നടത്തുകയാണ്. ഇന്ത്യയുടെ പൊതുമേഖലയടക്കം ലാഭമുള്ള സ്ഥാപനങ്ങളുടെ ഷെയർ വാങ്ങി കൃത്രിമമായി വിലക്കയറ്റം സൃഷ്ടിച്ച് അടിക്കടി ഷെയർ വിറ്റഴിച്ച് കോടികൾ കീശയിലാക്കി ഭാരതത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കൊള്ളയടിക്കുന്നതിന് ആരാണ് വാതിൽ തുറന്നുകൊടുത്തത്? അതേ ആളുകളാണ് ഇവിടെവന്ന് സാമ്പത്തിക പ്രതിസന്ധിക്ക് നായനാർ ഗവൺമെന്റ് ഇപ്പോൾ ഉത്തരം പറയണമെന്ന മട്ടിലേക്ക് കാര്യങ്ങളെ കാണുന്നത്? ഇന്ന് ഷെയർ മാർക്കറ്റുകൾ വഴി വരുന്ന ചൂതാട്ടം ഇന്ത്യയിലെ വ്യവസായ സ്ഥാപനങ്ങളെയും നാം നാളിതുവരെ പടുത്തുയർത്തിയ രാജ്യത്തിന്റെ സമ്പദ്ഘടനയേയും വിദേശികൾക്ക് കൊള്ളയടിക്കാൻ വഴിതുറന്നുകൊടുക്കുമ്പോൾ നമ്മുടെ രാജ്യമാണ് പാപ്പരായികൊണ്ടിരിക്കുന്നതെന്നുള്ള വസ്തുതയുടെ നടുവിലാണ് കേരളം പോലുള്ള സംസ്ഥാനങ്ങൾ നിലനിൽക്കുന്നതെന്ന് മറന്നുകൊണ്ട് സംസാരിച്ചുകൂടാ. കോൺഗ്രസ്സിനെ കഴിഞ്ഞ 45 വർഷക്കാലമായി ഞങ്ങളെപ്പോലുള്ള പ്രസ്ഥാനങ്ങൾ എതിർത്തിരുന്നത് രാജ്യത്തെ വരേണ്യവർഗ്ഗത്തിനുവേണ്ടിയാണ് ഭരിച്ചത് എന്നതുകൊണ്ടാണ്. ഇപ്പോൾ നിർഭാഗ്യവശാൽ ബി.ജെ.പി. അധികാരത്തിൽ വന്നപ്പോൾ വരേണ്യവർഗ്ഗത്തെതന്നെ ടാറ്റാ, ബിർളാ, ഗോയങ്ക. ഡാൽമിയമാർ വ്യവസായവും വാണിജ്യവുമായി ബന്ധപ്പെട്ട് നയം തീരുമാനിക്കാൻ കർമ്മസ

LIBRARY ARCHIVES Kerala Legislative Assembly

മിതികൾ രൂപീകരിച്ച് ഏൽപ്പിച്ചിരിക്കുന്നു. 'ക, മ' എന്നൊരക്ഷരം ആരും മിണ്ടിയിട്ടില്ല. ഇതുവരെ കോൺഗ്രസ് അവർക്കുവേണ്ടിയാണ് ഭരിച്ചതെങ്കിൽ ഇപ്പോൾ ബി.ജെ.പി. വന്ന് സാക്ഷാൽ ഗോയങ്കമാരെ ഭരണം ഏൽപ്പിച്ചിരിക്കുകയാണ്. 8 കർമ്മ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആ കർമ്മസമിതികളാണ് രാജ്യത്തിന്റെ വാണിജ്യനയവും വ്യവസായ നയവും എന്താണെന്ന് തീരുമാനിക്കുന്നത്. രാജ്യത്തെ സമ്പന്നൻമാർ അവരുടെ താല്പര്യം സംരക്ഷിക്കുമോ? അതോ ജനകോടികളെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാകണമെന്നാണോ ഇവർ കരുതുന്നത്? ജനവിരുദ്ധ നയത്തിന്റെ ഭാഗമല്ലേ ഇൻഷ്വറൻസ് ബിൽ കൊണ്ടുവന്ന് അത് നിയമമാക്കിയത്? കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ കോടിക്കണക്കിന് രൂപ സംഭാവന ചെയ്തിരുന്ന രാജ്യത്തിന്റെ വികസനത്തിന് കാര്യമായ സംഭാവന നൽകിയിരുന്ന ഇൻഷ്വറൻസ് മേഖലയുടെ 26 ശതമാനം ഷെയർ വിൽക്കാൻ ആരാണ് കൈപൊക്കിയത്? നമ്മുടെ ശ്രീ. എ.കെ. ആന്റണിയുടെ പാർട്ടി ഇന്ന് ഭാരതത്തിന് കൈവന്ന പ്രധാന ദുര്യോഗവും ഇതാണ്. രാജ്യത്ത് ഒരു പ്രതിപക്ഷമുണ്ടോ? 400 അംഗങ്ങൾ ഒരു ബില്ലിന് അനുകൂലമായി കൈപൊക്കുന്നു. 300-ഓളം പേരാണ് ബി.ജെ.പി. മുന്നണിയിലുള്ളത്. 113 കോൺഗ്രസ്സുകാർ കൂടി ചേർന്ന് 400-ൽ ഏറെ ആളുകൾ കൈപൊക്കികൊണ്ട് ഒരു ബിൽ പാസ്സാക്കുന്നു. രാജ്യത്തെ വിദേശികൾക്ക് തീറെഴുതാൻ ഇന്ത്യൻ പാർലമെന്റിൽ കൈപൊക്കുന്നുവെന്ന ദുരന്തത്തിനാണ് ഭാരതം ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ഇതൊന്നും കണ്ടില്ലെന്ന് നടിച്ചാണ് ഇവിടെവന്ന് പ്രസംഗിക്കുന്നത്. ഈ നയം സ്വീകരിച്ചതിന്റെ ഫലമായി ഭാരതജനത കോൺഗ്രസ്സിനെ ആട്ടി പുറത്താക്കി. കോൺഗ്രസ്സിന് പാർലമെന്റിൽ ഇന്നത്തെ അംഗസംഖ്യ എത്ര? 113 ആളുകൾ. നൂറ്റാണ്ട് പഴക്കമുള്ള കോൺഗ്രസ്സ് പാർട്ടിക്ക് ചരിത്രം ഉറങ്ങുന്ന ഏടുകളെക്കുറിച്ച് അഭിമാനിക്കുന്ന കോൺഗ്രസ്സ് പാർട്ടിക്ക്, ഇന്ത്യൻ പാർലമെന്റിൽ ഇന്നുള്ള അംഗസംഖ്യ കേവലം 113 മാത്രമാണ്. ചരിത്രത്തിൽ ഇന്നുവരെയില്ലാത്തവിധത്തിൽ തകർന്ന് തരിപ്പണമായിരിക്കുന്നു ആ പാർട്ടി. അപ്പോഴാണ് എ.ഐ.സി.സി ഉണർന്നിട്ട്, എങ്ങനെയാണ് ഇത്രയും അംഗസംഖ്യ കുറഞ്ഞത്. എന്തുകൊണ്ട് പരാജയം സംഭവിച്ചു എന്നു പരിശോധിക്കാൻ ഭാഗ്യവശാലോ നിർഭാഗ്യവശാലോ നമ്മുടെ സഭയ്ക്കാണ് ആ ഭാഗ്യമുണ്ടായത്. നമ്മുടെ പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണിയെയാണ് അതിന് ചുമതലപ്പെടുത്തിയത്. അദ്ദേഹം സംസ്ഥാനങ്ങളാകെ നടന്നിട്ട് റിപ്പോർട്ട് കൊടുത്തു. വാർത്തകൾ ചോർന്നു പത്രങ്ങളിലൊക്കെ വന്നതാണ്. അദ്ദേഹം പറയുന്നതെന്താണ്? കോൺഗ്രസ്സ് പാർട്ടിക്ക് ഇന്നുവരെ വർഗ്ഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത നയം സ്വീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് പരാജയം സംഭവിച്ചത് എന്നാണ് ശ്രീ. എ.കെ. ആന്റണി കണ്ടെത്തിയത്.

മറ്റൊന്ന് അദ്ദേഹം പറഞ്ഞു മുന്നണിയില്ലാത്തതുകൊണ്ടാണെന്ന്. ആരാണ് ഈ രാജ്യത്ത് കോൺഗ്രസ്സിനോട് ഒപ്പം ചേരാൻ വരുന്നത്? മുന്നണിയില്ലാത്തതുകൊണ്ട് നിങ്ങൾ പരാജയപ്പെട്ടു എന്നാണ് പറയുന്നത്. ആരാണ് നിങ്ങളോടൊപ്പം വരാൻ സന്നദ്ധത കാണിക്കുന്നത്? ഏതെങ്കിലും പാർട്ടിയുണ്ടോ? എന്തുകൊണ്ടാണ് വരാത്തതെന്ന് നിങ്ങൾ പരിശോധിക്കുന്നുണ്ടോ? നിങ്ങൾ എന്തുകൊണ്ട് 113- ലേക്ക് എത്തിയെന്ന് പരിശോധിക്കാൻ സന്നദ്ധത കാണിച്ചാൽ ഇനിയും നിങ്ങൾക്ക് മാറാൻ കഴിയും. മാറാൻ നിങ്ങൾ തയ്യാറുണ്ടോ? എന്തുകൊണ്ട് ജനങ്ങൾ നിങ്ങളെ ചവിട്ടി പുറത്താക്കിയെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ പരിശോധിക്കുന്നുണ്ടോ? പരിശോധിക്കാൻ നിങ്ങൾ തയാറല്ലെന്ന് മാത്രമല്ല വർഗ്ഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീക

LIBRARY ARCHIVES Kerala Legislative Assembly

രിക്കാൻ കഴിയാത്തതുകൊണ്ടാണ് പതനം എന്നാണ് ശ്രീ. എ.കെ. ആന്റണി കണ്ടെത്തിയത്. അദ്ദേഹത്തിന്റെ ഇന്നുള്ള സമീപനത്തിൽ മാറ്റമുണ്ടോ? ആ റിപ്പോർട്ട് വരുന്നതിനിടയിലാണ് ഗോവയിലെ കൊൺഗ്രസ്സുകാർ ബി.ജെ.പി. യോട് ഒപ്പം പോയത്. അവിടെ ബി.ജെ.പി. മന്ത്രിസഭ ഉണ്ടാക്കി. ഇപ്പോൾ നട ന്നതല്ലേ അത്? ശ്രീ. ആര്യാടൻ മുഹമ്മദിന് എന്താണ് അതിനെക്കുറിച്ച് പറ യാനുള്ളത്? ഗോവയിൽ കോൺഗ്രസ്സുകാർ വീണ്ടും ബി.ജെ.പിയോടൊപ്പം പോയില്ലേ? കേരളത്തിലിരിക്കുന്നവരിൽ എത്ര പേർ നാളെ നിങ്ങളുടെകൂടി നിൽക്കുമെന്ന് എന്താണ് ഉറപ്പ്? നിങ്ങൾക്ക് ഉറപ്പ് പറയാൻ കഴിയുമോ? കോൺഗ്രസ്സും ബി.ജെ.പിയും തമ്മിൽ വ്യത്യാസമില്ലാത്തതരത്തിൽ രാജ്യത്തെ കോൺഗ്രസ്സിന്റെ പതനം എത്തിയിരിക്കുന്നു. ഇതിനെക്കുറിച്ച് എന്താണ് നിങ്ങൾക്ക് പറയാനുള്ളത്.

<u>ശ്രീമതി ആർ. ലതാദേവി</u> : ബഹുമാനപ്പെട്ട മെമ്പർ ഒന്നുചോദിച്ചു കൊള്ളട്ടെ, നമ്മുടെ രാജ്യത്തെ ഒരു പ്രധാനപ്പെട്ട രാഷ്ട്രീയപാർട്ടിയുടെ പ്രമു ഖയായ ഒരു നേതാവ് ആളെ അറിയിക്കാതെ ആൾമാറാട്ടം നടത്തി തെക്കേ ഇന്ത്യയിലെ ഒരു സംസ്ഥാനത്തിലേക്ക് നോമിനേഷൻ കൊടുക്കാൻ പോയ കഥ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : സർ, അതാണിപ്പോൾ നടക്കു ന്നത്. ഇപ്പോൾ ആളെ അറിയിക്കാതെയാണ് പോകുന്നത്. ആളെ അറിയിക്കാ തെയാണ് പോകുന്നതെങ്കിൽ ഇനി ആളെ അറിയിച്ച് കൊണ്ട് പോകാൻ തുട ങ്ങുകയാണ്. കാരണം ഇതിൽ പ്രതീക്ഷയില്ലല്ലോ, ആ പാർട്ടിയിൽ പ്രതീക്ഷ യില്ലാത്തതുകൊണ്ട് ഇപ്പോൾ ആളെ അറിയിക്കാതെയാണ് പോകുന്നതെങ്കിൽ ഇനി ആളെ അറിയിച്ചുകൊണ്ടുതന്നെ അപ്പുറത്ത് പോകാനുള്ള തുടക്കം അവർ കുറിച്ചുകഴിഞ്ഞിരിക്കുകയാണ്. ഉത്തർപ്രദേശിലെ കാര്യം നമ്മൾ കണ്ടു. ഉത്തർപ്രദേശിൽ കോൺഗ്രസ്സിലെ മൂന്നിലൊന്ന് ആളുകൾ ബി.ജെ.പി. യിലേക്ക് പോയി. ഉത്തർപ്രദേശിൽ ബി.ജെ.പി. ഗവൺമെന്റുണ്ടാക്കി. ഗോവ യിൽ കോൺഗ്രസ്സിൽ നിന്ന് ആളുകൾ ബി.ജെ.പി.യിലേക്ക് പോയി. അവിടെ ബി.ജെ.പി. ഗവൺമെന്റ് ഉണ്ടാക്കി. കോൺഗ്രസ്സും ബി.ജെ.പിയും തമ്മിൽ വ്യത്യസ്തതയില്ലെന്ന് തരത്തിൽ കോൺഗ്രസ്സിന്റെ മനോഭാവം എങ്ങനെ യാണ് വളർന്നതെന്ന് നിങ്ങളും പരിശോധിക്കണ്ടേ? സ്വയം വിമർശനപരമായി പരിശോധിക്കണ്ടേ? എന്താണ് നിങ്ങളോടൊപ്പം നിൽക്കുന്നവർ ബി.ജെ.പി. യും നിങ്ങളും തമ്മിൽ വ്യത്യസ്തതയില്ലെന്ന് ചിന്തിക്കുന്നു, അങ്ങനെ കരു തുന്നു എന്ന് ഇനിയും നിങ്ങൾക്ക് പരിശോധിക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്നാണ് പിന്നെ അതിന് കഴിയുക? ആ അനുഭവത്തിൽനിന്ന് നിങ്ങൾ പഠി ക്കാത്തവരാണ്. ഇവിടെയിപ്പോൾ വേണുഗോപാലൊക്കെ സംസാരിക്കുന്നതു കേട്ടാൽ എങ്ങോ നിന്നോ പൊട്ടിവീണ് വർത്തമാനം പറയുന്ന കണക്കാണ് പറയുന്നത്. തെരഞ്ഞെടുപ്പുകാലത്ത് അല്ലേ ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി മെമ്പറായ സഖാവ് ജയരാജനെ കൊല്ലാക്കൊലക്ക് കൊടുത്ത സംഭവമുണ്ടായത്? ആധുനിക വൈദ്യശാസ്ത്രത്തിന്റെ ബലംകൊ ണ്ടുമാത്രമല്ലേ അദ്ദേഹം രക്ഷപ്പെട്ടത്? അദ്ദേഹം രക്ഷപ്പെട്ട കണ്ണൂരിന്റെ ആ മണ്ണിൽപോയിനിന്നുകൊണ്ടു പറയുകയാണ് സമാധാനത്തിന് ഒരു വോട്ട് നൽകണമെന്ന്. ആർക്കാണ് സമാധാനത്തിന് വോട്ടുനൽകേണ്ടത്? കോൺഗ്ര സ്സിനാണ് സമാധാനത്തിനുവേണ്ടി വോട്ടു ചോദിക്കുന്നത്. ആർക്ക് എതിരെ യാണ് വോട്ടു ചോദിക്കുന്നത്? പീഢനത്തിനിരയായികൊണ്ടിരിക്കുന്ന കമ്മ്യൂ ണിസ്റ്റു പ്രസ്ഥാനത്തിനെതിരെ കണ്ണൂരിന്റെ മണ്ണിൽപോയിനിന്നുകൊണ്ട് സമാ

LIBRARY ARCHIVES Kerala Legislative Assembly

ധാനത്തിന് ഒരു വോട്ട് എന്നുപറഞ്ഞാൽ, അതൊക്കെ മറന്നുപോയിട്ടാണ് നിങ്ങൾ അവിടെ ചെന്ന് വോട്ട് ചോദിക്കുന്നത്. അവിടെയാണ് നിങ്ങളുടെ ബുദ്ധി. കുറുക്കൻ അവിടെയാണിരിക്കുന്നത് എന്ന് തിരിച്ചറിയാൻ കേരളത്തിലെ ജനങ്ങൾക്ക് കഴിയുകയില്ലെന്നാണോ നിങ്ങൾ കരുതുന്നത്? ബി.ജെ.പി. ക്കെതിരെ വർത്തമാനം പറയാൻ നിങ്ങൾക്ക് എന്നെങ്കിലും ധൈര്യമുണ്ടായിട്ടുണ്ടോ? നിങ്ങൾ ബി.ജെ.പിക്കെതിരെ പറയാൻ, നിങ്ങളും ബി.ജെ.പി.യും തമ്മിൽ ഒരു വ്യത്യസ്തതയുമില്ലായെന്നാണ് അങ്ങ് പാർലമെന്റ് തൊട്ട് തെക്ക് കേരളംവരെയുള്ള സംസ്ഥാനങ്ങളിൽ നിങ്ങൾ എടുക്കുന്ന ഓരോ നിലപാടുകളിലും കാണുന്നത്. ബഹുമാന്യനായ സെബാസ്റ്റ്യൻപോൾ ഇവിടെ പറഞ്ഞു ശ്രീ. എ.കെ. ആന്റണി അങ്ങനെ മാറാൻ പോകുന്നുവെന്ന്. ഇടതുപക്ഷമാകാൻ പോകുന്നുവെന്ന്. ശ്രീമാൻ എ.കെ. ആന്റണി ഏറ്റവും വലിയ കപടവേഷമണിയുന്ന ആളാണ്. പ്രതിസന്ധിവരുമ്പോൾ എല്ലാസമയത്തും അദ്ദേഹം ഇങ്ങനെയുള്ള ചില പ്രയോഗങ്ങൾ നടത്തും. അങ്ങനെ പ്രയോഗം നടത്തി ആളുകളെ പറ്റിക്കാൻവേണ്ടി ഇത്തരം ചില മൂടുപടമൊക്കെ അണിഞ്ഞ് പല തുംപറയും. പക്ഷെ പ്രയോഗത്തിൽ അദ്ദേഹമങ്ങനെയൊന്നും കാണിച്ചതായി കേരളത്തിന്റെ ചരിത്രത്തിലുണ്ടോ? കേരളത്തിന്റെ ചരിത്രത്തിൽ ഇല്ല. കേരളത്തിന്റെ ചരിത്രത്തിൽ നമ്മുടെ പ്രതിപക്ഷനേതാവ് വർഗ്ഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചതായി എന്തെങ്കിലും പറയാനുണ്ടോ? വർഗ്ഗീയതയ്ക്കെതിരായി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷപ്രസ്ഥാനങ്ങളോട് സഹകരിച്ചതായി ഒരനുഭവമുണ്ടോ? മാർക്സിസ്റ്റ് വിരോധമാണ് അദ്ദേഹത്തിന്റെ മുഖമുദ്ര. മാർക്സിസ്റ്റ് വിരോധം മുഖമുദ്രയാക്കിയിട്ടുള്ള ശ്രീമാൻ എ.കെ. ആന്റണിക്ക് കേരളത്തിന്റെയോ ഈ രാജ്യത്തിന്റെയോ ഭാവി സംരക്ഷിക്കുന്ന കാര്യത്തിൽ ക്രിയാത്മകമായ പ്രതിപക്ഷമായി വർത്തിക്കാൻ കഴിയുകയില്ലായെന്ന വസ്തുത ഈ മണ്ണിലെ ജനങ്ങൾക്കറിയാം. ആ തിരിച്ചറിവിലാണ് ഇന്ന് കേരളത്തിലെ ജനത നിൽക്കുന്നത്, ആ തിരിച്ചറിവിലാണ് ഇവിടത്തെ പ്രബുദ്ധരായ ജനത ഉയർത്തെഴുന്നേൽക്കുന്നത് എന്ന കാര്യം തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയണം. അതുകൊണ്ടുതന്നെയാണ് ഈ സാമ്പത്തിക പ്രതിസന്ധികൾക്ക് നടുവിലും ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നുവർഷക്കാലമായി ജനക്ഷേമകരമായ ഒട്ടേറെ നടപടികൾ സ്വീകരിക്കുന്നത്. അതു കണ്ടുകൊണ്ട് നിങ്ങൾക്ക് അതിനുനേരേ കണ്ണടച്ച് ഇരുട്ടാക്കാൻ കഴിയുമോ? ഇവിടെ എന്തായിരുന്നു കഴിഞ്ഞ 96 വരെയുള്ള കാലയളവിൽ പരമ്പരാഗതമേഖലയുടെ സ്ഥിതി? കശുവണ്ടിത്തൊഴിലാളിയും കയറും പച്ചമരുന്നോ അങ്ങാടിമരുന്നോയെന്ന് അറിയാത്ത ശോഭനാജോർജ് കശുവണ്ടിത്തൊഴിലാളികളെക്കുറിച്ച്, കയർതൊഴിലാളികളെക്കുറിച്ച് പ്രസംഗിക്കുന്നു. ഇവിടെ കുറേ പറഞ്ഞല്ലോ നിങ്ങൾ? ഇവിടെ കശുവണ്ടിത്തൊഴിലാളികൾക്ക് കേവലം 12 ദിവസം മാത്രം തൊഴിലുണ്ടായിരുന്ന കാലത്തെക്കുറിച്ച് അവർ മറന്നുപോയി. ശോഭനാ ജോർജിന് ഇതേക്കുറിച്ച് അറിയാമോയെന്ന് എനിക്കറിയില്ല. കേവലം 12 ദിവസം മാത്രമേ അവരുടെ കാലത്ത് കശുവണ്ടിത്തൊഴിലാളികൾക്ക് പണികൊടുത്തിരുന്നുള്ളൂ. 300 ദിവസം തൊഴിൽകൊടുക്കുമെന്ന് കശുവണ്ടിത്തൊഴിലാളികളോട് പറഞ്ഞിട്ട് അവരുടെ കാലത്ത് കേവലം ഒരു വർഷം 12 ദിവസംമാത്രം തൊഴിൽകൊടുത്ത് പട്ടിണിക്കോലങ്ങളാക്കിയ തൊഴിലാളികൾ ഇവിടെയുണ്ട്. ആ തൊഴിലാളികൾ ഉയർത്തെഴുന്നേൽക്കുകയാണിപ്പോൾ. ഇപ്പോൾ ഞങ്ങളുടെ ഗവൺമെന്റ് എല്ലാം ചെയ്തു എന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. ഞങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടിയാണ് കാര്യങ്ങളെ കാണുന്നത്. പ്രായോഗികമായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിക്കുന്നത്. കാഷ്യൂകോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായി 140 തൊഴിൽദിനം കശുവണ്ടിത്തൊഴിലാളികൾക്ക് കൊടുക്കുവാൻ ഈ ഗവൺമെന്റിന്റെ കാലയളവിൽ കഴിഞ്ഞു എന്നത് അഭിമാനകരമായിട്ടാണ് ഞങ്ങൾ കരുതുന്നത്. കാഷ്യൂ കോർപ്പറേഷന്റെ ചരിത്രത്തിൽ 1997 വരെയുണ്ടായിരുന്ന 86 കോടിരൂപയുടെ കടം ഇകിറ്റി ഷെയറാക്കിമാറ്റി കൊടുത്തു. ബാക്കി ഒരറുപത്തിയഞ്ചുകോടി രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുള്ള ലോണായിട്ട് കൊടുത്തു. അതുകൂടി ഷെയറാക്കി മാറ്റി. 115 കോടിരൂപയുടെ സഹായമാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്തത്. 123 കോടിരൂപ കാഷ്യൂ കോർപ്പറേഷന് അല്ലാതെ ക്യാഷായിട്ടും കൊടുത്തു. രണ്ടുലക്ഷത്തോളംവരുന്ന ഈ സംസ്ഥാനത്തെ കശുവണ്ടിത്തൊഴിലാളികളെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായി നടപടികൾ സ്വീകരിക്കുന്നു. ഈ സാമ്പത്തിക പ്രതിസന്ധിയുടെ നടുവിലും എന്തുകൊണ്ടാണ് ആ മേഖലയിലെ തൊഴിലാളികൾ ഇന്നും ആഹാരം കഴിക്കുന്നത്. യാഥാർത്ഥ്യം തിരിച്ചറിയാതെയാണ് ഇവിടെ കശുവണ്ടിത്തൊഴിലാളികളെക്കുറിച്ച് ഒരു വിലാപം നിങ്ങൾ നടത്തിയത്. ഇവിടെ കയർതൊഴിലാളികൾക്ക് 60 രൂപ കൂലികൊടുക്കുന്നുവെന്ന് പറഞ്ഞു. എന്താണ് ഇവിടത്തെ കയർതൊഴിലാളികളുടെ സ്ഥിതി? കയർതൊഴിലാളികൾക്ക് 60 രൂപ കൂലി ഇപ്പോഴും കിട്ടുന്നില്ല. എന്താ കഥയറിയാതെയല്ലേ നിങ്ങൾ വർത്തമാനം പറയുന്നത്. ഇനിയും കയർതൊഴിലാളികൾക്ക് മതിയാകത്തക്കനിലയിൽ വേതനം ലഭിക്കുന്നില്ലായെന്നതാണ് വസ്തുത. അവർക്ക് ഇന്നും കിട്ടുന്നത് കേവലം 43 രൂപയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അവർക്ക് കൂലിയായി കിട്ടിക്കൊണ്ടിരുന്നത് കേവലം 21 രൂപമാത്രമാണ്. ആ 21 രൂപയിൽനിന്ന് ഇപ്പോൾ അവർക്ക് കൂലി 43 രൂപയായിട്ട് വർദ്ധിച്ചു. എന്നിട്ട് ഇവിടെ പറയുകയാണ് ..... 60 രൂപ 450 തൊണ്ടുതല്ലുന്ന ഒരു തൊഴിലാളിക്ക് കിട്ടുന്നുണ്ടായിരുന്നെന്ന്. ഇത് എന്നത്തെ കഥയാണാവോ, എങ്ങനെയാണ് ഈ പാവപ്പെട്ട തൊഴിലാളികൾ കഴിയുന്നതെന്നറിയില്ല. അറിയുന്ന കാര്യത്തെക്കുറിച്ച് പറയേണ്ടതിനുപകരം കഥയറിയാതെ ആവശ്യമില്ലാത്ത പുലിവാൽ പിടിക്കേണ്ടതുണ്ടോ? കയർതൊഴിലാളികൾക്ക് 43 രൂപ മാത്രമേ കൂലിയായിട്ട് ഇപ്പോഴും ലഭിക്കുന്നുള്ളൂ. ഒരു കയർതൊഴിലാളിയുടെ ഒരു ദിവസത്തെ വേതനം ഇന്നും 43 രൂപമാത്രമാണ്. പരമ്പരാഗതമേഖലയിലെ സ്ഥിതി അതാണ്. അതേകുറിച്ച് പ്രതിപക്ഷനേതാവിന് അറിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്നുവർഷത്തിനുശേഷം 22 രൂപ അവർക്ക് കൂലിവർധനവുണ്ടായി. എന്നുവച്ചാൽ 21 രൂപയിൽനിന്നും 43 രൂപയായിട്ട് അവരുടെ കൂലിവർധിപ്പിച്ചു. അങ്ങനെയാണ് 43 രൂപ അവർക്കിപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അല്ലാതെ കയർതൊഴിലാളികൾക്ക് കൂലിയായി 60 രൂപ ഇവിടെ ഒരിടത്തും ലഭിക്കുന്നില്ല. അതാണ് കയർമേഖലയിലെ സ്ഥിതി. അങ്ങനെ നോക്കുമ്പോൾ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഏറ്റവുമധികം അവശതയനുഭവിക്കുന്ന ജനലക്ഷങ്ങളെ സഹായിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് ഇക്കഴിഞ്ഞ മൂന്നുവർഷത്തനിടയിൽ കഴിഞ്ഞിട്ടുണ്ടെന്നതാണ് വസ്തുത. മത്സ്യത്തൊഴിലാളി രംഗം - ലക്ഷക്കണക്കിനുവരുന്ന മത്സ്യത്തൊഴിലാളികൾക്ക് കഴിഞ്ഞ കാലയളവിൽ ലഭിക്കാത്ത തരത്തിലുള്ള ക്ഷേമപദ്ധതികളും ഭവനനിർമ്മാണ പദ്ധതിയും മറ്റാനുകൂല്യങ്ങളും പ്രഖ്യാപിക്കാൻ കഴിഞ്ഞ ഗവൺമെന്റാണിത്. ഇപ്പോൾ 60 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരെ പുതുതായി നിയമിക്കാൻ നിശ്ചയിച്ചിരിക്കുന്നു. മത്സ്യമേഖലയിലെ അനുബന്ധതൊഴിലാളികൾക്ക് പുതുതായി ക്ഷേമനിധി ഏർപ്പെടുത്തിയാണ് അവരെ സഹായിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയതിന്റെ ഭാഗമായി മൂന്നുകോടിരൂപ കഴിഞ്ഞ ബഡ്ജറ്റിൽ വച്ചത് പ്രയോഗത്തിൽ വരുത്താൻ 60 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരെ പുതുതായി വയ്ക്കുകയാണ്. അതിനെ നിങ്ങൾക്കിപ്പോൾ എതിർക്കാൻ കഴിയുമോ? എന്തിനെയാണ് നിങ്ങൾ എതിർക്കുന്നത്? ഇത്തരത്തിൽ ഓരോ മേഖലയും എടുത്തു നോക്കിയാൽ..... ഞാൻ ഓരോ മേഖലയിലെയും കാര്യം എടുത്തു പറയുന്നില്ല, സമയക്കുറവുണ്ട്. പട്ടയം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഇവിടെ നേരത്തേ തന്നെ അംഗങ്ങൾ വിശദീകരിച്ചു. അതുകൊണ്ട് ഞാൻ അതിന്റെയൊന്നും വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

ഇപ്പോൾ ഇവിടെ ഉയർത്തിയ വലിയൊരു പ്രശ്നമാണ് ക്രമസമാധാന പ്രശ്നം. കഴിഞ്ഞ മൂന്നുവർഷക്കാലംകൊണ്ട് കേരളത്തിൽ ക്രമസമാധാനം തകർന്നിരിക്കുന്നുവെന്ന് ശ്രീമാൻ ടി.എം. ജേക്കബ് ഇപ്പോൾ ഗവേഷണം നടത്തി കണ്ടെത്തിയതാണ്. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ഭരണത്തിനിടയിൽ കോളേജുകളിൽ വിദ്യാർത്ഥികളുടെ സംഘടനയുമായി ബന്ധപ്പെട്ട് 30 കേസ്സുകൾ നിലവിലുണ്ടെന്നാണ് വലിയ കാര്യമായിട്ട് ഇവിടെ ചൂണ്ടിക്കാണിച്ചത്. അതാണ് ഒരു വലിയ കാര്യമായിട്ട് 30 കേസ്സുകൾ ഉണ്ടെന്ന് പറഞ്ഞത്. അതൊരു വലിയ കാര്യമായിട്ടാണ് പറയുന്നത്. എന്തായിരുന്നു കഴിഞ്ഞ കാലയളവിലെ സ്ഥിതി. നിങ്ങൾ പൂന്തുറയിലെ കാര്യം മറന്നുപോയോ? ശ്രീ. വിജയകുമാർ നിങ്ങൾ പൂന്തുറ മറന്നുപോയോ? അവിടെ ജീവനോടെ മത്സ്യത്തൊഴിലാളികളെ വലിച്ചിഴച്ചുകൊണ്ടുപോയി സെമിത്തേരിയിൽ കുഴിച്ചുമൂടിയ കഥ നിങ്ങൾ മറന്നുപോയോ? അത് മറന്നിട്ടാണോ നിങ്ങളിപ്പോൾ ഈ വർത്തമാനം ഇവിടെ പറയുന്നത്? ജീവനോടെതന്നെ മൂന്നു മത്സ്യത്തൊഴിലാളികളെ കുഴിച്ചുമൂടിയത് വർഗ്ഗീയകലാപത്തിന്റെ ഭാഗമായിട്ടുണ്ടായതല്ലേ? ഇക്കഴിഞ്ഞ മൂന്നുവർഷക്കാലത്തിനിടയിൽ കേരളത്തിന്റെ മണ്ണിൽ എവിടെയെങ്കിലും അത്തരത്തിൽ വർഗ്ഗീയകലാപം നടന്നുവെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? പൂന്തുറയിലെ മണ്ണിൽ ജീവനോടെതന്നെ ആളുകളെ വലിച്ചിഴച്ചുകൊണ്ടുവന്ന് കുഴിച്ചുമൂടുകയാണ് അന്ന് ചെയ്തത്. ആ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ജീവനോടെ കുഴിച്ചുമൂടിയിട്ട് ആ കേസ്സിലെ പ്രതികളായ കുറ്റവാളികളെ കണ്ടെത്തിയോ നിങ്ങൾ? മൂന്നു ദിവസം കഴിഞ്ഞിട്ട് ഡെഡ്ബോഡിയാണ് കണ്ടെത്തിയത്. കലാപം ചാലയിൽ, ചാലയിൽ വെടിവയ്പ്. അതു മാത്രമോ? തിരുവനന്തപുരം പട്ടണത്തിൽ ക്രിമിനലുകൾ അഴിഞ്ഞാടി, സൈര്യമായി മനുഷ്യന് നടക്കാൻ പറ്റുമായിരുന്നോ തിരുവനന്തപുരം പട്ടണത്തിൽ? ശ്രീമാൻ കാർത്തികേയന് അതേക്കുറിച്ച് അറിയുമെന്ന് ഞാൻ കരുതുന്നു. എന്തായാലും ഞാൻ ഒരിടത്തെ കാര്യവും പേര് പറഞ്ഞ് പറയാൻ ആഗ്രഹിക്കുന്നില്ല. തിരുവനന്തപുരത്തെ തെരുവീഥികളിൽ മര്യാദക്ക് മനുഷ്യന് നടക്കാൻ കഴിയുമായിരുന്നോ? എന്നിട്ട് ക്രിമിനലിന്റെ കാര്യവും ക്രമസമാധാനത്തിന്റെ കാര്യവും ഇവിടെ പറയുന്നു. വർഗ്ഗീയ കലാപവും അക്രമവും പിടിച്ചുപറിയും അതുപോലെതന്നെ അന്ന് എത്ര വെടിവയ്പുകളാണ് നടന്നത്? കുത്തുപറമ്പിൽ എന്താണുണ്ടായത്? എന്നിട്ടിവിടെയിപ്പോൾ ഒരു വലിയ അപരാധം നായനാരുടെ ഗവൺമെന്റിന്റെ പോലീസ് വെടിവയ്ക്കുന്നില്ലായെന്ന്. ആളുകളെ വെടിവയ്ക്കലാണോ പോലീസിന്റെ ജോലി? ആളുകളെ വെടിവയ്ക്കലാണോ പോലീസ് നയം? ആളുകളെ വെടിവയ്ക്കുകയെന്നുള്ളതല്ല ഈ ഗവൺമെന്റിന്റെ പോലീസ് നയം. വെടിവയ്ക്കാൻ പറഞ്ഞാൽ നേരെ വരുന്ന ആളിന്റെ നെഞ്ചത്ത് വെടിവയ്ക്കണമോ? ആ ആളിന്റെ നെഞ്ചത്ത് വെടിവയ്ക്കുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ പോലീസ് നയമ

LIBRARY ARCHIVES Kerala Legislative Assembly

ല്ല. അതുകൊണ്ട് ഇവിടെ വെടിവയ്ക്കാത്തത് ഒരു കുറ്റം, വർഗ്ഗീയകലാപമില്ലാതെ പോയത് മറ്റൊരു കുറ്റം. എന്തേ ഗവേഷണം നടത്തി കോളേജുകളിൽ കുട്ടികൾ ചില പ്രശ്നങ്ങളുണ്ടാക്കിയെന്നു പറഞ്ഞു. എന്തേ ഇതൊക്കെ വലിയൊരു കാര്യമാണോ? വിദ്യാർത്ഥികളുടെ ചരിത്രമെടുത്തുനോക്കിയാൽ ഏതൊരു കോളേജിലും പ്രശ്നമുണ്ടായിട്ടുണ്ടെന്ന് കാണാം. പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രായോഗികമായ നടപടികളാണ് കരണീയമായിട്ടുള്ളത്. അല്ലാതെ അതിനെ ഊതിവീർപ്പിച്ച് ജാതിയുടെയും മതത്തിന്റെയും പേരിൽ, സങ്കുചിതമായി രാഷ്ട്രീയതാല്പര്യത്തിന്റെ പേരിൽ അതിനെ വഷളാക്കുകയല്ല വേണ്ടത്. അത് ഏത് കാലയളവിലാണെങ്കിലും ആ സമീപനം വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരമല്ല. കൊല്ലം എസ്.എൻ. കോളേജിലെ പ്രശ്നം ഇവിടെ സൂചിപ്പിച്ചല്ലോ. എന്താണ് അവിടെ പ്രശ്നമുള്ളത്? കൊല്ലം എസ്.എൻ. കോളേജിൽ പറഞ്ഞതായിട്ടുള്ള പ്രശ്നം 26 വയസ്സുള്ള പ്രീഡിഗ്രിക്ക് അഡ്മിഷൻ നേടിയ ഒരു കുട്ടി എസ്.എഫ്.ഐ കുട്ടികളെ ആക്രമിച്ചതാണ്. അതുമായി ബന്ധപ്പെട്ട ഒരു കെ.എസ്.യു. കാരൻ ..... (ബഹളം).....ചുമ്മാതെ കഥയറിയാതെ എന്തിനാണ് വേണു വർത്തമാനം പറയുന്നത്? നിങ്ങൾ അവിടെ വന്നുനോക്കണം..... (ബഹളം)..... അടൂർ പ്രകാശിന് എന്തുകാര്യമാണ് കൊല്ലത്ത്? അടൂരിൽ കിടക്കുന്ന പ്രകാശിന് **** അറിയാമോ വിദ്യാർത്ഥികളുടെ കാര്യത്തെക്കുറിച്ച്? അതുകൊണ്ട് വെറുതേ അക്കഥയെ കുറിച്ച് പറയണ്ട. വിദ്യാർത്ഥിപ്രശ്നം എന്താണെന്നുവച്ചാൽ അവിടെ വിദ്യാർത്ഥികളുടെ പ്രശ്നം അവിടെ വിദ്യാഭ്യാസംരംഗത്തുണ്ടായിട്ടുള്ള.....

.....(ബഹളം).....

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : അടൂർപ്രകാശിന് വിദ്യാർത്ഥികളുടെ പ്രശ്നമെന്താണെന്നറിയില്ല എന്നുപറയുന്നത് ശരിയല്ല. അടൂർ പ്രകാശ് കൊല്ലം എസ്.എൻ കോളേജിൽ പഠിച്ച ആളാണ്. അദ്ദേഹത്തിന് അവിടത്തെ കാര്യങ്ങളും വിദ്യാർത്ഥികളുടെ പ്രശ്നവുമൊക്കെ നന്നായിട്ടറിയാം.

<u>ശ്രീമതി. ജെ. മെഴ്സിക്കുട്ടി അമ്മ</u> : എസ്. എൻ കേളേജിൽ പഠിച്ചതാണെങ്കിലും കഥ അറിയണം. അവിടത്തെ വിദ്യാർത്ഥികളുടെ പ്രശ്നമെന്താണെന്നറിയണം അത്രയേയുള്ളൂ. എസ്.എൻ. കോളേജിൽ പഠിച്ചതാണെന്ന് ഞാൻ സമ്മതിച്ചു, പക്ഷെ അവിടെ നടക്കുന്ന കഥ എന്താണെന്ന് തിരിച്ചറിയണം. .....(ബഹളം)..... എസ്. എൻ. കോളേജിൽ പഠിച്ചവർ എസ്.എൻ. കോളേജിൽ നടന്ന കഥ എന്താണെന്ന് തിരിച്ചറിയണമെന്നേ അഭിപ്രായമുള്ളൂ. ..... (ബഹളം).....

<u>മി. സ്പീക്കർ</u> : യേസ്, യേസ്, ശ്രീമതി മെഴ്സിക്കുട്ടി അമ്മ, പ്ലീസ് കൺക്ലൂഡ്. ..... (ബഹളം).....

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ, ഈ നിയമസഭയിലെ അംഗവും കൊല്ലം ശ്രീനാരായണ കോളേജിലെ പൂർവ്വവിദ്യാർത്ഥിയും, പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയും, കൊല്ലം കെ.എസ്.യു.വിന്റെ ജില്ലാ പ്രസിഡന്റുമായിരുന്ന ശ്രീ. അടൂർ പ്രകാശിന് കൊല്ലം എസ്.എൻ. കോളേജിനെകുറിച്ച് എന്തറിയാം. പ്രകാശിന് കൊല്ലത്തെ എസ്.എൻ. കോളേജിനെകുറിച്ച് എന്തറിയാമെന്ന് ഇവിടെ ചോദിച്ചു. അത് ഓർഡറിലാണോ?

**** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അത് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണം. ഒരു എം.എൽ.എ. സംശയം ചോദിക്കുമ്പോൾ ഇങ്ങനെ പറയുന്നത് ശരിയാണോ?

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : അങ്ങനെയൊരു ആക്ഷേപമുണ്ടെങ്കിൽ ഞാൻ പിൻവലിച്ചു. **** അതിന് ഒരു പ്രശ്നവുമില്ല.

<u>മി.സ്പീക്കർ</u> : ആ പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്യുന്നു.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : ഞാൻ പിൻവലിച്ചു. ****

അതിൽ എന്താണ് വേറെ തർക്കമുള്ളത്. ഞാൻ മനസ്സിലാക്കിയ ഒരു കാര്യം പറഞ്ഞു. അത് അവർക്ക് അപമാനമാണെങ്കിൽ ഞാൻ പിൻവലിച്ചു. എന്താണ് സർ, അതിൽ പ്രശ്നമുള്ളത്? ഒരു പ്രശ്നവുമില്ല.

<u>മി. സ്പീക്കർ</u> : ശ്രീമതി മെഴ്സിക്കുട്ടി അമ്മ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : ബേജാറായിട്ട് കാര്യമൊന്നുമില്ല. ഒരു ബേജാറും വേണ്ട. കൊല്ലം എസ്.എൻ. കോളേജിൽ നടന്ന പ്രശ്നങ്ങൾ എന്താണെന്ന് യഥാർത്ഥ്യബോധത്തോടുകൂടി മനസ്സിലാക്കിയല്ലാതെ പരിഹാരമില്ല.

<u>മി. സ്പീക്കർ</u> : പ്ളീസ് കൺക്ളൂഡ്..... പ്ളീസ് കൺക്ളൂഡ്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : എസ്.എൻ. കോളേജിൽ നടക്കുന്ന പ്രശ്നത്തിന് അവിടെ നടക്കുന്ന സമരത്തിന് പരിഹാരമുണ്ടാക്കണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഈ പ്രശ്നം ചർച്ചചെയ്ത് പരിഹരിക്കണം. ഇവിടെ ശ്രീ. പ്രകാശ് ബാബു സൂചിപ്പിച്ചു. പ്രകാശ്ബാബു പറഞ്ഞത് ശരിയായ ഒരു കാര്യമാണ്. സമരവുമായിട്ട് അനന്തമായി പോകാൻ കഴിയുകയില്ല. അതിന് മാനേജ്മെന്റ് വിദ്യാർത്ഥി സംഘടനകളുമായി ചർച്ചചെയ്ത് പ്രശ്നം പരിഹരിക്കുകയെന്നുള്ളതാണ് കരണീയമായിട്ടുള്ളത്. അല്ലാതെ ഊതി വീർപ്പിച്ച്, വേറെ കരങ്ങളിലേക്ക് കൊണ്ടുപോയി, വെടക്കാക്കി പ്രശ്നമാക്കുന്നത് ശരിയല്ല. അതുകൊണ്ട് അവിടെ പ്രശ്നം ചർച്ചചെയ്ത് പരിഹരിക്കണം. അത് കൊല്ലത്തെ വിദ്യാർത്ഥി സംഘടനക്ക് അങ്ങേയറ്റം ഉത്കണ്ഠയുള്ള കാര്യമാണ്, ആ കാര്യത്തിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം ഏകദേശം ഒരേ അഭിപ്രായക്കാരാണ്.

<u>മി. സ്പീക്കർ</u> : പ്ളീസ് കൺക്ളൂഡ്

<u>ശ്രീമതി ജെ. മെഴ്സികുട്ടി അമ്മ</u> : അതുകൊണ്ട് അതിൽ ഒരു വിവാദത്തിന്റെ പ്രശ്നമില്ല.

<u>മി. സ്പീക്കർ</u> : ശ്രീമതി മെഴ്സിക്കുട്ടി അമ്മ, പ്ളീസ് കൺക്ളൂഡ്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : അതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

<u>മി. സ്പീക്കർ</u> : പ്ളീസ് കൺക്ളൂഡ്, പ്ളീസ്, പ്ളീസ് കൺക്ളൂഡ്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : സർ, കേരളത്തിൽ നമുക്ക് ഇനി ഒട്ടേറെ മേഖലകളിൽ മുന്നോട്ടു പോകേണ്ടതുണ്ട്.

<u>മി. സ്പീക്കർ</u> : പ്ളീസ് കൺക്ളൂഡ്. ചെയർ പറയുന്നത് ആദ്യം കേൾക്കുകയെങ്കിലും ചെയ്യൂ. കെയർലസ്സായി പോകുന്നത് ചെയറിനോട് കാണിക്കുന്ന അനാദരവാണ്. ഞാൻ എത്രയോതവണ പറഞ്ഞു. അങ്ങ് ശ്രദ്ധി

**** സാഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ലല്ലോ. പ്ളീസ് കൺക്ളൂഡ്. ഇത്രയും നേരം ഞാൻ അത് പറഞ്ഞത് അങ്ങ് കേട്ടോ? ഒരു തവണയെങ്കിലും പ്രതികരിച്ചോ? ഞാൻ പത്തുതവണയെങ്കിലും പറഞ്ഞിട്ടുണ്ടാകും.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : സർ, ഞാൻ അവസാനിപ്പിക്കാം. അവിടത്തെ ബഹളംകൊണ്ടാണ് കേൾക്കാൻ കഴിയാത്തത്.

<u>മി. സ്പീക്കർ</u> : ഇപ്പോഴല്ല, എത്രയോ നേരം കൊണ്ട് ഞാൻ പറയുന്നു. പ്രസംഗത്തിൽ പ്രാസംഗികൻ ശ്രദ്ധിക്കേണ്ടത്, പ്ളീസ് കൺക്ളൂഡ് എന്നുപറഞ്ഞാൽ നിങ്ങൾ ഉടനെ പ്രതികരിക്കണം. എനിക്ക് സമയം പോരാ, രണ്ടുമിനിറ്റുകൂടെ വേണമെന്ന് പ്രതികരിക്കണം. അല്ലാതെ അത് കേൾക്കാതെ പ്രസംഗിക്കുകയാണ്. അത് ശരിയായ രീതിയല്ല.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : അവിടത്തെ ബഹളംകൊണ്ട് കേൾക്കാതിരുന്നതാണ്. ഇപ്പോൾ ഞാൻ കേട്ടു.

<u>മി. സ്പീക്കർ</u> : ഇപ്പോഴത്തെ കാര്യമല്ല പറഞ്ഞത്. അങ്ങയോട് എത്രയോതവണ ഞാൻ പറഞ്ഞു. കേൾക്കുന്നില്ല. അത് കറക്ട് ചെയ്യേണ്ട കാര്യമാണ്. ഇത് എല്ലാവർക്കും ബാധകമാണ്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : അത് അംഗീകരിച്ചു. സർ, എനിക്ക് രണ്ടുമിനിറ്റുകൂടെ തരണം.

കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസംരംഗത്തും ആരോഗ്യരംഗത്തുമൊക്കെ നമ്മൾ വളരെ മുമ്പിലാണെന്ന് അഭിമാനിക്കുന്നു. പക്ഷെ കാർഷികോല്പാദനത്തിന്റെ കാര്യത്തിൽ നമ്മൾ ആഗ്രഹിക്കുന്ന തരത്തിൽ മുന്നോട്ടുപോകാനാവാത്ത ഒരു വൈപര്യത്തിലേക്ക് കേരളം എത്തിനിൽക്കുകയാണ്. കേരളത്തിന്റെ ഭൂമിയുടെ കിടപ്പ് തുടങ്ങി അതിന് പല കാരണങ്ങളുണ്ട്. എന്നാൽ കേരളത്തിൽ ഉല്പാദനവർധനവിലേക്ക് കേരളീയ സമൂഹം മാറേണ്ടതുണ്ട്. അങ്ങനെ മാറാൻ കഴിയുന്ന തരത്തിൽ ഇന്നലെതന്നെ ഇവിടെ സഹകരണ ബിൽ കൊണ്ടുവന്നു. അത് ഗ്രാമീണ വികസനമേഖലയിൽ വളരെയധികം സഹായിക്കാൻ കഴിയുന്ന ഒന്നാണ്. പുതിയ വിഭവമാർജ്ജിക്കാനും ആ മേഖലയിൽ കുറേയധികം നമുക്ക് കടന്നുപോകാനും കഴിയുന്നതാണ്. കേരളത്തിൽ ഉല്പാദനപരമായ വർദ്ധനവുമായി ബന്ധപ്പെട്ട കേരളീയ സമൂഹം ഇന്നു തുടരുന്ന മനോഭാവത്തിൽ കാര്യമായ ഒരു മാറ്റം വരുത്താൻ കഴിയുന്ന തരത്തിലേക്ക് നമുക്ക് ഇടപെടേണ്ടതുണ്ട്. അങ്ങനെ ഇടപെടുന്ന കാര്യത്തിൽ ഗവൺമെന്റുതന്നെ മുൻകൈയെടുക്കാൻ വരേണ്ടതുണ്ട്.

സർ, ഇന്ന് സാമ്പത്തികരംഗത്ത് റിസോഴ്സസ് കണ്ടെത്തുന്ന കാര്യത്തിൽ, രജിസ്ട്രേഷന്റെ ടാക്സ്, മറ്റു ടാക്സുകൾ, കുത്തകപ്പാട്ടത്തിന് സർക്കാർ കൊടുത്തിരിക്കുന്ന ഭൂമിയിൽനിന്നുള്ള കരംപിരിവ് ഇങ്ങനെ രണ്ടു മൂന്ന് മേഖലകളിലാണ് പുതിയതായിട്ടുള്ള മൊബിലൈസേഷനെക്കുറിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞത്. ഞാൻ മനസ്സിലാക്കുന്നത്, ആ മേഖലകളിലെ മൊബിലൈസേഷൻ വേണ്ടത്ര ആയിട്ടില്ലെന്നാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് പറയാനുള്ളത്, രജിസ്ട്രേഷൻ രംഗത്ത് നമ്മൾ ടാർജറ്റ് ഇട്ടിട്ടുള്ള പണം പിരിച്ചെടുക്കാൻ കഴിയണം. ടാക്സിന്റെ കുടിശ്ശിക നമുക്ക് പിരിച്ചെടുക്കാൻ കഴിയണം. ഗവണ്മെന്റിന്റെ ഭൂമി കുത്തകപ്പാട്ടമായി വർഷങ്ങളോളം കൈയിൽ വച്ചിരിക്കുന്നവരിൽനിന്ന് നക്കാപ്പിച്ച റവന്യൂ മാത്രമാണ് ഗവൺമെന്റിന് കിട്ടുന്നതെങ്കിൽ അത് പുനഃപരിശോധിച്ച് അത്തരത്തിലേക്ക് വരാൻ കഴിയണം.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന് കോടിക്കണക്കിന് രൂപ വിദേശനാണ്യം നഷ്ടപ്പെടുന്ന ഒരു മേഖലയാണ് കശുവണ്ടിയുടെ ഇറക്കുമതി. പ്ളാനിൽ 1300- ഓളം കോടി രൂപയാണ് വിദേശത്തേക്ക് പോകേണ്ടിവരുന്നത്. 1700 കോടി രൂപയാണ് ഈ വ്യവസായത്തിൽ നിന്നാകെ കിട്ടുന്നതെങ്കിൽ 1300 കോടി രൂപയും തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കൊടുക്കുകയാണ്. മാവൂർ ഗ്വാളിയോർ റയോൺസിനൊക്കെ റാമെറ്റീരിയൽസ് കൊടുക്കാൻവേണ്ടി 35,000- ത്തിലേറെ ഹെക്ടർ വനഭൂമിയാണ് നമ്മൾ അവർക്ക് കൊടുത്തിരിക്കുന്നത്, 35,000- ത്തോളം ഹെക്ടർ വനഭൂമിയിൽ മാവൂർ ഗ്വാളിയോർ റയോൺസിനുവേണ്ടി പ്ളാന്റേഷൻ നടത്തുമ്പോൾ അത്തരത്തിൽ 35,000-മോ, 50,000- മോ ഹെക്ടർ സ്ഥലം കാഷ്യൂ പ്ളാന്റേഷനുവേണ്ടി മാറ്റിവച്ചുകൊണ്ട് രണ്ടുലക്ഷത്തിലധികം വരുന്ന കശുവണ്ടിത്തൊഴിലാളികളെ രക്ഷിക്കാൻ, 1300 കോടിയിലധികം രൂപ വിദേശനാണ്യം നമുക്ക് നഷ്ടപ്പെടുന്ന സ്ഥിതിക്ക് പരിഹാരം കാണാൻ, അടിയന്തിരമായി ഗവൺമെന്റ് ഇടപെടണം. ഇത്തരം ചില പ്രായോഗിക നിർദ്ദേശങ്ങളോടുകൂടി ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ ഈ സപ്ളിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിനെ എതിർക്കുകയാണ്. ഞാൻ എതിർക്കാനുള്ള പ്രധാനപ്പെട്ട കാരണങ്ങളിൽ ചിലത് എന്റെ ബഹുമാന്യരായ സഹപ്രവർത്തകന്മാർ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഈ സപ്ളിമെന്ററി ഡിമാന്റിൽ വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള തുകയാണ് കൂടുതൽ. ഹൈക്കോടതി ജഡ്ജിമാർക്ക് 12 കോണ്ടസാ ക്ളാസ്സിക് എ.സി. കാറിന് പ്രൊവിഷൻ വച്ചിട്ടുണ്ട്. ഹൈക്കോടതി ചീഫ് ജസ്റ്റീസ് നടക്കുന്നതിനേക്കാൾ വിശാലമായ ഒരു കൊട്ടാരത്തിൽതന്നെ വേണം സംസ്ഥാന മന്ത്രിമാർ നടക്കാൻ എന്നൊരു വാശിവയ്ക്കേണ്ട കാര്യമുണ്ടോ? Palace on wheels എന്ന് നിങ്ങൾ കേട്ടിട്ടില്ലേ? ഇന്ത്യൻ റെയിൽവേയിൽ ഏറ്റവും ലക്ഷ്വറിയസ്സായിട്ടുള്ള ഒന്നാണ് Palace on wheels. അതുപോലെ Palace on roads ൽ യാത്ര. ഈ വണ്ടിയിൽ നിങ്ങൾ എവിടെ യാത്ര ചെയ്യും? ഇത്രയും വിലപിടിപ്പുള്ള കാർ നിങ്ങൾ കേരളത്തിൽ ഇറക്കിയാൽ, കേരളത്തിൽ കുണ്ടും കുഴിയുമായിട്ട് കിടക്കുന്ന, ബിറ്റുമിൻ വാങ്ങി ഈ ഓട്ടയടക്കാൻ നിവൃത്തിയില്ലാതെ അതിനുവേണ്ടി പണം തെണ്ടികൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന് ഈ കാർ തമിഴ്നാട്ടിലോ, കർണ്ണാടകത്തിലോ ഓടിക്കേണ്ടിവരും. അപ്പോൾ നിങ്ങൾ ഈ കാർ വാങ്ങുന്നത് നിങ്ങളുടെ പ്രൗഢികാണിക്കാനാണ് നിങ്ങളുടെ ഗമ കാണിക്കാൻ വേണ്ടിയാണ്. അതിനുവേണ്ടി നിങ്ങൾ ഈ തുക ചോദിക്കുകയാണ്. അതുകൊണ്ട് ഞങ്ങൾ അതിനെ എതിർക്കുകയാണ്.

ഇവിടെ വിദ്യുച്ഛക്തിവകുപ്പുമന്ത്രി രാവിലെ ഉത്തരം പറഞ്ഞപ്പോൾ കേന്ദ്ര വിഹിതം വൈദ്യുതി ഇവിടെ കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നും എന്തുകൊണ്ട് പ്രതിപക്ഷനേതാവ് എതിർത്തില്ലെന്നും ചോദിക്കുകയുണ്ടായി. എന്റെ കൈയിൽ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്സ് ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ കൈയിൽ അതുണ്ടോയെന്ന് എനിക്ക് അറിയുകയില്ല. ഇല്ലെങ്കിൽ ഇലക്ട്രിസിറ്റി വകുപ്പിലെ ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവർ തരും. ഇത് വൈദ്യുതി ബോർഡിന്റെ ഔദ്യോഗിക രേഖയാണ്. 40% എന്നുള്ളത് 22.5 ശതമാനമായി 1.4.1998 മുതൽ കേന്ദ്ര വൈദ്യുതി വിഹിതം കുറച്ചു. 15.9.98 ൽ ഈ 22.5 ശതമാനമെന്നത് 15 ശതമാനമായി കുറച്ചു. 21.10.98 - ൽ 15 ശതമാനമെന്നുള്ളത് 3 ശതമാനമായിട്ട് കുറച്ചു. ഇപ്പോൾ ഈ മൂന്നുശതമാനം വട്ടപ്പൂജ്യമായി കുറച്ചു. വട്ടപ്പൂജ്യമായപ്പോൾ മാത്രമാണ് നിങ്ങൾ എതിർക്കാൻ വന്നത്. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അതിനുമുമ്പ് ഒരക്ഷരം പറഞ്ഞിട്ടുണ്ടോ? ഒരു യൂണിറ്റിന് 1 രൂപ 10 പൈസ മുതൽ 1 രൂപ 60 പൈസ വിലവരുന്ന കേന്ദ്ര വൈദ്യുതി വിഹിതത്തിന് നമുക്ക് സ്വാഭാവികമായും 25 ശതമാനത്തിന് അർഹതയുണ്ടായിരുന്നിട്ടുപോലും, സതേൺ ഗ്രിഡിലേക്ക് വന്ന് ആ 25 ശതമാനത്തിൽ നമ്മുടെ അവകാശം വയ്ക്കുന്നതിനുപകരം അത് പൂജ്യംശതമാനമാക്കിയപ്പോൾ മാത്രമാണ് ഒരു വാക്ക് എതിർത്തു പറഞ്ഞത്.

സർ, ഇവിടെ വലിയ രാഷ്ട്രീയമൊക്കെ കണാരേട്ടൻ പറഞ്ഞിട്ട് സ്ഥലംവിട്ടുവെന്നാണ് തോന്നുന്നത്. അദ്ദേഹം വലിയ കണക്കൊക്കെ പറഞ്ഞു. കോൺഗ്രസ്സ് തകരുകയാണ്, കോൺഗ്രസ്സിന് വലിയ രക്ഷയൊന്നുമില്ല, ഇനിയിപ്പോൾ എല്ലാം അവരുടെ ഒരു കാലമാണെന്നാണ് അദ്ദേഹത്തിന്റെ സ്വപ്നം. അദ്ദേഹം ബോംബാക്രമണത്തെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. വ്യക്തിപരമായി പറഞ്ഞാൽ കണാരേട്ടൻ ബോംബാക്രമണത്തിനുവിധേയനായി സ്വന്തം വീട്ടിൽ അന്നിരിക്കുന്ന കാലത്ത് കാൽനടയായി ആറ് കിലോമീറ്റർ പോയി കണാരേട്ടന്റെ വീട്ടിൽചെന്ന് ആശ്വസിപ്പിച്ച ഒരു പൊതുപ്രവർത്തകനാണ് ഞാൻ. അദ്ദേഹം ഇവിടെ ഒരു കണക്കുപറഞ്ഞു. നിങ്ങൾക്ക് പണ്ട് പ്രതീക്ഷയുണ്ടായിരുന്നു. അതെല്ലാം പോയി, ഞങ്ങൾ എല്ലാം ജയിച്ചുവെന്ന് അദ്ദേഹം അവകാശപ്പെട്ടു. ഒരു കണക്ക് നിങ്ങൾ കേൾക്കു. 1996- ൽ നമ്മുടെ ലോകസഭാതെരഞ്ഞെടുപ്പിൽ 60 അസംബ്ളി സീറ്റുകളിൽ ടോട്ടൽ ഒരു ലക്ഷത്തിൽ താഴെയായിരുന്നു ഞങ്ങൾക്ക് ഭൂരിപക്ഷമുണ്ടായിരുന്നത്. 1998-ൽ 80 അസംബ്ളി സീറ്റുകളിൽ കേരളത്തിൽ ഞങ്ങൾക്ക് ഭൂരിപക്ഷമുണ്ടായി. 1,60,000 വോട്ടുകളുടെ ഭൂരിപക്ഷം. 1999-ൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ 91 അസംബ്ളി നിയോകമണ്ഡലങ്ങളിൽ ഞങ്ങൾക്ക് ഭൂരിപക്ഷമാണ്. അഞ്ചര ലക്ഷം വോട്ടുകൾ ഞങ്ങൾക്ക് നിങ്ങളെക്കാൾ കൂടുതലാണ്. ഇത് എന്തുകൊണ്ടാണ്? നിങ്ങളുടെ ജനവിശ്വാസം നഷ്ടപ്പെട്ടതുകൊണ്ട് മാത്രമാണ്. നിങ്ങൾ പുതിയ സാമ്പത്തിക നയത്തെയൊക്കെ എതിർക്കുന്നവരല്ലേ? പുതിയ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന എല്ലാ പുത്തൻ സൗകര്യങ്ങളും ആദ്യംതന്നെ വാങ്ങണമെന്ന് നിർബന്ധമല്ലേ? പുതിയ സാമ്പത്തിക നയത്തിൽ പുതിയതായി ഉണ്ടാക്കുന്ന കാർ പിടിച്ചുവാങ്ങുന്നതിനുവേണ്ടി 14 മന്ത്രിമാർ കടിപിടികൂടിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റല്ലേ ഇവിടെ ഉള്ളത്? നിങ്ങൾക്ക് പുത്തൻ സാമ്പത്തികനയത്തിലെ കാർവേണം. നിങ്ങൾക്ക് പുതിയ സാമ്പത്തികനയത്തിലെ മൊബൈൽ ഫോൺ വേണം. നിങ്ങൾക്ക് പുതിയ സാമ്പത്തികനയത്തിലെ പുത്തൻ കമ്പ്യൂട്ടർ വേണം. നിങ്ങൾക്ക് പുതിയ സാമ്പത്തികനയത്തെ താത്വികമായി എതിർക്കുകയും വേണം. ഇത് സ്യൂഡോ ഏർപ്പാടാണ്. ഈ പുതിയ തലമുറയിൽപ്പെട്ട എസ്.എഫ്.ഐ.ക്ക് ഇപ്പോൾ ഇന്റർനെറ്റും വേണം. ഇത് തട്ടിപ്പാണ്. ഇത് വെറും തട്ടിപ്പാണ്, ഇത് പാവപ്പെട്ട ആളുകളെ, നിങ്ങളുടെ പിന്നിൽ നിൽക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണ് ഇതിലൊക്കെ ഒരു തട്ടിപ്പ് പണി നടത്തുന്നത്. നിങ്ങളുടെ ഈ സ്യൂഡോ രാഷ്ട്രീയത്തെയാണ് ഞങ്ങൾ എതിർക്കുന്നത്. ഞങ്ങൾ ബന്ധമായ കമ്മ്യൂണിസ്റ്റ് വിരുദ്ധർ അല്ല. നിങ്ങൾ നല്ല കാര്യങ്ങൾ പറഞ്ഞാൽ ഞങ്ങൾ അംഗീകരിക്കും. അതേസമയം നിങ്ങൾ കാണിക്കുന്ന ഈ സ്യൂഡോ ഏർപ്പാട് ഉൾക്കൊള്ളാൻ ഞങ്ങൾക്ക് കഴിയുകയില്ല. അതുകൊണ്ടുതന്നെ ഞങ്ങൾക്ക് ഇതിനെ എതിർക്കാതിരിക്കാൻ സാധ്യമല്ല.

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ എന്താണ്? 30 കോടി രൂപ നഷ്ടത്തിൽ പോകുന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പുതിയ നൂറ്റാണ്ടിലേക്കുള്ള ആശംസാകാർഡ് കണ്ടാൽ ടാറ്റയും ബിർളയും പോലും നാണിച്ചുപോകുമല്ലോ? എന്തൊരു വലിയ പോഷായിട്ടുള്ള ആശംസയുമായിട്ടാണ് നിങ്ങൾ നിൽക്കുന്നത്?

നമ്മുടെ സർക്കാർ ഉദ്യോഗസ്ഥന്മാരിൽ ചിലരെ ഞാൻ ഫോണിൽ വിളിച്ചു. ഞാൻ ചോദിച്ചു അദ്ദേഹത്തെ എനിക്കൊന്നു കാണാൻ പറ്റുമോ എന്ന്. അദ്ദേഹം ആസ്ത്രേലിയക്കു പോയി എന്നുപറഞ്ഞു. ഞാൻ പിറ്റേ ആഴ്ച വീണ്ടും വിളിച്ചു. അദ്ദേഹം എവിടെയുണ്ട്. അദ്ദേഹം അമേരിക്കയിൽ പോയിരിക്കുന്നു. ഞാൻ പിറ്റേ ആഴ്ച വിളിച്ചു അദ്ദേഹം എവിടെ ഉണ്ട്. അദ്ദേഹം ഇന്നുവരും നാളെ ഗൾഫിലേക്കു പോകുമെന്നാണ് എനിക്ക് മറുപടി കിട്ടിയത്. സർ, എന്തുകൊണ്ട്, നിങ്ങൾക്ക് അവരെ നിയന്ത്രിക്കാൻ പറ്റുമോ? നിങ്ങൾക്ക് അവരെ നിയന്ത്രിക്കാൻ കഴിയില്ല കാരണം തരം കിട്ടുമ്പോൾ വിദേശത്തേക്ക് പോകാൻ നിങ്ങളും തയ്യാറെടുത്തിരിക്കുകയാണ്. കേരളത്തിൽ ജീവിക്കുന്നതിനേക്കാൾ സേഫ് വിദേശത്തു പോകുന്നതാണെന്ന് നിങ്ങൾ മാതൃക കാണിച്ചതുകൊണ്ട് നിങ്ങളുടെ ഉദ്യോഗസ്ഥന്മാരും നിങ്ങളുടെ പിന്നാലെ വിദേശത്തേക്ക് പോകുകയാണ്. വിദേശത്തു താമസിക്കാനുള്ള സൗകര്യമുണ്ടെങ്കിൽ അതും അവർ വസൂലാക്കുമെന്ന കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടോ?

ഇവിടെ വൈദ്യുതിയുടെ പരസ്യത്തെക്കുറിച്ചു പറഞ്ഞല്ലോ. കഴിഞ്ഞ പത്തുകൊല്ലമായി പരസ്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. സമയബന്ധിതമായി ഇപ്പോഴും പരസ്യം നടത്തുന്നുവെന്നാണ് പറഞ്ഞത്. വൈദ്യുതിയുടെ പരസ്യത്തിന് രണ്ടുകോടിരൂപ കൊടുത്തിട്ട് ആര് ഇവിടെനിന്ന് വൈദ്യുതി മേടിക്കാനാണ്. ഇത് ഇമേജ് ബിൽഡിംഗിനുവേണ്ടിയാണ്. സാമ്പത്തികമായി പൊട്ടിപാളീസായ ഈ സർക്കാർ പാവപ്പെട്ട ആളുകളുടെ കയ്യിൽനിന്നും ഞെക്കിപിഴിഞ്ഞു വാങ്ങിയ രണ്ടുകോടി രൂപ നിങ്ങളുടെ ഇമേജ് ബിൽഡിംഗ്സിനുവേണ്ടി വിനിയോഗിച്ചു. അതാണ് ഞങ്ങൾ പരസ്യത്തെ എതിർക്കാൻ കാരണം. അതല്ലാതെ വൈദ്യുതിബോർഡിനു ഗുണത്തിനല്ല. കേരളത്തിലെ വൈദ്യുതിരംഗത്തെ രക്ഷിക്കുന്നതിനുവേണ്ടിയല്ല. സർ, എന്റെ കൈയ്യിൽ ഒരു പ്രധാനപ്പെട്ട രേഖയുണ്ട്. ഈ പ്രധാനപ്പെട്ട രേഖ ആഡിറ്റ് എൻക്വയറി നമ്പർ-4 Purchase of distribution fuse board and spares. 13 കോടി 26 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതിന് ആഡിറ്റർ ജനറൽ നടത്തിയ ആഡിറ്റ് എൻക്വയറി നമ്പർ - 4 ന്റെ ഫോട്ടോ കോപ്പിയാണിത്. ബഹുമാനപ്പെട്ട മന്ത്രിക്കു വേണമെങ്കിൽ ഞാൻ ഇതു മേശപ്പുറത്തു വയ്ക്കാം. അങ്ങ് എണീറ്റാൽ അങ്ങേക്ക് ഞാൻ വഴങ്ങിതരാം. ഈ ആഡിറ്റ് എൻക്വയറി റിപ്പോർട്ടിനെ ധൈര്യമുണ്ടെങ്കിൽ നിങ്ങൾക്ക് ചോദ്യം ചെയ്യാം. മാസ്റ്റർ പ്ലാൻ വർക്കിൽപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിലെ സിസ്റ്റം ഇംപ്രൂവ്മെന്റിനുവേണ്ടി ലോ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ ഫ്യൂസ് ബോർഡ് വാങ്ങുന്നതിനുവേണ്ടി നമ്മുടെ ഇലക്ട്രിസിറ്റി ബോർഡ്. ഇന്റർനാഷണൽ ടെണ്ടർ വിളിച്ചു. ഇപ്പോൾ പതിമൂന്നരക്കോടി രൂപയുടെ നഷ്ടം നമ്മുടെ സംസ്ഥാനത്തിനു വന്നിരിക്കുന്നു. ഒരു യൂണിറ്റിന് എഴുപത്തൊമ്പതിനായിരത്തി എഴുന്നൂറ്റി അറുപത്തെട്ടുരൂപ എന്ന ക്രമത്തിൽ എഴുന്നൂറ്റി അൻപത് 'എ' ടൈപ്പും എഴുനൂറ്റി അൻപത് 'ബി' ടൈപ്പും എന്ന തരത്തിൽ ആയിരത്തി അഞ്ഞൂറു ഫ്യൂസ് ബോർഡ് വാങ്ങുന്നതിന് 7.8.1996-ൽ വൈദ്യുതിബോർഡ് ഡെൽഹിയിലുള്ള 'ഇൻഡോ ഏഷ്യൻ ഫ്യൂസ് ഗിയർ ലിമിറ്റഡ്' എന്ന സ്വകാര്യ സ്ഥാപനത്തിന് ഓർഡർ നൽകി. ഇതിന്റെ മൊത്തം വില പതിമൂന്നു

LIBRARY ARCHIVES Kerala Legislative Assembly

കോടി ഇരുപത്തിയാറു ലക്ഷം രൂപയാണ്. ഈ കരാർ ഉറപ്പിച്ച് ഏഴുമാസത്തിനുള്ളിൽ ആയിരത്തിഅഞ്ഞൂറ് ഫ്യൂസ് ബോർഡ് നൽകണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. പക്ഷെ രണ്ടുതവണയായി കേരള ഇലക്ട്രിസിറ്റി ബോർഡിലെ അത്യുന്നതരായ ചിലയാളുകൾ, രാഷ്ട്രീയ സമ്മർദ്ദത്തിനുവഴങ്ങി അഞ്ചു മാസത്തേക്ക് രണ്ടു പ്രാവശ്യമായി എക്സ്റ്റെന്റ്ഷൻ കൊടുക്കുകയുണ്ടായി. ഒരു കൊല്ലം കൊണ്ടു പൂർത്തിയാക്കേണ്ടത് രണ്ടു പ്രാവശ്യമായി എക്സ്റ്റൻഷൻ കൊടുത്തു. 1997 ഓഗസ്റ്റ് 30-ാം തീയതിക്കകം സാധനങ്ങൾ ഇറക്കിയാൽ മതിയെന്ന് ബോർഡ് സമ്മതിച്ചുകൊടുത്തു. കമ്പനി ഉടമ കയറ്റിവിടുന്ന ഫ്യൂസ് ബോർഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും ഈ സാമഗ്രികൾ പരീക്ഷിച്ചു സാക്ഷിപ്പെടുത്താനും ആവശ്യമായ ഇൻസ്പെക്ഷൻ നടത്താനും കരാർ വ്യവസ്ഥയനുസരിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു അധികാരമുണ്ട്. ആ കരാർ വ്യവസ്ഥയാണ് ഞാൻ ഇവിടെ കാണിക്കുന്നത്. (കരാർ വ്യവസ്ഥ സഭയിൽ കാണിച്ചു) ഈ കരാർ വ്യവസ്ഥയിൽ 10(1) വകുപ്പനുസരിച്ച് ഒരു ഉദ്യോഗസ്ഥനെ വിട്ട് അത് ഇൻസ്പെക്ട് ചെയ്യാം. ആ ഫാക്ടറിയ്ക്കകത്തുള്ള ഗോഡൗണിൽ വച്ചുതന്നെ ഇതിന്റെ യഥാർത്ഥസ്ഥിതി നമുക്ക് ഇൻസ്പെക്ടു ചെയ്യാം. എന്നാൽ ഇപ്രകാരമുള്ള ഇൻസ്പെക്ഷനും ടെസ്റ്റിംഗും ആവശ്യമില്ലെന്നും കമ്പനി ഉടമ നൽകിയ ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാധനങ്ങൾ സ്വീകരിക്കാവുന്നതുമാണ്. വേൾഡ് ബാങ്ക് പ്രോജക്ടിന്റെ ചീഫ് എഞ്ചിനീയർ 18.1.1997-ലും 13.3.1997-ലും വ്യക്തമായ ഉത്തരവ് മാടക്കത്തറയിലുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് കൊടുത്തു. സർ, നമ്മുടെ ചീഫ് എഞ്ചിനീയർ കൊടുത്ത ഉത്തരവിന്റെ ഭാഗം ഞാൻ വായിക്കുകയാണ്. Inspection of the above said item has been waived and test certificate submitted by them after testing the same has been approved. The materials may be..... അങ്ങോട്ട് അയച്ചുകൊടുത്തുകൊള്ളാനാണു പറയുന്നത്. ഇതിനകത്ത് വേറൊരു ദുരൂഹത കൂടിയുണ്ട്. ഈ ടെസ്റ്റിംഗ് വേവ് ചെയ്തു കൊടുക്കുമ്പോൾ അങ്ങനെ വേവ് ചെയ്തു കൊടുത്ത അതേദിവസം തന്നെ 18.1.1997-ൽ ഒരു ഇൻസ്പെക്ഷൻ സർട്ടിഫിക്കറ്റു കിട്ടി. ഡെൽഹി കമ്പനിയുടെ ഗോഡൗണിൽ കിടക്കുന്ന സാധനം വളരെ നല്ലതാണെന്ന് ആ ഇൻസ്പെക്ഷൻ സർട്ടിഫിക്കറ്റ് തിരുവനന്തപുരത്ത് വൈദ്യുതിബോർഡിലിരുന്നുകൊണ്ട് നമ്മുടെ വൈദ്യുതി വകുപ്പിലെ വേൾഡ് ബാങ്കിന്റെ ചാർജ്ജുള്ള ചീഫ് എഞ്ചിനീയർ കൊടുത്തതും ഞാൻ വായിക്കാം. This is to certify that the inspection of the said items are waived and the certificates submitted by the firm after testing the above items are approved. അത് 18.1.1997-ൽ. അതുപോലെ തന്നെ 13.3.1997-ലും ചെയ്തു. ഒരു വ്യത്യാസം മാത്രമേയുള്ളൂ. രണ്ടാമതു വേവ് ചെയ്തു കൊടുത്തപ്പോൾ അവർക്ക് എഴുതി കൈവശം കൊടുക്കുകയാണ് ചെയ്തത്. The inspection of the above said items have been waved and the test certificate submitted by you; by you means, the private company. നേരിട്ട് കമ്പനിക്കാർ വന്ന് എഴുതി മേടിച്ചുകൊണ്ടുപോയതാണ്. ..... submitted by you after testing the same has been approved, The materials may..... അവിടെത്തന്നെയിരുന്നു മൂവായിരത്തി അഞ്ഞൂറു കിലോമീറ്ററിനപ്പുറത്തുള്ള സാധനത്തിന് ഗോഡൗണിൽ അടച്ചു പൂട്ടിക്കിടക്കുന്ന ഈ സാധനത്തിന് തിരുവനന്തപുരം വൈദ്യുതി ബോർഡിലിരുന്നുകൊണ്ട് ഇൻസ്പെകഷൻ സർട്ടിഫിക്കറ്റു വീണ്ടും കൊടുക്കുകയാണ്. ഞാൻ ഇതു മേശപ്പുറത്തുവയ്ക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു പരിശോധിക്കണം. പരിശോധിച്ച് അങ്ങയുടെ അഭിപ്രായം രേഖപ്പെടുത്തണം. ഈ രണ്ടു ടെസ്റ്റ് സർട്ടിഫിക്കറ്റു

LIBRARY ARCHIVES Kerala Legislative Assembly

കൾ കൊടുത്തു. എന്നിട്ട് സാധനങ്ങൾ ഒരിക്കൽപോലും നേരിട്ടുകാണാത്ത വ്യക്തി ലോകബാങ്ക് പ്രോജക്ടിന്റെ ചീഫ് എഞ്ചിനീയർ മാടക്കത്തറയിലെ നമ്മുടെ സ്റ്റോറിൽ സുരക്ഷിതമായി ആദ്യത്തെ കൺസൈൻമെന്റ് എത്തിക്കാൻ ആവശ്യപ്പെട്ടു. എണ്ണൂറ്റി ഇരുപത്തി രണ്ട് യൂണിറ്റ് ഫ്യൂസ് ബോർഡുകൾ ആദ്യമായി എത്തുകയാണ്. 'എ' ടൈപ്പിലും 'ബി' ടൈപ്പിലും ഉണ്ട്. അങ്ങനെ എണ്ണൂറ്റി ഇരുപത്തിരണ്ടു യൂണിറ്റുകൾ മാടക്കത്തറയിൽ വരികയാണ്. അവിടെയുള്ള ചില ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ അതു പരിശോധിച്ചു. പരിശോധിച്ചശേഷം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഡെൽഹി കമ്പനിക്കും തിരുവനന്തപുരത്തെ വൈദ്യുതി ബോർഡിനും ഇൻഫർമേഷൻ കൊടുത്തു. ഈ എണ്ണൂറ്റി ഇരുപത്തിരണ്ട് ഫ്യൂസ് ബോർഡുകളിൽ നാനൂറ്റി ഇരുപത്തിരണ്ടെണ്ണം പരിശോധന നടത്തിയപ്പോൾ മുന്നൂറ്റി എഴുപത്തെട്ട് എണ്ണവും ഡിഫെക്ടീവാണെന്നും അതിനാൽ തുടർന്നുള്ള സപ്ലൈ നിറുത്തിവയ്ക്കണമെന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വേൾഡ് ബാങ്ക് പ്രോജക്ട് മാടക്കത്തറ 2.4.97-ൽ ഡെൽഹിയിലെ സ്വകാര്യ കമ്പനിയായ ഇൻഡോ ഏഷ്യൻ ഫ്യൂസ് ഗിയർ ലിമിറ്റഡിന് ഫാക്സ് സന്ദേശമയച്ചു. അതിന്റെ കോപ്പി തിരുവനന്തപുരത്തെ നമ്മുടെ ചീഫ് എഞ്ചിനീയർക്കും അയച്ചു. മാടക്കത്തറ വേൾഡ് ബാങ്ക് പ്രോജക്ടിന്റെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അയച്ച ഫാക്സ് മെസേജിന്റെ കോപ്പി എന്റെ കൈയ്യിലിരിക്കുകയാണ്. ഫാക്സ് നമ്പർ 011/6446977. ആ നമ്പരിലാണ് ഫാക്സ് അയക്കുന്നത്. From The Deputy Chief Engineer, World Bank Project, Circle No. 1., Vidhuthi Bhavan, Thrissur. അതിനകത്ത് മാസ്റ്റർ പറയുന്നത് ഇങ്ങനെയാണ്. Out of 822 AMP type fuse board supplied by you in our store, 422 were verified and 378 are found defective. As such 15% material supplied were in acceptable condition while receiving. Therefore you may stop the despatch of the further item. ഇതാണ് മാടക്കത്തറ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തിരുവനന്തപുരത്തുള്ള ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്ത ഫാക്സ് മെസേജ്., അതിന്റെ കോപ്പി സി.ഇ. ക്ക് അയച്ചുകൊടുത്തു. ഈ സ്വകാര്യ കമ്പനിക്ക് ഡെൽഹിയിൽ ഫാക്സ് മെസേജ് കൊടുക്കുന്നു. അതിന്റെ കോപ്പി സി.ഇ.യുടെ ഓഫീസിലും കൊടുത്തു. ആ ഫാക്സ് മെസേജിന്റെ കോപ്പി ഇവിടെ കിട്ടിയിട്ടും ഈ ഫ്യൂസ് ബോർഡുകളുടെ സപ്ലൈ തുടർന്നുകൊണ്ടിരിക്കുകയാണ്. അവിടെയാണ് നമ്മുടെ ആഡിറ്റ് എൻക്വയറി റിപ്പോർട്ട്. ആ ആഡിറ്റ് എൻക്വയറി റിപ്പോർട്ടിനകത്ത് എ.ജി. പറയുന്നത് In a report, the Assistant Executive Engineer in charge of the Project Store, it was pointed out that out of the 422 numbers verified 378 numbers, that means 90% were defective. The Deputy Chief Engineer, World Bank Project Circle, Thrissur therefore wrote a letter to the supplier to stop further supplies. The supplier however continued to supply the materials persumably on the direction from the Chief Engineer. സർ, ഇവിടെ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം persumably on the direction from the Chief Engineer.

ആ ചീഫ് എഞ്ചിനീയർ വെറുതെ പറഞ്ഞതല്ല, ചീഫ് എഞ്ചിനീയർക്ക് അങ്ങനെ ഒറ്റയ്ക്ക് പറയാൻ കഴിയുകയില്ല. ചീഫ് എഞ്ചിനീയറുടെ മേലിൽ രാഷ്ട്രീയ സമ്മർദ്ദം ഉണ്ടായിട്ടുണ്ടാകാം. അവസാനം അദ്ദേഹം നിർദ്ദേശം കൊടുക്കുകയാണ് ഉണ്ടായത് . അങ്ങനെ രണ്ടാമത്തെ കൺസൈൻമെന്റും നമ്മുടെ കേരളത്തിൽ വരികയാണ്. രണ്ടാമത്തെ കൺസൈൻമെന്റ്, അത് 655 എണ്ണമാണ്. Out of the 655 numbers received above, 582 numbers were defective

LIBRARY ARCHIVES Kerala Legislative Assembly

and requires rectification work. 655 എണ്ണം വരുന്നു. ആ 655-ൽ 582 എണ്ണത്തിനും റെക്ടിഫിക്കേഷൻ വർക്ക് വേണമെന്ന് വന്നിരിക്കുകയാണ്. ഈ ഇനത്തിൽ നമ്മുടെ ഈ സംസ്ഥാനത്ത് പതിമൂന്നര കോടി രൂപയുടെ നഷ്ടമാണ് വന്നിരിക്കുന്നത്. ഞാൻ അവസാനം ഈ രേഖകൾ മേശപ്പുറത്ത് വയ്ക്കാം. അവസാനമായി ഈ ഒബ്സർവേഷൻ ഒരു വാക്ക് പറയാതിരിക്കാൻ കഴിയുകയില്ല. Out of 1500 numbers distribution fuse board procured for master plan work, only 59 numbers were issued for the work. 59 എണ്ണം മാത്രമേ ഡിസ്ട്രിബ്യൂട്ട് ചെയ്തുള്ളൂ, 1500-ൽ. പതിമൂന്നര കോടി രൂപ കൊടുത്ത 1500 യൂണിറ്റിൽ 59 എണ്ണം മാത്രമേ ഡിസ്ട്രിബ്യൂട്ട് ചെയ്തുള്ളൂ. ആ ഡിസ്ട്രിബ്യൂട്ട് ചെയ്യാൻ പറ്റിയതിൽ 14 numbers were executed in Trivandrum city and all these reported several complaints. അത് പൂർണ്ണമായി കംപ്ലയിന്റ് ആയിരുന്നു.

Hence they have not accepted further quantity for work and balance of 45 numbers were not erected. മുഴുവൻ കാശും കട്ടുമുടിച്ചു. ഈ തുക മുഴുവൻ പോയി. ഈ സംസ്ഥാനത്തിന് ഇത് മുഴുവൻ നഷ്ടമായി. ഈ തുക മുഴുവൻ സംസ്ഥാനത്തിന് നഷ്ടമായി. പതിമൂന്നര കോടി രൂപ ഈ സംസ്ഥാനത്തിന് നഷ്ടം വന്നു. ഇതിന്റെ അവസാനത്തെ ഒരു വാക്കുണ്ട്. ആഡിറ്റ് റിപ്പോർട്ടിനകത്തെ അവസാനത്തെ വാക്ക് Meanwhile the performance of the guarantee of the substantial portion of the board, 1256 Nos. supplied upto 6/97 were expired since the guarantee covers only for 24 months from the date of its supply. The Board is therefore facing the prospect of losing the guarantee benefit. ബാങ്ക് ഗ്യാരന്റി ഉണ്ടായിരുന്നത് അതും നഷ്ടപ്പെട്ടുപോയി. ഈ രൂപത്തിൽ നമ്മുടെ സംസ്ഥാനത്ത് The entire expenditure incurred on the procurement of the distribution board has been infructuous. ആഡിറ്റ് റിപ്പോർട്ടിനകത്ത് പറഞ്ഞിരിക്കുകയാണ്. The entire amount has been infructuous. പതിമൂന്നരക്കോടി രൂപ എവിടെ പോയിയെന്നുള്ളതിനെക്കുറിച്ച് അങ്ങ് മനസ്സിലാക്കണം. അങ്ങ് ഈ ബിൽ കാണണം. ഇത് മൗര്യ ഇന്റർനാഷണൽ ഹോട്ടലിന്റെ ബില്ലാണ്. ഈ സംഭവം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് മദ്രാസിലെ മൗര്യ ഇന്റർനാഷണൽ ഹോട്ടലിൽ 8.12.97-ലും 14.12.97-ലും കൺസേൺഡ് ഓഫീസർ താമസിച്ച മൗര്യ ഇന്റർനാഷണൽ ഹോട്ടലിലെ ബില്ലാണ്. ഈ ബിൽ ഞാൻ ഹോട്ടലിൽനിന്ന് എടുത്തതല്ല. ഈ ബിൽ വൈദ്യുതിബോർഡിൽ കൊടുത്തത് ആണ്. ആ ബില്ലിന്റെ ഫോട്ടോകോപ്പിയാണിത്. അദ്ദേഹം റൂംറെന്റ് കൊടുത്തു. കൊടുക്കട്ടെ. അദ്ദേഹം ഫുഡ് കഴിച്ചതിന്റെ കാശ് കൊടുത്തു. കൊടുക്കട്ടെ. ബാർ ഹോട്ടലിൽ വെള്ളമടിച്ചതിന്റെ തുകയും ഈ ബില്ലിനകത്ത് എഴുതി ചേർത്തിരിക്കുന്നു. രണ്ടാം ദിവസം, അങ്ങ് അതിനെക്കാൾ ശക്തിയുള്ളവനാണെങ്കിൽ എനിക്ക് അതിലൊന്നും മറുപടി പറയാനില്ല. അങ്ങാണ് തീരുമാനിക്കേണ്ടത്. ഇവിടെ രണ്ടാം ദിവസം, 8.12.97-ലും .....(തടസ്സം)..... ബാറിന്റെ ബില്ല് വൈദ്യുതി ബോർഡിൽ കൊടുത്തു. ബഹുമാനപ്പെട്ട ഹംസേ അങ്ങേയ്ക്ക് ഇത് ഇഷ്ടപ്പെടുകയില്ല. കാരണം എനിക്ക് അറിയാം. എന്നെകൊണ്ട് അത് പറയിപ്പിക്കരുത്. അങ്ങേയ്ക്ക് ഇത് നഷ്ടപ്പെടുകയില്ല. കാര്യം എനിക്കറിയാം. എന്നെക്കൊണ്ട് കാര്യം പറയിപ്പിക്കരുത്. രണ്ടാമത്തെ ദിവസം, 8.12.97-ൽ, ബിൽ ഞാൻ ഇവിടെ തരാം. ഈ ബില്ലിനകത്ത് 502 രൂപ മദ്യപിച്ചതിന്റെ ഡിമാന്റ് ചെയ്തിരിക്കുകയാണ്. ഇത് അഴിമതിക്കെതിരായിട്ടുള്ള ഗവൺമെന്റാണോ? ഇത് ഈ സംസ്ഥാനത്ത് അഴിമതിവിരുദ്ധ പ്രവർത്തനം നടത്തുന്ന സർക്കാരാണോ? സർക്കാർ ഓഫീസിൽ നിങ്ങൾ ഇവിടെ ബോർഡുകൾ തറച്ചുവച്ച് അഴിമതി അവസാനിപ്പിക്കുമെന്ന് പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ നിങ്ങൾ മദ്യപിച്ചതിന്റെ ബിൽ പോലും കൊടുക്കണമെന്ന് ആവശ്യപ്പെടാൻ ഒരു സർക്കാർ ഉദ്യോഗസ്ഥന് എങ്ങനെ ധൈര്യമുണ്ടായി? ആ സർക്കാർ ഉദ്യോഗസ്ഥൻ സാമാന്യക്കാരനല്ല. ആ സർക്കാർ ഉദ്യോഗസ്ഥന് എതിരെ ഒരു മെമ്മോ പോലും ഈ ഗവൺമെന്റ് ഇതുവരെ കൊടുത്തിട്ടില്ല. ഇതു സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. കുറ്റക്കാർക്കെതിരെ നടപടി എടുക്കണം. അതുമാത്രമല്ല, 1998 ഏപ്രിൽ മാസത്തിൽ ഈ ആളെ വൈദ്യുതി ബോർഡിൽ അംഗമാക്കിവച്ചുവെന്നുള്ള യാഥാർത്ഥ്യംകൂടി നോക്കുമ്പോൾ രാഷ്ട്രീയമായ നിങ്ങളുടെ ബന്ധവും ഇതും തമ്മിൽ വളരെ വ്യക്തമാകുകയല്ലേ. ഈ അംഗമിരിക്കുന്ന ബോർഡ് യോഗത്തിൽ അയാളെക്കുറിച്ച് അന്വേഷണം നടത്തണമെങ്കിൽ അയാൾ തന്നെ തീരുമാനിക്കണമെന്നുള്ള അവസ്ഥയല്ലേ നിൽക്കുന്നത്? നിങ്ങൾ ആരോടാണ് ഈ ബഡായി പറയുന്നതെന്ന് നമ്മുടെ കണാരേട്ടന്റെ വാക്കുകൾ കടമെടുത്ത് അങ്ങോട്ട് ചോദിക്കുന്നു. നിങ്ങൾ ആരോടാണ് ഈ അഴിമതിവിരുദ്ധ പ്രവർത്തനത്തിന്റെ ബഡായി പറയുന്നത്? ഈ സംസ്ഥാനം പകൽ കൊള്ളയടിക്കുകയാണ്. ഇത് അന്വേഷണം നടത്തണം. നിയമസഭാ കമ്മിറ്റിയെവച്ച് അന്വേഷണം നടത്തണം. അല്ലെങ്കിൽ ജുഡീഷ്യൽ അന്വേഷണം നടത്തണം. കുറ്റക്കാരെ കണ്ടുപിടിക്കണം. മാതൃകാപരമായി ശിക്ഷിക്കണം. വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ നിവൃത്തിയില്ലാത്ത പട്ടിണി പാവങ്ങളുടെ കൈയിൽനിന്ന് ഞെക്കിപ്പിഴിഞ്ഞ് മേടിക്കുന്ന ഈ പിച്ചക്കാശ് ഉപയോഗിച്ച് ഇതുപോലെ കോടിക്കണക്കിന് രൂപയുടെ ധൂർത്ത് അടിക്കുന്നത് തടയുന്നതിനുവേണ്ടി ജുഡീഷ്യൽ അന്വേഷണം നടത്തി യാഥാർത്ഥ്യം പുറത്തുകൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റിനെ ശക്തമായി എതിർക്കുകയാണ്.

<u>മി. സ്പീക്കർ</u> : ചർച്ചകൾ അവസാനിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, ഈ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് 47.76 കോടി രൂപ ഉൾപ്പെട്ടതാണ്. എന്തിനു വേണ്ടിയാണ് ഉപധനാഭ്യർത്ഥന കൊണ്ടുവന്നതെന്നാണ് ഇവിടെ ചോദിച്ചത്. ഇവിടെ മിക്ക ആളുകളും സംസാരിച്ചത് കേട്ടാൽ തോന്നും പത്ത് കാർ വാങ്ങിക്കാനാണ് ഈ എസ്.ഡി.ജി. കൊണ്ടുവരുന്നതെന്നാണ്. പക്ഷേ എസ്.ഡി.ജി. കൊണ്ടുവന്ന പ്രധാനപ്പെട്ട ഇനങ്ങൾ ഞാൻ വായിക്കാം. നിങ്ങൾ എതിർക്കുന്നുണ്ടോ? ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജുമെന്റിന് മൂന്നുകോടി രൂപ. പിന്നെ ഹ്യൂമൻ റൈറ്റ്സ് കമ്മിഷൻ ഗ്രാന്റ് Human Rights Commission constituted under the Protection of Human Rights Act, 1993. ഇത് നിവൃത്തിയില്ല. സെൻട്രൽ ഗവൺമെന്റിന്റെ മാൻഡേറ്ററി പ്രൊവിഷനാണ്. കാലത്ത് തിരുവഞ്ചൂർ രാധാകൃഷ്ണൻ തന്നെ തന്ന മെമ്മോറാണ്ടത്തിൽപ്പെട്ട നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിലെ ഏജന്റുമാർക്ക് ഇൻസെന്റീവ്സ് കൊടുക്കാൻ, അതിന് ഫണ്ട് അലോക്കേഷനില്ലാത്തതുകൊണ്ട് അതിന് പത്തുകോടി രൂപ. സ്പെഷ്യൽ ആന്റ് അസൈൻമെന്റ് യൂണിറ്റ്, അത് പെട്ടെന്ന് ഈവർഷം തന്നെ പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കാനാണ്. ഇതെല്ലാം ടെംപററി പോസ്റ്റുകളാണ് for a fixed period. അത് കഴിയുന്നതുവരെ. അതിനുവേണ്ടി തീവ്രയത്നപരിപാടിയായി, വളരെ വേഗം വാർഫുട്ടിംഗിൽ പട്ടയം കൊടുക്കാൻവേണ്ടി ആണ് 1.197 കോടി രൂപ വച്ചിട്ടുള്ളത്. അതും അനാവശ്യ ചെലവാണോ? ബ്രഹ്മപുരത്തെപ്പറ്റി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തുന്നു. അതിനുവേണ്ടി 0.17 കോടി രൂപ. ശബരിമല ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

അത് നടത്താൻ ആ കമ്മീഷന് 11 ലക്ഷം. മൂട്ടം ഫയർ സ്റ്റേഷന് വാഹനവും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് 0.34 ലക്ഷം രൂപ. കോഴിക്കോടും വയനാടും സർക്കാർ പ്രസ്സ് കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുന്നതിനു വേണ്ടി 60 ലക്ഷം. പിന്നെ വിജിലൻസ് ഹെഡ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 40 ലക്ഷം. നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്കുള്ള ഇരുംപനം-കളമശ്ശേരി റോഡ് വളരെ പ്രധാനപ്പെട്ട ക്രൂഷ്യൽ റോഡാണ്. അതിന്റെ ലാന്റ് അക്വിസിഷന് ഇനിയും പൈസ വേണം. കഴക്കൂട്ടം സൈനിക സ്കൂളിന് സ്പെഷ്യൽ ഗ്രാന്റ്, അത് 11 ലക്ഷം രൂപ, മദ്രസ വിദ്യാഭ്യാസം നവീകരിക്കുന്നതിന് 0.13 ലക്ഷം, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, ക്ലാരക്കൽ, ഇളംകുന്നപ്പുഴ, ഇടനിലക്കാട്, കടമക്കുടി, നായരമ്പലം തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിട്ടിക്ക് ഗ്രാന്റ് 2 കോടി രൂപ കൊടുക്കണ്ടെ? ഡോ. കുട്ടപ്പൻ നിരവധി തവണ ആ പ്രദേശത്തെ എം.എൽ.എ. എന്ന നിലയ്ക്ക് മെമ്മോറാണ്ടം തന്നിട്ടുണ്ട്. തന്നെയുമല്ല അവിടെ കുടിവെള്ള മെത്തിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ വർക്ക് ചെയ്യേണ്ടിവന്നിട്ടുണ്ട്. അപ്പോൾ അത് പെട്ടെന്ന് unforseen ആയിട്ട് വന്നതാണ്. അതിന് 2 കോടി രൂപ. പിന്നെ മണ്ഡരിബാധ തടയുന്നതിന് ഒരു ടോക്കൺ പ്രൊവിഷൻ വച്ചതാണ് കാരണം അത് എത്ര വരുമെന്ന് പറയാൻ നമുക്ക് ഒക്കുകയില്ല. തെങ്ങ് ഒന്നിന് 6 രൂപ നൽകുന്ന പദ്ധതി. അത് ന്യൂ സർവ്വീസ് ആയിട്ട് നടപടിക്രമം പാലിക്കാനായിട്ട് ടോക്കൺ വച്ചിട്ടുണ്ട്. മണ്ഡരി ഇവിടെ വലിയ ചർച്ചാ വിഷയമായതല്ലേ. അതുപോലെ പശ്ചിമഘട്ട വികസന പദ്ധതി (Western Ghat Development Project) 1.17 കോടി. കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ആലപ്പുഴക്ക് 1.86 കോടി രൂപ. കാക്കനാട് നാച്വറൽ ഡെവലപ്മെന്റ് പാർക്കിനു വേണ്ടിയുമുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കാൻ സുൽത്താൻ കനാൽ നവീകരണത്തിന് ഒന്നരക്കോടി. സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ 10 ലക്ഷം. കാരണം അവർ പ്രീ റിവൈസ്ഡ് സ്കെയിലാണ് ഇപ്പോൾ വാങ്ങിയിരിക്കുന്നത്. ഇപ്പോഴത്തെ ശമ്പളമനുസരിച്ച് കുറച്ചുകൂടി അധികമായിട്ട് വരും. അതുകൊണ്ടാണ് 10 lakhs additional ആയി വച്ചത്. മെയിൻ ഈ ഡെവലപ്മെന്റ് വർക്സും, കാറു വാങ്ങിയിട്ടുണ്ട്. കാർ വാങ്ങാതിരിക്കാൻ പറ്റുകയില്ലല്ലോ. അപ്പോൾ അതുകൊണ്ട് ഈ എസ്.ഡി.ജി. മുഴുവൻ രാജ്യദ്രോഹത്തിനുവേണ്ടി ഒരു ഉപധനാഭ്യർത്ഥനയുമായിട്ട് ഞാൻ രാവിലെ ഇറങ്ങി പുറപ്പെട്ടുവെന്നുള്ള മട്ടിൽ ഇത് കേട്ടിരിക്കാൻ തന്നെ വിഷമം തോന്നും. ഇത്ര വലിയ ദ്രോഹിയാണോ ഞാനെന്ന് തോന്നിപ്പോയി. ഇതിൽ ഈ പൈസ ഉണ്ടെന്നുള്ളത് ഉറപ്പാണല്ലോ. ശ്രീ. വിജയകുമാറിനും അറിയാം. ഞങ്ങളുടെ കൈയിലുണ്ട്. ഇല്ലാതെ അല്ലല്ലോ ഞാൻ വന്നത്. ഇതിൽ ഏതെങ്കിലുമൊരു ഇനത്തെ എതിർക്കാൻ പറ്റുമോ? ഇതെല്ലാം വന്നത് unforseen ആണ്. അങ്ങയെപ്പോലെ പ്രഗൽഭനായ ഒരു മുൻഗാമി അങ്ങനെ പറയരുത്. പിന്നെ രാഷ്ട്രീയത്തിൽ സ്ഥിരമായ ബന്ധുവോ ശത്രുവോ ഇല്ല. ചിലപ്പോൾ പിൻഗാമിയായി കൂടെന്നില്ല ഇവിടെ. എന്ത് ആർക്കറിയാം അങ്ങോട്ടുമിങ്ങോട്ടുമുള്ള പോക്ക്. അത് പറയാൻ പറ്റുമോ? In diplomacy and politics there are no permanent foes or permanent friends, but there are only permanent interests. ഇത് എല്ലാവർക്കുമറിയുന്നതല്ലേ. മണ്ഡരിക്ക് ടോക്കൺ പ്രൊവിഷൻ വച്ചാൽ എത്ര വേണമെങ്കിലും ആകാം. What you mean? Budget Manual by heart ആയിട്ടുള്ള ആള് അങ്ങനെ പറയുകയാണ്. ഞാൻ വേണമെങ്കിൽ അങ്ങോട്ട് പഠിപ്പിച്ചു തരാം. ഇതാണ് സപ്ലിമെന്ററി ഗ്രാന്റിന്റെ ഉദ്ദേശ്യം. പിന്നെ സർ, ബഡ്ജറ്റ് ഡിമാന്റിനെപ്പറ്റി വന്ന ചില കാര്യങ്ങൾക്കു മാത്രമേ മറുപടി പറയുന്നുള്ളൂ. ഒരു അനാ

LIBRARY ARCHIVES Kerala Legislative Assembly

വശ്യവും പറയുന്നില്ല. ഇതെല്ലാമില്ലാതെ മനുഷ്യപ്രയത്നത്തിന്റെ വ്യഥാവിധ ദുർവ്യയം ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് വളരെ ചുരുക്കി, ചില വിഷയങ്ങളിൽ സംശയമുന്നയിച്ചു, ചില ക്ലാരിഫിക്കേഷന് ഞാൻ മറുപടി പറയേണ്ടതായിട്ടുണ്ട്. അതിൽ ആദ്യം ഈ ഡെവലപ്മെന്റിന് പണം കൊടുക്കുന്നില്ലെന്ന ഒരു ആരോപണം ഇവിടെ എല്ലാവരും പറഞ്ഞു. ഞാൻ അതൊന്ന് വായിക്കട്ടെ. എല്ലാം വായിച്ച് നേരം കളയുന്നില്ല. ഇവിടെ പി.ഡബ്ല്യു.ഡി.യ്ക്ക് 1996-97-ൽ ബഡ്ജറ്റ് അലോട്ടുമെന്റ് എത്ര ഉണ്ടോ അതിന് മീതെ കൊടുത്തിട്ടുള്ളൂ. എല്ലാ വർഷവും For instance, in 96-97ൽ 367 കോടി രൂപ, റ്റോട്ടൽ റിലീസ് 397 കോടി രൂപ. 97-98-ൽ 353 കോടി രൂപ റിലീസ് 507 കോടി രൂപ, 98-99 366.08 കോടി രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റ്, റ്റോട്ടൽ റിലീസ് 487 കോടി രൂപ. ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 99-2000 മുഴുവനായിട്ടില്ല ഡിസംബറേ ആയിട്ടുള്ളൂ. 464 കോടി രൂപ ആണ്. ഇപ്പോൾ റിലീസ് ചെയ്തത് 465 കോടി രൂപ. അപ്പോൾ ബഡ്ജറ്റ് എമൗണ്ടിനെക്കാൾ മേലെ അല്ലാതെ വികസന പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള ബഡ്ജറ്റ് എമൗണ്ട് കൊടുക്കില്ലെന്നു പറയുന്നത് ശരിയല്ല. അതിന്റെ മേലെയേ കൊടുത്തിട്ടുള്ളൂ. വേണമെങ്കിൽ പി.ഡബ്ല്യു.ഡി. വായിക്കാം, പബ്ലിക്ക് ഹെൽത്ത് വായിക്കാം, ഫാമിലി വെൽഫെയർ വായിക്കാം, ഹൗസിംഗ് വായിക്കാം, സൊഷ്യൽ വെൽഫെയർ വായിക്കാം, മേജർ ഇറിഗേഷൻ വായിക്കാം. മൈനർ ഇറിഗേഷൻ വായിക്കാം. 96-97 ബഡ്ജറ്റ് എസ്റ്റിമേറ്റ് 70.18 കോടി രൂപ. റിലീസ് 73.97 കോടി രൂപ. ബഡ്ജറ്റ് 97-98 68.06 കോടി രൂപ, റ്റോട്ടൽ റിലീസ് 69.7 കോടി രൂപ, 98-99 77.31 കോടി രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റ് റ്റോട്ടൽ റിലീസ് 106.29 കോടി രൂപ, 99-2000 83.17 കോടി രൂപ. കാര്യങ്ങൾ പറയുമ്പോൾ ഡൈവർട്ട് ചെയ്യണ്ട. ഞാൻ അതിനൊന്നിനും പ്രകോപിതനാകുന്നില്ല. പ്രകോപിതനായിട്ട് കാര്യമില്ല. അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും We are not playing to the gallery. കൂറെ ആളുകൾ ഗ്യാലറിക്കുവേണ്ടി പ്ലേ ചെയ്യുകയാണ്. എനിക്ക് ചിരിവന്നു കാരണം Where gallery is conspicuous like its absence. ഗ്യാലറി ഇല്ല ഇവിടെ. അപ്പോൾ തറ ഇല്ല. തറ പ്രസംഗം അടിച്ചിട്ട് കാര്യമില്ല. വെറുതെ മനുഷ്യ പ്രയത്നം കളയുകയല്ലാതെ. ഓരോ ആളുകളും പൊളിറ്റിക്കൽ പൊസിഷൻ എടുത്തു നിൽക്കുമ്പോൾ നമ്മുടെ പ്രസംഗം മാറുമോ? പത്രക്കാർക്ക് ഇഷ്ടമുള്ളത് എഴുതും. ശ്രീ. ആര്യാടൻ മുഹമ്മദ് അങ്ങ് ലെജിസ്ലേഷൻ എക്സ്പീരിയൻസ് ഉള്ള ആളാണ്. ഇന്നലെ ശ്രീ. ആര്യാടൻ മുഹമ്മദ് അങ്ങോട്ട് ഒന്ന് നോക്കി പത്രക്കാർ പോയി വേഗം .....

ശ്രീ. ഹംസയുടെ ഭാഷയിൽ പറഞ്ഞാൽ ചീട്ടും പായും ചുരുട്ടി, ഞാൻ പറയുന്നത് അതൊക്കെ ഉണ്ടാകും.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഞാൻ 11-ാമത്തെ ക്ലാസു വരെ വളരെ ഭംഗിയായി അവതരിപ്പിച്ചു. 11-ാമത്തെ ക്ലാസു കഴിഞ്ഞ ശേഷം അവസാന ക്ലാസു വരെ ഞാൻ അവതരിപ്പിച്ചു. പക്ഷെ ഗവൺമെന്റിന് ഒരു ചെയിഞ്ച് കണ്ടപ്പോൾ ഞങ്ങൾക്കും കുറച്ചൊരു ചെയിഞ്ച് കണ്ടു. അല്ലാതെ ഭരണകക്ഷി എടുക്കുന്ന നിലപാടല്ല ഞങ്ങൾക്ക്. അതുകൊണ്ടാണ് ഞങ്ങൾ ക്രിയാത്മകമാണെന്ന് പറയാൻ കാരണം.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ക്രിയാത്മക പ്രതിപക്ഷമല്ലെന്നു ഞാൻ പറഞ്ഞില്ല. ഞാൻ സ്വഭാവം പറഞ്ഞതാണ്. നിങ്ങളും ഞങ്ങളും നമ്മളല്ലേ. അക്കാര്യത്തിൽ വല്ല സംശയവുമുണ്ടോ? അത് നമ്മൾ തമ്മിൽ പറഞ്ഞ് ഫുൾ

LIBRARY ARCHIVES Kerala Legislative Assembly

ആകാൻ നിൽക്കണ്ട. നമ്മളൊക്കെ ഇതെല്ലാം ഫൈറ്റ് ചെയ്തവരല്ലേ. വെറുതെ അങ്ങോട്ടുമിങ്ങോട്ടും പയറ്റിയിട്ട് എന്താണ് കാര്യം?

<u>ശ്രീ. ടി.എം. ജേക്കബ്</u> : പത്രക്കാർക്കു വേണ്ടിയല്ലാതെയും ഇവിടെ സംസാരിക്കുന്നവർ ഉണ്ട്. ഒറ്റയടിക്ക് എല്ലാവരെയുംകൂടി നമ്മളെല്ലാം അങ്ങനെയാണെന്ന് പറയാതെ. ശ്രീ. ആര്യാടൻ മുഹമ്മദ് വേറൊരു സ്പിരിട്ടിൽ അതെടുത്തു. അത്രയേയുള്ളൂ.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : പത്രക്കാർ നമ്മുടെ പ്രസംഗം റിപ്പോർട്ടു ചെയ്താൽ അത് വലുതാണെന്ന് തന്നെയാണ് എന്റെ അഭിപ്രായം. എനിക്ക് അങ്ങനെ പ്രസംഗം പത്രത്തിൽ നല്ലവണ്ണം ഫ്ളാഷ് ചെയ്തു വരുന്നത് കണ്ടാൽ സന്തോഷമുള്ള ആളാണ്. മി. ജേക്കബിനെപ്പോലെ അത്ര ഞാൻ ഉയർന്നിട്ടില്ല. ഞാൻ ഒരു താണ ആളാണ്. അത്രയേ ഗ്രേഡുള്ളൂ. ശിവദാസമേനോൻ അങ്ങനെ പറഞ്ഞുവെന്നു കാണുമ്പോൾ ഒരു സുഖം തോന്നാറുണ്ട്. ഞാൻ വെട്ടിത്തുറന്നു പറയും. I am totally frank. പക്ഷെ ചിലർക്ക് ചില ഉന്നത altitude-ൽ എത്തിയിട്ടുണ്ടാകും. അവർക്ക് പത്രമൊന്നും പ്രശ്നമല്ല എനിക്ക് പത്രം പ്രശ്നമാണ്. അത് തന്നെ ഞാൻ പറഞ്ഞത്. എനിക്കും ശ്രീ. ആര്യാടൻ മുഹമ്മദിനും പ്രശ്നമാണ് അതുകൊണ്ടല്ലേ ഞങ്ങൾ ഒരു സെറ്റാകുന്നത്.

[5 P.M.] പി.ഡബ്ല്യു.ഡി.യിൽ 1999-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 464.11 കോടി രൂപ പിന്നെ ഇഷ്യൂ വേറെ, 464.11+150.56 = 614.67 കോടി രൂപ. ഇത് എന്താണ് പ്രശ്നമെന്ന് ചോദിച്ചാൽ ഇതിൽ കോൺട്രാക്ടേഴ്സിന്റെ അരിയേഴ്സ് വരും ഇവിടെ പല മെമ്പർമാരും ഞാൻ നിർദ്ദേശിച്ചതിനുവേണ്ടി ഈ സമീപനം പറയുകയാണ്. നമ്മൾ If I am wrong, I am subject to correction. അദ്ദേഹത്തിനും ശ്രീ. കെ.എം. മാണിക്കും അതുപോലെ ഇവിടെ എല്ലാവർക്കും അറിയാം. 500 കോടിയാണ് ബഡ്ജറ്റ് എമൗണ്ട്, 800 കോടി ചെലവാക്കിയെന്ന് വിചാരിക്കുക, 500 കഴിഞ്ഞ് 300 കൂടി ചെലവാക്കിയാൽ എന്താണ് ബാക്കി വരുന്നത്, ഓവർ ആണ്, കോൺട്രാക്ടേഴ്സിന് പൈസ കൊടുക്കുകയില്ല, അങ്ങനെയാണ് ഇത് അരിയേഴ്സ് ആകുന്നത്. ചരിത്രപരമായ കാരണങ്ങളാൽ ഇങ്ങനെ cumulative ആയിട്ട് വരികയാണ്. 300 കോടി രൂപ കൊടുക്കാൻ ഉണ്ടല്ലോ, അടുത്തവർഷം 700 കോടിയാണ്, 300 കോടി രൂപ കൊടുക്കുകയും വേണം, വേറെ വർക്കും എടുക്കണം. ബഡ്ജറ്റിന് മുകളിൽ എടുത്ത് this is an eternal cumulative, ഇത് എവിടെയെങ്കിലും നിറുത്തണമെന്ന അഭിപ്രായം വരുന്നു. കാരണം, ബഡ്ജറ്റിലുള്ള പൈസ അങ്ങോട്ടുമിങ്ങോട്ടുമാകുന്നതിൽ വിരോധമില്ല. ബഡ്ജറ്റിൽ ഇല്ലാത്ത രീതിയിൽ ബഡ്ജറ്റ് എമൗണ്ടിനും ഡിമാന്റിനും മേലേ പണം ചെലവഴിക്കുന്നത് economic prudence അല്ല. നമുക്ക് നോക്കാതിരിക്കാൻ പറ്റില്ല. കാരണം, കേരളത്തിന്റെ സാമ്പത്തികസ്ഥിതി ഇവിടെ പലരും പറഞ്ഞു. ഇന്ത്യയിലെ സ്ഥിതി എന്താണ്? കേരളത്തിന്റെ സാമ്പത്തികസ്ഥിതി വളരെ better ആണെന്നു ഞാൻ പറയുന്നില്ല. നല്ല സാമ്പത്തികമായ, സുസ്ഥിരമായ അടിത്തറയിൽ നിൽക്കുന്നുവെന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ എത്ര സംസ്ഥാനങ്ങളിലാണ്, അത് ആലോചിക്കുമ്പോൾ വലിയ ഭയം തോന്നുന്നു. മുഖ്യമന്ത്രി ശ്രീ. ചന്ദ്രബാബു നായിഡുവിന്റെ സംസ്ഥാനത്തിലെ കാര്യം ഇന്നത്തെ ഹിന്ദുപത്രത്തിൽ പറഞ്ഞിരിക്കുന്നു. Salaries unlikely for Government Employees on December 24th. ക്രിസ്തുമസിനുമുമ്പ് ശമ്പളം കൊടുക്കാമെന്ന് വിചാരിച്ചത് കഴിയുകയില്ല, ശ്രീ. ചന്ദ്രബാബുനായിഡു പറഞ്ഞിരിക്കുകയാണ് ഒന്നാം തീയതി കൊടുക്കാൻ കഴിയുമോയെന്നറിയില്ല. സോ, എന്റെ ഹൈടെക്ക് ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly

നിറുത്തിവയ്ക്കേണ്ടിവരും, ശമ്പളം കൊടുത്തിട്ട് മതി ഹൈടെക്ക്. Andhra Pradesh is like that. ആസ്സാമിലെ ചീഫ് സെക്രട്ടറിയെ ഘെരാവോ ചെയ്തില്ലേ, ശമ്പളം മാസങ്ങളോളം കൊടുത്തിട്ടില്ല. ഇപ്പോൾ കേന്ദ്രഗവൺമെന്റ് കുറച്ചു പൈസ കൊടുത്തു. ഇതിനൊരു എഗ്രിമെന്റ് ഒപ്പിടാൻ പറഞ്ഞു, എം.ഒ.യു., അതിന്റെ കണ്ടിഷൻ, ജീവനക്കാർക്ക് ബേസിക് പേ മാത്രം കൊടുത്താൽ മതി, ഡി.എ. ഫ്രീസ് ചെയ്യണം, വെറും ബേസിക് പേ മാത്രം, പിന്നെ കുറെ പറഞ്ഞിട്ടുണ്ട്. ഒന്നിനും വയ്യാത്ത രീതിയിൽ, മൂക്കും, വായും, ശ്വാസവും അടച്ചിട്ട് എം.ഒ.യു. ഒപ്പിട്ടിട്ടാണ് ആസ്സാം ഇപ്പോൾ കഴിഞ്ഞുകൂടുന്നത്. അതുപോലെ ഒറീസ, ഒറീസ്സായിൽ ശമ്പളപരിഷ്ക്കരണം കൊണ്ടുണ്ടാകുന്ന അധിക പൈസയുടെ പകുതിയേ കൊടുക്കൂ, beginning-ൽ തന്നെ ബാക്കി impound ചെയ്യുകയാണ്. ഇത് ഇപ്പോൾ അല്ല, ശമ്പളം പരിഷ്ക്കരിച്ചപ്പോൾ ഉണ്ടായതാണ്, അതിന്റെ ജി.ഒ. ഉണ്ട്. അതുപോലെ ശമ്പളപരിഷ്ക്കരണം നടത്താത്ത സംസ്ഥാനമാണ് കർണ്ണാടകം, ആ പണിയ്ക്കേ അവർ പോയിട്ടില്ല, ശമ്പളമേ പരിഷ്ക്കരിച്ചിട്ടില്ല. പഞ്ചാബ് ഇൻഡസ്ട്രിയിലും അഗ്രികൾച്ചറിലും റിച്ച് സ്റ്റേറ്റാണ്, ശമ്പളം കൊടുത്തിട്ടില്ല., അതിന്റെ ഫലമാണ് ഇലക്ഷനിൽ കണ്ടത്. ഈയൊരു പൊസിഷൻ മിക്ക സംസ്ഥാനങ്ങളിലുമുണ്ട്. മുഖ്യമന്ത്രിമാരുടെയും ധനകാര്യവകുപ്പുമന്ത്രിമാരുടെയും കഴിഞ്ഞ സമ്മേളനത്തിൽ പോയപ്പോൾ മഹാരാഷ്ട്രാ മുഖ്യമന്ത്രി പറഞ്ഞത് I am spending sleepless nights. ശമ്പളം കൊടുക്കാൻ കഴിയുന്നില്ല. ശ്രീ. ഫറൂക്ക് അബ്ദുള്ള പറഞ്ഞത്, എനിക്ക് 1500 കോടി തന്നില്ലെങ്കിൽ ഇതാ എന്റെ രാജി, this is the situation, ഇന്ത്യയിലെ സ്റ്റേറ്റുകളുടെ ഫൈനാൻസിന്റെ പൊസിഷൻ ഇത്രയും സീരിയസ്സായിട്ടുള്ള ഒരു സ്ഥിതിയാണ്. കേരളം അതിൽനിന്നും മെച്ചമല്ല. നമ്മൾ അതുകൊണ്ട് വളരെ വിഷമിച്ച് Kerala is walking---to tight rope walking അല്ലാതെ ഇവിടത്തെ സമ്പദ്ഘടന മുഴുവൻ നേരെയാക്കി സുസ്ഥിരമായ അടിത്തറയിൽ ഞങ്ങൾ അങ്ങനെ വാഴുന്നുവെന്ന അഹന്തയൊന്നും ഞാൻ പറയുന്നില്ല, അത്ര വിഷമിച്ചിട്ടാണ് ഇപ്പോൾ കൊണ്ടുപോകുന്നത്, വളരെവളരെ വിഷമത്തോടുകൂടിയാണ് പോകുന്നത്, വിമർശനങ്ങൾ ആഞ്ഞ് തറയ്ക്കുമ്പോൾ ക്രിയാത്മകമായി criticism will be accepted. Slander will have to meet square. അതായത് വിമർശനം സ്വാഗതാർഹമാണ്, അധിക്ഷേപം നേരിടുകയും ചെയ്യാം, നല്ല കുറെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

<u>ശ്രീ. കെ.എം. മാണി</u> : ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ എക്സിപെൻഡിച്ചർ നടത്തിക്കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയുകയുണ്ടായി, അങ്ങനെയാണെങ്കിൽ 1999-2000 വർഷത്തെ വിഭാവനം ചെയ്തിരിക്കുന്ന വർഷാന്ത്യക്കമ്മി 129 കോടി രൂപയാണ്. ആ വർഷാന്ത്യക്കമ്മി വിഭാവനം ചെയ്തതിനേക്കാൾ കൂടുതൽ ഉയരുമെന്നതല്ലേ സൂചന.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അതെ, നമ്മൾ തമ്മിൽ വെറുതെ ജാലം പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? ഞാൻ 994 കോടി രൂപ പ്രതീക്ഷിച്ചു. Now it has come about 2000 crores. I am afraid. എവിടെയാണ് എത്തുകയെന്ന് അറിയില്ല. ഇതെല്ലാം വളരെവളരെ റ്റൈറ്റായിട്ട് പോകുന്നു. ഇതെല്ലാം വച്ചുകൊണ്ടാണ് കർഷകത്തൊഴിലാളികൾക്ക് 1980-ൽ ക്ഷേമനിധി കൊണ്ടുവന്നത്. ഒരു നയാപൈസ ക്ഷേമനിധിയിലേയ്ക്ക് ഗവൺമെന്റ് കോൺട്രിബ്യൂഷൻ ഇന്നേവരെ കൊടുത്തിട്ടില്ല. ഇക്കുറിയാണ് 10 കോടി രൂപ കൊണ്ട് അവർക്കുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുക്കാൻ സാധിച്ചത്. ഒരു പഞ്ചായത്തിൽ 70-ഓളം ആളുകൾക്ക് കൊടുക്കണം. കർഷകത്തൊഴിലാളി പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

70 രൂപയായിരുന്നത് 100 രൂപയാക്കി, 18 മാസത്തെ ബാക്കിയുണ്ടായിരുന്നത് കൊടുത്തു, ഓണത്തിന് ഗഡുക്കളെല്ലാം തീർത്തുകൊടുത്തു, ബാക്കിയുള്ളത് അരിയേഴ്സായി നിൽക്കുന്നുണ്ട്, അതും കൊടുക്കണം. തൊഴിലില്ലായ്മ വേതനം ഓണം വരെ കംപ്ലീറ്റായിട്ട് കൊടുത്തു, അത് കഴിഞ്ഞ് ഇനിയും കുറച്ചു കൊടുക്കാനുണ്ട്. അത് കൊടുക്കാനുള്ള ഏർപ്പാട് ചെയ്യണം. പിന്നെ Destitute Pensions അത് കുറെ വരും അതെല്ലാം കൊടുത്തുതീർക്കണം. അരിക്ക് വില കൂടുമ്പോൾ പബ്ലിക് മാർക്കറ്റിൽ പരമാവധി, ശക്തമായി ഇടപെടുന്നുണ്ട്. നമ്മുടെ പൊതുവിതരണ ശൃംഖല ചെറുതാണ്. ഇന്ത്യയിൽ വച്ച് ഏറ്റവും ഫലപ്രദമായി നടക്കുന്ന പൊതുവിതരണ സമ്പ്രദായമാണ് ഇവിടെയുള്ളത്, അത് ശക്തമായ ശൃംഖലയാണെന്ന് മാത്രമല്ല, എഫ്ക്ടീവ് ശൃംഖലയാണെന്ന് മാത്രമല്ല We don't capture the market. We intervene in the market. അത് ഫലപ്രദമായി ഇന്റർവിൻ ചെയ്യാൻ കഴിയുന്നില്ല. ക്രിസ്മസ്സ് കിറ്റ്, ഓണം കിറ്റ്, റംസാൻ കിറ്റ് ഇവയൊക്കെ കൊടുക്കുന്നുണ്ട്. എല്ലാ കുട്ടികൾക്കും അഞ്ച് കിലോ അരി വീതം വിതരണം ചെയ്യുന്നുണ്ട്. അതുകഴിഞ്ഞാൽ റംസാന് ഒരു കിലോ സ്പെഷ്യൽ പഞ്ചസാര. അതും സബ്സിഡൈസ് ചെയ്തു കൊടുക്കുന്നു. ഇതെല്ലാം സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നു. ഇങ്ങനെ ഇവിടത്തെ സോഷ്യൽ സെക്യൂരിറ്റി മെഷേഴ്സ് എന്ന് ഞാൻ പറയും, അത് കേരളത്തിലുള്ളതുപോലെ ഒരു സംസ്ഥാനത്തുമില്ല. പിന്നെ ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയ്ക്ക് പല പ്രത്യേക പ്രശ്നങ്ങളും കേരളത്തിന്റേതായിട്ടുണ്ട്. പിന്നെ ട്രഷറി പൂട്ടൽ. ട്രഷറി പൂട്ടലിനെപ്പറ്റി നമ്മൾ തമ്മിൽ തർക്കിച്ചിട്ടു കാര്യമില്ല. പൂട്ടേണ്ടിവന്നാൽ പൂട്ടും. പക്ഷേ പൂട്ടേണ്ടി വന്നിട്ടില്ല. കേരളവും കേന്ദ്രവും ഒരേ പാർട്ടി ഭരിച്ച 1991-96-ൽ കോൺഗ്രസ്സ് തന്നെയായിരുന്നു അവിടേയും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെ മന്ത്രിയായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നു. നമ്മുടെ ഒരാൾ ക്യാബിനറ്റിലുണ്ട്. ക്യാബിനറ്റിൽ മാത്രമല്ല അവിടത്തെ പൊളിറ്റിക്കൽ ലീഡറുമായിരുന്നു. ഇതെല്ലാമുണ്ടായിരുന്നിട്ടും 11 പ്രാവശ്യം ഖജനാവ് പൂട്ടി. അതിന്റെ ഓർഡേഴ്സാണ് എന്റെ കൈയിൽ ഇരിക്കുന്നത്. ഇത് എന്തുകൊണ്ടാണ് വരുന്നത്? ഒ.ഡി. ആയിട്ടു വരുമ്പോൾ ഒരു പ്രത്യേക ഡേറ്റ്. ആ ഒ.ഡി. തീർന്നില്ല എങ്കിൽ ആട്ടോമാറ്റിക്കായി റിസർവ് ബാങ്ക് പൂട്ടും. അങ്ങനെ റിസർവ് ബാങ്ക് പൂട്ടുന്നതിനെയാണ്, പേമെന്റ് സ്റ്റോപ്പ് ചെയ്യുന്നതിനെയാണ് ഖജാന പൂട്ടുക എന്നുപറയുന്നത്. പിന്നെ ഒ.ഡി.ക്ലിയർ ചെയ്താൽ വീണ്ടും തുറക്കാം. എന്തോ, മൂന്നരക്കൊല്ലമായി ഇതു പൂട്ടേണ്ട ഒരു ഗതി എനിക്കു വന്നിട്ടില്ല. അത് ഓഫ് ടേക്കും ഇൻ ടേക്കും ശരിക്കു നോക്കി. അതിനുള്ള വിദഗ്ദ്ധൻമാരായ ഉദ്യോഗസ്ഥൻമാർ ആ പണി ശരിക്കു ചെയ്യുന്നതുകൊണ്ടായിരിക്കാം. അവർക്ക് അത് ചെയ്യാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കികൊടുക്കുന്നു എന്നുള്ളതേ ഞാൻ അവകാശപ്പെടുന്നുള്ളൂ. അല്ലാതെ എന്റെ ഫിസിക്കൽ മാനേജുമെന്റിന്റെ കഴിവല്ല. ഫിസിക്കൽ മാനേജുമെന്റിൽ എനിക്ക് കഴിവുണ്ടെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കാൻ പോകുന്നുണ്ടോ? അതായിരുന്നില്ലല്ലോ പണി? ഹെൽത്ത് മിനിസ്റ്റർ സർജറിക്ക് തുടങ്ങിയാൽ കഷ്ടത്തിലാകില്ലേ? ഹെൽത്ത് മിനിസ്റ്റർ സർജറിക്കുവേണ്ട പ്രോൽസാഹനം കൊടുക്കും എന്നല്ലാതെ, അദ്ദേഹം വിദഗ്ദ്ധൻമാരായ ഉദ്യോഗസ്ഥൻമാർക്ക് സർജറി നടത്താൻ, വളരെ സുഖകരമായി പ്രവർത്തിക്കാൻ ഉത്തേജനവും അറ്റ്മോസ്ഫിയറും ഉണ്ടാക്കിക്കൊടുക്കുക. Making the best use of men and materials under you is good governance. അതാണ് നല്ല ഗവൺമെന്റിന്റെ ലക്ഷണം. അവനവന്റെ കൈയിലുള്ള മെൻ ആന്റ് മെറ്റീരിയൽസ് മാക്സിമം

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുക എന്നുള്ളതാണ്. ഒരു വെള്ളിയാഴ്ച, പിന്നെ സെക്കന്റ് സാറ്റർഡേയും സൺഡേയുമാണ്. അന്ന് സെൻട്രൽ ഗവൺമെന്റിന്റെ പൈസ കിട്ടുമല്ലോ. ആ പണം... എൻ.ടി.പി.സി.ക്ക് ഫണ്ട് കൊടുക്കാനുള്ള കട മൊക്കെ കൊടുത്ത് ഒന്നിച്ച് അഡ്ജസ്റ്റ് ചെയ്തിട്ടും നമുക്ക് വിചാരിച്ചതിനെ ക്കാൾ 20 കോടിയൊക്കെയേ കിട്ടിയുള്ളൂ. 150 കോടിയോ, 170 കോടിയോ കിട്ടേണ്ടതാണ്. എന്നിട്ടും പൂട്ടിയില്ല. to be an abandoned closure, ഇത് കിട്ടിയി ല്ലായെങ്കിലും നമുക്ക് നിൽക്കാം. ആ ഒരു സ്ഥിതിയിൽ അപ്പോൾ എത്തി. അഥവാ 20 ലക്ഷത്തിന്റെ മേലുള്ള പേമെന്റ് വെള്ളിയാഴ്ചത്തേത് തിങ്കളാഴ്ച കൊടുക്കാമെന്ന് പറഞ്ഞത്... നിങ്ങളെ സംതൃപ്തിപ്പെടുത്താൻ പൂട്ടേണ്ടിവന്നി ല്ല. അപ്പോൾ ഏഷ്യാനെറ്റിൽ കൊടുത്തു. പിറ്റേദിവസം ഏഷ്യാനെറ്റ് പറഞ്ഞു, തുറന്നുകൊടുത്തു. കാരണം ശനിയും ഞായറും ഹോളിഡേയ്സാണ്. റിസർവ് ബാങ്ക് അന്ന് വരില്ല. അപ്പോൾ അതിനിടയിൽ പൈസ വന്നതല്ലല്ലോ. വെള്ളിയാഴ്ചത്തെ പൊസിഷൻ തന്നെ. അപകടമില്ലാത്ത സ്ഥിതിയാണ്. To be abandoned closure. അഭ്യാസമില്ലാതെ ഇത് നടത്താൻ പറ്റുമോ? അസലായി. ബഹുമാനപ്പെട്ട കെ.എം.മാണി dont' so cruel എന്താ കാര്യം എന്നുവച്ചാൽ ഇത് എങ്ങനെയെങ്കിലുമൊന്ന് പൂട്ടിക്കിട്ടണമെന്ന രീതിയിൽ സംസാരിക്കരുത്. അത് പൂട്ടാതെ ഞാൻ നോക്കിക്കൊള്ളാം. ബഹുമാനപ്പെട്ട മാണിയെ സന്തോ ഷിപ്പിക്കാൻവേണ്ടി ഖജാന ഒരുദിവസം അടയ്ക്കാൻ..... അത് ശരിയല്ലല്ലോ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, അങ്ങ് യു.ഡി.എഫ് ഭരണകാലത്ത് ട്രഷറി പൊസിഷനും സാമ്പത്തികസ്ഥിതിയും പറഞ്ഞു. തുടക്കം ഞങ്ങൾ ഏൽക്കുമ്പോൾ മോശമായിരുന്നു. 1995-96 വർഷത്തിലേത് 1997-98-ലെ സി. എ.ജി. റിപ്പോർട്ട് നോക്കിയാൽ അങ്ങേയ്ക്ക് കാണാം. 1995-96-ൽ ഒരു പൈസ പോലും ഓവർഡ്രാഫ്റ്റ് അല്ല, വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് പോലും എടുക്കാതെ ഈ സംസ്ഥാനത്ത് പ്രവർത്തിച്ചാണ് ഖജനാവ് അങ്ങയെ ഏൽപ്പിച്ചത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അതു പറഞ്ഞത് കാര്യമാണ്. നിങ്ങൾ എത്ര രൂപ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു? ബാക്കി വന്നതിന്റെ കഥ ഞാൻ പറഞ്ഞു. ഞാൻ പറയുന്നത്, വേയ്സ് ആന്റ് മീൻസ് ഒരു ദിവസം പോലും 1995-96-ൽ വന്നില്ല എങ്കിൽ well and good. ഇല്ല എന്നു ഞാൻ പറ യുന്നില്ല. പക്ഷെ 1991 മുതൽ 1996 വരെ 11 ദിവസം പൂട്ടിയിട്ടുണ്ട് എന്നുള്ള തിന്റെ രേഖ എന്റെ കൈയിലുണ്ട്. 1996 ലേത് ഞാൻ പറഞ്ഞല്ലോ. ഞങ്ങൾ വന്നിട്ട് ഇപ്പോൾ മൂന്നരക്കൊല്ലമല്ലേയായിട്ടുള്ളൂ. ആദ്യത്തെ മൂന്നര കൊല്ലം നിങ്ങൾ പൂട്ടി. നിങ്ങൾ മന്ത്രി ആകുമ്പോൾ ശ്രീ. ഇ.കെ. നായനാരാണോ പൂട്ടാൻ? അതവിടെ നിൽക്കട്ടെ. പൂട്ടിയതിന്റെ രേഖയാണിത്. ഞാൻ രേഖയി ല്ലാതെ പറയില്ലല്ലോ.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>) : കുസൃതിയൊന്നും പറയണ്ട. പൂ ട്ടിയത് പൂട്ടിയതുതന്നെയാണ്. പൂട്ടിയാൽ പൂട്ടി എന്നുപറയണം.

(<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : പിന്നെ ഞാൻ പറയാൻ ഉദ്ദേശിക്കുന്ന ത്, പേമെന്റ് നിർത്തിയിട്ടില്ല. 20 ലക്ഷം രൂപയ്ക്കു മുകളിലുള്ള ചെക്ക് തിങ്ക ളാഴ്ച കൊടുത്താൽ മതിയെന്നു പറഞ്ഞു.

<u>ശ്രീ. കെ.എം. മാണി</u> : 19 ലക്ഷത്തിന്റെ ചെക്കു കൊടുത്തിട്ടുണ്ട്. 20 ലക്ഷത്തിന്റേതേ കൊടുക്കാതുള്ളൂ. കുറേക്കാലം ധനകാര്യ മന്ത്രിയായിരുന്ന ആളല്ലേ ശ്രീ. കെ.എം. മാണി. അദ്ദേഹത്തിന് അത് അവസാനത്തെ ആഗ്രഹ മാണെങ്കിൽ അതും ചെയ്യാം.....അത് ഞാൻ പറഞ്ഞാൽ ശരിയാകില്ല. ഏതാ

LIBRARY ARCHIVES Kerala Legislative Assembly

യാലും ഞാൻ ഇനി അധികം ദീർഘിപ്പിക്കുന്നില്ല. പിന്നെ ഇവിടെവന്ന വിമർശനങ്ങൾ എസ്.ഡി.ജി(സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ്) കൊണ്ടു വരുമ്പോൾ വളരെ ആവശ്യമുള്ളതേ കൊണ്ടുവന്നിട്ടുള്ളൂ. പിന്നെ നമുക്ക് റവന്യൂ എക്സ്പെൻഡിച്ചർ കർട്ടൈൽ ചെയ്യാം. അതിന് വളരെ സീരിയസായിട്ടുള്ള സ്റ്റെപ്സ് എടുക്കണമെന്നുള്ള നിർദ്ദേശം ചിലർ പറഞ്ഞു. അത് ഞാൻ സന്തോഷപൂർവം സ്വീകരിക്കുന്നു. പിന്നെ നമ്മുടെ റവന്യൂ എക്സ്പെന്റിച്ചർ കട്ട് ചെയ്യണമെന്നല്ലേ? പഞ്ചായത്തിന് 40 ശതമാനം കൊടുക്കുന്നുണ്ട്. ആ 40 ശതമാനം കൊടുക്കുന്നത് ഇപ്പോൾ ഗ്രാന്റ് ഇൻ എയ്ഡായിട്ടേ കൊടുക്കാൻ പറ്റൂ. Every grant in aid is booked as revenue expenditure. റവന്യൂ ചെലവായിട്ടാണ് ഇത് ബുക്ക് ചെയ്യുന്നത്. പക്ഷെ അതിൽ 80 ശതമാനം ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റാണ്. അത് മനസ്സിലാക്കണം. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിനെ റവന്യൂ എന്ന് എഴുതേണ്ടിവരുന്നു. കാരണം പഞ്ചായത്തിന് കൊടുക്കാൻ തീരുമാനിച്ചു. അതുപോലെ പഴയ യു.ഡി.എഫ് ഗവൺമെന്റ് നിശ്ചയിച്ചതാണ് സ്റ്റേറ്റ് ഫിനാൻസ് കമ്മിഷൻ. ആ ഫിനാൻസ് കമ്മിഷന്റെ ശുപാർശയനുസരിച്ച് 150 കോടി രൂപ അവർക്ക് സ്റ്റാമ്പ് ഡ്യൂട്ടിയുടെ ബാക്കി കൊടുക്കാനുണ്ട്. ആർക്ക്? പഞ്ചായത്തിന്. മുഴുവൻ കൊടുത്തു. 1996 വരെയുള്ളത് മുഴുവൻ കൊടുത്തു. ആ 150 കോടിരൂപ അരിയേഴ്സ് മുഴുവൻ കൊടുത്തു. പഞ്ചായത്തിന് കിട്ടിയില്ലേ? ശ്രീ. സി.ടി. അഹമ്മദലി ഇപ്പോൾ ഇവിടെയില്ല. അദ്ദേഹം എൽ.എ. മിനിസ്റ്ററാകുമ്പോൾ എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ അഞ്ചെട്ട് പഞ്ചായത്തുകളുണ്ട്. ബഹുമാനപ്പെട്ട കെ.എം. മാണിയുടെയടുത്ത് ഫ്ളെഡ് വർക്കിന് ആളെ അയയ്ക്കാറുണ്ട്. ശ്രീ. സി.ടി. അഹമ്മദലി എം.എൽ.എ മിനിസ്റ്ററായിരിക്കുമ്പോൾ ചെന്നു ചോദിച്ചാൽ രണ്ടു ലക്ഷം എഴുതും. അദ്ദേഹം ഇഷ്ടമുള്ള പഞ്ചായത്തിനു കൊടുക്കും. അങ്ങനെയൊരു ഇടപാട് ആയിരുന്നു അന്ന്. അപ്പോൾ 150 കോടി കമ്പ്യൂട്ട് ചെയ്തിട്ട് ബഡ്ജറ്റിൽ വച്ച് അന്ന് കൊടുത്തു. ഇതെല്ലാം ചെയ്തിട്ടും പിന്നേയും എങ്ങനെ കഴിഞ്ഞുകൂടുന്നു എന്നല്ലേ? അറിഞ്ഞുകൂടാ. അതാണ് ഞാൻ പറയുന്നത് That is being done very well. Public Account is there, deposit is there. PDS is not the asset. ലയബിലിറ്റിയാണ്. Fiscal management includes adjustments. അഡ്ജസ്റ്റ്മെന്റില്ലാതെ ജീവിക്കാൻ കഴിയുമോ? ഏതായാലും ആ രീതിയിലാണ് മുന്നോട്ടു പോകുന്നത്. അതുകൊണ്ട് നിങ്ങൾക്കാകെ കേരളം When compared to the fiscal condition of India, ഇന്ത്യയിലെ ഇതര സ്റ്റേറ്റുകളുമായി കംപയർ ചെയ്യുമ്പോൾ ഇന്ത്യയിലെപ്പോലുള്ള deep economic crisis 95,000 കോടിയാണ് അവരുടെ കടപ്പലിശ. അവരുടെ ഫിസിക്കൽ ഡെഫിസിറ്റ് വായിച്ചാൽ പേടിയാകും. ഇന്ത്യയുടെ ഭാഗമാണല്ലോ കേരളം. അതിന്റേതായിട്ടുള്ള ഒരു ഇംപാക്ടുണ്ട്.

പിന്നെ റബ്ബറിന്റെ വില, സ്പൈസസിന്റെ വില, കാഷ് ക്രോപ്സിന്റെ വില, നാളികേരത്തിന്റെ വില ഇതെല്ലാം കേരള എക്കോണമിയെ വളരെ വലുതായി ബാധിച്ചിട്ടുണ്ട്. ഇതെല്ലാമുണ്ടായിട്ടും നമ്മൾ മുന്നര കൊല്ലം പിടിച്ചു നിന്നു. ഡെവലപ്മെന്റ് വർക്കിന് മൊറട്ടോറിയം കൊടുത്തിട്ടില്ല. പ്ലാൻ കട്ടുചെയ്തില്ല. അവസാനം ഒരു വാചകംകൂടി പറയട്ടെ. 5450 കോടി രൂപയായിരുന്നു എട്ടാം പഞ്ചവൽസര പദ്ധതിയിൽ. ഒൻപതാം പഞ്ചവൽസര പദ്ധതിയിൽ പതിനാറായിരത്തി ഒരുനൂറുകോടി രൂപയാണ്. 300% ഹൈക്കാണ്. അപ്പോൾ ഡെവലപ്മെന്റില്ലേ? ഡെവലപ്മെന്റില്ലാതെ പിന്നെ പ്ലാനിൽ എന്താണ്. പതിനാറായിരത്തി ഒരുനൂറ് കോടി രൂപ, നമ്മൾ പ്ലാൻ ഹൈക്കിന്റെ 300 ഇരട്ടി വാങ്ങിയിട്ടുണ്ട്. അതിനുവേണ്ടി നമ്മൾ പ്രവർത്തിക്കുകയും ചെയ്യും. ഒരു കാര്യം മാത്രം ഞാൻ വളരെയധികം അക്സപ്റ്റ് ചെയ്യുന്നു. Revenue

LIBRARY ARCHIVES Kerala Legislative Assembly

expenditure has to brought down. അതല്ലാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയില്ല. പിന്നെ അതിനുള്ള അന്തിമമായ സൊല്യൂഷൻ സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട് വർദ്ധിപ്പിക്കലാണ്. വ്യാവസായിക കാർഷികമേഖലയിൽ ഇതിന് ഒരു ഷോർട്ട് കട്ട് ഒന്നുമില്ല. സമ്പത്ത് ഉൽപ്പാദനപ്രക്രിയ ത്വരിതപ്പെടുത്തി സമ്പത്ത് ഉണ്ടാക്കിയാൽ മാത്രമേ ഡവലപ്മെന്റ് എന്നുള്ള ആശയത്തിന് അർത്ഥമാകുകയുള്ളൂ. വികസനപ്രവർത്തനങ്ങൾ നല്ലതായി നടക്കുന്നുണ്ടെന്ന് പറഞ്ഞാൽ കുറെ പാലംപണി നടക്കുന്നുണ്ട്, റോഡ് പണി നടക്കുന്നുണ്ട്.... ഡെവലപ്മെന്റ് എന്നുള്ളതിന്റെ കൺസെപ്റ്റ് നമ്മുടെ സ്റ്റേറ്റ് ഡൊമസ്റ്റിക്ക് പ്രോഡക്ട് വർദ്ധിപ്പിക്കലാണ്. ജപ്പാന്റെ ഡെവലപ്മെന്റ് അമേസിംഗാണ്. അത്ഭുതകരമാണെന്ന് പറഞ്ഞാൽ അവിടെ ധാരാളം പാലമൊന്നും ഉണ്ടായിട്ടല്ല. അവരുടെ ഇൻഡസ്ട്രിയൽ രംഗത്തെ പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതു കൊണ്ടാണ്. അതുകൊണ്ട് നമ്മുടെ ഉൽപ്പാദനപ്രക്രിയ ത്വരിതപ്പെടുത്തി സമ്പത്ത് ഉൽപ്പാദനമുണ്ടാക്കിയാൽ മാത്രമേ വികസനം രാജ്യത്തെ സാധാരണ ജീവനക്കാരുടെ ജീവിതത്തിൽ പ്രതിഫലിക്കുകയുള്ളൂ. അത് വേണ്ടത്ര നടക്കുന്നില്ല. അത് നടക്കാനുള്ള രീതിയിലുള്ള കാര്യങ്ങൾ ആലോചിച്ച് എല്ലാവരുടെയും കൂടി സഹകരണത്തോടുകൂടി നമുക്ക് അടുത്ത മില്ലനിയത്തിലേക്ക് വളരെ ശുഭാപ്തി വിശ്വാസത്തോടുകൂടി മുന്നോട്ടു പോകാൻ വേണ്ടി കഴിയണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവുംവകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഇവിടെ സാധാരണ ഒരു പൊതു ചർച്ച നടക്കുമ്പോൾ ചർച്ച ചെയ്യുന്ന ഒന്നാണല്ലോ വൈദ്യുതിയെക്കുറിച്ച്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഡിറ്റ് എൻകയറി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കാര്യം ഇവിടെ വിശദീകരിച്ചുകൊണ്ട് ചില ആക്ഷേപങ്ങൾ പറയുകയുണ്ടായി. അത് ആഡിറ്റ് എൻകയറി റിപ്പോർട്ടിൽ വന്നിട്ടുള്ളതാണ്. ആഡിറ്റ് ഫൈനലായിട്ടില്ല. ഗവൺമെന്റിന്റെ പരിശോധനയിലും വന്നിട്ടില്ല. ഗവൺമെന്റിന്റെ പരിശോധനയിൽ വരുന്ന മുറയ്ക്ക് തീർച്ചയായിട്ടും പറഞ്ഞ കാര്യം ഗവൺമെന്റ് പരിശോധനയ്ക്ക് വിധേയമാക്കുമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. പിന്നെ എഞ്ചിനീയേഴ്സ് പ്രത്യേകിച്ച് പേര് പറഞ്ഞില്ലെങ്കിലും ഡെപ്യൂട്ടി സി.ഇ./സി.ഇ മാടക്കത്തറ, ചീഫ് ഓഫീസ് ഇങ്ങനെ കുറെ ചീഫ് എഞ്ചിനീയർമാരും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും കത്ത് അയച്ചതുമൊക്കെയായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുകയുണ്ടായി. എഞ്ചിനീയർമാർ ഇല്ലാതെ കത്തയച്ചതും അതിന്റെ മറുപടി അല്ലാത്ത കാര്യവും പരിശോധിച്ചതിനുശേഷമേ എനിക്ക് മറുപടി പറയാൻ കഴിയൂ. കാരണം ഹോട്ടലിലെ ബിൽ മാറിയ കഥവരെ പറയുന്നുണ്ട്. അതും ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുള്ള കാര്യങ്ങളല്ല. സാമ്പത്തികമായ അച്ചടക്കമില്ലായ്മ ബോർഡിലുണ്ടാകാറുണ്ട്. അതുകൊണ്ട് സാമ്പത്തിക അച്ചടക്കം ബോർഡ് പാലിക്കുന്നില്ല. താരിഫ് റിവിഷന്റെ ഘട്ടത്തിൽതന്നെ, മന്ത്രിസഭ തന്നെ തീരുമാനിച്ച് ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. നിങ്ങൾക്കൊക്കെ ഇപ്പോഴത്തെ അക്കൗണ്ട്സ് മെമ്പറെ കുറിച്ച് അറിയാം. ജനങ്ങൾക്ക് പാപഭാരം ഏൽപ്പിക്കാത്തവിധത്തിൽ സാമ്പത്തിക അച്ചടക്കം എപ്രകാരം പാലിച്ചുകൊണ്ട് ബോർഡിന് മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്നുള്ള കാര്യം ഒരു പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സാമ്പത്തികമായ അച്ചടക്കമില്ലായ്മയുടെ വ്യത്യസ്തഭാവങ്ങളുടെ ഒരു രൂപംമാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ പറഞ്ഞതിന്റെ ഉള്ളടക്കം. ഓരോ കരാറിന്റെ കാര്യത്തെക്കുറിച്ചും

LIBRARY ARCHIVES Kerala Legislative Assembly

പെട്ടെന്ന് കയറി ചോദിച്ചാൽ മറുപടി പറയാൻ കഴിയുകയില്ല. പരിശോധിച്ചതിനുശേഷമേ മറുപടി പറയാൻ കഴിയുകയുള്ളൂ. ഒരൊറ്റ ഉദാഹരണം ഞാൻ പറയാം. 1979-ൽ ആരംഭിച്ചതാണ് കക്കാട് പദ്ധതി. കഴിഞ്ഞ മൂന്നുനാല് മാസത്തിനുമുമ്പാണ് കമ്മിഷൻ ചെയ്തത്. പദ്ധതി ആരംഭിക്കുമ്പോൾ പത്ത് കോടി രൂപയായിരുന്നു. പദ്ധതി തീരുമ്പോൾ 150 കോടി രൂപയാകും. ഇപ്പോൾ അതിനെക്കാളും കൂടിയിട്ടുണ്ടോ ഇല്ലയോയെന്നുള്ളത് അതിന്റെ വരവുചെലവ് കണക്കൊക്കെ കൃത്യമായി വരുമ്പോഴേ മറുപടി പറയാൻ കഴിയൂ. ആർ.ഇ.സി.യും പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതേ സമയം സമയബന്ധിതമായി ശരിയായരൂപത്തിൽ ഏർപ്പെട്ട് കാര്യങ്ങൾ ചെയ്യാതെ വരുന്നുവെന്നുള്ളതിന്റെ ഫലമായി വലിയ സാമ്പത്തിക ബാദ്ധ്യത വരാറുണ്ട്. എന്നാൽ കോഴിക്കോട് ഡീസൽ പ്ലാന്റ് സമയത്തിനുമുമ്പ് കമ്മീഷൻ ചെയ്തു. എസ്റ്റിമേറ്റ് എമൗണ്ടിനെക്കാൾ തുക കുറച്ച് കമ്മീഷൻ ചെയ്യാൻ ഈ കാലത്ത് കഴിഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞത് ടൈംബൗണ്ടായി കാര്യങ്ങൾ ചെയ്യാതെവരുമ്പോൾ സംഭവിക്കുന്നതായ സാമ്പത്തിക ബാദ്ധ്യതയും അച്ചടക്കമില്ലായ്മയും ബോർഡിൽ പ്രകടമായിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന് തന്നെ ബോദ്ധ്യമായിട്ടുണ്ട്. അതുകൊണ്ടാണ് അച്ചടക്കം പാലിക്കാൻവേണ്ടി ഒരു കമ്മിറ്റിയെവച്ച്, നോക്കി റിപ്പോർട്ട് തരാൻ പറഞ്ഞിട്ടുള്ളത്. ആ റിപ്പോർട്ട് ഗവൺമെന്റിന്റെ മുമ്പിൽ അടുത്തദിവസം സമർപ്പിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് എക്സാമിൻ ചെയ്യുകയാണ്. ഇവിടെ പറഞ്ഞിട്ടുള്ളകാര്യം പരിശോധിച്ചതിനുശേഷമേ മറുപടി പറയാൻ കഴിയുകയുള്ളൂ. ആഡിറ്റ് ഫൈനലായിട്ടില്ല. പതിമൂന്നരക്കോടി രൂപയുടെ നഷ്ടംവന്നിരിക്കുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. അത് ആഡിറ്റ് ഫൈനലാകുമ്പോൾ ഗവൺമെന്റ് പരിശോധിച്ചതിനുശേഷം അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് വ്യക്തമായ തീരുമാനമെടുക്കുന്നതാണ്. ഗവൺമെന്റിന്റെ മുമ്പിൽ വരാത്തതിനെക്കുറിച്ച് ഇപ്പോൾ ഗവൺമെന്റിന് ഒരു മറുപടി പറയാൻ കഴിയുകയില്ലല്ലോ.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ സമീപനം മനസ്സിലായി, ഗവൺമെന്റ് അത് പരിശോധിച്ചിട്ടില്ലെന്നാണ്. പക്ഷേ നിയമസഭയുടെ മുമ്പിൽ ഈ പ്രശ്നം വന്നല്ലോ. നമ്മൾ എന്ത് കൺക്ലൂഷനിലാണ് ഇന്ന് പിരിയുന്നത്? ഗവൺമെന്റ് അതിനെക്കുറിച്ച് എന്ത് ചെയ്യാൻ ഉദ്ദേശിക്കുന്നു?

ശ്രീ. എസ്. ശർമ്മ : സർ, അത് തീർച്ചയായിട്ടും പരിശോധിക്കാമെന്ന് ഞാൻ പഞ്ഞല്ലോ. അതിനകത്ത് വന്ന പ്രശ്നം മറച്ചുവയ്ക്കേണ്ട കാര്യമില്ലല്ലോ. അത് പരിശോധിക്കാം. ഞാൻ യഥാർത്ഥ വസ്തുത പറഞ്ഞതാണ്. ആഡിറ്റ് എൻകയറി റിപ്പോർട്ടിൽ വന്നിട്ടുള്ളതാണ്. അതിന്റെ ഫൈനൽ റിപ്പോർട്ടാണ് സാധാരണഗതിയിൽ എല്ലാവർക്കും അറിയുന്നതുപോലെ ഗവൺമെന്റിന്റെ മുമ്പിൽ വരുന്നത്. അത് വന്നിട്ടില്ല. പക്ഷേ വന്നിട്ടുള്ള കാര്യങ്ങൾവച്ച് പരിശോധിച്ചതിനുശേഷം കൃത്യമായി പറയാം. പിന്നെ നമ്മുടെ അൺ അലോക്കേറ്റഡ് പവറിന്റെ കാര്യം പറഞ്ഞു.

ശ്രീ. എ.കെ. ആന്റണി : സർ, ഇവിടെ പറഞ്ഞു, പരിശോധിച്ചതിനുശേഷം പറയാമെന്ന്. അപ്പോൾ പരിശോധിച്ചതിനുശേഷം ഇതിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ വീഴ്ചയുണ്ടാക്കിയ എല്ലാ ആളുകളുടേയും മേൽ നടപടിയെടുക്കുമെന്നുകൂടി അങ്ങയുടെ ഭാഗത്തുനിന്ന് ഒരു ഉറപ്പുണ്ടാകുമോ?

ശ്രീ. എസ്. ശർമ്മ : സർ, പരിശോധിച്ചതിനുശേഷം വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ നടപടിയെടുക്കുമെന്ന് പറയേണ്ട കാര്യമില്ല. അത് ഇതിന്റെ ഭാഗമാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. ഇവിടെ പറഞ്ഞിട്ടുള്ള കാര്യത്തെക്കുറിച്ച് സാമ്പത്തികമായ, ഗുരുതരമായ വീഴ്ച സംഭവിച്ചാൽ പരിശോധിച്ച് കുറ്റം കണ്ടാൽ പിന്നെ നടപടിയെടുക്കണമല്ലോ. അത് പരിശോധിച്ചതിനുശേഷമല്ലേ പറയാൻ കഴിയൂ. എന്റെ ക്വസ്റ്റ്യൻ അതാണ്. പരിശോധിച്ചതിനുശേഷം ഏതെങ്കിലും തരത്തിൽ വീഴ്ചയുണ്ടെങ്കിൽ തീർച്ചയായും നടപടിയെക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട.

സർ, അൺ അലോക്കേറ്റഡ് പവറിന്റെ കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്, നമുക്കിപ്പോഴില്ല. 18-ാം തീയതി മുതൽ നിഷേധിച്ചിരിക്കുകയാണ്. അതു തീർച്ചയായിട്ടും തെറ്റായ നടപടിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അൺ അലോക്കേറ്റഡ് പവർ നൽകുന്ന കാര്യം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ വിവേചനാധികാരത്തിൽപ്പെട്ടതാണ്. പക്ഷെ അവർ ഈ കാര്യത്തിൽ നീതി കാണിച്ചില്ല. ഇതിനുമുമ്പ് തമിഴ്നാട്ടിന് സീറോ ആക്കിയപ്പോൾ 1997-ൽ നമുക്ക് ഏറ്റവും അക്യൂട്ടായിട്ടുള്ള ഷോർട്ടേജ് വന്ന സന്ദർഭത്തിൽ 67 ശതമാനം കിട്ടിയിട്ടുണ്ട്. പിന്നീട് കുറച്ചിട്ടുണ്ട്. ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ട്. ഈ കഴിഞ്ഞ 18-ാം തീയതി മുതൽ ഒരു ശതമാനവുമില്ല. അവർക്ക് അവരുടേതായ മാനദണ്ഡങ്ങൾ കണ്ടേയ്ക്കാം. പക്ഷെ മാനദണ്ഡങ്ങൾ എന്തുതന്നെയായാലും സ്റ്റേറ്റിന് അലോക്കേറ്റഡ് പവറിൽ നിന്നുള്ളതല്ല, അൺ അലോക്കേറ്റഡ് പവറിൽ നിന്നുള്ള വിഹിതം എന്തുതന്നെയായാലും സ്റ്റേറ്റിനോടും ബോർഡിനോടും ആലോചിക്കാതെ ഇപ്രകാരമൊരു നടപടി സ്വീകരിച്ചത് തെറ്റാണെന്നു അറിയിക്കുകയും ചെയ്തു. അതിനെക്കുറിച്ച് ഞാൻ സഭയിൽ രാവിലെ പറഞ്ഞു, കഴിഞ്ഞ ദിവസത്തെ (ചൊവ്വാഴ്ച) ചോദ്യത്തിനു മറുപടിയും പറഞ്ഞു. മൂന്നാമത്തെ സംഗതി പരസ്യത്തിന്റെ കാര്യമാണ്.....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇപ്പോൾ നമുക്കു സെൻട്രൽ പൂളിൽ നിന്ന് ഒരു യൂണിറ്റു വൈദ്യുതിപോലും കിട്ടുന്നില്ല. അൺ അലോക്കേറ്റഡ് പവറിൽ നമുക്കിപ്പോൾ സീറോയാണുള്ളത്. അതിന്റെ ട്രെന്റ് തുടങ്ങിയിട്ട് നാലഞ്ചു മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ആദ്യം 22.5 ആക്കി. അതിനുശേഷം ഇതിനേക്കാൾ താഴെയാക്കി, പിന്നീട് മൂന്നു ശതമാനമാക്കി, ഇപ്പോൾ ഒന്നുമില്ലെന്നാക്കി. അതിന് എന്തു നടപടി എടുക്കുന്നു എന്നു പറയണ്ടേ? നമുക്ക് 25 ശതമാനമെന്നുള്ള അവകാശമുണ്ട്. നാലു സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ളത് സതേൺ ഗ്രിഡിൽ വരുന്നത് 25 ശതമാനമെന്നുള്ളത് നമുക്കു അവകാശമുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u> : ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 25 ശതമാനമെന്നുള്ള പ്രത്യേക ക്രൈറ്റീരിയ കേരളത്തിലില്ല. പവർ അക്യൂട്ടായിട്ടുള്ള ഷോർട്ടേജുള്ള സന്ദർഭത്തിൽ അവരുടെ വിവേചനാധികാരം ഉപയോഗിച്ച് നൽകിവരുന്നതാണ്. അതു കുറഞ്ഞുവരുകയായിരുന്നു. കുറഞ്ഞുവരാനുള്ള കാര്യം, ഇവിടെ പ്രൊഡക്ഷൻ കൂടിയെന്നുള്ളത് അവർ അവരുടെ കാരണമായി പറയുന്നു. ഇപ്പോൾ പൂർണ്ണമായി നിർത്തി. പക്ഷെ അവരതു പറയുമ്പോൾ ആലോചിക്കാനും ബന്ധപ്പെടാനുമുള്ള മാർഗ്ഗം അവർ നിർവ്വഹിച്ചില്ല. അതിന്റെ പ്രതിഷേധവും എതിർപ്പും രേഖപ്പെടുത്തുകയും ഫാക്സ് അയയ്ക്കുകയും ചെയ്തു. കൂടാതെ നമ്മുടെ സ്റ്റേറ്റിലെ മുഴുവൻ എം.പി.മാർക്കും ഈ വിവരം കൈമാറുകയും അതു ഉന്നയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മറ്റൊന്ന് പരസ്യത്തിന്റെ കാര്യം ഇവിടെ പറഞ്ഞു.....

<u>ശ്രീ. കെ.എം. മാണി</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യത്തിന് പരിശോധിച്ചശേഷം അറിയിക്കാമെന്നു പറഞ്ഞു. അതു

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ പിരിയുന്നതിനുമുമ്പ്, 29-ാം തീയതിക്കു മുമ്പ് പരിശോധിച്ച് സഭയെ അറിയിക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : പരിശോധിച്ച് അറിയിക്കാമെന്നു ഞാൻ പറഞ്ഞല്ലോ. അതിൽ വേറെ എന്താണുള്ളത്? മറ്റൊന്നു പരസ്യത്തിന്റെ കാര്യമാണ്. പരസ്യം ബോർഡ് കൊടുക്കുന്നത്, ആരുടെയെങ്കിലും പോപ്പുലാരിറ്റി വ്യക്തിപരമായി ബിൽഡ് ചെയ്യുക എന്ന ലക്ഷ്യത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ജനങ്ങളുടെ പൈസയെടുത്തു പരസ്യം കൊടുക്കുന്നതാണെന്നാണോ? വളരെ സ്വകാര്യമായി ആരും അറിയാതെ ഒളിവിൽ നടത്തുന്നതല്ല വൈദ്യുതി ബോർഡിന്റെ ചടങ്ങ്. പ്രോജക്ടുകളുടെ നിർമ്മാണ ഘട്ടത്തിലും കമ്മീഷൻ ചെയ്യുന്ന ഘട്ടത്തിലും പ്രധാനപ്പെട്ട പ്രോജക്ടുകൾക്ക് സബ് സ്റ്റേഷനുകളുടെയോ അല്ലെങ്കിൽ ജനറേഷൻ സ്റ്റേഷനുകളുടെയോ വലിയ ബിൽഡിംഗ്, (സാധാരണയല്ല, പ്രധാനപ്പെട്ടത്) കഴിഞ്ഞ പത്തു വർഷമായി ബോർഡ് സ്വീകരിച്ചുവരുന്ന ഒരു മാനദണ്ഡമുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പരസ്യം കൊടുക്കുന്നത്. നിർബന്ധമാണെങ്കിൽ പരസ്യത്തിൽ നിന്ന് ആരുടെയെങ്കിലും പടം മാറ്റണമെന്നുണ്ടെങ്കിൽ മാറ്റാം. കഴിഞ്ഞ പത്തു വർഷമായി ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിച്ചുവരുന്നതാണ്. കോടിക്കണക്കിന് രൂപ ചെലവു ചെയ്ത് ബോർഡ് അതിന്റെ വികസനപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ അവർ ചെയ്തിട്ടുള്ള കാര്യങ്ങൾ ജനങ്ങളെ അറിയിക്കാൻ വേണ്ടി, ജനങ്ങളുടെ ഇടയിലേയ്ക്ക് എത്തിക്കാൻ വേണ്ടിയുള്ള ഒരു മാർഗ്ഗമാണ് പരസ്യം. അത് ഈ വർഷത്തെ ബഡ്ജറ്റ് എമൗണ്ടിന്റെ ലിമിറ്റിൽ നിന്നുകൊണ്ടാണ്. എല്ലാ വർഷവും ബഡ്ജറ്റ് എമൗണ്ട് വയ്ക്കും. അതിൽനിന്നുകൊണ്ടാണ് സാധാരണഗതിയിൽ പരസ്യം കൊടുക്കുന്നത്. ഇതു സംബന്ധിച്ച് അങ്ങയുടെ ചോദ്യം വരുകയും അതിനു ഫ്ളോറിൽ മറുപടി തരുകയും ചെയ്തിട്ടുണ്ട്. അതിൽനിന്ന് കാര്യം വ്യക്തമായി മനസ്സിലാക്കിക്കാണുമെന്നാണ് ഞാൻ കരുതുന്നത്. അതാണ് അതിനെക്കുറിച്ച് പറയാനുള്ളത്. മറ്റൊന്ന്, ശ്രീ. കെ.സി. വേണുഗോപാൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എഗ്രിമെന്റിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. ഗവൺമെന്റായിട്ട് അങ്ങനെയൊരു എഗ്രിമെന്റ് വച്ചിട്ടില്ലാ എന്നാണ് പറഞ്ഞിരിക്കുന്ന മറുപടി. ഞാൻ കൊടുത്തിരിക്കുന്ന മറുപടിയാണ്. അതു ശരിയാണ്. ഗവൺമെന്റായിട്ട് അങ്ങനെയൊരു എഗ്രിമെന്റ് വച്ചിട്ടില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>) : സ്പീക്കർ സർ, ഇവിടെ പൊതു ചർച്ച വിമർശനാത്മകമായും ക്രിയാത്മകമായും നടന്നിട്ടുണ്ട്. വിമർശനാത്മകമായി നടന്നതിലും ക്രിയാത്മകമായി നടന്നതിലും ചില വസ്തുതകൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് വിശദീകരിക്കേണ്ടതാവശ്യമായിട്ടുണ്ട്. ഇൻഡ്യൻ സമ്പദ്ഘടനയെ അടിമുടി തകർക്കുന്നതാണ് ഇന്നത്തെ ബി.ജെ.പി. ഗവൺമെന്റിന്റെ സാമ്പത്തികനയം. ഇക്കണോമിക് പോളിസി 1991-ൽ ആരംഭിച്ചതാണ്. 91 മുതലുള്ള ഇക്കണോമിക് പോളിസി തന്നെയാണ് ഇപ്പോഴും തുടരുന്നത്. അതിന്റെ ഫലമാണ്, ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റി ബിൽ പാർലമെന്റിൽ ഈയിടെ പാസ്സാക്കിക്കഴിഞ്ഞത്. ഇക്കണോമിക് പോളിസിയിൽ ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ വലിയ ഡിഫറൻസ് കാണുന്നില്ല. അതാണിവിടെ വ്യത്യാസം. പൊളിറ്റിക്കൽ പോളിസിയിൽ ഉണ്ട്, ഇക്കണോമിക് പോളിസിയിൽ ഇല്ല. ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റി ബിൽ പാർലമെന്റിൽ പാസ്സാക്കുമ്പോൾ രാജ്യസഭയിൽ കോൺഗ്രസ്സ് എതിർക്കുകയാണെങ്കിൽ പാസ്സാകുകയില്ല. കാരണം, ഭൂരിപക്ഷം ബി.ജെ.പി.ക്കെതിരാണ്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ കോൺഗ്രസ്സുകൂടി അനുകൂലിച്ചാലേ രാജ്യസഭയിൽ ഇതു പാസ്സാകുക യുള്ളൂ. അപ്പോൾ ഇൻഷ്വറൻസ് ബില്ലിനെ കോൺഗ്രസ്സ് കൂടി സപ്പോർട്ട് ചെയ്തു. നമ്മുടെ രാഷ്ട്രത്തെ മൊത്തം ബാധിക്കുന്ന, നിയമനിർമ്മാണത്തെ തന്നെ ബാധിക്കുന്ന പ്രശ്നങ്ങളായി ഉയർന്നുവന്നിരിക്കുകയാണ്. ഉദാഹരണ ത്തിന്, 1991-ന് ശേഷം 118 ടെക്സ്റ്റൈൽ മില്ലുകൾ ഇൻഡ്യയിൽ പൂട്ടിയിട്ടുണ്ട്. 20 ലക്ഷം വർക്കിംഗ് ക്ലാസ് ഇന്ന് സ്ട്രീറ്റിലാണ്. കോൺഗ്രസ്സ് 1991-ലാണ് ഈ പോളിസി അക്സപ്റ്റ് ചെയ്തത്. ശ്രീ. നരസിംഹറാവുവിന്റെ കാലം മുതലാ ണ്. ശ്രീ. എ.കെ. ആന്റണിയെപ്പോലുള്ളവർ പ്രസംഗിക്കുമ്പോൾ ഈ വസ്തുത മനസ്സിലാക്കണം. അതിനുശേഷം 118 ടെക്സ്റ്റൈൽ മില്ലുകളാണ് ഇൻഡ്യയിൽ പൂട്ടിയത്. ഇന്നും അവ തുറന്നിട്ടില്ല. പത്തിരുപതു ലക്ഷം വർക്കിംഗ് ക്ലാസ് പുറത്താണ്. ഈയൊരു സാമ്പത്തിക ക്രൈസിസിലാണ് നമ്മൾ നിൽക്കുന്നത്. 1956-ൽ ലൈഫ് ഇൻഷ്വറൻസും 1971-ൽ ജനറൽ ഇൻഷ്വറൻസും ദേശസാൽക്കരിച്ചു; ഇന്ദിരാഗാന്ധിയുടെ ഭരണകാലത്താണ്. ബാങ്ക് നാഷണലൈസ് ചെയ്തു. അന്ന് എത്രയാണ് പണം? അഞ്ചു കോടി രൂപ മുതൽമുടക്കിലാരംഭിച്ച എൽ.ഐ.സി-യിൽ ഇന്നെത്രയാണ്? 1,32,764 കോടി രൂപയാണ്. പണം നമുക്കു വർദ്ധിച്ചു എന്നാണ് പറയുന്നത്. അതി പ്പോൾ പ്രൈവറ്റിനു കൊടുക്കാൻ പോകുമ്പോഴുള്ള സ്ഥിതിയാണ് പറയുന്നത്. അന്ന് ഇത് നാഷണലൈസ് ചെയ്യുമ്പോൾ അഞ്ചു കോടി രൂപയാണ്. ആ അഞ്ചു കോടി രൂപ ഇന്ന് 1,32,764 കോടി രൂപയായി വർദ്ധിച്ചു. അതാണ് ഇപ്പോൾ പ്രൈവറ്റിനു കൊടുക്കാൻ പോകുന്നത്. മറ്റൊന്ന്, ഇരുപത്തിയൊന്നര കോടി രൂപ മുതൽമുടക്കിലാരംഭിച്ച ജനറൽ ഇൻഷ്വറൻസ് 48,650 കോടി രൂപയായി വർദ്ധിച്ചു. ഇരുപത്തിയൊന്നര കോടി രൂപയ്ക്കാണ് സ്റ്റാർട്ട് ചെയ്ത ത്. ആ പൊതുമേഖല വർദ്ധിച്ചത് 48,650 കോടി രൂപയാണ്. 8-ാം പദ്ധതിയിൽ എൽ.ഐ.സി-യുടെ സംഭാവന 56,000 കോടി രൂപയാണ്. ഇതൊക്കെ തക രാൻ പോകുകയാണ്. പൊതുമേഖല ശക്തിപ്പെട്ട്, നമുക്ക് പ്ലാനിനുവേണ്ടി കൊടുക്കുന്ന പണം, അതെല്ലാം പ്രൈവറ്റിലേയ്ക്ക് പോകുകയാണ്. ഈയൊരു പ്രതിഭാസം വരാൻ പോകുകയാണ്. ഇതാണ് ബി.ജെ.പി ഗവൺമെന്റിന്റെ പോളിസി. ഇത് കേരളത്തെ എവിടെക്കൊണ്ടു ചെന്നെത്തി ക്കും? ഇതിവിടെ മാത്രമാണോയുള്ളത്? മുഖ്യമന്ത്രിമാരുടെ സമ്മേളനം നടന്ന പ്പോൾ, മധ്യപ്രദേശ് മുഖ്യമന്ത്രിയും മഹാരാഷ്ട്രാ മുഖ്യമന്ത്രിയും പറഞ്ഞത് ഈ സാമ്പത്തിക തകർച്ച കാരണം ഞങ്ങൾ ഉറങ്ങുകപോലുമില്ലെന്നാണ് പറ ഞ്ഞത്. ഇവിടെ ഉറക്കമുണ്ട്, ശ്രീ. ശിവദാസമേനോനും ഉറങ്ങുന്നു. ഞാനും ഉറങ്ങുന്നുണ്ട്. മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ പറഞ്ഞത്, 'സ്ലീപ്പ്ലെസ് നൈറ്റ്' എന്നാണ്. ഈയൊരു ആൾ ഇൻഡ്യാ ക്രൈസിസ് എല്ലാ സ്റ്റേറ്റി നേയും പിടികൂടിയിട്ടുണ്ട്. ഇന്നത്തെ ഘട്ടത്തിൽ ഒൻപതാം പദ്ധതിക്ക്, ഒരു ലക്ഷത്തി മുപ്പതിനായിരം കോടി രൂപ രാജ്യത്തിന്റെ സിരാപടലങ്ങളിലാകെ ചൈതന്യം പകരുന്ന ധനകാര്യസ്ഥാപനങ്ങളായിരുന്നു. അതൊക്കെ തകരാൻ പോകുന്നു, പ്രൈവറ്റിന് കൊടുക്കുകയാണ്. ഇൻഷ്വറൻസ് മേഖല (എൽ.ഐ. സി.യും, ജി.ഐ.സി.യും) സ്വകാര്യവൽക്കരണത്തിലൂടെ ഈ രംഗമാകെ കുത്തകകളുടെ പിടിയിലേയ്ക്ക് വരാൻ പോകുകയാണ്. അങ്ങനെ സംഭവി ക്കുന്നത് ബി.ജെ.പി. ഗവൺമെന്റിന്റെ ഇപ്പോഴത്തെ പോളിസി അനുസരിച്ചാ ണ്. ഇതിനുള്ള കോൺഗ്രസ്സിന്റെ പോളിസി എന്താണ്? രാജ്യസഭയിൽ അവർ എതിർത്താൽ പാസ്സാകുകയില്ല. ലോക്സഭയിൽ മാത്രമേ പാസ്സാകൂ. രാജ്യസഭ യിലാണ് നിങ്ങൾ സപ്പോർട്ട് ചെയ്യുന്നത്. തെറ്റായ ഇക്കണോമിക് പോളിസി യാണ് കോൺഗ്രസ്സിന്റേത്. ആന്റണി കമ്മിഷൻ റിപ്പോർട്ടൊന്നും നടപ്പാകാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല, കാരണം പോളിസിയാണ് പ്രശ്നം, അല്ലാതെ വ്യക്തിപരമായല്ല. വ്യക്തികൾ മഹാത്മാക്കളായിരിക്കാം, എന്നാൽ അതുകൊണ്ടൊന്നും രാജ്യം രക്ഷപ്പെടില്ല. നിങ്ങൾ അംഗീകരിക്കുന്ന ഒരു പോളിസി നാട്ടിലെ ജനങ്ങൾക്ക് അനുകൂലമല്ലെങ്കിൽ പൊളിഞ്ഞ് പാളീസാകും. അതുകൊണ്ടാണല്ലോ 50 കൊല്ലത്തിനുശേഷം 112 സീറ്റിലെത്തിയത്. അത് കോൺഗ്രസ്സിന്റെ പോളിസി കൊണ്ടാണ്. അതിപ്പോൾ ബി.ജെ.പി.ക്ക് സപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയാലോ? ഈ തരത്തിൽ വരുന്ന 1,30,000 കോടി രൂപ രാജ്യത്തെ സാമ്പത്തിക മേഖലയാകെ വികസിപ്പിക്കുന്നതിന് എൽ.ഐ.സി.യ്ക്കും, ജി.ഐ.സി.യ്ക്കും ഇൻഷ്വറൻസ് മേഖല കൊടുക്കുകയാണ്. ഈ ഒരു സ്ഥിതി മാറ്റണം. ഇത് നമ്മളാകെ ശ്രമിച്ചാലേ മാറ്റാൻ കഴിയൂ. ജനങ്ങളെ കബളിപ്പിക്കുന്ന ബ്ലേഡ് കമ്പനികൾ ഇങ്ങനെ ഉയർന്നുവരുന്നത് കള്ളപ്പണം വർദ്ധിപ്പിക്കും. ഇതിലൂടെ പൊതുമേഖലയിലെ സാമ്പത്തിക തകർച്ചക്ക് കൂട്ടു നിൽക്കുകയും പ്രൈവറ്റ് മേഖല വികസിപ്പിക്കുന്നതിന് കൂട്ടുനിൽക്കുകയുമാണ്. ഇതിന്റെ പ്രത്യാഘാതം ഇവിടെയല്ലേ? ബാങ്കിംഗ് മേഖല ഇപ്പോൾ തകരുകയില്ലേ? ബാങ്ക് നാഷണലൈസ് ചെയ്തത് 1967-68-ലാണ്. അന്ന് ഞാനും ലോകസഭയിലായിരുന്നു. ഇന്ദിരാഗാന്ധിയാണ് അന്ന് പ്രധാനമന്ത്രി. അന്ന് ഞങ്ങൾ അതിനെ സപ്പോർട്ടുചെയ്തു, ബിൽ അവതരിപ്പിച്ചു. കാരണം അന്ന് ഇടതുപക്ഷവും വലതുപക്ഷവുമായി കോൺഗ്രസ്സ് ചേരിതിരിഞ്ഞ ഒരു കാലഘട്ടമാണ്. ഞങ്ങൾ സപ്പോർട്ട് ചെയ്തില്ലായെങ്കിൽ ബിൽ പാസ്സാവുകയില്ല. അങ്ങനെയൊരു കാലഘട്ടമായിരുന്നു കോൺഗ്രസ്സിനകത്ത്. ആ പീരിയേഡിലാണ് ഈ പോളിസി കൊണ്ടുവന്നത്. നല്ല പോളിസിയായിരുന്നു നാഷണലൈസേഷൻ. ഞങ്ങളെല്ലാം സപ്പോർട്ടുചെയ്തു, ബിൽ പാസ്സായി. അന്ന് കാമരാജ് എല്ലാം അപ്പുറത്താണ്. ആ കോൺഗ്രസ് പൊളിഞ്ഞു. അന്ന് ഞാനും ലോകസഭയിലായിരുന്നു. പക്ഷേ അതിപ്പോൾ പൊളിക്കാൻ പോവുകയാണ്. അതിപ്പോൾ പ്രൈവറ്റൈസേഷനാക്കാൻ പോവുകയാണ്. ബാങ്കിംഗ് മേഖലയിലും ഇതേ സ്ഥിതിയുണ്ടാകാൻ പോവുകയാണ്. ഇത് ഒറ്റക്കെട്ടായി നിന്ന് തടഞ്ഞില്ലായെങ്കിൽ നമ്മൾ എവിടെയെത്തും? കേരളത്തിലെ സാമ്പത്തിക രംഗത്തെപ്പറ്റി മാത്രം പ്രസംഗിച്ചതുകൊണ്ട് ഒരു കാര്യവുമില്ല. സെൻട്രൽ ഗവൺമെന്റിൽ നിന്നുമുള്ള സഹായം നമുക്കു കിട്ടുന്നില്ലായെങ്കിൽ എന്തുചെയ്യും? വരുന്ന മാർച്ചിൽ വയ്ക്കാൻ പോകുന്ന ബഡ്ജറ്റിൽതന്നെ പ്ലാനിന്റെ പണം കട്ട് ചെയ്യാനാണ് സെൻട്രൽ ഗവൺമെന്റ് ആലോചിക്കുന്നത്. അത് നമുക്ക് അംഗീകരിക്കാൻ നിവൃത്തിയില്ല. നമ്മൾ അംഗീകരിച്ചില്ലായെങ്കിലും അവർ തരണ്ടേ? ആ സാഹചര്യത്തിലാണ് ഇവിടുത്തെ ഇക്കണോമിക് പോളിസി നീങ്ങാൻ പോകുന്നത്, അത് കയർ, കൈത്തറി, കശുവണ്ടി, കർഷകത്തൊഴിലാളി തുടങ്ങിയവർക്കായി 60 ലക്ഷത്തിനാണ് ഇവിടെ പെൻഷൻ കൊടുക്കുന്നത്. പെൻഷൻ ഗവൺമെന്റാണിത്. അതിലിനി 22 കോടി രൂപ ബാക്കിയുണ്ടെന്ന് ഇന്ന് ഒരാൾ പ്രസംഗിക്കുന്നതുകേട്ടു. കുറച്ച് ബാക്കിയുണ്ടാകും, അത് കൊടുക്കും. കർഷകത്തൊഴിലാളികൾക്ക് 22 കോടി രൂപ കൊടുക്കാനുണ്ട്. അപ്പോൾ 60 ലക്ഷത്തിനാണ് പെൻഷൻ കൊടുക്കുന്നത്. ഇൻഡ്യാരാജ്യത്തെ വേറെ ഏതെങ്കിലും സ്റ്റേറ്റുണ്ടോ ഇങ്ങനെ കൊടുക്കുന്നത്. ഞാൻ ചോദിക്കട്ടെ, രാജസ്ഥാനിലുണ്ടോ? മധ്യപ്രദേശിലുണ്ടോ? നിങ്ങൾ അറിഞ്ഞോ ഒറീസ്സയിൽ 3 കളക്ടർമാർ ഇപ്പോൾ ഒളിവിലാണ്. നിങ്ങൾ 'ഇൻഡ്യാ ടുഡേ' വായിച്ചോ? അതിൽ കോൺഗ്രസ്സിന്റെ സംസ്ഥാനമായ ഒറീസയിൽ പണം കട്ടിട്ട് മൂന്നു കളക്ടർമാർ ഒളിവിലാണെന്ന വാർത്തയുണ്ട്. ഗമാങ്ങിനെമാറ്റുകയും.....ബഹളം....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒറീസയല്ല പറയേണ്ടത്, ധൈര്യമുണ്ടെങ്കിൽ കേരളത്തിന്റെ കാര്യം പറയൂ.....ബഹളം.....

ശ്രീ. ഇ.കെ. നായനാർ : ഞാൻ പറയാം. കേരളത്തിൽ കൈക്കൂലി വാങ്ങിയ മന്ത്രിമാരുടെ പേരിൽ കേസ്സ് കിടക്കുന്നത് എവിടെയാണ്? ഇൻഡ്യയിൽ ഏതെങ്കിലും സ്റ്റേറ്റിൽ കൈക്കൂലി വാങ്ങിയ മന്ത്രിമാരുടെ പേരിൽ കേസ്സുണ്ടോ? യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തെ മന്ത്രിമാരുടെ പേരിൽ കേസ്സില്ലേ? ഗുണകരമായ സ്ഥിതിയിലേയ്ക്കല്ല പോകുന്നത്. ശ്രീ. കെ. എം. മാണി ധനകാര്യവകുപ്പുമന്ത്രിയായാലും രക്ഷപ്പെടാൻ പോകുന്നില്ല. ജനകീയാസൂത്രണം കേരളത്തിൽ വന്നതിനുശേഷം കുറച്ച് ഭേദമാണ്. എഡ്യൂക്കേഷനിൽ നമ്മൾ ഫസ്റ്റാണ്. കുടുംബാസൂത്രണത്തിന്റെ കാര്യത്തിൽ നമ്മൾ ഏഷ്യയിൽ ഫസ്റ്റാണ്...ബഹളം.....ചൈനയിൽ പൂർത്തിയായിട്ടില്ല, ചൂങ്കിംഗിൽ മാത്രമേ ആയിട്ടുള്ളൂ. മറ്റു സ്ഥലത്ത് മൂന്നും നാലും കുട്ടികളുണ്ട്. കുടുംബാസൂത്രണത്തിൽ നമ്മൾ ഫസ്റ്റാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : എഡ്യൂക്കേഷനിൽ നമ്മൾ തേഡാണ്.

ശ്രീ. ഇ.കെ. നായനാർ : അല്ല, ഞാൻ പറഞ്ഞുതരാം, എഡ്യൂക്കേഷനിൽ നമ്മൾ ഫസ്റ്റല്ല, സെക്കൻഡാണ്. എന്താണ് കാര്യം? ഒന്നാമതായി 15 ലക്ഷം ജനസംഖ്യയുള്ള വടക്കുകിഴക്കൻ മേഖലയിൽ ഒരു ചെറിയ രാജ്യമുണ്ട്, മേഘാലയ. ഇവിടെ ഇപ്പോൾ കുറഞ്ഞത് നിങ്ങൾ ഭരിച്ച കാലത്താണ്.....ബഹളം.....നിങ്ങൾ 5 കൊല്ലം ഭരിച്ചപ്പോൾ പൊളിഞ്ഞു. ഇപ്പോൾ സെക്കൻഡാണ്. നിങ്ങൾ 5 കൊല്ലം ഭരിച്ചപ്പോൾ വിദ്യാഭ്യാസരംഗത്ത് നമ്മുടെ സ്ഥാനം പൊളിഞ്ഞു, ഇപ്പോൾ മേഘാലയ ഒന്നാമതും കേരളം രണ്ടാമതുമാണ്. ഓരോ പരീക്ഷണവും ഗവൺമെന്റിന്റെയും സർക്കാരിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഇവിടെ ഞങ്ങൾ കൊടുത്തിട്ടുള്ള പെൻഷൻപോലെ മറ്റ് എവിടെയെങ്കിലും കൊടുത്തിട്ടുണ്ടോ? ശ്രീ. കെ. കരുണാകരന്റെ പേരിൽ കേസില്ലേ? ശ്രീ. എം.വി. രാഘവന്റെ പേരിൽ കേസ്സില്ലേ? ശ്രീ. ടി.എം. ജേക്കബിന്റെ പേരിൽ കേസ്സില്ലേ? ഏത് മന്ത്രിയുടെ പേരിലാണ് കേസ്സില്ലാത്തത്? ഇൻഡ്യയിൽ ഈ സ്ഥിതി മറ്റെവിടെയുണ്ട്? ഇൻഡ്യയിൽ ഇത്രയധികം അഴിമതി നടത്തിയ മന്ത്രിമാർ എവിടെയുണ്ട്? അപ്പോൾ എന്നക്കൊണ്ട് പറയിക്കരുത് അത്രയേ ഞാൻ പറയുന്നുള്ളൂ. ഞാനത് പറയാൻ ഉദ്ദേശിച്ചതല്ല. എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഇത്രയധികം കൈക്കൂലി വാങ്ങിയ മന്ത്രിമാർ ഇൻഡ്യയിൽ ഒരു സ്റ്റേറ്റിലുമില്ല. ഇവിടെ പഞ്ചിംഗ് സിസ്റ്റം കൊണ്ടുവരുമ്പോൾ ഒരു ചെറിയ കോൺഗ്രസ്സ് വിഭാഗം മാത്രം എതിർക്കുന്നതെന്തിനാണ്? ബാക്കിയെല്ലാ കക്ഷികളും അനുകൂലിച്ചിട്ടുണ്ട്. കോൺഗ്രസ്സിലെ ഒരു കമ്പറ നാരായണനും കുമാരനും തുടങ്ങി രണ്ടുപേരേയുള്ളൂ എതിർ. ബാക്കി ഭൂരിപക്ഷവും അനുകൂലിക്കുന്നു. എന്തുകൊണ്ടാണ് അവർ എതിർക്കുന്നത്? ആന്ധ്രാപ്രദേശ്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ പഞ്ചിംഗ് സിസ്റ്റമുണ്ട്. ഇവിടെ വന്നുകൂടേ? പഞ്ചിംഗിനെപ്പറ്റി ഒരക്ഷരം ഈ കോൺഗ്രസ്സ് നേതാക്കൻമാർ മിണ്ടിയോ, മിണ്ടിയില്ല. നിങ്ങളുടെ യൂണിയൻ എതിരായിട്ടാണ് പറഞ്ഞത്. അപ്പോൾ ഈ തരത്തിൽ നിലവിലുള്ള ക്ഷേമപരിപാടികൾക്കുപുറമെ ഏർപ്പെടുത്തിയ ക്ഷേമനിധികൾ ഒട്ടേറെയുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ദുരിതാശ്വാസ ഫണ്ട്, ആരോഗ്യ ചികിത്സാ പദ്ധതി, കാർഗിൽ യുദ്ധ ഫണ്ട് ഇത്തരത്തിലുള്ള ക്ഷേമനിധികൾ ഇവിടെ നടപ്പാക്കിയിട്ടുണ്ട്. കാർഗിൽയുദ്ധ പശ്ചാത്തലത്തിൽ സൈനികനിധിയിൽ നിന്നും 5 ലക്ഷം രൂപ വീതം വീരമൃത്യു വരിച്ച 23 പേർക്ക് കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ

അശരണരും അവശതയനുഭവിക്കുന്ന എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കുമായി 60 ലക്ഷത്തോളം പാവപ്പെട്ടവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ പോലീസിന്റെ നിലപാടിനെപ്പറ്റി ചില പ്രസംഗങ്ങൾ നടത്തി. ഇവിടെ പോലീസ് വളരെയധികം കുഴപ്പത്തിലാണ്. അരാജകത്വമാണ്, നിർവീര്യമാണ് എന്നുപറഞ്ഞു. ഞാൻ ചോദിക്കട്ടെ, യു.ഡി.എഫ്, ന്റെ മൂന്നര കൊല്ലത്തിനിടയിൽ 62 രാഷ്ട്രീയ കൊലപാതകങ്ങളും എൽ.ഡി.എഫ്.ന്റെ മൂന്നര കൊല്ലത്തിനിടയിൽ 47 രാഷ്ട്രീയ കൊലപാതകങ്ങളും നടന്നു. പോലീസ് വെടിവയ്പിൽ മരിച്ചവരുടെ എണ്ണം യു.ഡി.എഫ്.ന്റെ കാലത്ത് 14, എൽ.ഡി.എഫ്.ന്റെ മൂന്നര കൊല്ലക്കാലത്തിനിടയിൽ ഇല്ല. പോലീസ് വെടിവയ്പിൽ പരിക്കേറ്റവർ യു.ഡി.എഫ്.ന്റെ കാലത്ത് 120, എൽ.ഡി.എഫ്.ന്റെ കാലത്ത് ഇല്ല. വർഗ്ഗീയ കലാപങ്ങൾ ഞാൻ ചോദിക്കട്ടെ, വിഴിഞ്ഞത്ത്..... ബഹളം..... ഞാൻ പറയുകയില്ലായിരുന്നു, എന്നെക്കൊണ്ട് പറയിച്ചതാണ്. വിഴിഞ്ഞത്ത് വർഗ്ഗീയ കലാപം ..... ബഹളം..... ഈ രാജ്യത്ത് വർഗ്ഗീയ കലാപം അഴിച്ചുവിട്ടത് ഇവരുടെ ഭരണത്തിലാണ്. ഇതെല്ലാം കാണിക്കുന്നത് ക്രിസ്ത്യാനി, ഹിന്ദു മുസ്ലീം വഴക്ക് ..... ബഹളം ..... വിഴിഞ്ഞത്തും പൂന്തുറയിലും ടി.വി. പുരത്തും നടന്ന വർഗ്ഗീയ കലാപത്തിൽ 33 പേർ മരിച്ചിട്ടുണ്ട്. ഈ വർഗ്ഗീയ കലാപം ഇല്ലാതാക്കുന്നതിനുവേണ്ടി എല്ലാവരും യോജിച്ചുനിന്ന് പോരാടണം..... ബഹളം..... ഈ രാജ്യത്തെ മതേതര ശക്തികൾ ഈ വർഗ്ഗീയ ശക്തിക്കെതിരായി യോജിച്ചുനിന്ന് പോരാടിയാൽ മാത്രമേ ഈ കേരളത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കണം.

മി. സ്പീക്കർ : സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ .....

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, മുഖ്യമന്ത്രിയോട് സംശയം ചോദിക്കുകയാണ്, സപ്ലിമെന്ററി ഡിമാന്റ്സിന്റെ മറുപടിക്ക് മുഖ്യമന്ത്രിയോട് സംശയം ചോദിക്കുകയാണ്. അങ്ങ് ഇവിടെ മന്ത്രിമാരുടെ ഉൾപ്പെടെ ഒരുപാട് അഴിമതിയെക്കുറിച്ച് പറഞ്ഞല്ലോ; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? അങ്ങ് മറുപടി പറയണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ബഹുമാനപ്പെട്ട മെമ്പർ എന്നെക്കൊണ്ട് പറയിക്കണ്ടഎന്ന് പറഞ്ഞപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് എണീറ്റല്ലേ എന്നെക്കൊണ്ട് പറയിപ്പിച്ചത്. അതേ സമയത്ത് എന്റെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു; ഞങ്ങൾ അത് അന്വേഷിച്ചു. അത് ഇവിടെ ഇന്ന് വയ്ക്കും. ആര്യാടൻ മുഹമ്മദ് ഇനി എന്നെക്കൊണ്ട് പറയിക്കണ്ട; അഴിമതിയും കൊള്ളയും നടത്തുന്ന ഒരു മന്ത്രിസഭയുടെ അനുയായിയാണ് താങ്കൾ. താങ്ങളെപ്പോലുള്ള ബഹുമാനപ്പെട്ട മെമ്പർ ഈ അഴിമതി നടത്തിയിട്ടുള്ളവരുടെ കൂട്ടുകാരനാണ്.

മി. സ്പീക്കർ : സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നു കോടി എൺപത്തിമൂന്ന് ലക്ഷത്തി അൻപത്തി എണ്ണായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ – 43

ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. എൻ.ആർ. ബാലൻ
ശ്രീ. ടി.കെ. ബാലൻ
ശ്രീ. സി.പി. ബാലൻ വൈദ്യർ
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
ശ്രീ. വി.കെ. ചന്ദ്രൻ
ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
ശ്രീ. എം. ദാസൻ
ശ്രീ. ടി.കെ. ഹംസ
ശ്രീ. ടി.എസ്. ജോൺ
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. ജോസ് ബേബി
ശ്രീ. എ. കണാരൻ
ശ്രീ. എൻ. കണ്ണൻ
ശ്രീ. എളമരം കരീം
ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
ശ്രീ. ഇ.കെ. നായനാർ
ശ്രീ. കെ.ടി കുഞ്ഞഹമ്മദ്
ശ്രീമതി ആർ. ലതാദേവി
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
ശ്രീ. പിരപ്പൻകോട് മുരളി
ശ്രീ. ടി. നാണു മാസ്റ്റർ
ശ്രീ. സി.കെ. നാണു
ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
ശ്രീ. പി. നാരായണൻ
ശ്രീ. ടി.കെ. നൗഷാദ്
ശ്രീ. കെ. പ്രകാശ് ബാബു
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. സി.കെ. രാജേന്ദ്രൻ
ശ്രീ. പി. രാജു
ശ്രീ. രാജു എബ്രഹാം
ശ്രീ. വി.പി. രാമകൃഷ്ണപിള്ള
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ
ശ്രീ. യു.എസ്. ശശി
ശ്രീ. ടി. ശിവദാസമേനോൻ
ശ്രീ. ജി. സുധാകരൻ
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
ശ്രീ. പി.എസ്. സുപാൽ
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ശ്രീമതി സുശീലാഗോപാലൻ
ശ്രീ. എം.പി. വർഗ്ഗീസ്
ശ്രീ. വർഗ്ഗീസ് വൈദ്യൻ

പ്രതികൂലിക്കുന്നവർ - 21

ശ്രീ. എ.കെ. ആന്റണി
ശ്രീ. വി. ബാലറാം
ശ്രീ. കെ.എ. ചന്ദ്രൻ
ശ്രീ. ടി.എം. ജേക്കബ്
ശ്രീ. ജി. കാർത്തികേയൻ
ഡോ. എം.എ. കുട്ടപ്പൻ
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. കെ.എം. മാണി
ശ്രീ. എ.കെ. മണി
ശ്രീ. ആര്യാടൻ മുഹമ്മദ്
ശ്രീ. എഴുകോൺ നാരായണൻ
ശ്രീ. ഉമ്മൻ ചാണ്ടി
ശ്രീ. അടൂർ പ്രകാശ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീമതി രാധാ രാഘവൻ
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
ശ്രീ. തമ്പാനൂർ രവി
ശ്രീമതി റോസമ്മ ചാക്കോ
ശ്രീമതി ശോഭനാ ജോർജ്
ശ്രീ. കെ.സി. വേണുഗോപാൽ
ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 43
പ്രതികൂലിക്കുന്നവർ - 21

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നു ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 43

ശ്രീ. എൻ. അനിരുദ്ധൻ

ശ്രീ. എൻ.ആർ. ബാലൻ

ശ്രീ. ടി.കെ. ബാലൻ

ശ്രീ. സി.പി. ബാലൻ വൈദ്യർ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ

ശ്രീ. വി.കെ. ചന്ദ്രൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ

ശ്രീ. എം. ദാസൻ

ശ്രീ. ടി.കെ. ഹംസ

ശ്രീ. ടി.എസ്. ജോൺ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. ജോസ് ബേബി

ശ്രീ. എ. കണാരൻ

ശ്രീ. എൻ. കണ്ണൻ

ശ്രീ. എളമരം കരീം

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ

ശ്രീ. ഇ.കെ. നായനാർ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്

ശ്രീമതി ആർ. ലതാദേവി

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ

ശ്രീ. പിരപ്പൻകോട് മുരളി

ശ്രീ. ടി. നാണു മാസ്റ്റർ

ശ്രീ. സി.കെ. നാണു

ശ്രീ. എം. നാരായണൻ (കുഴൽമന്ദം)

ശ്രീ. പി. നാരായണൻ

ശ്രീ. ടി.കെ. നൗഷാദ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. സി.കെ. രാജേന്ദ്രൻ
ശ്രീ. പി. രാജു
ശ്രീ. രാജു എബ്രഹാം
ശ്രീ. വി.പി. രാമകൃഷ്ണപിള്ള
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
ശ്രീ. എസ്. ശർമ്മ
ശ്രീ. യു.എസ്. ശശി
ശ്രീ. ടി. ശിവദാസമേനോൻ
ശ്രീ. ജി. സുധാകരൻ
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
ശ്രീ. പി.എസ്. സുപാൽ
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ശ്രീമതി സുശീലാ ഗോപാലൻ
ശ്രീ. എം.പി. വർഗ്ഗീസ്
ശ്രീ. വർഗ്ഗീസ് വൈദ്യർ

പ്രതികൂലിക്കുന്നവർ - 21

ശ്രീ. എ.കെ. ആന്റണി
ശ്രീ. വി. ബാലറാം
ശ്രീ. കെ.എ. ചന്ദ്രൻ
ശ്രീ. ടി.എം. ജേക്കബ്
ശ്രീ. ജി. കാർത്തികേയൻ
ഡോ. എം.എ. കുട്ടപ്പൻ
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. കെ.എം. മാണി
ശ്രീ. എ.കെ. മണി
ശ്രീ. ആര്യാടൻ മുഹമ്മദ്
ശ്രീ. എഴുകോൺ നാരായണൻ
ശ്രീ. ഉമ്മൻചാണ്ടി
ശ്രീ. അടൂർ പ്രകാശ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീമതി രാധാ രാഘവൻ
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
ശ്രീ. തമ്പാനൂർ രവി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ

ശ്രീമതി ശോഭനാ ജോർജ്

ശ്രീ. കെ.സി. വേണുഗോപാൽ

ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 43

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 99 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 43

ശ്രീ. എൻ. അനിരുദ്ധൻ

ശ്രീ. എൻ.ആർ. ബാലൻ

ശ്രീ. ടി.കെ. ബാലൻ

ശ്രീ. സി.പി. ബാലൻ വൈദ്യർ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ

ശ്രീ. വി.കെ. ചന്ദ്രൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ

ശ്രീ. എം. ദാസൻ

ശ്രീ. ടി.കെ. ഹംസ

ശ്രീ. ടി.എസ്. ജോൺ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. ജോസ് ബേബി

ശ്രീ. എ. കണാരൻ

ശ്രീ. എൻ. കണ്ണൻ

ശ്രീ. എളമരം കരീം

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ

ശ്രീ. ഇ.കെ. നായനാർ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്

ശ്രീമതി ആർ. ലതാദേവി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
ശ്രീ. പിരപ്പൻകോട് മുരളി
ശ്രീ. ടി. നാണു മാസ്റ്റർ
ശ്രീ. സി.കെ. നാണു
ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
ശ്രീ. പി. നാരായണൻ
ശ്രീ. ടി.കെ. നൗഷാദ്
ശ്രീ. കെ. പ്രകാശ് ബാബു
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. സി.കെ. രാജേന്ദ്രൻ
ശ്രീ. പി. രാജു
ശ്രീ. രാജു എബ്രഹാം
ശ്രീ. വി.പി. രാമകൃഷ്ണപിള്ള
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
ശ്രീ. എസ്. ശർമ്മ
ശ്രീ. യു.എസ്. ശശി
ശ്രീ. ടി. ശിവദാസമേനോൻ
ശ്രീ. ജി. സുധാകരൻ
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
ശ്രീ. പി.എസ്. സുപാൽ
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ശ്രീമതി സുശീലാഗോപാലൻ
ശ്രീ. എം.പി. വർഗ്ഗീസ്
ശ്രീ. വർഗ്ഗീസ് വൈദ്യർ

പ്രതികൂലിക്കുന്നവർ - 21

ശ്രീ. എ.കെ. ആന്റണി
ശ്രീ. വി. ബാലറാം
ശ്രീ. കെ.എ. ചന്ദ്രൻ
ശ്രീ. ടി.എം. ജേക്കബ്
ശ്രീ. ജി. കാർത്തികേയൻ
ഡോ. എം.എ. കുട്ടപ്പൻ
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. കെ.എം. മാണി
ശ്രീ. എ.കെ. മണി
ശ്രീ. ആര്യാടൻ മുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എഴുകോൺ നാരായണൻ

ശ്രീ. ഉമ്മൻചാണ്ടി

ശ്രീ. അടൂർ പ്രകാശ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീമതി രാധാ രാഘവൻ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ

ശ്രീ. തമ്പാനൂർ രവി

ശ്രീമതി റോസമ്മ ചാക്കോ

ശ്രീമതി ശോഭനാ ജോർജ്

ശ്രീ. കെ.സി. വേണുഗോപാൽ

ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷതപാലിക്കുന്നവർ - ഇല്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 43

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയുമെന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പത്തുകോടി ആയിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്..... അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ..... ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുകോടി മൂന്നുലക്ഷത്തി എൺപത്തയ്യായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 43

ശ്രീ. എൻ. അനിരുദ്ധൻ

ശ്രീ. എൻ.ആർ. ബാലൻ

ശ്രീ. സി.പി. ബാലൻ വൈദ്യർ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ

ശ്രീ. വി.കെ. ചന്ദ്രൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ

ശ്രീ. എം. ദാസൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. ഹംസ
ശ്രീ. ടി.എസ്. ജോൺ
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. ജോസ് ബേബി
ശ്രീ. എ. കണാരൻ
ശ്രീ. എൻ. കണ്ണൻ
ശ്രീ. എളമരം കരീം
ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
ശ്രീ. ഇ.കെ. നായനാർ
ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
ശ്രീമതി ആർ. ലതാദേവി
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
ശ്രീ. പിരപ്പൻകോട് മുരളി
ശ്രീ. ടി. നാണു മാസ്റ്റർ
ശ്രീ. സി.കെ. നാണു
ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
ശ്രീ. പി. നാരായണൻ
ശ്രീ. ടി.കെ. നൗഷാദ്
ശ്രീ. കെ. പ്രകാശ് ബാബു
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. സി.കെ. രാജേന്ദ്രൻ
ശ്രീ. പി. രാജു
ശ്രീ. രാജു എബ്രഹാം
ശ്രീ. വി.പി. രാമകൃഷ്ണപിള്ള
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
ശ്രീ. എസ്. ശർമ്മ
ശ്രീ. യു.എസ്. ശശി
ശ്രീ. ടി. ശിവദാസമേനോൻ
ശ്രീ. ജി. സുധാകരൻ
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
ശ്രീ. പി.എസ്. സുപാൽ
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ശ്രീമതി സുശീലാഗോപാലൻ
ശ്രീ. എം.പി. വർഗ്ഗീസ്
ശ്രീ. വർഗ്ഗീസ് വൈദ്യർ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 21

ശ്രീ. എ.കെ. ആന്റണി

ശ്രീ. വി. ബാലറാം

ശ്രീ. കെ.എ. ചന്ദ്രൻ

ശ്രീ. ടി.എം. ജേക്കബ്

ശ്രീ. ജി. കാർത്തികേയൻ

ഡോ. എം.എ. കുട്ടപ്പൻ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

ശ്രീ. കെ.എം. മാണി

ശ്രീ. എ.കെ. മണി

ശ്രീ. ആര്യാടൻ മുഹമ്മദ്

ശ്രീ. എഴുകോൺ നാരായണൻ

ശ്രീ. ഉമ്മൻചാണ്ടി

ശ്രീ. അടൂർ പ്രകാശ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീമതി രാധാ രാഘവൻ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ

ശ്രീ. തമ്പാനൂർ രവി

ശ്രീമതി റോസമ്മ ചാക്കോ

ശ്രീമതി ശോഭനാ ജോർജ്

ശ്രീ. കെ.സി. വേണുഗോപാൽ

ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷപാലിക്കുന്നവർ - ഇല്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 43

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആയിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപധനാഭ്യർത്ഥന പാസ്സായിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജല വിതരണവും ശുചീകരണവുമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നുകോടി മുപ്പതുലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ട് കോടി ഇരുപത് ലക്ഷത്തി അൻപത്തിയെണ്ണായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആയിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി-പട്ടിക വർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമ മുൾപ്പെടെയുള്ള സാമൂഹ്യക്ഷേമം സംബന്ധിച്ച XXV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനഞ്ച് ലക്ഷത്തി എഴുപത്തിനാലായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXiX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുകോടി ഇരുപത്തെട്ടുലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അഞ്ചുലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന പാസ്സാക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആയിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അഞ്ചുകോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്തി എണ്ണായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ചകൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

നീതിന്യായമെന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടേയും സ്റ്റേഷനറിയും അച്ചടിയും ഭരണപരമായ സർവ്വീസുകൾ എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥന യുടേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ഗതാ തഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക വായ്പകളും മുൻകൂറുകളുമെന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ ഉപധനാ ഭ്യർത്ഥനകൾ പാസ്സാക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ ഡിമാന്റ്സിനെ പറ്റിയുള്ള ചർച്ചകൾ നടത്തുകയും ഇവിടെ മന്ത്രിമാർതന്നെ വരാതിരിക്കുകയും ചെയ്യുന്നത് വളരെ മോശമാണ്. അവരുടെ വകുപ്പുകളിലാണ് പല കാര്യങ്ങളും പാസ്സാക്കുന്നത്.

മി. സ്പീക്കർ: സ്ട്രിക്റ്റ് സെൻസനുസരിച്ച് മന്ത്രിമാരെല്ലാം വരേണ്ടതാ ണ്. കൂട്ടുത്തരവാദിത്വമുണ്ട്. എന്നാലും സപ്ലിമെന്ററി ഡിമാന്റ്സ് എല്ലാ വകുപ്പു കളിലേയുമായതുകൊണ്ട് വരേണ്ടതാണ്.

പിന്നെ മന്ത്രിയില്ലെങ്കിൽ എല്ലാത്തിനും ധനകാര്യ വകുപ്പുമന്ത്രി മറു പടി പറയും.

ശ്രീ. ടി.എം. ജേക്കബ് : അത് ശരിയല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : അത് ശരിയല്ല. അവർ വരണം.

മി. സ്പീക്കർ : ബന്ധപ്പെട്ട മന്ത്രിമാർ വരേണ്ടതാണ്, അവർതന്നെ മന സ്സിലാക്കി ചെയ്യേണ്ടതാണ്. ഓർഡർ..... ഓർഡർ.....

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളി ക്കുന്നതാണ്.

(1999 ഡിസംബർ മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.59 നു പിരിഞ്ഞു.

അനുബന്ധം - I

[23-12-1999-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30 (*266) ദയവായി കാണുക]

സംരക്ഷിത സ്മാരകങ്ങൾ - കേരള പുരാവസ്തു വകുപ്പ്

തിരുവനന്തപുരം ജില്ല

1. മുടവൂർപ്പാറ വെട്ടുകൽ ഗുഹാക്ഷേത്രം
2. തിരുനാരായണപുരം വിഷ്ണുക്ഷേത്രം
3. ത്രിവിക്രമമംഗലം ക്ഷേത്രം
4. നീറമൺകര ക്ഷേത്രം
5. തിരുവനന്തപുരം കോട്ട
6. വിഴിഞ്ഞം ഭഗവതിക്ഷേത്രം

LIBRARY ARCHIVES Kerala Legislative Assembly